# ദലിത് സാഹിത്യം

**Course Code: M21ML05DE**

Discipline Specific Elective Course
Postgraduate Programme in
Malayalam Language and Literature



## SELF LEARNING MATERIAL

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# ദലിത് സാഹിത്യം

Course Code: M21ML05DE

Semester - IV

## Discipline Specific Elective Course
## Postgraduate Programme
## Malayalam Language and Literature
## Self Learning Material

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# ദലിത് സാഹിത്യം

**Course Code: M21ML05DE**
**Discipline Specific Elective Course**
**MA Malayalam**
**Semester - IV**

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-973709-9-1

9 788197 370991

# DOCUMENTATION

**Academic Committee**

Prof. Dr. V. A Valsalan
Prof. Dr. R. B. Sreekala
Dr. T. Anithakumary
Dr. Santhosh Manichery
Dr. Rajani N.
Dr. Santhoshkumar T. K.
Dr. Ajith G. Krishna
Prof. Thomas Thamarassery

**Development of the Content**
Dr. Lekhsmi V.S., Aswany A.P., Deepam S., Dr. Thara S. S., Dr. Deepthi V.S, Dr. Lathika A.C.

**Review**
Content : Prof. Reghunathan Pillai G.
Format : Dr. I.G. Shibi
Linguistics : Prof. Reghunathan Pillai G.

**Edit**
Prof. Reghunathan Pillai G.

**Scrutiny**
Aswani A.P., Deepam S., Dr. Thara S. S., Dr. Deepthi V.S., Dr. Lathika A.C.

**Co-ordination**
Dr. I.G. Shibi and Team SLM

**Design Control**
Azeem Babu T.A.

**Cover Design**
Jobin J.

**Production**
September 2024

**Copyright**
© Sreenarayanaguru Open University 2024

YouTube

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The programmes offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counseling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The MA Malayalam programme has been meticulously designed to meet rigorous academic and literary standards. This programme blends classical and modern approaches to Malayalam language and literature. We are confident that you will find it intellectually stimulating and personally fulfilling. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Regards,
Dr. Jagathy Raj V. P. 01-09-2024

# Contents


| | | |
|---|---|---|
| **Block 01** | **ജാതിവ്യവസ്ഥ** | **01** |
| **Unit 1** | **ജാതിവ്യവസ്ഥ ഇന്ത്യയിൽ** | **02** |
| | **വിശദപഠനം** | |
| | 1. കാണുന്നില്ലോരക്ഷരവും - പൊയ്കയിൽ കുമാരഗുരു | 23 |
| | 2. ഘാതകവധം - മിസിസ് കോളിൻസ് | 27 |
| **Block 02** | **അധഃസ്ഥിത വർഗം** | **42** |
| **Unit 1** | **അധഃസ്ഥിത വർഗം** | **43** |
| | **വിശദപഠനം** | |
| | 1. തോട്ടിയുടെ മകൻ - തകഴി ശിവശങ്കരപ്പിള്ള | 61 |
| | 2. ചങ്ങലകൾ നുറുങ്ങുന്നു - ടി. കെ. സി. വടുതല | 71 |
| **Block 03** | **ദലിത് സാഹിത്യം** | **87** |
| **Unit 1** | **ദലിത് കവിതകൾ** | **88** |
| | **വിശദപഠനം** | |
| | 1. കുറത്തി - കടമ്മനിട്ട രാമകൃഷ്ണൻ | 97 |
| | 2. പുലയപ്പാട്ട് - സച്ചിദാനന്ദൻ | 107 |
| **Block 04** | **ആധുനികാനന്തര ദലിത് സ്വത്വാവിഷ്കാരം** | **118** |
| **Unit 1** | **ദലിത് സൗന്ദര്യശാസ്ത്രം** | **119** |
| | **വിശദപഠനം** | |
| | 1. എരി - ഡോ. പ്രദീപൻ പാമ്പിരികുന്ന് | 128 |
| | 2. ദലിത് കവിതയുടെ ചരിത്രവും വർത്തമാനവും - കാതൽ: മലയാളത്തിലെ ദലിത് കവിതകൾ (ആമുഖപഠനം) - ഡോ. ഒ.കെ. സന്തോഷ് | 144 |

# ജാതിവ്യവസ്ഥ

## BLOCK-01

SGOU

Unit 1

# ജാതിവ്യവസ്ഥ ഇന്ത്യയിൽ

## Learning Outcomes

- ദലിത് സാഹിത്യത്തെക്കുറിച്ച് മനസിലാക്കുന്നു
- ഇന്ത്യയിലെ ജാതിവ്യവസ്ഥയെക്കുറിച്ച് മനസിലാക്കുന്നു
- വിവിധ മതങ്ങളെ പരിചയപ്പെടുന്നു
- ജാതിവ്യവസ്ഥാ സിദ്ധാന്തങ്ങൾ ഗ്രഹിക്കുന്നു
- നവോത്ഥാന നായകരെയും ജാതിവിരുദ്ധ പ്രക്ഷോഭങ്ങളെയും അറിയുന്നു.
- പൊയ്കയിൽ കുമാരഗുരുവിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- കേരളത്തിലെ സാമൂഹ്യാവസ്ഥയിൽ കാണുന്നില്ലോരക്ഷരവും എന്ന കവിതയുടെ ഇടം മനസിലാക്കുന്നു
- പാർശ്വവല്കരിക്കപ്പെട്ട ജീവിതങ്ങളെ അടുത്തറിയുന്നു
- ആദ്യകാല നോവലുകളുടെ സ്വഭാവം ഗ്രഹിക്കുന്നു
- നോവലിന്റെ ആദ്യഘട്ടത്തിൽ ദലിത് പരിപ്രേഷ്യങ്ങൾ തിരിച്ചറിയുന്നു

## Background

### ദലിത് സാഹിത്യം

ഇന്ത്യയിൽ സവിശേഷമായ സാമൂഹിക അവസ്ഥ നേരിടുന്ന ജനവിഭാഗത്തെ സൂചിപ്പിക്കാനാണ് 'ദലിത്' എന്ന പദം ഉപയോഗിച്ച് വരുന്നത്. ദലിത് ജനതയുടെ കർതൃത്വപദവിയിലൂടെ നിർമിതമായ സാഹിത്യമാണ് ദലിത് സാഹിത്യം. ഉത്തരാധുനിക കാലം ദലിത് സാഹിത്യകൃതികളെ പ്രോത്സാഹിപ്പിക്കുകയും ദലിതരായ ജനങ്ങൾ തങ്ങളുടെ പ്രാതിനിധ്യം ഉറപ്പിച്ചുകൊണ്ട് സാഹിത്യത്തിലേയ്ക്ക് കടന്നു വരികയും എഴുത്തിടങ്ങൾ നേടിയെടുക്കുകയും ചെയ്തു. സാഹിത്യം വിമോചനത്തിനുള്ള ഉപാധിയാണ് എന്ന് തിരിച്ചറിയുന്ന ഇക്കൂട്ടർ എഴുത്തിനെ രാഷ്ട്രീയ ജാഗ്രതയോടെ സമീപിച്ചു. ആത്മകഥാഖ്യാനങ്ങളിലൂടെയാണ് ദലിത് സാഹിത്യം സവിശേഷമായ ഒരു പഠനമേഖലയായി വികസിക്കുന്നത്. നാടൻപാട്ടുകളും പഴഞ്ചൊല്ലുകളും വാമൊഴി കഥകളുമായിരുന്നു ദലിത് സാഹിത്യത്തിന്റെ ആദ്യത്തെ മാതൃകകൾ. എന്നാൽ സാഹിത്യത്തിന്റെ ലിഖിതരൂപത്തിലേക്ക് ദലിതർ കടന്നു വന്നിട്ട് അധികകാലമായിട്ടില്ല. സമ്പന്നമായ സാഹിത്യഭൂതകാലം ഇന്ത്യയിലെ ദലിത് ജനതയ്ക്ക് അവകാശപ്പെടാനുണ്ടായിരുന്നെങ്കിലും വലിയൊരു വിഭാഗം ജനങ്ങൾക്കും അക്ഷരാഭ്യാസം ലഭിക്കാൻ അവകാശമില്ലാതിരുന്നതിനാൽ അവർക്ക് എഴുത്തു ചരിത്രത്തിലേയ്ക്കു വേണ്ടനിലയിൽ കടന്നുവരാൻ കഴിഞ്ഞില്ല. അയ്യൻകാളി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങിയ നവോത്ഥാനനായകരുടെ ശ്രമങ്ങൾ കേരളത്തിലെ ദലിത് ജനതയുടെ വിമോചനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ദലിത് ജനതയുടെ ജീവിതാവിഷ്കാരവും രാഷ്ട്രീയവുമായി ദലിത് സാഹിത്യം വികസിച്ചു. അതിന്റെ ആദ്യകാല മാതൃകകളായി കെ.പി. കറുപ്പന്റെയും പൊയ്കയിൽ കുമാരഗുരുവിന്റെയും കവിതകളെ വീക്ഷിക്കാം.

## കാണുന്നില്ലോരക്ഷരവും

കേരളത്തിലെ നവോത്ഥാന കാലഘട്ടത്തിലെ വളരെ ശക്തമായ സാന്നിധ്യങ്ങളായിരുന്നു ശ്രീനാരായണഗുരുവും, അയ്യൻകാളിയും, പൊയ്കയിൽ കുമാരഗുരുവും. നവോത്ഥാനനായകനായ പൊയ്കയിൽ കുമാരഗുരുവിനെക്കുറിച്ച് കേൾക്കാത്തവർ ചുരുക്കമായിരിക്കും. ശ്രീനാരായണഗുരു, അയ്യൻകാളി, വക്കം മൗലവി, വി.ടി. ഭട്ടതിരിപ്പാട്, പൊയ്കയിൽ കുമാരഗുരു തുടങ്ങിയ ഒട്ടേറെ മഹാത്മാക്കളുടെ നിരന്തരമായ പോരാട്ടത്തിലൂടെയാണ് കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ആരംഭിക്കുന്നത്. ഇവരെല്ലാം തന്നെ സമൂഹത്തിലെ സാധാരണക്കാരോടൊപ്പം ഇറങ്ങി പ്രവർത്തിക്കുന്നതോടൊപ്പം തന്നെ നിരവധി സാഹിത്യകൃതികളിലൂടെ സമൂഹത്തിലെ അസമത്വങ്ങൾക്കെതിരെ പ്രതിഷേധിക്കുകയും ബോധവല്കരിക്കുകയും ചെയ്തിരുന്നു. പൊയ്കയിൽ കുമാരഗുരുദേവൻ, പൊയ്കയിൽ അപ്പച്ചൻ, പൊയ്കയിൽ യോഹന്നാൻ എന്നീ പേരുകളിൽ പൊയ്കയിൽ കുമാരഗുരു അറിയപ്പെടുന്നു. സാമൂഹിക പ്രവർത്തകൻ, നവോത്ഥാനനായകൻ, കവി, ഗാനരചയിതാവ് എന്നീ നിലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. പ്രത്യക്ഷ രക്ഷാദൈവസഭയുടെ തുടക്കക്കാരനാണ് അദ്ദേഹം. പ്രത്യക്ഷ രക്ഷാദൈവസഭയുടെ ജ്ഞാനവിഷയങ്ങളിൽ ഏറെ പ്രധാനപ്പെട്ട പരികല്പനയാണ് വംശം.

ചരിത്രത്തിൽ നിന്ന് പുറത്താക്കപ്പെട്ട വംശത്തെയാണ് കുമാരഗുരു എന്ന പൊയ്കയിൽ അപ്പച്ചൻ കണ്ടെടുക്കുന്നത്. അടയാളപ്പെടുത്താതെ പോയ തങ്ങളുടെ ചരിത്രത്തിലേയ്ക്ക് നോക്കി അദ്ദേഹം നിരവധി ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ജാതിയാൽ വേർതിരിക്കപ്പെട്ട ജനതയുടെ ഉള്ളിൽ തങ്ങളുടെ വംശത്തിന്റെ കഥ അന്വേഷിച്ചു പോകാനുള്ള പ്രേരണ അദ്ദേഹം പകർന്നു നൽകുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ കൊടികുത്തിവാണിരുന്ന കാലത്തിന്റെ പ്രതിനിധിയാണ് പൊയ്കയിൽ അപ്പച്ചൻ. ജാതീയമായ ഉച്ചനീചത്വങ്ങൾ മൂലം ക്രിസ്തുമതം സ്വീകരിച്ചെങ്കിലും അവിടെയും നില ഭിന്നമല്ലെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ക്രിസ്തുമതത്തിൽ നിന്നും പിൻമാറുകയും ഹിന്ദുവും ക്രിസ്ത്യനുമല്ലാത്ത ദ്രാവിഡദലിതൻ എന്ന നിലയിൽ മറ്റൊരിടം നിർമിക്കുകയും ചെയ്തു. അധഃസ്ഥിതരുടെ പ്രതിനിധി എന്ന നിലയിൽ പൊയ്കയിൽ അപ്പച്ചൻ ശ്രീമൂലംപ്രജാസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂറിൽ അയിത്തമനുഭവിച്ചിരുന്ന ജാതിക്കാർക്കു പഠിക്കാനുള്ള ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം ഗവൺമെന്റിന്റെ അനുമതി വാങ്ങിക്കൊണ്ട് അദ്ദേഹം ആരംഭിച്ചു. ജാതിവിരുദ്ധ പോരാട്ടങ്ങൾക്കും അടിമവിമോചനത്തിനും വേണ്ടി സന്ധിയില്ലാതെ സമരം ചെയ്ത പൊയ്കയിൽ കുമാരഗുരുവിന്റെ കവിതയാണ് 'കാണുന്നില്ലോരക്ഷരവും'. അദ്ദേഹം പ്രസംഗങ്ങൾക്കും യോഗങ്ങൾക്കുമിടയിൽ പാടിയുറപ്പിച്ച പാട്ടുകൾ നവോഥാനമൂല്യങ്ങളെ ഉയർത്തിപ്പിടിയ്ക്കുന്നവയായിരുന്നു. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരു പാട്ടാണ് 'കാണുന്നില്ലോരക്ഷരവും'.

## ഘാതകവധം

മലയാളത്തിൽ ആദ്യമുണ്ടായ സന്മാർഗ കഥ ജോസഫ് പീറ്റ് വിവർത്തനം ചെയ്ത ഫുൽമോനി ആണെങ്കിലും ആദ്യത്തെ കേരളീയ സന്മാർഗകഥ മിസ്സിസ് കോളിൻസിന്റെ 'ഘാതകവധം' ആകുന്നു. 'The Slayers Slain' എന്ന വാക്കിന്റെ തത്തുല്യതർജമയാണ് ഘാതകവധം എന്നത്. ക്രിസ്തുമതത്തിന്റെ അടിസ്ഥാനമായ പശ്ചാത്താപവും തദനുസാരമുള്ള മാനസാന്തരവുമാണ് ഘാതകവധത്തിന്റെ പ്രധാന പ്രതിപാദ്യം. ദുഷ്ടകഥാപാത്രമായ കോശി കുര്യന്റെ മനസിലെ ഘാതകൻ (ആസുരമായ ഭാവങ്ങൾ) വധിക്കപ്പെട്ട് അയാൾക്ക് മാനസാന്തരം വരുന്നതും അയാളിൽ നന്മ തെളിയുന്നതുമാണ് ഘാതകവധം കൊണ്ട് ഉദ്ദേശിക്കുന്നത്. മലയാളത്തിലെ ആദ്യകാല നോവലുകളിലൊന്നാണ് 1877-ൽ പുറത്തിറങ്ങിയ ഘാതകവധം. കേരളീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആദ്യ നോവൽ. '1976-ൽ ഡി.സി. ബുക്സ് പ്രസിദ്ധപ്പെടുത്തിയ ഘാതകവധത്തിന്റെ പുറം ചട്ടയിൽത്തന്നെ 'മലയാളത്തിലെ ആദ്യത്തെ നോവൽ' എന്ന് ഉപശീർഷകം നൽകു

കയും പ്രസാധകക്കുറിപ്പിലും അനുബന്ധ ലേഖനങ്ങളിലും അക്കാര്യം ആവർത്തിക്കുകയും ചെയ്തിരിക്കുന്നു.' (ഡോ. ജോർജ് ഇരുമ്പയം, ആദ്യകാല മലയാള നോവൽ, എൻ. ബി.എസ്. കോട്ടയം). സി.എം.എസ്. മിഷനറി പ്രവർത്തകയായിരുന്ന മിസിസ് ഫ്രാൻസെസ് റൈറ്റ് കോളിൻസ് ഇംഗ്ലീഷിൽ രചിച്ച 'The Slayers Slain' എന്ന നോവൽ അവരുടെ ഭർത്താവും കോട്ടയം സി.എം.എസ്. കോളേജിന്റെ പ്രിൻസിപ്പലുമായിരുന്ന റിച്ചാർഡ് കോളിൻസാണ് ഘാതകവധം എന്ന പേരിൽ മലയാളത്തിലേക്ക് മാറ്റിയത്. പത്തൊമ്പതാം നൂറ്റാണ്ടിലെ ക്രിസ്ത്യാനി കുടുംബങ്ങളിലെ ജീവിതരീതികൾ പ്രതിപാദിക്കുന്ന സാമൂഹ്യപ്രസക്തിയുള്ള ഈ കൃതിയിൽ നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. സ്ലെയർ സ്ലൈൻ (ഇംഗ്ലീഷ്: The Slayers Slain) എന്ന പേരിൽ ഇംഗ്ലീഷ് ഭാഷയിലാണ് 1859-ൽ കോളിൻസ് മദാമ്മ ഇത് എഴുതിത്തുടങ്ങിയത്. അവരുടെ മരണശേഷം ഭർത്താവായ റിച്ചാർഡ് കോളിൻസ് ഇത് എഴുതിപ്പൂർത്തിയാക്കുകയും 1864-ൽ കോട്ടയം സെമിനാരിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്ന വിദ്യാസംഗ്രഹം എന്ന മാസികയിൽ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1877-ൽ ഘാതകവധം എന്ന പേരിൽ മലയാളപരിഭാഷയും റിച്ചാർഡ് കോളിൻസ് പുറത്തിറക്കി. പുസ്തകരൂപത്തിൽ മലയാളത്തിൽ മാത്രമേ ഇതു പ്രസിദ്ധീകരിച്ചിട്ടുള്ളൂ എന്നതും ആദ്യനോവൽ എന്ന പരിഗണന ഈ നോവലിനർഹതപ്പെട്ടതാണെന്ന ബോധ്യം ഉളവാക്കുന്നു. മലയാളികൾക്കു വേണ്ടി എഴുതിയ ഈ കൃതി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത് യുക്തിയല്ലയെന്നു കരുതി തന്നെയാകണം മലയാളത്തിൽ പ്രസിദ്ധീകരിച്ചത്. അതുപോലെ കഥയുടെ സാമൂഹ്യപശ്ചാത്തലം കേരളീയമാണെന്നുള്ളത് വിസ്മരിക്കാൻ കഴിയില്ല. തിരുവിതാംകോട്ടുകാർക്കു വേണ്ടി എഴുതിയതാണെന്നു മുഖവുരയിൽ പ്രത്യേകം സൂചിപ്പിക്കുന്നു.

ഘാതകവധത്തിൽ ആവിഷ്കൃതമാകുന്ന ജീവിതം കോട്ടയം ഭാഗത്തെ മലയാളികളുടെ ജീവിതമാണ്. 19-ാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ആംഗ്ലിക്കൻ മിഷനറിമാർ പുലയരെ ക്രിസ്തുമതത്തിൽ ചേർക്കാൻ തുടങ്ങിയതും ആംഗ്ലിക്കൻ - സിറിയൻ സംഘട്ടനങ്ങൾ നടന്നതും ആംഗ്ലിക്കൻ സഭയിൽ ചേർന്ന ചില സുറിയാനികൾ തിരിച്ചു വന്നതും മറ്റുമായ ചരിത്ര സംഭവങ്ങളുടെ പ്രതിഫലനവും അക്കാലത്തെ പുലയരുടെയും സുറിയാനിക്കാരുടെയും ജീവിതചിത്രങ്ങളും ഇതിൽ കാണാം. കേരള പ്രകൃതി, അക്കാലത്തിവിടെ ഉണ്ടായിരുന്ന പള്ളികൾ, മനുഷ്യരുടെ അന്ധവിശ്വാസങ്ങൾ തുടങ്ങി ഒരു നൂറ്റാണ്ടു മുമ്പുണ്ടായിരുന്ന മധ്യതിരുവിതാംകൂർ മലയാളികളുടെ ജീവിതാവസ്ഥകൾ തുറന്നു കാട്ടുന്ന കൃതിയാണിത്.

# Keywords

കേരളനവോത്ഥാനം - അടിമവിമോചനം - വിപ്ലവചിന്ത - ദലിത് രാഷ്ട്രീയം - ആത്മനിഷ്ഠത - ലളിതമായ ഭാഷ - കർതൃത്വപദവി - എഴുത്തധികാരം - കാലിക പ്രസക്തി - ദലിത് കവിതകൾ - ദലിത് നോവലുകൾ

# Discussion

## ജാതിവ്യവസ്ഥ

തൊഴിലിന്റെയും സമ്പത്തിന്റെയും രാഷ്ട്രീയശക്തിയുടെയും മറ്റും അടിസ്ഥാനത്തിൽ ജനങ്ങളെ വിഭാഗീകരിക്കുന്ന സമ്പ്രദായം ലോക സമൂഹങ്ങളിൽ അതിപ്രാചീനകാലം മുതൽ തന്നെ കാണാമായിരുന്നു. എന്നാൽ അതിൽ നിന്നും തികച്ചും വ്യത്യസ്തമായ ജീവിത സംവിധാനമാണ് ഇന്ത്യയുടെ ജാതിവ്യവസ്ഥിതി. കാലക്രമേണ അതിവിടെ ശക്തവും രൂഢവുമായി തീർന്നു. 'സമൂഹത്തിലെ ഓരോരോ പ്രത്യേക ജാതിവിഭാഗത്തിന്റേയും തൊഴിലും സമൂഹത്തിലെ ഇതര ജാതിവിഭാഗങ്ങളോടു ബന്ധപ്പെട്ടിട്ടുള്ള അതിന്റെ പദവിയും ജന്മനാ നിർണീതമാവുന്ന സമുദായ വ്യവസ്ഥിതിയാണല്ലോ ജാതിവ്യവസ്ഥിതി'യെന്ന് 'ജാതിവ്യസ്ഥിതിയും കേരളചരിത്രവും' എന്ന ഗ്രന്ഥത്തിൽ പി.കെ. ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു മനുഷ്യന്റെ ജനനത്തോടെ ആജീവനാന്തം അവൻ ജീവിക്കേണ്ട ജീവിതരീതികളും പദവികളും നിശ്ചയിക്കപ്പെടുന്നു. ബി.സി. ഏഴാം നൂറ്റാണ്ടു മുതൽ എ.ഡി. പത്തൊമ്പതുവരെയുള്ള കാലമാണ് ഈ വ്യവസ്ഥിതി രൂപപ്പെട്ട് വികസിതമായ കാലമെന്ന് അനുമാനിക്കാം. ഇതിൽ തന്നെ എ. ഡി. ആറാം നൂറ്റാണ്ടു മുതലുള്ള കാലം കർക്കശമായ ജാതിവ്യവസ്ഥയുടെ കാലമായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. കാർഷികജീവിതത്തെ അടിസ്ഥാനമാക്കിയുള്ള സാമൂഹിക ജീവിതത്തിൽ തൊഴിൽ പരമായ ജാതിവിഭജനം ഉണ്ടായിരുന്നുവെങ്കിലും ശ്രേണീബദ്ധമായ ഉയർച്ചതാഴ്ചകൾ നിലനിന്നിരുന്നില്ല. സംഘകാലത്തെ സാമൂഹിക ജീവിത ചിത്രീകരണം പരിശോധിച്ചാൽ ഇത് മനസിലാകും. പറയർ, പാണർ, ബ്രാഹ്മണർ തുടങ്ങിയ ജാതിസമൂഹങ്ങളെ സംഘകാല കൃതികളിൽ നിന്ന് അറിയുവാൻ കഴിയും.

- സംഘകാലത്തെ ജാതി വ്യവസ്ഥ

ആര്യവല്കരണത്തോടുകൂടി വൈദികമതത്തിന് പ്രാധാന്യം കൈവരികയും, വർണാധിഷ്ഠിതമായ ഒരു ജാതിവ്യവസ്ഥ നിലവിൽ വരുകയും ചെയ്തു. പ്രധാനമായും നാലു വർണങ്ങളായി ജനങ്ങളെതിരിച്ചു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ ചാതുർവർണ്യം നിജപ്പെടുത്തിയപ്പോൾ ആദിമജനവിഭാഗങ്ങളായ ഗിരിവർഗക്കാരും ദക്ഷിണേന്ത്യയിലെ ദ്രാവിഡരും വർണവ്യവസ്ഥയിൽ നിന്നും പുറത്തായി. ഇവരെ സമൂഹാധികാരത്തിലെ ഒരു മേഖലയിലും ഉൾക്കൊള്ളിക്കാതെ മാറ്റി നിർത്തി. കർക്കശമായ ജാതിവ്യവസ്ഥ കാരണം വിദ്യാഭ്യാസം, വസ്ത്രം, ഭക്ഷണം, സഞ്ചാരം, തൊഴിൽ എന്നിങ്ങനെ എല്ലാ മേഖലകളിൽ നിന്നും അവർണ ജനവിഭാഗം ഒഴിവാക്കപ്പെട്ടു. സവർണാധികാരത്തിനു കീഴിലായി അവർണജനതയുടെ സംസ്കാരവും, ജീവിതവും കലയുമെല്ലാം. വിദ്യാഭ്യാസവിജ്ഞാനമണ്ഡലങ്ങളിൽ ബ്രാഹ്മണർ ആധിപത്യം പുലർത്തി. അവർണ ജനവിഭാഗത്തിന് വിദ്യ അഭ്യസിക്കുന്നതിന് മാത്രമല്ല അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിനുള്ള അവസരം പോലും നിഷേധിച്ചിരുന്നു. ജാതിസമ്പ്രദായത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹികഘടന നിലവിൽ വരികയും ജാതിശ്രേണിയിൽ ഉയർന്നതായി കരുതിയിരുന്ന ബ്രാഹ്മണസമൂഹ

ത്തിന് ഭൂമിയുടെമേലും മറ്റ് ജാതി സമൂഹങ്ങളുടെ മേലും എല്ലാത്തരം അവകാശങ്ങളും സ്ഥാപിതമാകുകയും ചെയ്തു. യുക്തിരഹിതമായ തീണ്ടലും തൊട്ടുകൂടായ്മയും സാമൂഹിക അനാചാരങ്ങളായി വളർന്നു. മിശ്രവിവാഹവും മിശ്രഭോജനവും നിഷിദ്ധമായി. കൃഷിയിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരുന്നവർക്ക് അസ്പൃശ്യത കല്പിച്ചു. ജാതി വിഭജനം ശക്തമായതോടെ സ്ത്രീകളും അധികാര പദവിയിൽ നിന്നും മാറ്റി നിർത്തപ്പെട്ടു. ആചാരാനുഷ്ഠാനങ്ങൾ പാലിക്കുവാൻ അവരും നിർബന്ധരായി. ജാതി തിരിച്ചുള്ള ഭക്ഷണവും, വസ്ത്രവും, വസ്ത്രധാരണവും ആചാരാനുഷ്ഠാനങ്ങളും നിശ്ചയിക്കപ്പെട്ടു.

▶ ജാതിസമ്പ്രദായത്തിൽ അധിഷ്ഠിതമായ സാമൂഹിക ഘടന

ആധുനിക ഇന്ത്യയിൽ നിലനിൽക്കുന്ന ജാതിസമ്പ്രദായം മുഗൾ വംശത്തിന്റെ പതനത്തോടും ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ സ്ഥാപനത്തോടും ബന്ധപ്പെട്ടുണ്ടായിട്ടുള്ളതാണ്. 1860 കളോടെ ബ്രിട്ടീഷുകാർ ഇന്ത്യൻ ജനസമൂഹത്തെ ജാതികളായി തിരിച്ച് ഭരണ സംവിധാനത്തിൽ ഉൾപ്പെടുത്തി. ജാതിതിരിച്ചുള്ള തൊഴിൽ സംവരണം തീരുമാനിക്കുകയും ജാതിസമ്പ്രദായത്തെ ഉറപ്പിക്കുകയും ചെയ്തു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അസ്പൃശ്യർ, ചണ്ഡാല, ദാസ്യൂസ്, അവർണർ, പഞ്ചമർ എന്നിങ്ങനെ പല പേരുകളിലാണ് ദലിതർ അറിയപ്പെടുന്നത്. ഇവർ ജന്മം കൊണ്ടും തൊഴിൽ കൊണ്ടും അശുദ്ധരും അകറ്റി നിർത്തപ്പെട്ടവരുമായിമാറി. 18-ാം നൂറ്റാണ്ടിലും 19-ാം നൂറ്റണ്ടിലുമാണ് ജാതിവ്യവസ്ഥയ്ക്കും സമൂഹികനാചാരങ്ങൾക്കും എതിരായ പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും സംജാതമാകുന്നത്. ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനങ്ങൾ സാമൂഹിക മാറ്റത്തിന് തുടക്കം കുറിച്ചു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ പോലും പൊതു നിരത്തുകളിലൂടെ യാത്രചെയ്യാനും സർക്കാർ സ്കൂളിൽ ചേർന്ന് പഠിക്കാനും ദലിതരെ അനുവദിച്ചിരുന്നില്ല. കേരള സന്ദർശനത്തിനു ശേഷം 1897-ൽ സ്വാമി വിവേകാനന്ദൻ കേരളത്തെ 'ഭ്രാന്താലയം' എന്ന് വിശേഷിപ്പിച്ചു. 'മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ വിഡ്ഢിത്തം ഇതിനു മുൻപ് ലോകത്തിലെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണർ നടക്കുന്ന തെരുവിൽ കൂടി പാവപ്പെട്ട പറയന് നടന്നുകൂടാ. ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്. ഇവരുടെ വീടുകളത്രയും ഭ്രാന്താലയങ്ങളും' (ടി.എച്ച്.പി ചെന്താരശ്ശേരി, 1987:99). അന്നത്തെ ജാതിവ്യവസ്ഥിതിയുടെ രൂക്ഷത ഈ വാക്കുകളിൽ പ്രകടമാണ്.''കേരളത്തിലെ നവോത്ഥാന പ്രയത്നങ്ങൾ ശ്രീനാരായണ ഗുരു, അയ്യൻകാളി, പൊയ്കയിൽ അപ്പച്ചൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, തുടങ്ങിയ ധാരാളം നവോത്ഥാന നായകരുടെ കീഴിൽ ശക്തി പ്രാപിച്ചു. തത്ഫലമായി അവർണ സമുദായങ്ങൾക്ക് പൗരാവകാശങ്ങൾ നേടിയെടുക്കുവാൻ കഴിഞ്ഞു.

▶ വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചു

## വിവിധ മതങ്ങൾ

പ്രകൃത്യാരാധനയും പൂർവികാരാധനയും പിന്തുടർന്നവരായിരുന്നു ഇന്ത്യയിലെ പ്രാചീന ജനവിഭാഗങ്ങൾ. ദ്രാവിഡമതമായിരുന്നു ഇതിൽ പ്രധാനം. പ്രാദേശിക ദേവതകളും പ്രത്യേകാൽ പൂജകളും നടത്തിയിരുന്നു. സാമുദായിക വേർതിരിവുകൾ ഉണ്ടായിരുന്നില്ല. ആര്യാധിനിവേശത്തിനു ശേഷമാണ് വൈദികമതം പ്രചാരത്തിലായത്. മതാ

നുഷ്ഠാനത്തെ സംബന്ധിച്ച് കൃത്യമായ നിയമങ്ങളും സൂത്രങ്ങളും നിർദ്ദേശിക്കപ്പെട്ടു. പ്രകൃതിയുമായി ബന്ധപ്പെട്ട് ദേവതാ നിർണയവും ശാസ്ത്രവിധിപ്രകാരമുള്ള അനുഷ്ഠാനകർമങ്ങളും നിശ്ചയിച്ചിരുന്നു. പൗരാണിക കൃതികളിൽ പറഞ്ഞിട്ടുള്ള ദേവീദേവന്മാർ പിൽക്കാലത്ത് വൈദികമതത്തിന്റെ കേന്ദ്രസ്ഥാനത്ത് വരികയും ചെയ്തു. വൈദികമതം ഹിന്ദുമതം എന്ന പേരിൽ ഭാരതത്തിലൊട്ടാകെ പ്രചരിച്ചു. ഇന്ത്യയിൽ പ്രചരിച്ചിരുന്ന പ്രധാന മതങ്ങൾ ജൈനമതം, ബുദ്ധമതം, ഹിന്ദുമതം മുതലായവയായിരുന്നു. പിൽക്കാലത്ത് സംഘടിത മതങ്ങളും പ്രചരിച്ചു. ക്രിസ്തുമതം, യഹൂദമതം, ഇസ്ലാംമതം മുതലായ മതങ്ങൾ വളരെ വേഗം പ്രചാരത്തിലാകുകയും ധാരാളം ആരാധനാലയങ്ങൾ ഉണ്ടാവുകയും ചെയ്തു.

▶ ആര്യാധിനിവേശവും വൈദികമതവും

## ജൈനമതം

ഇന്ത്യ ലോകത്തിന് നൽകിയ മഹത്തായ മതതത്ത്വ സംഹിതകളിലൊന്നാണ് ജൈനമതം. മാനുഷിക സമത്വത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ഒരു മതമായിരുന്നു ജൈനമതം. അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം എന്നീ നാല് വ്രതങ്ങൾ അനുഷ്ഠിക്കുക എന്നതാണ് ജൈനമത സിദ്ധാന്തങ്ങളിൽ ഏറ്റവും പ്രധാനം. ദൈവവിശ്വാസം ഹിന്ദുമതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്നായിരുന്നപ്പോൾ ജൈനമതം ദൈവത്തിന്റെ അസ്തിത്വത്തെതന്നെ പാടെ നിഷേധിച്ചു. ഹിന്ദുമതം പൂജാകർമ്മങ്ങൾക്ക് പ്രാധാന്യം കൊടുത്തപ്പോൾ ജൈനമതം അവയുടെ നിഷ്ഫലതയെ പറ്റി പറഞ്ഞു. ഹിന്ദുമതത്തിന്റെ അടിസ്ഥാനം ചാതുർവർണ്യം ആയിരുന്നപ്പോൾ ജൈനമതം ജാതിരഹിതവും സാർവജനീനവും ആയ ഒരു സാമൂഹ്യവ്യവസ്ഥിതിയ്ക്ക് വേണ്ടി നിലകൊണ്ടു. ദക്ഷിണേന്ത്യയിൽ ജൈനമതം പ്രചരിച്ചത് ചന്ദ്രഗുപ്തമൗര്യന്റെ കാലത്താണ്. ബി.സി. 4-ാം നൂറ്റാണ്ടിൽ കേരളത്തിൽ ജൈനമതം കടന്നുവന്നതായി അനുമാനിക്കാം. ബി.സി. നാലാം നൂറ്റാണ്ടിൽ ജൈനമതം സിലോണിൽ എത്തിയതായി മഹാവംശത്തിൽ സൂചനയുണ്ട്. അശോകന്റെ പുത്രനായ സതി ബി.സി. രണ്ടാം നൂറ്റാണ്ടിൽ തമിഴകത്ത് ജൈനമതപ്രചരണം നടത്തി. അകനാനൂറിലെ 25-ാംപാട്ട് പ്രകാരം മൗര്യന്മാർ തമിഴകം ആക്രമിച്ചതായി ചിലർ അവകാശപ്പെടുന്നുണ്ട്. വമ്പമോരിയർ എന്ന് മാമൂലനാർ സൂചിപ്പിക്കുന്നത് മൗര്യന്മാരെപ്പറ്റിയാകാം. ഇക്കാലത്താണ് ബ്രാഹ്മിലിപി ദക്ഷിണേന്ത്യയിൽ പ്രവേശിച്ചത്. അതിന്റെ പ്രചാരത്തിൽ ജൈനന്മാർക്കും പങ്കുണ്ട്. ശൈവ-വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിന് ലഭിച്ച ജനപ്രീതി ജൈനമതത്തിന്റെ പ്രചാരം തടഞ്ഞു. ബ്രഹ്മസൂത്രത്തിലൂടെ ബൗദ്ധദർശനത്തെ ഖണ്ഡിച്ച ശങ്കരാചാര്യരും ബുദ്ധജൈനദർശനങ്ങളെ ഉപേക്ഷിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടാകാം.

▶ മാനുഷിക സമത്വത്തിൽ വിശ്വസിച്ചു

## ബുദ്ധമതം

ഇന്ന് നിലവിലുള്ളതിൽ ഏറ്റവും പ്രാചീനമായ മതങ്ങളിലൊന്നാണ് ബുദ്ധമതം. ക്രിസ്തുവിനു മുൻപ് ആറാം നൂറ്റാണ്ടു മുതലാണ് ബുദ്ധമതം പ്രചരിച്ചു തുടങ്ങിയത് എന്ന് കരുതുന്നു. തെക്ക് കിഴക്കനേഷ്യൻ രാജ്യങ്ങളിൽ ഇതിന് വലിയ പ്രചാരം ലഭിച്ചിരുന്നു. ഗൗതമബുദ്ധൻ ആണ് ബുദ്ധമതം സ്ഥാപിച്ചത്. ബുദ്ധ-ജൈനമതങ്ങൾ മൗര്യകാല

ത്തിന് മുമ്പുതന്നെ ദക്ഷിണേന്ത്യയിലേക്കു വ്യാപിച്ചിരുന്നിരിക്കണം. അശോകന്റെ കാലത്ത് ബുദ്ധമതം ആന്ധ്രദ്രാവിഡ ദേശങ്ങളിൽ പ്രചരിച്ചിരുന്നതായി കാണാം. അശോകലിഖിതങ്ങളിൽനിന്ന് സിലോണിലും ബുദ്ധമതം എത്തിയതായി അനുമാനിക്കാം. ബുദ്ധമതത്തിൽ തേർവാദം, മഹായാനം, പരജയാനം, ഹീനയാനം എന്നിങ്ങനെ നാലു സിദ്ധാന്തങ്ങൾ ഉണ്ടായിരുന്നു. സംഘകാല സാഹിത്യത്തിൽ ബുദ്ധമതത്തെക്കുറിച്ച് ധാരാളം സൂചനകളുണ്ട്. ചേരരാജാക്കന്മാരിൽ പലരും 'ആതൻ' എന്ന നാമം പേരിനോടൊപ്പം പ്രയോഗിച്ചിരുന്നു. മൂന്നു രാജ്യങ്ങളെ സമന്വയിപ്പിക്കുന്ന ചിലപ്പതികാരത്തിൽ മൂന്നു മതങ്ങളുടെ സമന്വയവും ദർശിക്കാം.ബുദ്ധ-ജൈന-ഹൈന്ദവ മതങ്ങളുടെ സംഗമമാണ് ചിലപ്പതികാരം. 7-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വന്ന ഹ്യൂയാങ്സാങ്ങിന്റെ വിവരണങ്ങളിൽ നിന്നും ദക്ഷിണേന്ത്യയിലെ ബൗദ്ധകേന്ദ്രങ്ങൾ നശിച്ചുകൊണ്ടിരുന്നതായി കാണാം. ബുദ്ധമതവുമായി ബന്ധപ്പെട്ടിട്ടുള്ള വിഹാരങ്ങളെ 'പള്ളി' എന്നാണ് വിളിച്ചിരുന്നത്. മാവേലിക്കരയ്ക്കടുത്തുള്ള പള്ളിക്കൽ, കുന്നത്തൂർ താലൂക്കിലെ പള്ളിക്കൽ, മരുതൂർകുളങ്ങര, ഭരണിക്കാവ്, മാവേലിക്കര, അമ്പലപ്പുഴയിലെ കരുമാടി എന്നീ സ്ഥലങ്ങളിൽനിന്നും ബുദ്ധവിഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതെല്ലാം ഒരുകാലത്ത് ബുദ്ധമതത്തിനുണ്ടായിരുന്ന വമ്പിച്ച പ്രചാരത്തെയാണ് കാണിക്കുന്നത്.

▶ ഗൗതമബുദ്ധൻ സ്ഥാപിച്ച ബുദ്ധമതം

അയ്യപ്പഭക്തന്മാരുടെ വ്രതവും അഹിംസാരീതിയും വിഷയവൈമുഖ്യവും ബുദ്ധമതാചാരത്തെ അനുസ്മരിക്കുന്നു. അയ്യപ്പന്മാരുടെ ഇടയിൽ ജാതിവ്യത്യാസമില്ല. ഇത് ബുദ്ധമതത്തിന്റെ സർവസാഹോദര്യനയത്തിനനുകൂലമാണ്. ശരണമയ്യപ്പാ എന്ന സമസ്തപദം ബുദ്ധമതത്തിലെ ശരണത്രയത്തെ ഓർമ്മിപ്പിക്കുന്നു. ബുദ്ധമതത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിലും കലകളിലും ദർശിക്കാൻ കഴിയും. കേരളത്തിൽ വളരെ പ്രചാരമുള്ള അമരകോശത്തിന്റെ കർത്താവ് ബുദ്ധമതക്കാരനായിരുന്നു. മലയാളത്തിൽ കാണുന്ന പാലി വാക്കുകൾ ബുദ്ധമതക്കാരുടെ സംഭാവനയാണ്. അഷ്ടാംഗഹൃദയം എഴുതിയ വാഗ്ഭടൻ കേരളീയ ബുദ്ധമതക്കാരനായിരുന്നു. കേരളത്തിലെ ബ്രാഹ്മണരെ സസ്യഭുക്കുകളാക്കിയതിലും നിർണായകമായ പങ്ക് ബുദ്ധമതത്തിനാണ്.

▶ ബുദ്ധമത സ്വാധീനം

## ഹിന്ദുമതം

ആര്യസംസ്കാരത്തിന്റെ വ്യാപനവും വിശ്വാസനുഷ്ഠാനങ്ങളും ദ്രാവിഡമതത്തിനുമേൽ ആധിപത്യം സ്ഥാപിച്ചു. ഇന്ത്യയിലൊട്ടാകെ വ്യാപിച്ച ആര്യസംസ്കാരവും ഹിന്ദുമതവും കേരളത്തിൽ വന്നെത്തുന്നത് ക്രിസ്തുവിന് മൂന്നോ നാലോ നൂറ്റാണ്ടു മുമ്പാണ്. സാമൂഹിക ജീവിതത്തിൽ പ്രത്യേകിച്ചും ഉപരിവർഗങ്ങൾക്കിടയിൽ അതിന്റെ സ്വാധീനത സുശക്തമായിരുന്നു. ഹിന്ദുമതത്തിന്റെ വികാസത്തോടെ ബുദ്ധജൈനമതങ്ങൾ അധ:പതിച്ചു. എട്ടാം നൂറ്റാണ്ട് ആയപ്പോഴേക്കും കേരളം ഹിന്ദുമതനവോത്ഥാനത്തിന്റെ കേന്ദ്രമായിത്തീർന്നു. കേരളത്തിനു പുറത്തു നിന്നു വന്നെത്തിയ ആറ് ഹൈന്ദവ പണ്ഡിതന്മാർ ബുദ്ധമതാനുയായികളോട് വാഗ്വാദത്തിൽ ഏർപ്പെട്ടുവെന്നും അതിൽ അവരെ അമ്പേ പരാജയപ്പെടുത്തിയെന്നും അതിന്റെ ഫലമായാണ്

ഹിന്ദുമതം സ്ഥാപിതമായതെന്നും പറയപ്പെടുന്നു. (കേരളസംസ്കാരം, എ. ശ്രീധര മേനോൻ) ഹിന്ദുമതസ്ഥാപകരിൽ അഗ്രഗണ്യനായി വർത്തിക്കുന്നത് ശങ്കരാചാര്യർ ആണ്. പിൽക്കാലത്ത് വന്ന ഭക്തിപ്രസ്ഥാനം ഹിന്ദുമതത്തെ ദൃഢപ്പെടുത്തി. എ.ഡി. ഒമ്പതാം നൂറ്റാണ്ടോടുകൂടിയാണ് ദക്ഷിണേന്ത്യയിൽ ഭക്തിപ്രസ്ഥാനം ആരംഭിക്കുന്നത്. ഇത് മതപരമായ ഉണർവ് ജനങ്ങളിൽ സൃഷ്ടിച്ചു. ദക്ഷിണേന്ത്യയിൽ പ്രചരിച്ച ഹിന്ദുമതത്തിന് ദ്രാവിഡ സ്വാധീനം ഉണ്ടായിരുന്നു. ദ്രാവിഡ വിശ്വാസങ്ങളിലെ പല ആരാധനാസമ്പ്രദായങ്ങളും ഹിന്ദുമതത്തിലേക്ക് കലർന്നു. എ.ഡി. എട്ടാം ശതകത്തോടെ ഹൈന്ദവ ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടു. വിഷ്ണുവും ശിവനും ആയിരുന്നു പ്രധാനപ്പെട്ട ആരാധനാമൂർത്തികൾ. പത്താം നൂറ്റാണ്ടിനു ശേഷം ക്ഷേത്രകേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥ ദൃഢപ്പെട്ടു. രാജാക്കന്മരും പ്രഭുക്കന്മാരും ക്ഷേത്രത്തിന് ധാരാളം സമ്പത്ത് സംഭാവന ചെയ്തു. ക്ഷേത്രങ്ങൾ കലകളുടെ കേന്ദ്രവുമായിത്തീർന്നു. 19-ാം നൂറ്റാണ്ടാകുമ്പോഴേക്കും ഹൈന്ദവസമൂഹിക പരിഷ്കരണങ്ങൾ ഉണ്ടായി. ഇങ്ങനെ നൂറ്റാണ്ടുകൾകൊണ്ട് രൂപപ്പെട്ട് വന്നതാണ് ഇന്നത്തെ ഹിന്ദുമതം.

- ശങ്കരാചാര്യർ ഹിന്ദുമതത്തിന് സംഘടിത രൂപം നൽകി

## ജാതിവ്യവസ്ഥാ സിദ്ധാന്തങ്ങൾ

ജന്മനാൽ നിർണയിക്കപ്പെടുന്ന വർഗപരമായ വിഭജനമാണ് ജാതി വ്യവസ്ഥയ്ക്കടിസ്ഥാനം. ഇന്ത്യയിൽ ആര്യവല്കരണത്തിനു ശേഷം സ്ഥാപിതമായ ബ്രാഹ്മണമേധാവിത്വത്തിന്റെ ഭാഗമായി കർക്കശമായ ജാതിവ്യവസ്ഥ നിഷ്കർഷിച്ചിരുന്നു. ജനനത്തെ സംബന്ധിച്ചുള്ളത് എന്നർത്ഥത്തിലാണ് ജാതി വ്യവഹരിച്ചു പോന്നിരുന്നത്. ജാതിവ്യവസ്ഥ രൂപം കൊള്ളുന്നതുമായി ബന്ധപ്പെട്ട് ഒട്ടനവധി ആധുനിക സിദ്ധാന്തങ്ങൾ ചിന്തകർ രൂപപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള വൈവിധ്യമാർന്ന അനുമാനങ്ങളിൽ പ്രധാനപ്പെട്ട സിദ്ധാന്തങ്ങൾ ചുവടെ ചേർക്കുന്നു. പരമ്പരാഗത, വംശീയ, രാഷ്ട്രീയ, തൊഴിൽസിദ്ധാന്തങ്ങൾ, ഇന്ത്യയിലെ ജാതിഘടന വിശദീകരിക്കാൻ ശ്രമിക്കുന്നു.

- നാലു ജാതിവ്യവസ്ഥാസിദ്ധാന്തങ്ങൾ

### 1. പരമ്പരാഗത സിദ്ധാന്തങ്ങൾ

ഈ സിദ്ധാന്തമനുസരിച്ച്, ജാതിവ്യവസ്ഥയുടെ ഉത്ഭവം ദൈവികമാണ്. വർണവ്യവസ്ഥയുടെ ഒരു വിപുലീകരണമാണ് ജാതിവ്യവസ്ഥ എന്ന് പ്രസ്താവിക്കപ്പെടുന്നു, നാല് വർണങ്ങൾ ബ്രഹ്മശരീരത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ബ്രഹ്മാവിന്റെ മുഖത്തിൽ നിന്ന് ജനിച്ചവരാണ് ബ്രാഹ്മണർ. അവർ സാമൂഹിക ഘടനയിൽ ഏറ്റവും ഉയർന്ന സ്ഥാനം നേടി. ക്ഷത്രിയർ അഥവാ യോദ്ധാക്കളും രാജാക്കന്മാരും ബ്രഹ്മാവിന്റെ കരങ്ങളിൽ നിന്നാണ് ഉത്ഭവിച്ചത്. വ്യാപാരികൾ, അല്ലെങ്കിൽ വൈശ്യർ, തുടകളിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. ബ്രഹ്മാവിന്റെ പാദത്തിൽ നിന്ന് ഉത്ഭവിച്ച ശൂദ്രർക്ക് വർണവ്യവസ്ഥയിലെ ഏറ്റവും താണനിലയാണുണ്ടായിരുന്നത്. ആയുധങ്ങൾ പ്രതിരോധത്തെ പ്രതിനിധീകരിക്കുന്നു, തുടകൾ കൃഷിയെയോ വാണിജ്യത്തെയോ പ്രതിനിധീകരിക്കുന്നു, പാദങ്ങൾ ശരീരത്തിന്റെ ആകെയുള്ള പിന്തുണയെ പ്രതിനിധീകരിക്കുന്നു, അതിനാൽ ശൂദ്രരുടെ ദൗത്യം മറ്റുള്ളവരെ സേവിക്കുക എന്നതാണ്. നാല് വർണങ്ങൾക്കിടയിലുള്ള സമ്മിശ്രം മൂലം പിന്നീട് പല ഉപജാതികൾ രൂപപ്പെട്ടു. ഈ വീക്ഷണത്തിന്റെ വക്താ

- ബ്രഹ്മാവിൽ നിന്ന് ഉത്ഭവിച്ച നാലു ജാതികൾ

ക്കൾ തങ്ങളുടെ സ്ഥാനം ഉറപ്പിക്കാൻ ഋഗ്വേദത്തിലെ പുരുഷസൂക്തം, മനുസ്മൃതി, മറ്റ് ഗ്രന്ഥങ്ങൾ എന്നിവ സമർത്ഥമായി ഉപയോഗിച്ചു.

### 2. വംശീയ സിദ്ധാന്തങ്ങൾ

സംസ്കൃതത്തിൽ ജാതി എന്ന പദം വർണമാണ്, അതായത് നിറം. ചാതുർവർണ്യ സമ്പ്രദായം ഇന്ത്യൻ സമൂഹത്തിന്റെ ജാതി വർഗീകരണത്തിന് കാരണമായി. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലായി വിഭജിച്ചു. ഋഗ്വേദ സാഹിത്യം, ആര്യ-ആര്യ നല്ലാത്തവർ (ദാസൻ) തമ്മിലുള്ള വൈരുധ്യങ്ങൾ വിശദീകരിച്ചു. ത്വക്കിന്റെ നിറം മാത്രമല്ല, ഭാഷ, മതപരമായ ആചാരങ്ങൾ, ശാരീരിക സവിശേഷതകൾ എന്നിവയ്ക്ക് പ്രാധാന്യം കൈവന്നു. വൈദിക കാലഘട്ടത്തിൽ, വർണസമ്പ്രദായം പ്രാഥമികമായി അധ്വാനത്തിന്റെയും തൊഴിലിന്റെയും വിഭജനത്തെ കേന്ദ്രീകരിച്ചായിരുന്നു. ഋഗ്വേദത്തിൽ, ബ്രഹ്മ, ക്ഷത്ര, വിസ് എന്നീ മൂന്ന് വിഭാഗങ്ങളെ നിരന്തരം പരാമർശിക്കുന്നു. ബ്രഹ്മാവും ക്ഷത്രവും യഥാക്രമം കവി-പുരോഹിതൻ യോദ്ധാ-മുഖ്യൻ എന്നിവയ്ക്കായി നിലകൊണ്ടു. വിസ് എല്ലാ സാധാരണ ആളുകളും ഉൾപ്പെടുന്നതാണ്. ഋഗ്വേദത്തിൽ, നാലാമത്തെ ജാതിയുടെ പേര് 'ശൂദ്രൻ' വീട്ടുജോലിക്കാരായിരുന്നു ശൂദ്രവർഗം. ഈ നാലു വിഭാഗങ്ങളെക്കുറിച്ചു മാത്രമേ എവിടെയും പറയുന്നുള്ളു.

▶ വർണാധിഷ്ഠിതം

### 3. രാഷ്ട്രീയ സിദ്ധാന്തങ്ങൾ

ഈ വിശ്വാസമനുസരിച്ച്, ബ്രാഹ്മണർ സാമൂഹികശ്രേണിയുടെ ഉന്നതിയിലേക്ക് തങ്ങളെത്തന്നെ ഉയർത്തുന്നതിനായി ജാതിവ്യവസ്ഥ ആവിഷ്കരിച്ചു. ഇന്തോ-ആര്യൻ നാഗരികതയുടെ ഉല്പന്നമാണ് ബ്രാഹ്മണജാതി അത് ഗംഗാ മേഖലയിൽ ജനിക്കുകയും പിന്നീട് ഇന്ത്യയിലാകെ വ്യാപിക്കുകയും ചെയ്തു. രാജ്യത്തിന്റെ ഭരണാധികാരിയുടെ പ്രീതി നേടുന്നതിനായി പുരോഹിതൻ അല്ലെങ്കിൽ പുരോഹിതർ വഴി രാജാവിന്റെ ആത്മീയ യോഗ്യത എന്ന ആശയം ബ്രാഹ്മണർ അവതരിപ്പിച്ചു. ഇക്കാരണത്താൽ പുരോഹിതന്റെ നിർദേശമനുസരിച്ചാണ് രാജ്യകാര്യങ്ങളും അനുഷ്ഠാനങ്ങളും രാജാക്കന്മാർ ചെയ്തിരുന്നത്.

▶ ബ്രാഹ്മണർക്ക് സർവാധികാരം

### 4. തൊഴിൽ സിദ്ധാന്തങ്ങൾ

ജാതിക്രമം തൊഴിലിനെ അടിസ്ഥാനമാക്കിയുള്ളതാണ്. സംഘകാലത്ത് തൊഴിൽ അധിഷ്ഠിതമായ ജാതിവ്യവസ്ഥ നിലനിന്നിരുന്നതായി കാണാവുന്നതാണ്. ആര്യവല്കരണത്തോടുകുടി പുരോഹിതവർഗം ഉയർന്നജാതിയായി മാറി. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നവർ മ്ലേഛരായി തീർന്നു. തുകൽപ്പണിക്കാർ, പാത്രംനിർമ്മിക്കുന്നവർ, അലക്കുകാർ, ക്ഷൗരംചെയ്യന്നവർ എന്നിങ്ങനെ ധാരാളം ഉപജാതികളും ജാതി വിഭജനത്തിൽ ഉൾപ്പെട്ടു. ജന്മം കൊണ്ടാണ് ഒരാൾ അയാളുടെ ജാതിയെ നിശ്ചയിക്കുന്നത്. കുലത്തൊഴിൽ എന്ന നിലയിൽ തലമുറകൾ ഒരേ തൊഴിൽ ചെയ്യുന്നു. സ്വന്തം ജാതിയിലോ ഉപജാതിയിലോ വിവാഹബന്ധത്തിൽ ഏർപ്പെട്ട് വ്യവസ്ഥയെ നില

▶ തൊഴിൽ അടിസ്ഥാനം

നിർത്തുന്നു. ഇങ്ങനെ ഓരോ ജാതിയ്ക്കും അനുഷ്ഠിക്കേണ്ടതായ ആചാരനുഷ്ഠാനക്രമങ്ങളും ക്രമേണ നിലവിൽ വന്നു.

## മതപരിവർത്തനവും ദലിത് ക്രൈസ്തവരും

കാലങ്ങളായി ഹിന്ദുമതത്തിന്റെ ജാതിദുരാചാരാനുഷ്ഠാനങ്ങളുടെ തിക്തഫലം അനുഭവിക്കുകയായിരുന്നു അവർണ ജനവിഭാഗങ്ങൾ. കൊളോണിയൽ ഭരണവും മിഷനറിമാരുടെ മതപ്രചരണവും വിദ്യാഭ്യാസ പ്രവർത്തനങ്ങളും വ്യാപകമാകാൻ തുടങ്ങിയതോടെ ഹിന്ദുസമുദായത്തിലുള്ളതിനേക്കാൾ മെച്ചപ്പെട്ട ജീവിതസാഹചര്യം ലഭിക്കുമെന്ന് കരുതി ധാരാളം അവർണജനങ്ങൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ തുടങ്ങി. ദലിതരുടെ ഇടയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ഒരു ഭാഗത്തെയാണ് ദലിത് ക്രൈസ്തവർ എന്ന് വിളിക്കുന്നത്. ദലിതരല്ലാത്ത ക്രൈസ്തവരിൽ നിന്നും ക്രൈസ്തവരായ ദലിതരെ വേർതിരിച്ചു കാണിക്കുന്നതിനാണ് ദലിത് ക്രൈസ്തവർ എന്ന പേര് ഉപയോഗിക്കുന്നത്. ഹരിജൻ ക്രൈസ്തവർ, പുലയ ക്രൈസ്തവർ, മർദ്ദിത വർഗക്രൈസ്തവർ, പറയക്രൈസ്തവർ, അവശക്രൈസ്തവർ എന്നിങ്ങനെ വ്യത്യസ്ത പേരുകളിലാണ് അവർ അറിയപ്പെട്ടിരുന്നത്. സ്വാതന്ത്ര്യനാന്തരം ഇന്ത്യയിൽ ഒട്ടാകെ ദലിതർ എന്ന് അവർണസമൂഹത്തെ വിളിക്കപ്പെട്ടപ്പോൾ ക്രിസ്തുമതത്തിലേക്ക് മാറിയ ദലിതർ ക്രൈസ്തവദലിതർ എന്ന് അറിയപ്പെട്ടു. മിഷനറിമാരാണ് മുഖ്യമായും ക്രിസ്തുമത സന്ദേശം ദലിതരുടെ ഇടയിൽ പ്രചരിപ്പിച്ചത്. ബാസൽ മിഷൻ മിഷനറിമാരാണ് ഇതിനായി ഏറ്റവും കൂടുതൽ പ്രവർത്തിച്ചത്. ജാതിയുടെ പേരിൽ അനുഭവിച്ചിരുന്ന പീഡനങ്ങൾ അനുഭവിച്ചിരുന്ന ജനവിഭാഗങ്ങൾക്ക് ജാതിഭേദമെന്യേ വിദ്യാഭ്യാസം നേടാനും മത വിശ്വാസങ്ങളിൽ ഏർപ്പെടാനുമുള്ള സൗകര്യം മിഷനറിമാർ ഒരുക്കി. മതം പ്രചരിപ്പിക്കുന്നതിനോടൊപ്പം ദലിതർക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയും അവർ പ്രവർത്തിച്ചു. മറ്റുള്ള ജനങ്ങളെ പോലെ അവകാശമുള്ളവരാണ് തങ്ങൾ എന്നബോധ്യം ഉണ്ടാക്കുവാൻ വിദ്യാഭ്യാസത്തിന് കഴിഞ്ഞു. മിഷനറിമാർ സ്കൂളുകളും കോളേജുകളും സ്ഥാപിച്ചപ്പോൾ ജാതിമതഭേദം ഇല്ലാതെ എല്ലാവരെയും അവിടെ വിദ്യ അഭ്യസിക്കുന്നതിന് അനുവദിച്ചു. ഹിന്ദുമതത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥ അടിച്ചേൽപ്പിച്ച ദുരിതങ്ങളിൽ നിന്നും മോചനം നേടുന്നതിന് വേണ്ടിയാണ് ദലിതർ ക്രിസ്തുമതം സ്വീകരിച്ചത്. എന്നാൽ മതപരിവർത്തനത്തിനു ശേഷവും വളരെയധികം വിവേചനങ്ങൾ ദലിത് ക്രൈസ്തവർക്കു നേരിടേണ്ടിവന്നു. ക്രിസ്തമതം സ്വീകരിച്ചിട്ടും വലിയ പരിഗണനയും അവർ പ്രതീക്ഷിച്ച രീതിയിലുള്ള സ്വാതന്ത്ര്യവും കിട്ടിയില്ല. സഭാഭരണത്തിലും ആരാധനാക്രമത്തിലും ദലിത് ക്രൈസ്തവർക്ക് പ്രാതിനിധ്യം കൊടുത്തില്ല. അത് അവരിൽ നിരാശ ഉളവാക്കി. ജാതി വിവേചനത്തിനെതിരെ കേരളത്തിലെ ദലിത് ക്രൈസ്തവർ സംഘടിതമായ പ്രവർത്തനങ്ങളിൽ പിൽക്കാലത്ത് ഏർപ്പെട്ടിട്ടുണ്ട്.

> ▶ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ദലിതർ

## ദലിത് കവിതകൾ

ദലിത്പക്ഷ രചനയുടെ വിപുലമായ പശ്ചാത്തലം മലയാളകവിതയ്ക്കുണ്ട്. മുഖ്യധാരാ വ്യവഹാരങ്ങൾക്ക് പുറത്ത്നിൽക്കുന്ന ജനസംസ്കാരം നാടൻപാട്ടുകൾ ഉൾക്കൊള്ളുന്നു. എങ്കിലും ദലിത്

സാഹിത്യം എന്ന പരിഗണന നാടൻ പാട്ടുകൾക്ക് ലഭിച്ചിട്ടില്ല. പൊയ്കയിൽ അപ്പച്ചന്റെ കവിതകൾ മലയാളത്തിലെ ആദ്യകാല ദലിത് കവിതകളിൽ പ്രമുഖങ്ങളാണ്. ചരിത്രം ബഹിഷ്കൃതരാക്കിയ വംശങ്ങളെക്കുറിച്ചുള്ള ചിന്തകൾ ഉൾക്കൊള്ളുന്ന 'എന്റെ വംശത്തെപ്പറ്റി' ജാതിവ്യവഹാരങ്ങൾ അന്യാപദേശരൂപത്തിൽ അവതരിപ്പിക്കുന്ന 'വാദ്യഘോഷങ്ങൾ നടത്തുന്നവരും' തുടങ്ങിയ കവിതകൾ ഉൾപ്പെടുന്നു. സാമൂഹിക തിന്മകൾക്കും ആചാരങ്ങൾക്കുമെതിരെ കവിതയിലൂടെ ശക്തമായി പ്രതികരിച്ച കവിയാണ് പണ്ഡിറ്റ് കറുപ്പൻ. 1912 ൽ പ്രസിദ്ധീകരിച്ച 'ജാതിക്കുമ്മി' ജാതിവ്യവസ്ഥയുടെ അർഥശൂന്യതയെ ചോദ്യം ചെയ്യുന്നു. അദ്ദേഹം രചിച്ച 'ഉദ്യാനവിരുന്ന്' എന്ന കവിതയും ജാതിയെ പ്രതിരോധിക്കുന്നതാണ്. ജാതി സൃഷ്ടിക്കുന്ന അരക്ഷിതത്വവും അനീതിയും, അത്തരം പ്രതിസന്ധികളെ അതിജീവിക്കാനുള്ള പ്രേരണ കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ഒരു തീയക്കുട്ടിയുടെ വിചാരം, സിംഹനാദം തുടങ്ങിയ കവിതകളിലുണ്ട്. ഉള്ളൂരിന്റെ 'ഭക്തിദീപിക', സൗഭ്രാത്രഗാനം, പ്രേമസംഗീതം എന്നിവയിലെയും മനുഷ്യസ്നേഹസങ്കല്പം ജാതിചിന്തയ്ക്ക് അതീതമാണ്. വള്ളത്തോളിന്റെ ജാതിപ്രഭാവം, ഒരു തോണിയാത്ര, ശുദ്ധരിൽ ശുദ്ധൻ എന്നീ കവിതകൾ ജാതിയുടെ നിരർത്ഥകത വ്യക്തമാക്കുന്നു. ജാതി വിരുദ്ധചിന്തകൾ മൂലൂർ എസ്. പദ്മനാഭപ്പണിക്കരുടെ കവിതകളിലുമുണ്ട്. ഇതിനെ വിമർശിച്ചാണ് മൂലൂർ 'കവിരാമായണം' എഴുതിയത്. പുലയജീവിതദുരന്തങ്ങളുമായി ചങ്ങമ്പുഴയുടെ വാഴക്കുല കാല്പനിക കവിതകളിലെ ദലിത് സാന്നിധ്യമാകുന്നു. പറയ ജീവിത നിസ്സാരതയാണ് വയലാറിന്റെ ഇത്താപ്പിരിയുടെ പ്രമേയം. വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയ കവികൾ തങ്ങളുടെ കവിതകളിൽ ദലിതന്റെ ജീവിതദുഃഖങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. എം.വി. കേശവന്റെ പദ്മിനി, കാമുകന്റെ കണ്ണീർ, ദുരവസ്ഥ രണ്ടാം ഭാഗം, ഒരു കർഷകബാലന്റെ ആത്മകഥ എന്നിവയും ദലിത് കവിതകളാണ്.

▶ ജാതിവ്യവസ്ഥയുടെ അർഥശൂന്യതയെ ചോദ്യം ചെയ്യുന്ന കവിതകൾ

കടമ്മനിട്ട രാമകൃഷ്ണന്റെ കുറത്തി, കാട്ടാളൻ, കിരാതവൃത്തം എന്നീ കവിതകൾ ദലിത് സമൂഹം നേരിടുന്ന സാമൂഹികമായ അടിച്ചമർത്തലുകളും ചൂഷണങ്ങളും ഉൾക്കൊള്ളുന്നവയാണ്. ചണ്ഡാളൻ, കീഴാളൻ തുടങ്ങിയ കവിതകളിൽ കുരീപ്പുഴ ശ്രീകുമാർ ദലിത് അനുഭവങ്ങൾ ആവിഷ്കരിക്കുന്നു. സച്ചിദാനന്ദന്റെ 'പുലയപ്പാട്ട്', കെ.ജി. ശങ്കരപ്പിള്ളയുടെ 'മാനിറച്ചി' എന്നിവയും കീഴാള ജീവിതസാക്ഷ്യങ്ങളാണ്. വി.കെ.നാരായണന്റെ 'കേളൻ', കല്ലറ സുകുമാരന്റെ 'ഇന്ധനപ്പുര', സണ്ണി എം. കപിക്കാടിന്റെ 'അവൾ പറഞ്ഞത്', കൈപ്പുഴ ജയരാജിന്റെ 'ശംബൂകൻ', എസ്. ജോസഫിന്റെ 'ഐഡന്റിറ്റി കാർഡ്' എന്നിവയും ആധുനിക ദലിത് കവിതകളാണ്. എം.ബി. മനോജിന്റെ 'കൂട്ടാന്തതയുടെ നൂറുവർഷങ്ങൾ', 'കാണുന്നീലൊരക്ഷരവും', ശിവദാസ് പുറമേരിയുടെ 'ചോർന്നൊലിക്കുന്ന മുറി', എം.ആർ. രേണുകുമാറിന്റെ 'കെണിനിലങ്ങളിൽ' തുടങ്ങിയ കവിതകളും ദലിത് ജീവിതപ്രശ്നങ്ങൾ പ്രമേയമാക്കുന്നു. ദലിത് അവബോധത്തോടുകൂടി ധാരാളം കവിതകൾ വിവിധ ആനുകാലികങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

▶ സമകാല ദലിത് കവിതകൾ

# ദലിത് സാന്നിധ്യം ആദ്യകാല മലയാള നോവലുകളിൽ

കഥ, നോവൽ, കവിത, ഉപന്യാസം തുടങ്ങി മലയാളത്തിലെ എല്ലാ സാഹിത്യ മേഖലകളിലും ദലിത് പ്രാതിനിധ്യം ഇന്നുണ്ട്. ദലിതരുടെ പ്രശ്നങ്ങളെയും സാമൂഹിക ജീവിതത്തേയും ചിത്രീകരിക്കുവാൻ നവോത്ഥാനാനന്തര സാഹിത്യം ശ്രദ്ധ വെച്ചിരുന്നു. ഇന്ത്യയിൽ മറാത്തിയിലാണ് ദലിത് സാഹിത്യം വ്യാപകമായി പ്രചാരത്തിലായത്.' 'സാമൂഹിക പ്രതിബദ്ധതയും സാഹിത്യപ്രതിബദ്ധതയും കൂടിച്ചേരുന്ന സൗന്ദര്യബോധവും സാമൂഹിക ഉത്തരവാദിത്വവുമാണ് സാഹിത്യത്തിന്റെ സർഗാത്മകശക്തി. അത് സാങ്കല്പികമല്ല വസ്തുനിഷ്ഠ ജീവിതാനുഭവത്തിന്റെ ഉല്പന്നമാണ്' (കെ.കെ.എസ്. ദാസ്, ദലിത് പ്രത്യയശാസ്ത്രം). മലയാളത്തിലെ ആദ്യത്തെ ദലിത് സാഹിത്യകൃതി 1864-ൽ പ്രസിദ്ധീകരിച്ച 'സ്ലെയർ സ്ലെയിൻ' (ഘാതകവധം) ആണ്. മിസിസ് കോളിൻസ് എന്ന ക്രിസ്ത്യൻ മിഷനറി, മതപരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികളെ കുറിച്ച് എഴുതിയ നോവലാണ് ഘാതകവധം. സാമൂഹികനോവലുകളുടെ സ്വഭാവം പ്രകടിപ്പിക്കുന്ന ഈ നോവൽ വർണവിവേചനം എന്ന സാമൂഹിക വിപത്തിന്റെ നേരെ വിരൽ ചൂണ്ടുന്നു. ഈ കൃതി കേരളത്തിലെ ക്രിസ്ത്യാനികളുടെ ചെയ്തികൾക്കെതിരായ പുലയ ക്രിസ്ത്യാനികളുടെ ഉയർത്തെഴുന്നേൽപ്പാണ് എന്ന് ടി.എച്ച്.പി. ചെന്താരശ്ശേരി നിരീക്ഷിക്കുന്നുണ്ട്. ആർച്ച് ഡീക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചുവാണ് മറ്റൊരു നോവൽ. ജാതിവിവേചനത്തെ നിശിതമായി വിമർശിക്കുന്ന ഒരു കൃതിയാണ് ഇത്. കേരളത്തിലെ ദലിതരുടെ പക്ഷത്തു നിന്ന് രചന നടത്തിയ ഈ കൃതി മലയാളത്തിലെ ആദ്യ ദലിത് സാഹിത്യ കൃതിയായി പരിഗണിച്ചു വരുന്നു. പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം ആദ്യകാല ദലിത് നോവലുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസം നേടുന്നതിന്റെ പ്രാധാന്യം, അതിലൂടെ കൈവരുന്ന ജീവിത വിജയം-ഇതാണ് നോവലിന്റെ കേന്ദ്രാശയം. സാമൂഹികപരിഷ്കരണവും ദലിത് മുന്നേറ്റവുമാണ് നോവലിന്റെ ലക്ഷ്യം. നോവലിന്റെ നവോത്ഥാന കാലഘട്ടത്തിൽ തകഴിയുടെ 'രണ്ടിടങ്ങഴി'യും 'തോട്ടിയുടെ മകനും', നാഗവള്ളിയുടെ 'തോട്ടി'യും, പി. കേശവദേവിന്റെ ഓടയിൽ നിന്നും തുടങ്ങിയ നോവലുകളിൽ മർദ്ദിത ജനസമൂഹത്തെ ആവിഷ്കരിക്കുന്നുണ്ട്. ടി.കെ.സി. വടുതലയുടെ നനവുള്ള കണ്ണ്, പോൾ ചിറക്കരോടിന്റെ പുലയത്തറ, ഡി. രാജന്റെ മുക്കണി, നാരായന്റെ കൊച്ചരേത്തി, മാങ്ങാനം കുട്ടപ്പന്റെ പെരുമാൾ പാറ, ടി.കെ.സി വടുതലയുടെ കറ്റയും കൊയ്ത്തും, ചങ്ങലകൾ നുറുങ്ങുന്നു, എസ്.ഇ. ജയിംസിന്റെ സംവത്സരങ്ങൾ, കരിക്കം രാജന്റെ കല്ലേലി ദേശം തുടങ്ങിയ നോവലുകൾ മലയാളത്തിൽ ദലിത് നോവൽ സാഹിത്യത്തിലെ ആദ്യകാല നോവലുകളാണ്.

- ദലിതരുടെ സാമൂഹിക ജീവിതവും പ്രശ്നങ്ങളും അവതരിപ്പിക്കുന്നു

രണ്ടായിരത്തിനുശേഷം പ്രസിദ്ധീകരിച്ച ദലിത് നോവലുകളാണ് കവിയൂർ മുരളിയുടെ അയ്യൻകാളിപ്പട, കുന്നത്തൂർ ഗോപാലകൃഷ്ണന്റെ കുഴിയൻ, രാഘവൻ അത്തോളിയുടെ ചോരപ്പരിശം, പി.എ. ഉത്തമന്റെ ചാവൊലി, രാജു കെ. വാസുവിന്റെ ചാവുതുള്ളൽ, പോള

പ്പതം, ടി.എച്ച്.പി. ചെന്താരശ്ശേരിയുടെ തലമുറകൾ, പ്രദീപൻ പാമ്പിരികുന്നിന്റെ എരി എന്നിവ. ദലിത് നോവലുകൾ ജാതി – അധികാര കേന്ദ്രീയമായ സാമൂഹിക ബന്ധങ്ങളെ പാരമ്പര്യേതരമായ ഒരു വീക്ഷണ കോണിൽ നിന്ന് വീക്ഷിക്കുന്നതോടൊപ്പം നീതിയെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ചും വേറിട്ട കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ഒപ്പം സൗന്ദര്യശാസ്ത്രപരവും ഭാവുകത്വപരവുമായ ഒരു വിച്ഛേദത്തിനായി ശ്രമിക്കുകയും ചെയ്യുന്നു. ഇവിടെ സൂചിപ്പിച്ച നോവലുകൾ രചനാപരവും സർഗാത്മകിവുമായി വ്യത്യസ്ത നിലവാരം പുലർത്തുമ്പോഴും അവ ഉല്പാദിപ്പിക്കുന്ന സാമൂഹ്യരാഷ്ട്രീയ ഭാവുകത്വങ്ങളിൽ പൊതുവായി ചിലതുണ്ട്. (എം.ആർ. രേണുകുമാർ (മാതൃഭൂമി.കോം.2023 ജൂൺ) പാത്രസൃഷ്ടിയിലും കഥാവിഷ്കാരത്തിലും സാംസ്കാരിക മൂല്യത്തിലും ദലിത് വിമോചന രാഷ്ട്രീയത്തിലും കൃതി ഉയർത്തുന്ന പാഠമൂല്യം കൃത്യമായി സ്ഥാപിക്കപ്പെടണം എങ്കിൽ മാത്രമേ ദലിത് പ്രത്യയശാസ്ത്ര വല്കരണത്തിൽ ഇത്തരം കൃതികളുടെ ദൗത്യം നിർണയിക്കാനാവൂ.

▶ ദലിത് പ്രത്യയശാസ്ത്രം കൃതികളിൽ

## അയ്യൻകാളി

അധ്വാനിക്കുന്ന അധഃകൃത ജനവിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി ജീവിതാവസാനം വരെ അടിപതറാതെ പോരാടിയ മഹാത്മാവാണ് അയ്യൻകാളി. നിഷേധിക്കപ്പെട്ട മനുഷ്യാവകാശങ്ങൾ നേടിയെടുക്കുവാനായി സ്വന്തം ജനതയെ അദ്ദേഹം സംഘടിപ്പിക്കുകയും ബോധവാന്മാരാക്കുകയും ചെയ്തു. മാല – അയ്യൻ ദമ്പതികളുടെ മകനായി വെങ്ങാനൂരിൽ ജനിച്ചു. ആശയങ്ങൾ കൊണ്ടു മാത്രമല്ല ഏറ്റുമുട്ടലുകളുടെ ഒരു നീണ്ട ചരിത്രം കൂടി സൃഷ്ടിച്ചാണ് അയ്യൻകാളി നവോത്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. രക്തരൂഷിതമായിരുന്നു പലപ്പോഴും ആ ഏറ്റുമുട്ടൽ. അധഃകൃത ജനവിഭാഗത്തിന് വിദ്യ അഭ്യസിക്കുന്നതിനോ പൊതുവഴികളിൽ കൂടി സഞ്ചരിക്കുന്നതിനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ അവകാശമുണ്ടായിരുന്നില്ല. മൃഗസമാനമായിരുന്നു അവരുടെ ജീവിതം. വഴി നടക്കാനുള്ള അവകാശത്തിനുവേണ്ടി 1893 -ൽ നടത്തിയ വില്ലുവണ്ടി സമരം സാമൂഹികനാചാരങ്ങൾക്കെതിരെയുള്ള ആദ്യ സമരങ്ങളിലൊന്നാണ്. എതിർപ്പുകളെ വകവെയ്ക്കാതെ നടത്തിയ ആ ധീരയാത്ര ദലിതരുടെ സഞ്ചാരസ്വാതന്ത്ര്യസമരചരിത്രത്തിന്റെ ആദ്യചുവടുവയ്പാണ്. അവകാശങ്ങൾക്ക് വേണ്ടി നാടുനീളെ സഞ്ചരിച്ച് ധാരാളം യാതനകൾ ഏറ്റുവാങ്ങി. ജനങ്ങളെ ബോധവല്കരിക്കാൻ പ്രഭാഷണങ്ങൾ നടത്തി. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇനി അധഃസ്ഥിതരായ ജനങ്ങളുടെ ഉന്നമനം സാധിക്കൂ എന്നു മനസിലാക്കിയ അയ്യൻകാളി, വിദ്യാഭ്യാസം നേടാനുള്ള അവകാശം നേടിയെടുത്തെങ്കിലും അദ്ദേഹം സ്ഥാപിച്ച സ്കൂളുകൾ സവർണർ തീവെച്ച് നശിപ്പിച്ചു. കഴക്കൂട്ടം, ചെന്നിത്തല, കണിയാപുരം, ബാലരാമപുരം തുടങ്ങിയ സ്ഥലങ്ങളിലെ ദലിത് വിദ്യാലയങ്ങളിൽ ചെന്ന് വിദ്യാർത്ഥികളെ അവർ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്തു. പുലയ പെൺകുട്ടികൾക്കുള്ള പള്ളിക്കൂടം സവർണർ ആക്രമിക്കുകയും തീവെച്ച് നശിപ്പിക്കുകയും ചെയ്തു. അവകാശങ്ങൾക്ക് വേണ്ടി പോരാടൻ തയ്യാറായ ജനവിഭാഗത്തെ ഒരു സംഘടിത ശക്തി

യായി നിലനിർത്താൻ ഒരു സംഘടന ആവശ്യമാണെന്ന ചിന്തയാണ് സാധുജനപരിപാലനസംഘത്തിന്റെ രൂപീകരണത്തിന് കാരണമായത്. ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങൾ ഇതിന് പ്രചോദനമായി. സഞ്ചാര സ്വാതന്ത്ര്യം, വിദ്യാലയ പ്രവേശനം, ആചാരപരിഷ്കരണം, ശുചിത്വം, സന്മാർഗബോധം, പരസ്പര സ്നേഹം, ബഹുമാനം തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ സംഘടനയ്ക്ക് ഉണ്ടായിരുന്നത്.

- സാധുജനപരിപാലന സംഘം

1907-ൽ രൂപീകരിച്ച സാധുജനപരിപാലനസംഘം അയ്യൻകാളിയുടെ പ്രവർത്തനങ്ങളെ വിപുലപ്പെടുത്തി. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതിക്കെതിരെ അദ്ദേഹം പ്രവർത്തിച്ചു. പ്രാകൃതമായ ആചാരങ്ങളും അന്ധവിശ്വാസങ്ങളും അപരിഷ്കൃതമായ വേഷാഭൂഷാദികളും ഉപേക്ഷിക്കാൻ അയ്യൻകാളി സ്വജനങ്ങനെ ഉപദേശിച്ചു. ദലിതർക്ക് സ്വാതന്ത്ര്യത്തോടെ വഴി നടക്കാനും, കല്ലുമാല പോലുള്ള പ്രാകൃതാഭരണങ്ങൾ ഉപേക്ഷിക്കാനും (കല്ലുമാല സമരം) പരിഷ്കൃത വേഷങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനുമായി അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. കാർഷികജോലി ബഹിഷ്കരണങ്ങൾ നടപ്പിലാക്കിയ അയ്യൻകാളി ദലിത് വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നത് വരെ ഒരു വർഷത്തിൽ കൂടുതൽ കാലം സവർണരുടെ പാടത്ത് പണിയെടുക്കാതെ സമരം ചെയ്തു. സവർണർ ഒത്തുതീർപ്പിനു തയ്യാറാവുകയും സമരം വിജയിക്കുകയും ചെയ്തു. 1914-ൽ ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം അംഗമായി. അയ്യൻകാളിയുടെ ശ്രമഫലമായി കൂടുതൽ അധഃസ്ഥിത സമുദായാംഗങ്ങളെ പ്രജാസഭയിലേക്ക് നോമിനേറ്റ് ചെയ്തു. അയ്യൻകാളിയെ സന്ദർശിക്കാൻ 1937-ൽ മഹാത്മജി വെങ്ങാന്നൂരിൽ എത്തുകയും അദ്ദേഹത്തെ 'പുലയരാജാവ്'എന്ന് വിശേഷിപ്പിക്കുകയും ചെയ്തു. ക്ഷേത്രപ്രവേശനവിളംബരത്തിന് അനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിലും, ഉദ്യോഗസ്ഥ നിയമനത്തിനും നിയമസഭാ പ്രാതിനിധ്യത്തിനും ആനുപാതികവ്യവസ്ഥ അനുവദിപ്പിക്കുന്നതിലും അയ്യൻകാളിയുടെ പ്രവർത്തനങ്ങൾ വിജയിച്ചു. ആരുടെ മുന്നിലും തലകുനിക്കാത്ത നേതാവായിരുന്നു അയ്യൻകാളി. അധഃസ്ഥിതവർഗത്തിന്റെ ഉയർച്ച സാധ്യമായത് അദ്ദേഹത്തിന്റെ വിപ്ലവകരമായ പ്രവർത്തനങ്ങൾ മൂലമാണ്.

- പുലയരാജാവ് എന്ന് വിശേഷിപ്പിച്ചു

## പൊയ്കയിൽ അപ്പച്ചൻ

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ ഇരവിപേരൂർ വില്ലേജിൽ മണിക്കൽ പൊയ്കയിൽ കണ്ടൻ- കുഞ്ഞുളേച്ചി എന്ന അധഃകൃത ദമ്പതികളുടെ മകനായി കൊല്ലവർഷം 1054-ൽ ആണ് പൊയ്കയിൽ കുമാരഗുരു ജനിച്ചത്. അധഃസ്ഥിതരുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ച അദ്ദേഹം ക്രിസ്തുമതം സ്വീകരിക്കുകയും മാർത്തോമാസഭയിൽ ചേരുകയും ചെയ്തു. യോഹന്നാൻ എന്ന പേര് സ്വീകരിച്ചതിനുശേഷം സുവിശേഷവേലയ്ക്കായി അദ്ദേഹം നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞുനിന്നിരുന്ന സ്വാതന്ത്ര്യ അഭിവാഞ്ഛ സമുദായ പരിഷ്കരണത്തിന്റേതായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് വേണ്ടി പ്രത്യേകം പള്ളികൾ പണിയുന്നതിനോട് യോജിക്കാൻ കഴിയാത്ത അദ്ദേഹം മാർത്തോമസഭയോട് വിട പറഞ്ഞു. തുടർന്ന്

ബ്രദർ മിഷനിലും വേർപാട് സഭയിലും ചേർന്നു. ക്രിസ്തുമതത്തിലും അവർണ്ണ സമൂഹം നേരിടുന്ന വിവേചനം കണ്ട് സ്വവർഗക്കാരുടെ ആത്മീയവും ഭൗതികവുമായ വിമോചനം ലക്ഷ്യമാക്കി 1909-ൽ പ്രത്യക്ഷരക്ഷാ ദൈവസഭ (പി.ആർ.ഡി.എസ്) എന്ന പേരിൽ ഒരു സ്വതന്ത്ര മതപ്രസ്ഥാനം സ്ഥാപിച്ചു. മികച്ച പ്രാസംഗികനും സഭാസംഘാടകനുമായിരുന്നു. ദ്രാവിഡദലിതൻ എന്ന ആശയം ആവിഷ്കരിച്ച് അദ്ദേഹം ദലിതർക്കുവേണ്ടി ഒരു പള്ളി പണിയുന്നതിനു ശ്രമിച്ചു. പിന്നീട് സർക്കാർ അനുമതിയോടെ ദലിതർക്കു വേണ്ടി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു. കേരളത്തിലുടലെടുത്ത നവോത്ഥാന പ്രവർത്തനങ്ങളെ അതേപടി പിന്തുടരാതെ സാമൂഹികവ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വിലയിരുത്താനുമാണ് അദ്ദേഹം ശ്രമിച്ചത്. സുഖസമൃദ്ധമായ ഒരു ഇടമുണ്ടെന്ന പ്രസ്താവനകളിലൂടെയല്ല അദ്ദേഹം മുന്നോട്ടുപോയത്. പകരം തലമുറകളായി അടിമകളാക്കപ്പെട്ട അധഃസ്ഥിത ജനതയുടെ യാഥാർഥ്യങ്ങളെയും ജീവിതാവസ്ഥകളെയുമാണ് അദ്ദേഹം അഭിസംബോധന ചെയ്തത്.

▶ പ്രത്യക്ഷരക്ഷാ ദൈവസഭ

## ശ്രീനാരായണഗുരു

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിലാണ് ശ്രീനാരായണ ഗുരു ജനിച്ചത്. കേരളത്തിൽ നിലനിന്നിരുന്ന സവർണാധിപത്യം, തൊട്ടുകൂടായ്മ തീണ്ടിക്കൂടായ്മ, തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും, പോരാടിയ അദ്ദേഹം കേരളീയ നവോത്ഥാന പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവാണ്. നാരായണ ഗുരു പിന്നാക്കസമുദായ ഉന്നമനത്തിന് ചെലുത്തിയ സ്വാധീനശക്തി കേരളത്തിലെ സാമൂഹികപരിഷ്കരണത്തിന് വളരെയധികം നിർണായകമായി. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന മുദ്രാവാക്യത്തിലൂടെ മനുഷ്യസാഹോദര്യത്തിന്റെ സന്ദേശമാണ് അദ്ദേഹം ഉയർത്തിക്കാട്ടിയത്. വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ-എന്ന ആഹ്വാനത്തിലൂടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി. ഗുരു ഭാരതത്തിലുടനീളം സഞ്ചരിക്കുകയും തൈക്കാട് അയ്യാവിനെക്കണ്ട് ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട അധഃസ്ഥിതർക്ക് അത് നേടിക്കൊടുക്കണമെന്ന തീരുമാനവുമായി അരുവിപ്പുറത്തെ ഗുഹയിൽ അദ്ദേഹം ധ്യാനനിരതനായി. 1888-ൽ ഒരു ശിവരാത്രി ദിവസം ഗുരു അരുവിപ്പുറത്തെത്തി നെയ്യാറിൽ മുങ്ങി ഒരു പാറക്കല്ലെടുത്ത് ശിവലിംഗമായി പ്രതിഷ്ഠിച്ചു. കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ ഒരു പുതുയുഗപ്പിറവിയായിരുന്നു ഈ സംഭവം. ബ്രാഹ്മണമേധാവിത്വം നിലനിന്നിരുന്ന കാലത്താണ് ഗുരു അരുവിപ്പുറം പ്രതിഷ്ഠനടത്തിയത്. അധഃസ്ഥിതനു പ്രതിഷ്ഠ നടത്താനുള്ള അവകാശത്തെ ചോദ്യം ചെയ്ത ബ്രാഹ്മണപൗരോഹിത്യത്തോടുള്ള മറുപടിയും അധഃസ്ഥിതരുടെ അവകാശങ്ങളെ ബോധ്യപ്പെടുത്തുന്നതുമായിരുന്നു ഈ ചരിത്ര സംഭവം. ജാതീയമായ അനാചാരങ്ങൾ ഏറ്റവും പ്രകടമായിരുന്ന കാലത്താണ് ഇത്രമാത്രം വിപ്ലവകരമായ മുന്നേറ്റങ്ങൾ ഗുരു നടത്തിയിരുന്നത്. അയിത്തത്തിനെതിരെയായിരുന്നു ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ.

▶ അരുവിപ്പുറം പ്രതിഷ്ഠ

സാമൂഹിക സാമുദായിക പരിഷ്കരണം ലക്ഷ്യമാക്കി 1903- ൽ

എസ്.എൻ.ഡി.പി (ശ്രീനാരായണ ധർമ്മ പരിപാലനയോഗം) സ്ഥാപിച്ചു. അനാചാരങ്ങളെ ഇല്ലാതാക്കുക എന്നതായിരുന്നു ലക്ഷ്യം. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഗുരു, ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്, ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം. അവർക്കറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന് എന്നിങ്ങനെ അഭിപ്രായപ്പെട്ടു. ഈ സന്ദേശം ഉൾക്കൊണ്ടാണ് പിന്നീട് എസ് എൻ ട്രസ്റ്റ് രൂപീകരിക്കുകയും അതിനു കീഴിൽ സ്കൂളുകളും കോളേജുകളും ആരംഭിക്കുകയും ചെയ്തത്. കേരളത്തിലെ വിദ്യാഭ്യാസപുരോഗതിയിൽ ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. അദ്വൈതദർശനമാണ് നാരായണഗുരുവിലെ ആത്മീയവാദിയെ സ്വാധീനിച്ചത്. ആത്മാവിന്റെ ഏകത്വം മാത്രമല്ല, മനുഷ്യസമത്വത്തിന്റെ ഏകത്വത്തെക്കുറിച്ചും അദ്ദേഹം ചിന്തിച്ചു. മൃഗബലി തുടങ്ങിയ അനാചാരങ്ങളേയും താലികെട്ട് കല്യാണം, തിരണ്ടുകുളി തുടങ്ങിയ സാമൂഹികാചാരങ്ങളെയും അദ്ദേഹം വിമർശിച്ചു. 1924-ൽ കേരളത്തിൽ ആദ്യത്തെ സർവമതസമ്മേളനം ആലുവയിൽ വിളിച്ചുകൂട്ടിയത് ഗുരുവായിരുന്നു. 'വിദ്യകൊണ്ട് സ്വതന്ത്രരാവുക', 'സംഘടിച്ചു ശക്തരാവുക', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'മദ്യം വിഷമാണ് അതുണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്', 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നിങ്ങനെയുള്ള ഗുരുവചനങ്ങൾ നിരവധി സാമൂഹ്യപരിവർത്തനങ്ങൾക്ക് പ്രേരണ നൽകി. സംസ്കൃതം, മലയാളം, തമിഴ് എന്നീ മൂന്നു ഭാഷകളിലായി അനവധി ഗദ്യപദ്യ കൃതികൾ ഗുരു രചിച്ചു.

- സർവമതസമ്മേളനം സംഘടിപ്പിച്ചു

## പാമ്പാടി ജോൺ ജോസഫ്

1887-ൽ കോട്ടയം പാമ്പാടിയിലാണ് ജോൺ ജോസഫ് ജനിച്ചത്. തിരുവിതാംകൂറിൽ ചേരമർ മഹാസഭ (1921) സ്ഥാപിച്ചത് ഇദ്ദേഹമാണ്. കേരളത്തിലെ പിന്നാക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. ചേരമർമഹാസഭയുടെ സ്ഥാപക ജനറൽ സെക്രട്ടറിയാണ് ഇദ്ദേഹം. 'ഗോത്രപരമായി സംഘടിക്കൂ മതപരമായി അല്ല' എന്നതാണ് ചേരമർ മഹാസഭയുടെ മുദ്രാവാക്യം. സാധുജനദൂതൻ എന്ന മാസിക ആരംഭിച്ചത് പാമ്പാടി ജോൺ ജോസഫ് ആണ്. 1931-ലാണ് അദ്ദേഹം ശ്രീമൂലം പ്രജാസഭയിൽ അംഗമാകുന്നത്. സവർണ ക്രിസ്ത്യാനികളും അവർണ ക്രിസ്ത്യാനികളും' എന്ന കൃതി എഴുതി. അന്ന് നിലനിന്നിരുന്ന ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള വേർതിരിവ് ഇല്ലാതാക്കി അവരെ ഒറ്റക്കെട്ടായി നിർത്തുന്നതിന് വേണ്ടിയാണ് പാമ്പാടി ജോസഫ് 1921-ൽ തിരുവിതാംകൂർ ചേരമർ മഹാജനസഭ രൂപീകരിച്ചത്. ദലിതരെ സമരവീര്യമുള്ളവർ ആക്കുവാനുള്ള ശ്രമങ്ങളായിരുന്നു അദ്ദേഹം നടത്തിയിരുന്നത്.

- ഗോത്രപരമായി സംഘടിക്കാൻ ആഹ്വാനം നടത്തി

## സഹോദരൻ കെ. അയ്യപ്പൻ

ചെറായിയിൽ കുമ്പളത്തു പറമ്പിൽ എന്ന പ്രാചീനമായ ഒരു കുടുംബത്തിൽ 1889 ആഗസ്റ്റ് 21-നാണ് സഹോദരൻ അയ്യപ്പൻ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് കൊച്ചാവുവൈദ്യനും അമ്മ ഉണ്ണൂലിയും ആയിരുന്നു. ശ്രീനാരായണ ഗുരുവിന്റെ ഒരു ജാതി ഒരു മതം ഒരു

ദൈവം മനുഷ്യന് എന്ന ആശയത്തെ സ്വീകരിച്ച് അത് നടപ്പിലാക്കാൻ ശ്രമിച്ചു. ജാതി നശീകരണം പ്രായോഗികം ആവണം എന്ന് ആഗ്രഹിക്കുന്നവർ തങ്ങളെക്കാൾ താഴ്ന്ന സമുദായങ്ങൾക്ക് തുല്യപദവി നൽകുകയാണ് വേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു. അതിന് അദ്ദേഹം കണ്ടുപിടിച്ച മാർഗം എല്ലാ ജാതിക്കാരുടെയും കൂടെയുള്ള മിശ്രഭോജനം ആയിരുന്നു. അങ്ങനെ 1917 -ൽ ചെറായിൽ വെച്ച് അദ്ദേഹം ഒരു മിശ്രഭോജനം നടത്തി. ഇതിന് ഈഴവരിൽ നിന്ന് തന്നെ എതിർപ്പുണ്ടായി, പുലയൻ അയ്യപ്പൻ എന്ന ബഹുമതി അദ്ദേഹത്തിന് ലഭിക്കുന്നത് ഈ സംഭവത്തിന് ശേഷമാണ്. സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾ എതിരെ സന്ധിയില്ലാ സമരം ചെയ്തു. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന് പ്രഖ്യാപിച്ചു. 1917-ൽ സഹോദരസംഘം സ്ഥാപിച്ചു. മിശ്രവിവാഹവും മിശ്രഭോജനവും വഴി ജാതിനശീകരണമായിരുന്നു സംഘത്തിന്റെ ലക്ഷ്യം. സഹോദരനയ്യപ്പൻ എന്ന പേര് ലഭിക്കുന്നത് ഈ സംഘത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ്. 'സഹോദരൻ' എന്ന മാസികയും 'വേലക്കാരൻ' എന്ന പത്രവും പ്രസിദ്ധീകരിച്ചു. 1928-ൽ നിയമസഭാംഗമായി. രാഷ്ട്രീയപ്രവർത്തനത്തിലൂടെ നിയമഭേദഗതികൾ കൊണ്ടുവരാൻ ശ്രമിക്കുകയും ലക്ഷ്യത്തിലെത്തുകയും ചെയ്തു. 1968 മാർച്ച് 6 ന് അന്തരിച്ചു.

▶ മിശ്രഭോജനം നടത്തി 'പുലയൻ അയ്യപ്പൻ' എന്ന വിശേഷണം കിട്ടി

## പണ്ഡിറ്റ് കെ.പി. കറുപ്പൻ

കേരളീയ നവോത്ഥാനശ്രമങ്ങളിൽ നാരായണ ഗുരുവിന്റെയും ചട്ടമ്പിസ്വാമിയുടെയും പാത പിന്തുടർന്നാണ് കെ.പി. കറുപ്പൻ സാമൂഹിക പ്രവർത്തനം നടത്തിയിരുന്നത്. 1885-ൽ എറണാകുളം ജില്ലയിലെ ചേരാനെല്ലൂരിൽ അത്തോ പൂജാരി എന്നറിയപ്പെട്ട പാപ്പുവിന്റെയും കൊച്ചു പെണ്ണിന്റെയും മകനായി കറുപ്പൻ ജനിച്ചു. പണ്ഡിതൻ എന്ന അർഥമുള്ള കറുപ്പൻ എന്ന പേര് ഒരു സിദ്ധനിൽ നിന്ന് സ്വീകരിച്ചു. ധീവര സമുദായത്തിന്റെയും മറ്റു പിന്നാക്കവിഭാഗം ജനങ്ങളുടെയും ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ച പ്രമുഖ വ്യക്തിയാണ് പണ്ഡിറ്റ് കറുപ്പൻ. പുലയസമുദായംഗങ്ങൾക്ക് യോഗംചേരാൻ അനുമതി ലഭ്യമാകാതിരുന്നതിൽ പ്രതിഷേധിച്ച് വള്ളങ്ങൾ കൂട്ടിക്കെട്ടി സമ്മേളന വേദിയൊരുക്കി. ചരിത്ര പ്രസിദ്ധമായ കായൽ സമ്മേളനം എന്ന് ഇതറിയപ്പെട്ടു. സാഹിത്യ രചനങ്ങളിലൂടെ ആയിരുന്നു പ്രധാനമായും അദ്ദേഹം തന്റെ ജാതിവിരുദ്ധ നിലപാടുകൾ പ്രഖ്യാപിച്ചത്. പതിനഞ്ചോളം കൃതികളും ഒട്ടേറെ നീണ്ട കാവ്യങ്ങളും രചിച്ചു. ഇരുപതാം വയസിൽ എഴുതിയ ജാതിക്കുമ്മിയാണ് ഏറ്റവും പ്രധാനപ്പെട്ട കൃതി. ശങ്കരാചാര്യരുടെ മനീഷാപഞ്ചകത്തെ അടിസ്ഥാനമാക്കി രചിച്ച ജാതിക്കുമ്മി അവർണ ജനങ്ങളുടെ ഇടയിൽ വലിയ പ്രചാരം നേടി. ജാതിയുടെ നിരർത്ഥകതയെ ചൂണ്ടിക്കാട്ടുന്നതാണ് പ്രസ്തുത കാവ്യം. ഉദ്യാനവിരുന്ന്, ബാലാകലേശം നാടകം തുടങ്ങിയ കൃതികൾ അയിത്തത്തിനെതിരെയുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങൾ ആയിരുന്നു. സാമൂഹ്യമായി കെട്ടുറപ്പില്ലാതിരുന്ന അരയ ധീവര സമുദായങ്ങളെ സംഘടിപ്പിച്ചു ശക്തിപ്പെടുത്താനും അവരുടെ അഭിമാനം വളർത്താനും വേണ്ടിയാണ് അദ്ദേഹം ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്. കൊച്ചിയിലെയും തിരുവിതാംകൂറിലെയും സമുദായോ

ധീവര സമുദായോദ്ധാരണം ലക്ഷ്യമാക്കി

ദ്ധാരണ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിന് വേണ്ടി അരയവംശോദ്ധാരണി എന്ന പേരിൽ ഒരു കേന്ദ്രസംഘടന രൂപീകരിക്കുകയും ചെയ്തു. ധീവര സമുദായത്തിന് പുറമേ പുലയ സമുദായത്തിനകത്തും സാമുദായികമായിട്ടുള്ള നവോത്ഥാനത്തിന് അദ്ദേഹം ശ്രമിച്ചു. കവിതിലകൻ, വിദ്വാൻ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

## ഇ.വി. രാമസ്വാമി നായ്കർ

ദ്രാവിഡ കഴകം സ്ഥാപിച്ചു

1879-ൽ തമിഴ്നാട്ടിലെ ഈറോഡ് എന്ന സ്ഥലത്ത് ജനിച്ച സാമൂഹ്യ പരിഷ്കർത്താവാണ് ഇ.വി. രാമസ്വാമി നായ്കർ. ജാതിക്കെതിരെയും മതമേധാവിത്വത്തിനെതിരെയുമുള്ള പോരാട്ടങ്ങളാണ് ഇ.വി രാമസ്വാമി എന്ന പെരിയാറിന് ചരിത്രത്തിൽ ഇടം നേടിക്കൊടുത്തത്. ഗാന്ധിയൻ ദർശനങ്ങളെ പ്രചരിപ്പിച്ചുകൊണ്ട് ജനങ്ങളിൽ സാമുദായിക ഐക്യത്തിനും സാമ്പത്തിക സമത്വത്തിനും വേണ്ടി പ്രവർത്തിച്ചു. 1924-ൽ വൈക്കം ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട സമരത്തിൽ പങ്കെടുക്കുകയുണ്ടായി. സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയും നിരന്തരം പ്രക്ഷോഭങ്ങളിൽ ഏർപ്പെട്ടു. ദ്രാവിഡകഴകം എന്ന സംഘടന രൂപീകരിക്കുകയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്തു. ദ്രാവിഡ ജനതയുടെ ഭാഷയ്ക്കും സ്വത്വത്തിനും വേണ്ടിയാണ് ദ്രാവിഡ കഴകം സ്ഥാപിച്ചത്.

## ബി.ആർ. അംബേദ്കർ

ആധുനിക ഇന്ത്യൻ രാഷ്ട്രശില്പികളിൽ പ്രമുഖനായ ഡോ. ബി. ആർ. അംബേദ്കർ ദലിത് മോചകൻ, സാമൂഹ്യ വിപ്ലവകാരി, രാഷ്ട്രമീമാംസകൻ, ധനതത്വശാസ്ത്രജ്ഞൻ, വിദ്യാഭ്യാസവിചക്ഷണൻ,ചിന്തകൻ,എഴുത്തുകാരൻ എന്നിങ്ങനെ വിവിധ മേഖലകളിൽ കർമനിരതനായിരുന്നു. ദലിത് വിഭാഗത്തിൽ പെടുന്ന മഹർ സമുദായത്തിൽ ജനിച്ച അദ്ദേഹം കഠിനപ്രയത്നത്തിലൂടെയാണ് ഇന്ത്യൻ ചരിത്രത്തിന്റെ മുൻനിരയിൽ സ്ഥാനം പിടിക്കുന്നത്. തൊഴിലാളികൾ, അയിത്തജാതിക്കാർ തുടങ്ങിയ മർദ്ദിത വിഭാഗങ്ങളുടെ ക്ഷേമത്തെ സംബന്ധിക്കുന്ന നിരവധി ബില്ലുകൾ അദ്ദേഹം സഭയിൽ അവതരിപ്പിക്കുകയും അവർക്ക് അനുകൂലമായ നിയമങ്ങൾ നേടിയെടുക്കുകയും ചെയ്തു. പൊതുകുളത്തിലെ ജലം ഉപയോഗിക്കുവാനും പൊതുനിരത്തുകൾ ഉപയോഗിക്കുവാനും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകുവാനും വേണ്ടിയുള്ള വിവിധതരം പ്രക്ഷോഭങ്ങളിൽ അദ്ദേഹം ഏർപ്പെട്ടു. ഗാന്ധിജിയുടെ പാത പിന്തുടർന്ന് സത്യഗ്രഹ സമരങ്ങൾക്ക് നേതൃത്വം നൽകി. ഇന്ത്യയിലെ ജാതിവിവേചന സമ്പ്രദായം പൂർണമായും നിർത്തലാക്കുന്നതിന് വേണ്ടിയും അവർണ്ണ ജനവിഭാഗത്തിന്റെ മുന്നേറ്റത്തിനും വേണ്ടിയും സംവരണ നിയമങ്ങൾ സ്ഥാപിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നിയമ മന്ത്രിയും ഇന്ത്യൻ ഭരണഘടനയുടെ മുഖ്യശില്പിയുമായിരുന്നു അദ്ദേഹം.

ഇന്ത്യൻ ഭരണഘടനയുടെ ശില്പിയും ദലിത് മോചകനും

## ജ്യോതിറാവു ഫൂലെ

മഹാരാഷ്ട്രയിൽ നിന്നുള്ള സാമൂഹികപരിഷ്കർത്താവായിരുന്നു ജ്യോതി റാവു ഫൂലൈ. ദലിതരുടെയും സ്ത്രീകളുടെയും വിമോച

നത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾ ആയിരുന്നു അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പത്നിയെയും പ്രസിദ്ധരാക്കിയത്. ജാതിവ്യവസ്ഥ ഇല്ലാതാക്കുക, തൊട്ടുകൂടായ്മ പോലെയുള്ള ദുരാചാരങ്ങളെ നിർമാർജനം ചെയ്യുക എന്നിവയായിരുന്നു അവരുടെ ലക്ഷ്യം. 1848-ൽ ഇന്ത്യയിലെ പെൺകുട്ടികൾക്കായുള്ള ആദ്യത്തെ സ്കൂൾ സ്ഥാപിച്ചു. ബ്രാഹ്മണ ആധിപത്യത്തെയും മറ്റു സമൂഹങ്ങൾക്കെതിരെയുള്ള ബ്രാഹ്മണസമൂഹത്തിന്റെ വിവേചനത്തെയും രൂക്ഷമായി വിമർശിച്ചു. സത്യശോദക് സമാജം സ്ഥാപിച്ച് ജാതിസമത്വം പ്രചരിപ്പിച്ചു. താഴ്ന്ന ജാതിക്കാരുടെ സാമൂഹികതയും മനുഷ്യാവകാശങ്ങളും ഉറപ്പാക്കാൻ ഈ സംഘടന ശ്രദ്ധവെച്ചു.

▶ സത്യശോദക് സമാജം സ്ഥാപിച്ചു

## ആദിദ്രാവിഡ ദലിത് പ്രസ്ഥാനങ്ങൾ

സ്വാതന്ത്ര്യസമര കാലത്തു തന്നെ ഇന്ത്യയുടെ പല ഭാഗത്തും ജാതിവിവേചനത്തിനെതിരെ ദലിതരുടെയും സാമൂഹിക പരിഷ്കർത്താക്കളുടെയും പ്രസ്ഥാനങ്ങൾ ഉണ്ടായിട്ടുണ്ട്. കൊളോണിയൽ ഭരണസംവിധാനവും മിഷനറിമാരുടെ പ്രവർത്തനങ്ങളും വഴി ആധുനിക വിദ്യാഭ്യാസം കേരളത്തിൽ പ്രചരിക്കുകയും ഇതുവഴി സമൂഹത്തിലെ താഴെത്തട്ടിൽ ഉള്ളവരിലേക്ക് വിദ്യാഭ്യാസം എത്തുകയും ചെയ്തു. പൊതുജനങ്ങളുടെ ഇടയിൽ ഒരു പുതിയ സാമൂഹിക അവബോധം വളർന്നു വരുന്നതിന് ഇത് കാരണമായി. കേരളത്തിൽ ദലിത് ജനതയുടെ മുന്നേറ്റത്തിന് വേണ്ടി നടന്ന സമരങ്ങളും പ്രവർത്തനങ്ങളും എല്ലാം അന്നു കേരളത്തിൽ നിലനിന്നിരുന്ന ജാതി, ഫ്യൂഡൽ വ്യവസ്ഥകൾക്കെതിരെയും ദലിതരെ അടിച്ചമർത്തുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെയും ആയിരുന്നു. ഇത്തരം സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും മഹത് വ്യക്തിത്വങ്ങൾ നേതൃത്വം നൽകി. കേരളത്തിലെ അത്തരത്തിലുള്ള പ്രധാനപ്പെട്ട പ്രസ്ഥാനങ്ങളെയും സമരങ്ങളെയും താഴെ വിവരിക്കുന്നു.

▶ പുതിയ സാമൂഹിക ബോധം സൃഷ്ടിച്ചു

## സാധുജന പരിപാലനസംഘം (1907)

1907-ലാണ് അയ്യൻകാളി എസ്.എൻ.ഡി.പി. യോഗത്തിന്റെ മാതൃകയിൽ സാധുജനപരിപാലനസംഘം ആരംഭിച്ചത്. സാധുജനപരിപാലന സംഘത്തിന്റെ പ്രവർത്തനപരിപാടിയിലെ മുഖ്യയിനം വിദ്യാലയപ്രവേശനസ്വാതന്ത്ര്യമായിരുന്നു. 'അധഃസ്ഥിതർക്കും വിദ്യാഭ്യാസം പ്രാപ്തമാക്കുക' എന്നതായിരുന്നു അയ്യൻകാളിയുടെ മുഖ്യമുദ്രാവാക്യം. സാധുജനപരിപാലന സംഘത്തിന്റെ മുഖപത്രമാണ് സാധുജനപരിപാലിനി. 1938-ൽ സാധുജനസംഘത്തിന്റെ പേര് പുലയമഹാസഭ എന്നാക്കി മാറ്റി. ക്ഷേത്രപ്രവേശന വിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥനിയമനത്തിനും നിയമസഭാപ്രാതിനിധ്യത്തിനും അയ്യൻകാളിയും സാധുജനപരിപാലനസംഘവും നൽകിയ സംഭാവന നിസ്തുലമാണ്. 1905-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ രൂപീകൃതമായ സംഘടനയുടെ പ്രവർത്തനകേന്ദ്രം വെങ്ങാനൂർ ആയിരുന്നു. പുരുഷന്മാരിൽനിന്നു പ്രതിമാസം അരചക്രവും സ്ത്രീകളിൽനിന്നു കാൽച്ചക്രവും മാസവരിയായി ഈടാക്കിയിരുന്നു. ആ തുക കൊണ്ട് സ്വന്തം സ്ഥലം-വാങ്ങി

▶ അധഃസ്ഥിതർക്കും വിദ്യാഭ്യാസം പ്രാപ്തമാക്കുക

ഇവർ സമാന്തര കോടതികൾ-കോടതികളുടെ എല്ലാ ചിട്ടകളും പാലിച്ചുകൊണ്ടു നടത്തി, സമുദായാംഗങ്ങൾക്കിടയിലെ തർക്കങ്ങൾ പരിഹരിച്ചു. സമാന്തര പള്ളിക്കൂടങ്ങൾ നടത്തി.

പത്തുകൊല്ലത്തെ പ്രവർത്തനം കൊണ്ട് പതിനേഴായിരം കുട്ടികളെ സ്കൂളിൽ ചേർത്തു. പുലയസ്ത്രീകൾ കല്ലും മാലയും അറുക്കാനുള്ള പ്രക്ഷോഭത്തിന് നേതൃത്വം നൽകി. തിരുവനന്തപുരത്തെ വി.ജെ.ടി ഹാളിൽ വെച്ച് നടത്തിയിരുന്ന വാർഷികങ്ങളിൽ ദിവാൻജി തുടങ്ങിയ പ്രമുഖരെ ക്ഷണിച്ചിരുന്നു. തിരുവിതാംകൂറിന്റെ പല ഭാഗത്തും ശാഖകൾ സ്ഥാപിച്ചു പ്രവർത്തനം വ്യാപിപ്പിച്ചു. ശാഖാസെക്രട്ടറി കണക്കൻ എന്നറിയപ്പെട്ടിരുന്നു. ഇയാൾക്ക് പുറമെ ഓരോ ശാഖയിലും ഖജാൻജി, മാനേജർ, കരനാഥൻ എന്നിവർ ഭാരവാഹികൾ ആയിട്ടുണ്ടായിരുന്നു. ശാഖകൾ ഞായറാഴ്ചതോറും പൊതുയോഗവും ഭജനയും നടത്തിയിരുന്നു. ഓരോ ശാഖയ്ക്കും സന്നദ്ധസേന ഉണ്ടായിരുന്നു. മാനേജർമാർ ആയിരുന്നു സന്നദ്ധസേനയുടെ ക്യാപ്റ്റന്മാർ. പ്രധാന പിരിവിനങ്ങളിൽ ഒന്നു പിടിയരി ആയിരുന്നു. 1922-ൽ ചങ്ങനാശ്ശേരിയിൽ രണ്ട് ഏക്കർ സ്ഥലം പതിപ്പിച്ചെടുക്കാൻ സംഘത്തിനായി.

> ▶ ശാഖകൾ സ്ഥാപിച്ചു

## പ്രത്യക്ഷ രക്ഷാദൈവസഭ

പൊയ്കയിൽ കുമാരഗുരുദേവൻ ആണ് പ്രത്യക്ഷരക്ഷാ ദൈവസഭയുടെ പിതാവ്. അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിൽ മുൻപന്തിയിൽ നിന്നിരുന്ന പൊയ്കയിൽ യോഹന്നാൻ പി.ആർ.ഡി.എസ്. (PRDS) സ്ഥാപിച്ചത് 1909-ലാണ്. ഈ മതപ്രസ്ഥാനത്തിലെ അനുയായികളും വിശ്വാസികളും കുമാരഗുരുദേവനെ ദൈവമായി വിശ്വസിക്കുന്നു. പി.ആർ.ഡി.എസിന്റെ ആസ്ഥാനം ഇരവിപേരൂർ ആണ്. പി.ആർ. ഡി.എസിന്റെ പ്രാർഥനകളും, ആരാധനകളും നടത്തുന്ന ആലയങ്ങളെ മന്ദിരങ്ങൾ എന്നാണ് അറിയപ്പെടുന്നത്. പ്രത്യക്ഷരക്ഷാദൈവസഭയുടെ മാസികയാണ് ആദിയാർ ദീപം. കൊല്ലവർഷം 1083 വൃശ്ചികം 22ന് കുമാരഗുരു കോട്ടയത്തിനടുത്തുള്ള വാകത്താനത്തെ ദലിത് അധിവാസമേഖലയായ മുക്കാലിക്കുന്നിൽ വലിയ യോഗങ്ങൾ ആരംഭിച്ചതിന്റെ ഓർമ്മയ്ക്കായി പി.ആർ.ഡി.എസ്. വാകത്താനംശാഖ കൊല്ലംതോറും ഇത്തരം യോഗങ്ങൾ നടത്തിവരാറുണ്ട്. കേരളത്തിലുണ്ടായ നവോത്ഥാനപ്രവർത്തനങ്ങളെ അതേപടി പിന്തുടരാനും സാമൂഹികവ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വിലയിരുത്താനും ശ്രമിച്ചു എന്നതാണ് കുമാരഗുരുവിന്റെ നേട്ടം. കേരളത്തിൽ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട കാലത്ത്, 1914-ൽ ലോകസമാധാനയാത്ര പ്രത്യക്ഷരക്ഷാദൈവസഭ നടത്തി. ദ്രാവിഡപാരമ്പര്യത്തിലും ചരിത്രത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട് പ്രത്യേക അനുഷ്ഠാനങ്ങളും ആചാരങ്ങളും നടത്തിവരുന്നു.

> ▶ ആദിയാർ ദീപം മാസിക പ്രസിദ്ധീകരിച്ചു

## സഹോദരപ്രസ്ഥാനം

താഴ്ന്ന ജാതിയിൽപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനും ജാതികൾക്കിടയിൽ ഉണ്ടായിരുന്ന തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ അനാചാരങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും പ്രവർത്തിച്ച മഹാനായിരുന്നു സഹോദരൻ കെ. അയ്യപ്പൻ. അദ്ദേഹം സ്ഥാപിച്ച പ്രസ്ഥാന

മാണ് സഹോദരപ്രസ്ഥാനം. മനുഷ്യരെല്ലാം ജന്മനാ സമന്മാരാണെന്നും അതുകൊണ്ടുതന്നെ എല്ലാ സമുദായക്കാരും സമന്മാരാണെന്നും ജീവിക്കുവാനും വളരുവാനും ഐശ്വര്യങ്ങൾ നേടാനുമുള്ള അവകാശം എല്ലാ സമുദായ അംഗങ്ങൾക്കും ഉണ്ടെന്നും അദ്ദേഹം പഠിപ്പിച്ചു. ജാതിയുടെയും അതിന്റെ ഉറവിടമായ ബ്രാഹ്മണിക വൈദിക വർണവ്യവസ്ഥയുടെയും ഉച്ചനീചക്രമത്തിൽ മേലാവിലുള്ള കൂടിയ വരേണ്യതയിലേക്ക് ഉറ്റുനോക്കുന്ന ജാതികാമനയെ തകർത്തുകൊണ്ട് അടിത്തട്ടിലേക്ക് ആണ്ടിറങ്ങി തുല്യരായ മനുഷ്യരാവുക എന്നതായിരുന്നു സഹോദരന്റെ സിദ്ധാന്തവും പ്രയോഗവും. (അജയ് ശേഖർ, ജാതിയെ ദഹിപ്പിച്ച സഹോദരൻ, മാതൃഭൂമി ദിനപ്പത്രം ഓഗസ്റ്റ് 22, 2014)

▶ സഹോദര പ്രസ്ഥാനം സ്ഥാപിച്ചു

## ചാന്നാർ ലഹള

കർക്കശമായ ജാതിവ്യവസ്ഥയും അനാചാരങ്ങളും മൂലം കേരളത്തിലെ താഴ്ന്ന ജാതിയിൽപ്പെട്ട ജനതയ്ക്ക് സാമൂഹ്യമായ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടിരുന്നു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ചാന്നാർ ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് തെക്കൻ തിരുവിതാംകൂറിൽ പൊട്ടിപ്പുറപ്പെട്ട സംഘർഷമാണ് ചാന്നാർ ലഹള. മാറുമറയ്ക്കൽ സമരം, ശീലവഴക്ക്, മുലമാറാപ്പ് വഴക്ക്, മേൽശീലകലാപം, നാടാർ ലഹള എന്നീ പേരുകളിലെല്ലാം ഈ സംഘർഷം അറിയപ്പെടുന്നുണ്ട്. ക്രിസ്തുമതം സ്വീകരിച്ച ശേഷം നാടാർ സ്ത്രീകൾ മാറുമറയ്ക്കാൻ ശ്രമിച്ചിരുന്നു. ഇതിനെതിരെ സവർണ ഹിന്ദുക്കൾ നടത്തിയ അക്രമവും പ്രതികരണവുമാണ് ലഹളയുടെ പ്രധാന സംഭവങ്ങൾ. 1822-ൽ കൽപ്പളത്താണ് ലഹള തുടങ്ങിയത്. ലഹളയിലേക്ക് നയിച്ച കാരണം മേൽവസ്ത്രം ധരിച്ച ചന്തയിലേക്ക് പോയ ചാന്നാർ സ്ത്രീകളുടെ വസ്ത്രം സവർണർ വലിച്ചുകീറിയതായിരുന്നു. ഇതിനെതിരെ ചാന്നാർ യുവാക്കൾ തിരിച്ച് ആക്രമിച്ചു. അതോടുകൂടി ലഹള ആരംഭിച്ചു. അന്ന് താഴ്ന്നജാതിയിൽ പെട്ടവർ മേൽവസ്ത്രം ധരിക്കുന്നത് സവർണർക്ക് അപമാനമായിട്ടാണ് അവർ കരുതിയിരുന്നത്. ഇതിനെതിരെ ചാന്നാർ സ്ത്രീകൾ മേൽവസ്ത്രം ധരിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു. തൽഫലമായി കേസ് കോടതിയിൽ എത്തുകയും വസ്ത്രം ധരിക്കുവാൻ അനുമതി ലഭിക്കുകയും ചെയ്തു. എന്നിട്ടും സവർണർ ഇത് അംഗീകരിച്ചില്ല. ലഹളയുടെ രണ്ടാംഘട്ടം മേൽമുണ്ട് കലാപം എന്ന പേരിലാണ് അറിയപ്പെട്ടത്.അനിയന്ത്രിതമായ കലാപമായി അത് രൂപപ്പെട്ടു. ഒടുവിൽ ഉത്രം തിരുനാൾ മഹാരാജാവ് ഒരു വിളംബരത്തിലൂടെ ചാന്നാർ സ്ത്രീകൾക്ക് മേൽമുണ്ടും കുപ്പായവും ധരിക്കുവാനുള്ള അവകാശം കൊടുത്തു.

▶ ചാന്നാർ സ്ത്രീകൾ മാറ് മറച്ചതുമായി ബന്ധപ്പെട്ട്

## വൈക്കം സത്യഗ്രഹം

1924-ൽ 600 ദിവസത്തിലധികമായി നീണ്ടു നിന്ന ചരിത്രപ്രസിദ്ധമായ സത്യഗ്രഹമാണ് വൈക്കം സത്യാഗ്രഹം. അന്ന് നിലനിന്നിരുന്ന അയിത്തം എന്ന ദുരാചാരത്തിനെതിരെ കേരളത്തിൽ നടന്ന ഐതിഹാസികമായ സമരം ആയിരുന്നു ഇത്. വൈക്കം ക്ഷേത്രത്തിലേക്കുള്ള പൊതുനിരത്തിൽ കൂടി താഴ്ന്ന ജാതിയിൽപെട്ടവർക്ക് സഞ്ചാരസ്വാത

ന്ത്ര്യം ഉണ്ടായിരുന്നില്ല. എല്ലാ ഹിന്ദുക്കൾക്കും ഈ സ്വാതന്ത്ര്യം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന സമരമായിരുന്നു വൈക്കം സത്യഗ്രഹം. യാഥാസ്ഥിതികരുടെ എതിർപ്പിനെ മറികടന്ന് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനായി കേരളത്തിൽ നടന്ന ആദ്യത്തെ ആസൂത്രിത പ്രക്ഷോഭമായിരുന്നു വൈക്കം സത്യഗ്രഹം. കെ.പി. കേശവമേനോൻ, മന്നത്ത് പത്മനാഭൻ, കെ. കേളപ്പൻ, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ടി.കെ. മാധവൻ എന്നിവർ സമരത്തിന് നേതൃത്വം നൽകി. ഗാന്ധിജിയുടെ അനുവാദത്തോടു കൂടിയായിരുന്നു സമരം നടത്തിയിരുന്നത്. 20 മാസം നീണ്ടുനിന്ന സത്യഗ്രഹത്തിൽ പലതരത്തിലുള്ള മർദ്ദനങ്ങൾക്കും സത്യഗ്രഹികൾ വിധേയരായി. 1925-ൽ സത്യഗ്രഹം വിജയകരമായി അവസാനിക്കുകയും, വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ ജാതിഭേദം ഇല്ലാതെ എല്ലാ ഹിന്ദുക്കൾക്കും സഞ്ചരിക്കുവാനുള്ള അവകാശം ലഭിക്കുകയും ചെയ്തു.

> ▶ വൈക്കം ക്ഷേത്രത്തിലേക്കുള്ള പൊതുനിരത്തിൽ സഞ്ചാര സ്വാതന്ത്ര്യം

### ഗുരുവായൂർ ക്ഷേത്രപ്രവേശനം

കോൺഗ്രസിന്റെയും മഹാത്മജിയുടെയും പിന്തുണയോടെ അയിത്താചാരണത്തിനെതിരെയുള്ള മറ്റൊരു വലിയ സമരമായിരുന്നു ഗുരുവായൂർ സത്യഗ്രഹം. 1931-നു വടകരയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം അവർണർക്ക് എല്ലാ ക്ഷേത്രങ്ങളും തുറന്നു കൊടുക്കണം എന്നും അതിനായി കോൺഗ്രസ് പ്രവർത്തകർ ഉത്സാഹത്തോടെ പ്രവർത്തിക്കണമെന്നും ഉള്ള പ്രമേയം പാസാക്കി. ക്ഷേത്രത്തിന്റെ ട്രസ്റ്റിയായിരുന്ന സാമൂതിരി ക്ഷേത്രപ്രവേശനത്തിന് എതിരായ നിലപാട് സ്വീകരിച്ചു. കെ. കേളപ്പൻ, പി. കൃഷ്ണപിള്ള, എ.കെ.ജി, മന്നത്ത് പത്മനാഭൻ, സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവർ സമരത്തിന് നേതൃത്വം നൽകി. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് ആളുകൾ സംഘടിതരാവുകയും ബലപ്രയോഗത്തിലൂടെ ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് കെ. കേളപ്പൻ ക്ഷേത്രത്തിനു മുന്നിൽ അനിശ്ചിതകാല നിരാഹാരം ആരംഭിച്ചു. മദിരാശി സർക്കാരിന്റെ ക്ഷേത്രപ്രവേശനളടമ്പടിക്ക് ശേഷം ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ വിഭാഗം ഹിന്ദുക്കൾക്കും പ്രവേശനം ലഭിച്ചു. ഉടനടി തുറന്നു കൊടുത്തില്ലെങ്കിലും 1936-ലെ ശ്രീചിത്തിരതിരുന്നാളിന്റെ ക്ഷേത്രപ്രവേശന വിളംബരത്തിന് കാരണമായ സാഹചര്യം സൃഷ്ടിക്കാൻ ഈ സമരത്തിന് കഴിഞ്ഞു.

> ▶ ഗുരുവായൂർ ക്ഷേത്ര പ്രവേശനം

# വിശദപഠനം

## 1. കാണുന്നില്ലോരക്ഷരവും

### പൊയ്കയിൽ കുമാരഗുരു

അരികുവൽക്കരിക്കപ്പെട്ട ചരിത്രത്തെ അന്വേഷിക്കുന്ന കവിതയാണ് പൊയ്കയിൽ അപ്പച്ചൻ രചിച്ച 'കാണുന്നില്ലോരക്ഷരവും', ചരിത്രത്തിൽ ഇടമില്ലാതെ പോയ മുഴുവൻ ജനതയുടെയും ശബ്ദമായി മാറുകയാണ് ഈ കവിത. ദലിത് ജനതയുടെ വിമോചനപോരാട്ടത്തെ ഈ

കവിത ഉയർത്തിപ്പിടിയ്ക്കുന്നു. ദലിതർ ഇന്നും ജാതിയുടെ പേരിൽ പരാധീനതകൾ അനുഭവിക്കുന്നു. ഇത്തരം പരാധീനതകളെ തുറന്നു കാട്ടുന്നതാണ് ദലിത് സാഹിത്യം. അത് ദലിതരുടെ മാനുഷികമായ അന്തസിനുവേണ്ടി വാദിക്കുകയും പ്രക്ഷോഭം കൂട്ടുകയും ചെയ്യുന്നു. നീതിക്കുവേണ്ടിയും സമത്വത്തിനുവേണ്ടിയും അതു വാദിക്കുന്നു. ഇത്തരത്തിൽ നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, ചിന്തിപ്പിക്കുന്ന ഒരു പാട്ടാണിത്. എന്റെ ജനതയുടെ വംശത്തെപ്പറ്റി ഒരക്ഷരവും കാണുന്നില്ല എന്ന് പറയുന്ന കവി, അനേകം വംശങ്ങളുടെ ചരിത്രത്തിനിടയിൽ എങ്ങനെയാണു തങ്ങൾ അപ്രസക്തരായത് എന്ന് അന്വേഷിക്കുന്നു. തുടർന്ന് തങ്ങളുടെ ജനതയുടെ ചരിത്രം ആലേഖനം ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് മുന്നോട്ട് വരുന്നു.

▶ അരികുവല്ക്കരിക്കപ്പെട്ട ചരിത്രത്തെ അന്വേഷിക്കുന്ന കവിത

പ്രത്യക്ഷരക്ഷാദൈവസഭയുടെ ജ്ഞാനവിഷയങ്ങളിൽ 'വംശം' ഒരു പ്രധാന പരികല്പനയാണ്. രക്ഷയുടെ നിർണയവുമായി ബന്ധപ്പെട്ട് ജ്ഞാനപരമായ അർഥത്തിലും ചരിത്രത്തിൽനിന്ന് ബഹിഷ്കരിക്കപ്പെട്ട ആദിമജനത എന്ന അർഥത്തിലും ഈ പദപ്രയോഗം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. സഭയുടെ അനവധി ഗീതങ്ങളിൽ വംശം പല തലങ്ങളിൽ വിന്യസിക്കപ്പെട്ടിട്ടുണ്ട്. 1921-ലെ ശ്രീമൂലം പ്രജാസഭാപ്രസംഗവേളയിൽ പൊയ്കയിൽ അപ്പച്ചൻ വംശസൂചനകൾ ഉൾക്കൊള്ളുന്ന ഈ ഗീതം പാടിയതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഇതിന്റെ സാന്ദർഭികമായ സൂചന പ്രസംഗത്തിൽ കാണാം. 1921 മാർച്ച് ഒന്നിലെ പ്രസംഗത്തിലെ രേഖപ്പെടുത്തിയ ആ ഭാഗം ഇങ്ങനെ: '...അവർ ഈ നാടിനെ ഫലഭൂയിഷ്ഠമാക്കിയ പുരാതനവർഗങ്ങളായിരുന്നു. ഒരു കാലത്ത് അവർ ഇവിടത്തെ അടിമകളായി ഭവിച്ചു,' (കാതൽ- മലയാളത്തിലെ ദലിത് കവിതകൾ, പുറം -25).

▶ പ്രത്യക്ഷരക്ഷാദൈവസഭയുടെ ജ്ഞാനവിഷയങ്ങളിൽ 'വംശം'

### 1. വരികൾ

"കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി  
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ  
പാരിടത്തിലുള്ള ചരിത്രങ്ങൾ  
ഓരോന്നും പരിചിന്തനം  
ചെയ്തീടുക രണ്ടു വംശത്തെ  
കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി"

### അർഥ വിശദീകരണം

| | | |
|---|---|---|
| വംശം | = | കുലം |
| അനേകം | = | ധാരാളം |
| പാരിടം | = | ലോകം |

### ആശയ വിശദീകരണം

അനേക വംശങ്ങളുടെ ചരിത്രങ്ങൾ ഞാൻ കാണുന്നുണ്ട്. എന്റെ വംശത്തെപ്പറ്റി ഒരു അക്ഷരവും ഞാൻ ചരിത്രത്തിൽ എവിടെയും കാണുന്നില്ല എന്ന് കവി പറയുകയാണ് ഇവിടെ. ജാതി നിർമ്മിത

മായ സാമൂഹ്യ അധികാരഘടനയ്ക്കുള്ളിൽ തഴയപ്പെട്ട ജനതയുടെ ശബ്ദമാണ് ഈ വരികളിൽ അന്തർലീനമായിരിക്കുന്നത്. എഴുതപ്പെട്ട അനേക വംശങ്ങളുടെ ചരിത്രം എനിക്ക് ചുറ്റിലും ഞാൻ കാണുന്നുണ്ട്. അതിൽ എന്റെ ജനതയുടെ ചരിത്രമെവിടെ എന്ന് കവി അന്വേഷിക്കുകയാണ്. ഒരക്ഷരം പോലും എന്റെ വംശത്തിന്റെ ചരിത്രമായി കാണുന്നില്ല എന്ന് കവി പറയുമ്പോൾ കേരള നവോത്ഥാനത്തിന്റെ അടിത്തട്ടുകളിലേക്ക് വായനക്കാരുടെ ആലോചനകളെ കൊണ്ടുപോകുകയാണ്. സമൂഹം, സാഹിത്യം തുടങ്ങിയ വ്യവഹാരങ്ങൾക്കുള്ളിൽ പ്രവർത്തിച്ചിരുന്ന അധികാരചരിത്രത്തെ കവിത പ്രശ്നവല്ക്കരിക്കുന്നു. അനേക വംശങ്ങളുടെ ചരിത്രങ്ങൾ കാണുന്നു എന്ന് കവി പറയുമ്പോൾ, അധികാരത്തിന്റെ അടിത്തട്ടിൽ പോലും ഇടമില്ലാതിരുന്ന ജനതയുടെ പ്രതിനിധിയാണ് താൻ എന്ന സൂചനയാണ് ലഭിക്കുന്നത്. അരികുവല്ക്കരിക്കപ്പെട്ട എല്ലാ ജനതയുടെയും ശബ്ദമായി ഇവിടെ കവിത മാറുന്നു. അക്ഷരത്തിന്റെ അധികാരം ആർക്കായിരുന്നു എന്നും അക്ഷരങ്ങളിലൂടെ കൈമാറി വന്ന സാംസ്കാരിക മൂലധനം സമൂഹത്തിന്റെ അധികാരകേന്ദ്രമായി മാറിയതെങ്ങനെയെന്നുള്ള ചരിത്രസൂചനകൾ ഈ വരികളിൽ നിന്ന് കണ്ടെത്താം. ചരിത്രത്തിലേക്കുള്ള ഒരു നോട്ടത്തെ കവിത അടയാളപ്പെടുത്തുന്നു.

> ▶ അരികുവല്ക്കരിക്കപ്പെട്ട എല്ലാ ജനതയുടെയും ശബ്ദമാണ് കവിയിലൂടെ

## 2. വരികൾ

"എന്റെ വംശത്തിന്റെ കഥ എഴുതി വച്ചീടാൻ
പണ്ടേ ഉർവ്വിയിലൊരുവരുമില്ലാതെ പോയല്ലോ
ഓർത്തിടുമ്പോൾ ഖേദമുള്ളിൽ ആരംഭിക്കുന്നേ അവ
ചേർത്തിടട്ടേ സ്വന്തരാഗത്തിൽ ചിലതെല്ലാം"

### അർഥ വിശദീകരണം

ഉർവ്വി = ഭൂമി
ഖേദം = ദുഃഖം
ഒരുവരും = ആരും

### ആശയ വിശദീകരണം

എന്റെ വംശത്തിന്റെ കഥ എഴുതി വയ്ക്കുവാൻ പണ്ട് ഈ ഭൂമിയിൽ ആരും ഇല്ലാതെ പോയല്ലോ എന്ന് കവി പറയുന്നു. അക്കാര്യം ഓർക്കുമ്പോൾ എന്റെ ഉള്ളിൽ ഖേദമുണ്ട്. അതുകൊണ്ട് സ്വന്തരാഗത്തിൽ ഞാൻ അവയിൽ ചിലതെല്ലാം ചേർത്തിടട്ടേ എന്ന് കവി ചോദിക്കുന്നതാണ് കേന്ദ്രാശയം. എന്റെ വംശത്തിന്റെ കഥ എഴുതി വയ്ക്കുവാൻ ഭൂമിയിൽ ആരുമുണ്ടായിരുന്നില്ല എന്ന് കവി പറയുന്നതിലൂടെ അക്ഷരാഭ്യാസമില്ലാതിരുന്ന ഒരു ജനതയുടെ പ്രതിനിധിയാണ് താനെന്ന് വ്യക്തമാക്കുന്നു. എഴുത്തും അധികാരവും ചില സവിശേഷവംശങ്ങളിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടിരുന്നതിനാൽ, അരികുവല്ക്കരിക്കപ്പെട്ട ജീവിതങ്ങളുടെ ചരിത്രം എവിടെയും രേഖപ്പെടുത്തപ്പെട്ടില്ല. അതിൽ തനിയ്ക്ക് ദുഃഖമുണ്ടെന്നു പറയുന്ന കവി സ്വന്തം വംശത്തിന്റെ ചരിത്രത്തെക്കുറിച്ച് ചിലതെല്ലാം രേഖപ്പെടുത്താൻ തുനിയുകയാണെ

ന്ന് സാരം. കേരളത്തിലെ ദലിത് ജനതയുടെ ജീവിതത്തിലേയ്ക്കും ചരിത്രത്തിലേയ്ക്കും കടന്നു ചെല്ലുന്ന വരികളാണവ. ബൃഹത്തായ ചരിത്രഘട്ടങ്ങളുടെ അവകാശികളായിരുന്നിട്ടുപോലും ചരിത്രത്തിൽ ഇടമില്ലാതെ പോയ വംശത്തെ കവി കണ്ടെടുക്കുകയാണ്. ചരിത്രം നിർമ്മിക്കുക എന്നത് കേവലമൊരു പ്രവർത്തനം മാത്രമല്ല. അതൊരു അധികാരമുറപ്പിക്കൽ കൂടിയാണ്. അത് ആത്മാഭിമാനത്തെ വീണ്ടെടുക്കുകയും അടിമത്തത്തിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും ചെയ്യും. ശേഷം കവി കേരളത്തിലെ ദലിത് ജനതയുടെ ചരിത്രത്തിലേയ്ക്ക് കടന്നു ചെല്ലുന്നു.

▶ ദലിത്ജനതയുടെ ജീവിതത്തിലേയ്ക്കും ചരിത്രത്തിലേയ്ക്കും കടന്നു ചെല്ലുന്ന വരികൾ

### 3. വരികൾ

"കേരളത്തിൽ പണ്ടുപണ്ടേ പാർത്തിരുന്നോരു ജനം
പാരിടത്തിൽ ഹീനരായി ഭവിച്ചൊരു കഥ
നാണമില്ലെനിക്കു സ്വന്തജാതികൾക്കുള്ള
ബലഹീനതകൾ ഓരോന്നും പറഞ്ഞീടുവാൻ"

### അർഥവിശദീകരണം

| | | |
|---|---|---|
| പാരിടം | = | ഭൂമി |
| പാർക്കുക | = | വസിക്കുക, ജീവിക്കുക |
| ഹീനർ | = | മോശക്കാർ |

### ആശയവിശദീകരണം

കേരളത്തിൽ പണ്ടു മുതൽക്കേ വസിച്ചിരുന്ന ജനങ്ങൾ ലോകത്തിനു മുന്നിൽ ഹീനരായി മാറിയ കഥ താൻ പറയാൻ പോകുകയാണെന്ന് കവിവാക്യം. സ്വന്തം ജാതികൾക്കുള്ള ബലഹീനതകൾ ഓരോന്നായി പറയാൻ തനിയ്ക്ക് നാണക്കേടൊന്നും തോന്നുന്നില്ല എന്ന് കേന്ദ്രാശയം. കേരളത്തിൽ പണ്ടു മുതൽക്കേ വസിച്ചിരുന്നവരാണ് തങ്ങളുടെ ജനത എന്ന് കവി പറയുന്നു. എന്നിട്ടും അവരുടെ ചരിത്രത്തെക്കുറിച്ച് ഒരു വരി പോലും എവിടെയും അടയാളപ്പെടുത്തിയിട്ടില്ല. അവർ ലോകത്തിന് മുന്നിൽ ഹീനരായി മാറിയ ഒരു ചരിത്രം കവിക്ക് പറയാനുണ്ട്. സ്വന്തം ജാതിക്കുള്ളിലെ ബലഹീനതകൾ തുറന്നു പറയുന്നതിൽ നാണക്കേടൊന്നും തോന്നുന്നില്ല എന്ന് കവി പറയുന്നതിലൂടെ ജാതി എന്നത് വിമർശനാതീതമായ ആശയധാരയാണെന്ന് വിശ്വസിക്കുന്നില്ല എന്ന് വ്യക്തം. മതവും ജാതിയും അഭിമാനമായി കാണുന്നവരും അപമാനമായി മാറിയവരുമടങ്ങുന്നതാണ് ഇന്ത്യൻ സമൂഹം. അതിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരബന്ധങ്ങളെ കവി പ്രശ്നവല്ക്കരിക്കുന്നു.

▶ മതവും ജാതിയും അഭിമാനമായും അപമാനമായും കാണുന്നവർ അടങ്ങുന്നതാണ് സമൂഹം

### 4.വരികൾ

"ഉർവ്വിയിൽ ശപിക്കപ്പെട്ട സന്തതിയെന്നു നിത്യം
സർവ്വരും പഴിച്ചിടുന്നു കൂസലില്ലാതെയും
ഉർവ്വിയും ആകാശവും അവസാനിക്കുവോളം
നമ്മെ സർവ്വരാലും ഈ വിധം പഴിച്ചീടുവാനായ്
സർവ്വത്തേയും ആകൃതിപ്പെടുത്തിയ ദൈവം

ഇന്ന് ഉർവ്വിയിലനുവദിച്ചീടുവതെങ്ങനെ."

### അർഥ വിശദീകരണം

| | | |
|---|---|---|
| ഉർവ്വി | = | ഭൂമി |
| സർവ്വരും | = | എല്ലാവരും |
| നിത്യം | = | എപ്പോഴും |
| പഴിച്ചീടുവാൻ | = | കുറ്റപ്പെടുത്തുവാൻ |

### ആശയ വിശദീകരണം

ഞങ്ങൾ ഭൂമിയിലെ ശപിയ്ക്കപ്പെട്ട സന്തതികളാണെന്ന് എല്ലാവരും നിത്യം കുറ്റപ്പെടുത്തുകയാണ്. സർവരേയും സൃഷ്ടിച്ച ദൈവം യാതൊരു കൂസലുമില്ലാതെ, ഭൂമിയും ആകാശവും അവസാനിക്കുന്ന കാലത്തോളം ഞങ്ങളെ പഴിച്ചീടുവാൻ സർവരേയും അനുവദിച്ചതെങ്ങനെ എന്ന് കവി ചോദിക്കുന്നതാണ് കേന്ദ്രാശയം. ജൈവവും അജൈവവുമായ സകലതിനെയും സൃഷ്ടിച്ചത് ദൈവമാണ് എന്ന സങ്കല്പം എല്ലാ മതങ്ങളുടെയും അടിസ്ഥാനയുക്തിയാണ്. എന്നാൽ മതത്തിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരത്തെ ആരും ചോദ്യം ചെ യ്യാറില്ല. സൃഷ്ടികർത്താവായ ദൈവത്തിനു എങ്ങനെയാണു മനുഷ്യരെ വേർതിരിച്ചു നിർത്താൻ കഴിയുകയെന്നു കവി ചോദിക്കുന്നതിലൂടെ മതത്തിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരഘടനയെ പ്രശ്നവല്ക്കരിക്കുകയാണ് ഇവിടെ.

> ▶ മതത്തിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരഘടനയെ പ്രശ്നവല്ക്കരിക്കുന്നു

# വിശദപഠനം

## 2. ഘാതകവധം

മിസിസ് കോളിൻസ്

മലയാളത്തിലെ ആദ്യകാല നോവലുകളിലൊന്നാണ് 1877-ൽ പുറത്തിറങ്ങിയ ഘാതകവധം. കേരളീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആദ്യ നോവൽ. സംഘടിത ക്രിസ്തുമതത്തിന്റെയും പ്രഭുത്വത്തിന്റെയും മുഴുവൻ ദൂഷ്യങ്ങളുടെ പ്രതീകമാണ് ഈ നോവലിലെ പ്രധാന കഥാപാത്രമായ കോശി കുര്യൻ. ഏതൊരു സന്മാർഗകഥയും ആത്യന്തികമായി മനുഷ്യമനസിലെ തിന്മകളെ നശിപ്പിച്ച് നന്മയുടെ ഭാവങ്ങളെ പ്രോജ്വലിപ്പിക്കുകയാണ് ചെയ്യുന്നതെന്ന അർഥത്തിൽ തന്റെ വായനക്കാരുടെ അനാചാരദുഷിതമായ മനസുകളിലെ ഘാതകന്മാരെ വധിക്കുക എന്ന ലക്ഷ്യം മിസിസ് കോളിൻസിന് ഉണ്ടായിരുന്നിരിക്കണം. ജന്മം കൊണ്ടോ പരിവർത്തനംകൊണ്ടോ ക്രിസ്ത്യാനിയായാൽ പോരെന്നും ക്രിസ്തീയമായ ഒരു ജീവിതം നയിക്കുന്നതിലൂടെ മാത്രമേ ഒരാളുടെ മനുഷ്യത്വം പൂർണമാകുന്നുള്ളു എന്നും കോശി കുര്യനിലുടെയും പുലയൻ പൗലോസിന്റെയും മറിയത്തിന്റെയും മറ്റും കഥകളിലൂടെയും മിസിസ് കോളിൻസ് വ്യക്തമാക്കുകയാണ്. ക്രിസ്തുവിശ്വാസത്തിൽത്തന്നെ സുറിയാനികളേക്കാൾ പ്രൊട്ടസ്റ്റന്റുകാർക്കുള്ള മികവ് കൃതിയിൽ പ്രത്യേകം പരാമർശിക്കപ്പെടുന്നു.

> ▶ ആദ്യ നോവലുകളിലൊന്നാണ് ഘാതകവധം

## നോവൽ സംഗ്രഹം

ഭംഗിയുള്ള രാജ്യമായ തിരുവിതാംകോട്ട് 'അ-' എന്ന പട്ടണത്തിൽ കോശി കുര്യൻ എന്നുപേരായ ഒരാളുണ്ടായിരുന്നു എന്ന് ലളിതമായ ഭാഷയിൽ കൃതി ആരംഭിക്കുന്നു. ചെറുപ്പത്തിൽ പ്രൊട്ടസ്റ്റന്റ് സഭയിൽപ്പെട്ട ആളായിരുന്നെങ്കിലും സ്വാർഥലാഭപ്രേരിതനായി അയാൾ സുറിയാനിയിലേക്ക് മാറിപോയി. കഥ നടക്കുന്ന കാലത്ത് കോശി കുര്യനുള്ള സാമ്പത്തികപ്രൗഢി ഗൃഹപരിസര ചിത്രീകരണത്തിലൂടെ മിസിസ് കോളിൻസ് വ്യക്തമാക്കുന്നുണ്ട്. ശാബത് ദിവസമായ ഞായറാഴ്ച പണിയെടുക്കാൻ വിസമ്മതിക്കുന്ന പുലയരെ (അവർ പുതുക്രിസ്ത്യാനികളാണേറെയും) കോശികുര്യൻ ശാസിക്കുന്നു. മുത്ത പുലയനായ പൗലോസിനെ മർദ്ദിക്കുന്നു. വൃദ്ധനായ പൗലോസിനെ അടിക്കാനൊരുങ്ങുമ്പോൾ തടുക്കാനെത്തുന്ന പുലക്കള്ളിയുടെ (പൗലോസിന്റെ ഭാര്യ) എളിയിലിരുന്ന കുട്ടിക്ക് അടിയേറ്റ് കുട്ടി മരിച്ചുപോകുന്നു. പുലയരെല്ലാവരും കൂട്ടം കൂടി നിലവിളിക്കുകയും 'കുലപാതകം ഒരു കുലപാതകം' എന്നുപറഞ്ഞ് ഓടിപ്പോവുകയും ചെയ്യുന്നു. മരിച്ചുകിടക്കുന്ന കുട്ടിയെ നോക്കി ദുഃഖത്തോടെ നില്ക്കുന്ന പുലയൻ പൗലോസിന്റെ ദൈവത്തോടുള്ള പ്രാർഥനയും യജമാനൻ കോശി കുര്യനോടുള്ള ഉദ്ബോധനവുമാണ് ഒന്നാം അധ്യായത്തിൽ.

> ▶ പൗലോസിന്റെ കുട്ടി കോശികുര്യന്റെ അടിയേറ്റ് മരിക്കുന്നു

അയാൾ ദൈവത്തോട് ഇങ്ങനെ പ്രാർഥിച്ചു. "കരുണയും സ്നേഹവുമുള്ള രക്ഷിതാവേ, ഞങ്ങളെ ദർശിച്ചു മനസലിയേണമേ. ഞങ്ങളുടെ കഠിനക്കാരനായ യജമാനനോടു നീ ക്ഷമിച്ചുകൊള്ളുകയും ചെയ്യേണമേ. ഈ പാപം അവന്റെമേൽ വെക്കരുതേ. ആമേൻ ആമേൻ." തുടർന്ന് ക്രിസ്ത്യാനിയായതിനുശേഷം തന്റെ ജീവിതത്തിലുണ്ടായ സദ്പരിവർത്തനങ്ങളെക്കുറിച്ച് അവൻ തന്റെ യജമാനനോടു പറയുന്നു. ശാബത് ദിവസം (ഞായറാഴ്ച) സ്വസ്ഥനാളിനെ ശുദ്ധീകരിക്കാൻ പ്രാർഥനാനിരതനാകേണ്ട ദിവസമാണ്. യജമാനനെ സ്നേഹിക്കാനും സേവിക്കാനും ക്രിസ്തുവചനങ്ങൾക്ക് വഴങ്ങി ജീവിക്കാനുമാണ് താൻ തന്റെ കിടാങ്ങളെയെല്ലാം പഠിപ്പിച്ചത്. എന്നിട്ടും യജമാനനിൽ നിന്ന് പ്രതിഫലമായി കിട്ടിയത് ഇതാണല്ലോ എന്നവൻ ദുഃഖിച്ചു. "തന്റെ ചോറിനിയുമൊരുനാളും ഞാൻ ഉണ്ണുകയില്ല. ഇപ്പോൾ ഞാൻ പോകുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ നല്ലവഴിയിലേക്ക് തിരിച്ച ദൈവം കഠിനക്കാരനായ ഞങ്ങളുടെ യജമാനന്റെ മനസിനെ അലിയ്ക്കതുവരെ നമ്മൾ തമ്മിൽ കാണുകയുമില്ല'' എന്നുപറഞ്ഞ് ആ വൃദ്ധൻ അവിടെനിന്ന് പോകുന്നു.

> ▶ ശാബത് ദിവസം (ഞായറാഴ്ച) പ്രാർഥനാനിരതനാകേണ്ട ദിവസമാകുന്നു

പുലയന്റെ വാക്കുകളും, പുലയരോടു സഹാനുഭൂതി ഉൾകൊള്ളുന്ന തന്റെ മകളുടെ മുഖത്തെക്കുറിച്ചുള്ള ഓർമ്മയും ഒരുനിമിഷം കോശി കുര്യനിൽ ഒരു നേർത്ത വേദന സൃഷ്ടിച്ചുവെങ്കിലും പെട്ടെന്നുതന്നെ മനസു മാറി പ്രതാപത്തോടെ തന്റെ സുറിയാനി പള്ളിയ്ക്കകത്തേക്ക് കടന്നുചെന്ന് ഭണ്ഡാരപ്പെട്ടിയിൽ അയാൾ കിലുക്കത്തോടെ ഒരു സ്വർണ്ണനാണയം നിക്ഷേപിക്കുകയാണ് ചെയ്തത്. അപ്പോഴും തന്റെ പ്രഭുത്വം വിളംബരം ചെയ്യാനാണ് ആ പ്രവൃത്തിയിലൂടെ അയാൾ ശ്രമിച്ചത്. പള്ളിപിരിഞ്ഞു പോരുമ്പോൾ ചില അനുയായികൾ പുലയർക്കെതിരെ കോശി കുര്യനെ വീര്യം പിടിപ്പിക്കുന്നു. പുലയരെ അടിച്ചൊതുക്കൂ എന്ന് അയാൾ നിർദ്ദേശം നല്കുന്നു. വീട്ടിലെത്തുന്ന

കോശി കുര്യൻ സ്നേഹമതിയായ ഭാര്യയോടു കടുത്തു പെരുമാറുന്നു. അനുജത്തിമാരെ പഠിപ്പിക്കുകയും അവരോടൊത്തു പാട്ടുപാടുകയും ചെയ്യുന്ന മകൾ മറിയത്തെ കാണാൻ അയാൾക്ക് മടിതോന്നുന്നു. അയാൾ ഇപ്രകാരം പറയുന്നു."വേണ്ടാ വേണ്ടാ,. ഇപ്പോൾ ഇനിക്ക് അവളുടെ മുഖത്തുനോക്കാൻ പാടില്ല. ഇനിക്ക് ഒരു കടുത്ത പ്രവൃത്തി ചെയ്യാനുണ്ട്. അവളെ നോക്കിയാലെന്റെ മനസലിഞ്ഞുപോകും.'' കോശി കുര്യന്റെ മനസിൽ മകളോടുള്ള വാത്സല്യം ഇപ്രകാരം സൂചിതമായി. താൻ രാപകൽ വേലചെയ്യുന്നത് "മൂത്തമകൾക്ക് യോഗ്യമായ സ്ത്രീധനം കൊടുക്കേണ്ടതിനായിട്ടാണ്'' എന്ന് അയാൾ ഭാര്യയോടു പറയുന്നുണ്ട്.

▶ കോശി കുര്യന്റെ പ്രതാപവും മകളോടുള്ള വാത്സല്യവും

മറിയം (കോശി കുര്യന്റെ മകൾ) എന്ന കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ. അവളുടെ സൗന്ദര്യം, വിദ്യാഭ്യാസം, ദൈവഭക്തി, പതിതസഹാനുഭൂതി എന്നിവയെല്ലാം മിസിസ് കോളിൻസ് വിവരിക്കുന്നുണ്ട്. അവൾ കുഞ്ഞുങ്ങൾക്ക് മഹത്വത്തിന്റെ രാജാവിനെക്കുറിച്ചും അവന്റെ പുത്രൻ കർത്താവീശോമിശിഹായെക്കുറിച്ചും ഈശോമിശിഹായുടെ നിസ്സഹായ പൈതങ്ങളായ മനുഷ്യരെക്കുറിച്ചും അവരെ ആക്രമിക്കാനെത്തുന്ന പിശാചാകുന്ന മൃഗത്തെക്കുറിച്ചുമുള്ള കഥകൾ പറഞ്ഞുകൊടുക്കുന്നു. വൈദ്യചികിത്സകൾ അറിയാവുന്ന മറിയത്തിന്റെ അമ്മൂമ്മയെ വിളിക്കാൻ പുലയൻ പൗലോസിന്റെ ഇളയമകൾ വരുന്നു. അമ്മൂമ്മയും മകളും അവളോടൊപ്പം പോകുന്നു.

▶ മറിയം (കോശി കുര്യന്റെ മകൾ) എന്ന കഥാപാത്രത്തിന്റെ മഹത്ത്വം

ഒരു പുലപ്പള്ളിയുടെ വർണ്ണനയും പുലയരും പട്ടക്കാരനും തമ്മിലുള്ള സംഭാഷണവുമാണ് അടുത്ത അധ്യായത്തിൽ. പട്ടക്കാരൻ പൗലോസിന്റെ മരിച്ചുപോയ കുഞ്ഞിന് അന്ത്യകൂദാശകൾ നല്കുന്നു. സ്വസ്ഥനാളിനെ ശുദ്ധീകരിക്കാൻ ശാബത് ദിവസത്തിൽ ജോലി ചെയ്യില്ലെന്ന പ്രതിജ്ഞ പുലയർ ആവർത്തിച്ചുറപ്പിക്കുന്നു. എങ്കിലും തങ്ങളുടെ യജമാനനെയും വേലയെയും തങ്ങൾ സ്നേഹിക്കുമെന്നും അവർ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങളുടെ യജമാനനെയും വേലയെയും സ്നേഹിക്കാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഞങ്ങൾക്കുമുമ്പ് ഞങ്ങളുടെ പൂർവികന്മാർ വേലയെടുത്തിട്ടുള്ള പാടങ്ങൾ വിട്ടുപോവാൻ ഞങ്ങൾക്കു മനസില്ല. ഞങ്ങളുടെ അപ്പന്മാരുടെ തുമ്പാകൊണ്ട് നിലം കിളയ്ക്കുകയും അവരവർക്കു തന്നെ ശവക്കുഴി വെട്ടുകയും ചെയ്തിട്ടുണ്ട്. അധ്വാനത്തോടുള്ള ആദരം, മണ്ണിനോടുള്ള ഹൃദയബന്ധം, പ്രകൃതിയോടുള്ള മാനസികഐക്യം, യജമാനനോടുള്ള ഭക്തി, ദൈവത്തിലുള്ള വിശ്വാസം തുടങ്ങിയ നല്ല ഗുണങ്ങൾ അവർ പ്രകടിപ്പിക്കുന്നു. കുഞ്ഞിന്റെ ശവമടക്കി പോകുന്ന വഴിക്ക് പട്ടക്കാരൻ (അച്ചൻ), കോശി കുര്യന്റെ ആൾക്കാർ പുലയൻ പൗലോസിനെ പീഡിപ്പിക്കുന്നതു കാണുന്നു. സർക്കാർ നിയമങ്ങൾ ചൂണ്ടിക്കാട്ടി അവരെ ഭീഷണിപ്പെടുത്തി അച്ചൻ തിരിച്ചയയ്ക്കുന്നു. പൗലോസിനെ വീട്ടിലയച്ച് അകം തണുക്കാൻവണ്ണം വല്ലതും കൊടുക്കാൻ നിർദ്ദേശിച്ച് അച്ചൻ പോകുന്നു.

▶ യജമാനനെയും വേലയെയും സ്നേഹിക്കുന്ന കർഷകർ

വൃദ്ധനായ പൗലോസിന്റെ വീടും അവൻ കൃഷിചെയ്തുണ്ടാക്കിയ സമ്പത്തുകളും വിവരിക്കുന്നു. അത് അവൻ യഥാർഥ ക്രിസ്ത്യാനിയായതിന്റെ ചിഹ്നങ്ങളാണെന്നാണ് മിസിസ് കോളിൻസ് പറയുന്നത്. ക്രിസ്ത്യാനി ആയതുമുതൽ മോഷ്ടിക്കപ്പെട്ട വസ്തുക്കൾ ഉപയോഗിക്കില്ലാ എന്ന് അവൻ നിശ്ചയിച്ചു. പലപ്പോഴും കഠിനമായ പരീക്ഷ

ണങ്ങളിൽ വീണിട്ടുണ്ട്. എങ്കിലും അവൻ തന്റെ ക്രിസ്ത്യാനി എന്ന നാമത്തെ അപമാനിക്കാതെ ഇരിക്കാൻ ശ്രമിച്ചു. വൃദ്ധനായ പൗലോസിനെ വീണ്ടും ആളുകൾ ആക്രമിക്കാനെത്തുന്നു. ആക്രമത്തിൽ പരിക്കേറ്റ് പൗലോസിന് വൈദ്യസഹായം നല്കാനാണ് മറിയവും അമ്മൂമ്മയും വരുന്നത്. ആളുകൾ നോക്കിനിൽക്കെ മരുന്നു കൊണ്ട് പൗലോസിന്റെ അസുഖം മാറുന്നു. മറിയത്തോടും അമ്മൂമ്മയോടുമുള്ള അവരുടെ അമിതമായ ഭക്ത്യാദരങ്ങളും ഭയാശങ്കകളും കണ്ട് മറിയം ദൈവത്തിന്റെ മുൻപിൽ മനുഷ്യരെല്ലാവരും തുല്യരാണെന്ന് പൗലോസിനോടു പറയുന്നു. തന്നെ സന്ദേശങ്ങളിലേക്കാനയിച്ചതും അക്ഷരവിദ്യ അഭ്യസിപ്പിച്ചതും അക്ഷരാഭ്യാസമുള്ള ക്രിസ്ത്യാനി ആയതും തന്റെ ദിവസങ്ങൾ സന്തോഷവുമുള്ളതാക്കിയതും യേശു ആണെന്ന് മറിയം വെളിപ്പെടുത്തുന്നു.

പൗലോസിന്റെ വീട്ടിൽ നിന്ന് രാത്രി തിരികെ പോകുന്ന മറിയത്തെയും അമ്മൂമ്മയെയും കാത്തു നില്ക്കുന്ന കോശി കുര്യൻ മറിയത്തിന്റെ കപടമില്ലാത്ത കണ്ണുകളിൽ നേരെ നോക്കുവാനാകാതെ നില്ക്കുന്നു. നല്ല ശമരിയാക്കാരന്റെ കഥ മറിയം അപ്പനെ ഓർമിപ്പിക്കുന്നു. പുലയൻ പൗലോസിന്റെ മുറിവ് കെട്ടിയാണ് തങ്ങൾ വരുന്നതെന്ന് അപ്പനോടു പറയുന്നു. വൃദ്ധനായ പൗലോസ് ഇന്ന് ഒരു നല്ല ക്രിസ്ത്യാനി ആയിത്തീർന്നിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. കോശി കുര്യൻ പുച്ഛത്തോടെ "ഓഹോ നല്ല ക്രിസ്ത്യാനി. ക്രിസ്ത്യാനി മാർഗ്ഗം ഇങ്ങനത്തെ കീഴ്ജാതിക്കാരിൽ എന്തുഫലം വരുത്തും? അവർ മൃഗങ്ങളെപ്പോലെ വേലയെടുക്കുകയും തിന്നുകയും മാത്രം ചെയ്യാനുള്ളവരല്ലയോ, അവരുടെ അറിവ് കണ്ടത്തിനപ്പുറം പോകുന്നത് അസാധ്യം തന്നെ'' എന്നും പറയുന്നു. മാത്രമല്ല തന്റെ മകൾ തന്നോട് മറുത്തു പറയുന്നതിൽ കോപിക്കുകയും ചെയ്യുന്നു. വള്ളത്തിൽ കയറി ആറുവഴി അവർ തിരികെ പോരുന്നു. അവർ കയറിയ, കോശി കുര്യൻ തുഴഞ്ഞ വള്ളം ആറ്റിനുമുകളിൽ നിന്ന് മൂന്നുപേർ തുഴഞ്ഞുവരുന്ന മറ്റൊരു വള്ളത്തിൽ തട്ടി മറിയുന്നു. കോശി കുര്യന് അമ്മയെ രക്ഷിക്കാൻ കഴിഞ്ഞെങ്കിലും മറിയത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഒഴുകിപ്പോകുന്ന മറിയം അപകടകരമായ വളവിൽ എത്തുന്നതിനു മുമ്പുതന്നെ ഒരു രൂപം ആറ്റിലേക്ക് എടുത്തുചാടി അവളെ രക്ഷിക്കുന്നു. രക്ഷിച്ചതാരെന്നു കണ്ടില്ലെങ്കിലും പുഴയുടെ ഒഴുക്കിൽ ഒഴുകി പോകുന്ന ആ രൂപം ഇങ്ങനെ വിളിച്ചു പറഞ്ഞു. "നീ എന്റെ കുഞ്ഞിനെ കൊന്നു. ഞാനോ നിന്റേതിനെ രക്ഷിച്ചിരിക്കുന്നു. നമ്മൾ ഇപ്പോൾ സമന്മാരായി''. അതു പറഞ്ഞത് പുലയൻ പൗലോസായിരുന്നു.

> ▶ "നീ എന്റെ കുഞ്ഞിനെ കൊന്നു. ഞാനോ നിന്റേതിനെ രക്ഷിച്ചിരിക്കുന്നു"

കോശി കുര്യന്റെ മാനസാന്തരം ആരംഭിക്കുകയായി. കോശി കുര്യനിലെ ഘാതകന്റെ വധം യഥാർഥത്തിൽ ഇവിടെ വെച്ചാണ് ആരംഭിക്കുന്നത്. തുടർന്ന് മാനസാന്തരം പൂർണമാകുന്നതിന് അനുകൂലമായ ഗതിയിലേക്ക് കഥയെ നയിക്കുന്നു. കോശി കുര്യന്റെ മുഖത്ത് സദാ ഒരു മങ്ങലും അവന്റെ പ്രവൃത്തികളിലൊക്കെ ആധിയോടുകൂടിയ ഒരു മൗനവും സാധാരണമായി. സുറിയാനി മാർഗത്തിലേക്ക് പോയവനെങ്കിലും മറിയത്തിന്റെ സുഹൃത്തുക്കളായ പ്രൊട്ടസ്റ്റന്റ് അച്ചന്മാരെയും വീട്ടിൽ സ്വീകരിക്കാൻ അയാൾ തയ്യാറായി. പഴയകാലങ്ങളിലേതുപോലെ കുടുംബം ഒന്നിച്ചിരുന്ന് വേദപുസ്തകം വായിക്കാൻ അയാൾ

സമ്മതിക്കുകയും ചെയ്തു. മറിയത്തെ കാണാൻ വന്ന പ്രൊട്ടസ്റ്റന്റ് അച്ചൻ അവളെ രക്ഷിച്ചത് പുലയൻ പൗലോസാണെന്നും, അതിനു ശേഷം അയാളെ ആരും കണ്ടിട്ടില്ലെന്നും പറയുന്നു. ഈ വാർത്ത കോശി കുര്യന്റെ മാനസാന്തരത്തിന് ആക്കംകൂട്ടുന്നു. ഒരു സാധാരണ സന്മാർഗകഥയെന്നതിലുപരി കാവ്യാത്മകവും ധ്വനിപ്രധാനവുമായ ഇത്തരം വിവരണങ്ങൾ ഘാതകവധത്തെ ശ്രദ്ധേയമാക്കിത്തീർക്കുന്നുണ്ട്. കോശി കുര്യനെ വേട്ടയാടുന്ന പാപബോധത്തെക്കുറിച്ചും അയാളിലുണരുന്ന പശ്ചാത്താപത്തെക്കുറിച്ചും അയാളുടെ മാനസാന്തരത്തെക്കുറിച്ചും വളരെ ഭംഗിയായി തുടർന്ന് ചിത്രീകരിക്കപ്പെടുന്നു. പൗലോസ് ജീവിച്ചിരിപ്പുണ്ടെന്ന കാര്യം അധ്യായത്തിന്റെ അവസാനത്തിൽ മാത്തൻ, മറിയത്തിന്റെ കാതിൽ മന്ത്രിക്കുന്ന രഹസ്യത്തിലൂടെ സൂചിപ്പിക്കുന്നുണ്ട്. ഈ അധ്യായത്തിൽ പ്രൊട്ടസ്റ്റന്റ് അച്ചന്റെ ദീനാനുകമ്പാപ്രവർത്തനങ്ങൾ, നായന്മാരുടെ പൊങ്ങച്ചങ്ങളും അസൂയകളും, അച്ചൻ ബൈബിൾ വായിക്കുന്നതു കേട്ടു മനംമാറുന്ന നായർ സ്ത്രീകളുടെ വർണനകൾ എന്നിവയാണുള്ളത്. അച്ചന്റെ സന്തുഷ്ടമായ കുടുംബജീവിതത്തെക്കുറിച്ചും ആ കുടുംബജീവിതത്തിൽ തന്റെ പത്നിക്കുള്ള പങ്കിനെക്കുറിച്ചും വിവരിച്ചുകൊണ്ടാണ് ഈ അധ്യായം സമാപിക്കുന്നത്.

- കോശി കുര്യന്റെ മാനസാന്തരം ആരംഭിക്കുന്നു

കോശി കുര്യന്റെ മകൻ ഗീവർഗീസിനെ കഥയിൽ ആദ്യമായി പരിചയപ്പെടുത്തുന്നു. തെറ്റുചെയ്തത് ഏറ്റുപറയാനും, സത്യമുള്ള ചെറുപ്പക്കാരൻ എന്നപേരു വാങ്ങാനും ആഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരനായിട്ടാണ് ഗീവർഗീസ് അവതരിപ്പിക്കപ്പെടുന്നത്. അമ്മൂമ്മയും മറിയവും ഗീവർഗീസും മറ്റുകുട്ടികളും തോട്ടത്തിൽ ആനന്ദിച്ചു നടക്കുമ്പോൾ അയൽവക്കത്തെ അന്ധനായ നമ്പൂതിരി അവരെ വേലിക്കൽ നിന്നു വിളിക്കുന്നു. അയൽവക്കത്തെങ്കിലും കോശി കുര്യന്റെ കുടുംബവുമായി വലിയ ബന്ധമില്ല. അന്നാദ്യമായാണ് അയാൾ കുഞ്ഞുങ്ങളെ വാത്സല്യത്തോടെ വിളിക്കുകയും ഒരു മാമ്പഴം അവർക്കു നല്കുകയും ചെയ്യുന്നത്. മതാചാരങ്ങളൊക്കെ അനുഷ്ഠിച്ചിട്ടും തന്റെ മനസ് സമാധാനം എന്തെന്ന് അറിഞ്ഞിട്ടില്ലെന്ന് ആ വൃദ്ധബ്രാഹ്മണൻ പറയുന്നു. വൃദ്ധബ്രാഹ്മണനുമായി കോശി കുര്യന്റെ കുടുംബത്തിനുള്ള ബന്ധവും മറിയം നിർദ്ദേശിച്ച സമാധാന മാർഗത്തിലേക്കുള്ള അദ്ദേഹത്തിന്റെ വരവും കഥയും തുടർന്നുള്ള ഭാഗങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. തന്നെ കോശി കുര്യന്റെ കുടുംബവുമായി എന്തോ മാനസികബന്ധം തനിക്കുണ്ടെന്ന് സൂചിപ്പിക്കും പോലെയായിരുന്നു നമ്പൂതിരിയുടെ സംഭാഷണം. വായനക്കാരന്റെ ജിജ്ഞാസ വളർത്തുമാറ് ഇക്കാര്യം വിശദീകരിക്കപ്പെട്ടിരിക്കുന്നു. ഗീവർഗീസാകട്ടെ ബ്രാഹ്മണന് തങ്ങൾ കണ്ടു പരിചയിച്ച ഏതോ മുഖവുമായുള്ള സാമ്യം ഓർക്കാൻ ശ്രമിക്കുകയായിരുന്നു. ഒടുവിൽ "നമ്മുടെ അമ്മയുടെ മുഖച്ഛായ'' തന്നെയാണ് ആ വൃദ്ധൻ നമ്പൂതിരിക്കും എന്ന് അവൻ കണ്ടെത്തുകയും ചെയ്യുന്നു.

- കോശി കുര്യനും വൃദ്ധബ്രാഹ്മണനും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു

ഭക്തി ലേശം തീണ്ടാത്ത അച്ചടക്കരഹിതമായ ഒരു സുറിയാനിപ്പള്ളിമുറ്റം ചിത്രീകരിക്കപ്പെടുന്നു. പുരുഷന്മാർ അന്യോന്യം പറയുന്ന കച്ചവട കാര്യങ്ങൾ, വെറ്റില മുറുക്കി കലപില പറയുന്ന പെണ്ണുങ്ങൾ എന്നിങ്ങനെ ഒരു സുറിയാനി പള്ളി അന്തരീക്ഷത്തോടുള്ള തന്റെ

> ▶ സ്വന്തം വിവാഹ കാര്യത്തിൽ സ്ത്രീകൾക്ക് അവകാശമുണ്ടെന്ന മറിയത്തിന്റെ വാദം

മാനസികമായ വിയോജിപ്പ് മിസിസ് കോളിൻസ് വ്യക്തമാക്കുന്നുണ്ട്. വിവാഹകാര്യങ്ങളിൽ സ്വന്തം അഭിപ്രായം പറയാൻ സ്ത്രീക്ക് അവകാശമുണ്ടെന്ന് മറിയം ഗീവർഗീസിനോട് പറയുന്നു. തന്നെ വിവാഹം ചെയ്യാൻ അപ്പൻ കണ്ടുവെച്ചിട്ടുള്ള സുറിയാനിച്ചെറുക്കന്റെ അമ്മ, വിലക്കുവാങ്ങുന്ന കന്നുകാലിയെ വാങ്ങുന്നതിനുമുമ്പ് അടിമുടി പരിശോധിക്കുന്ന ഒരാളെപ്പോലെ മറിയത്തെ സാംഗോപാംഗം പരിശോധിക്കുന്നതും അത് മറിയത്തിന് നീരസത്തിനിടയാക്കുന്നതും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഒടുവിൽ 'പുസ്തകം വായിക്കുന്ന പെണ്ണുങ്ങൾ നല്ല ഭാര്യമാരാകുന്നതു പ്രയാസം' എന്ന് ആ സ്ത്രീ അഭിപ്രായപ്പെടുമ്പോൾ മിസിസ് കോളിൻസിന്റെ സുറിയാനി പ്രഭുത്വത്തോടുള്ള നീരസം കൂടി വ്യക്തമാകുന്നു.

താനിഷ്ടപ്പെടാത്ത ഒരു സുറിയാനി കുടുംബത്തിലേക്ക് വിവാഹിതയായി പോകേണ്ടിവരുന്നതിനെക്കുറിച്ചോർത്തുള്ള മറിയത്തിന്റെ വ്യാകുലതകൾ അവതരിപ്പിക്കുന്നു അടുത്ത അധ്യായത്തിൽ. ഈ വിവാഹ തീരുമാനത്തെ എതിർക്കാൻ തന്നെ അവൾ തീരുമാനിച്ചു. അങ്ങനെ ഇരിക്കുമ്പോൾ തന്റെ ഭർത്താവാകാൻ കണ്ടുവെച്ചിരിക്കുന്ന ചെറുക്കനും അവന്റെ അപ്പനും കയറി വരുന്നു. അതിഥികൾ വീടും പരിസരവും നല്ല പോലെ കണ്ടു വിലയിരുത്തുന്നു. മറിയം ഈ സമയം മുഴുവൻ അങ്ങോട്ടുമിങ്ങോട്ടും മാറാതെ തന്റെ വേദപുസ്തകത്തെത്തന്നെ നോക്കിക്കൊണ്ടു നിന്നു. അപ്പനോട് എല്ലാം തുറന്നു സംസാരിക്കണമെന്ന അവളുടെ ആഗ്രഹം ഇവരുടെ വരവോടെ പെട്ടെന്ന് സാധിക്കാതെ പോയി. മറിയത്തിന്റെ ഭർത്താവാകാൻ പോകുന്ന ചെറുക്കന്റെ മണ്ടൻ പെരുമാറ്റങ്ങളും വിഡ്ഢിവേഷവും ചിത്രീകരിക്കുന്നു. കരിക്കട്ടകൊണ്ട് വെറുതെ അങ്ങുമിങ്ങും എന്തെല്ലാമോ വരയ്ക്കുന്ന അവന്റെ കയ്യിൽനിന്ന് കരിക്കട്ട വാങ്ങിക്കളഞ്ഞ് "അക്ഷരം എഴുതാൻ പടി' എന്ന് മറിയം പരിഹസിക്കുന്നു. തനിക്കു മരുമകനാകാൻ തിരുവിതാംകോട്ടേ മുന്തിയ ഒരാളിനെ കിട്ടിയല്ലോ എന്നു സന്തോഷിക്കുന്ന കോശി കുര്യനോട് തന്റെ ഭർത്താവാകാൻ പോകുന്ന ചെറുക്കന്റെ മുൻപത്തെ ക്രൂരനടപടികളെക്കുറിച്ച് മറിയം പറഞ്ഞുകൊടുക്കുന്നു. അവൻ മുൻപ് കെട്ടിയ പെണ്ണിനെപ്പോലെ തനിക്കും മരണമായിരിക്കും കിട്ടുക എന്നും പറയുന്നു. ഒടുവിൽ കോശി കുര്യൻ മകളുടെ യുക്തികൾക്കും മകളോടുള്ള വാത്സല്യത്തിനും മുന്നിൽ പരാജയപ്പെടുന്നു.

> ▶ മറിയത്തിന്റെ യുക്തികൾക്കും അവളോടുള്ള വാത്സല്യത്തിനും കോശി കുര്യൻ വിധേയനാകുന്നു

മകളോടുള്ള വാത്സല്യത്തിനു മുമ്പിൽ കീഴടങ്ങുന്ന ഈ സംഭവം സുറിയാനി പാതയിൽനിന്ന് കോശി കുര്യൻ അകലുന്നതിന്നും, അയാളുടെ മാനസാന്തരത്തിനും വേഗം കൂട്ടുന്നു. മാനസാന്തരത്തിനു വഴിയൊരുക്കുന്ന പശ്ചാത്താപത്തിന്റെ നിമിഷങ്ങളെ മിസിസ് കോളിൻസ് തുടർന്ന് വിവരിക്കുന്നു. മനുഷ്യജീവിതത്തിൽ അല്പസമയംകൊണ്ട് എന്തെല്ലാം ഉണ്ടാകയോ ഉണ്ടാകാതിരിക്കയോ ചെയ്യാം. മനുഷ്യന്റെ മരണമില്ലാത്ത ആത്മാവിന് ഒരു മണിക്കുറുകൊണ്ട് പുനർജനനം ഉണ്ടാകാം. അതു മരണത്തിൽനിന്ന് ജീവനിലേയ്ക്കു തിരിഞ്ഞേയ്ക്കാം. കോശികുര്യന്റെ ജീവിതത്തിലെ അത്തരമൊരു സന്ദർഭമാണിത്. മാനസാന്തരത്തിന്റെ ഇത്തരം ശക്തമായ ചില മുഹൂർത്തങ്ങൾക്കു വേണ്ടിയാണ് മിസിസ് കോളിൻസ് തന്റെ കഥയുടെ പശ്ചാത്തലാംശങ്ങൾ തുന്നിച്ചേർക്കുന്നത്.

> ▶ മാനസാന്തരത്തിനു വഴിയൊരുക്കുന്ന പശ്ചാത്താപ നിമിഷങ്ങൾ

കോശി കുര്യൻ മറിയത്തിന്റെ സുഹൃത്തായ നാട്ടുപാതിരിയുടെ (ഇദ്ദേഹത്തിന്റെ ദീനാനുകമ്പയെക്കുറിച്ച് മുമ്പു പറഞ്ഞിട്ടുണ്ട്) കൂട്ടായി. അയാളുടെ പശ്ചാത്താപവും മാനസാന്തരവും കൂടുതൽ ദൃഢമായി. പാതിരിയും കോശി കുര്യനും കാണാതായ പൗലോസിനെ തേടിപ്പോകുന്നു. ഒടുവിൽ ഒരു വനാന്തരത്തിൽ അതീവ ലളിതമായ ഒരു പള്ളി അന്തരീക്ഷത്തിൽ പുതുവിശ്വാസികൾക്കു നടുവിൽ സുവിശേഷം പ്രസംഗിച്ചു നില്ക്കുന്ന പൗലോസിനെ അവർ കണ്ടെത്തുന്നു. അവർ വീണ്ടും കണ്ടുമുട്ടുന്ന ഈ നിമിഷത്തിൽ കോശി കുര്യന്റെ മാനസാന്തരം പൂർണമാകുന്നു. കോശി കുര്യൻ പൗലോസിനോടു പറയുന്നു.“ഇപ്പോൾ നീയെന്റെ അടിയാനല്ല. ഗുരുവാകുവാനാണ് അധികം യോഗ്യത എന്ന് ഇപ്പോൾ കണ്ടറിഞ്ഞിരിക്കുന്നു. ഞാൻ നിന്നിൽ നിന്നു പഠിക്കാനാഗ്രഹിക്കുന്നുണ്ട്. നീ നിന്റെ പ്രാർഥനകൾ കൊണ്ട് എന്റെ ക്രൂരതകൾക്ക് പകരംവീട്ടി'' കോശി കുര്യനിലെ ഘാതകൻ ഇവിടെവച്ചാണ് വധിക്കപ്പെടുന്നത്. ഇവിടെ വേണമെങ്കിൽ ഈ കഥ അവസാനിപ്പിക്കാം. പക്ഷേ മതപ്രചരണവും കൂടി കോളിൻസ് മദാമ്മയുടെ ലക്ഷ്യമാണ്.

- ക്രിസ്തുമതം നല്കുന്ന സമാധാനജീവിതം

കഴിഞ്ഞ അധ്യായത്തിൽ പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞു പന്ത്രണ്ടു മാസം കഴിഞ്ഞു. യജമാനനും പുലയരും തമ്മിലുള്ള ബന്ധം സ്നേഹത്തിന്റേതായി മാറി. കോശി കുര്യന്റെ വീട്ടിൽ വിവാഹമാണ്. മറിയം പാതിരിയച്ചന്റെ ഉപദേശികളിൽ ഒരുവനായിരുന്ന മത്തായിയുടെ ഭാര്യയായി. ആഘോഷങ്ങളിൽ എല്ലാവരും, ഒരിക്കൽ മറിയം ഉപേക്ഷിച്ച ചെറുക്കന്റെ പിതാവായ തൊമ്മൻ തോമ്മയടക്കം പങ്കെടുക്കുന്നുണ്ട്. പെട്ടെന്ന് പൊട്ടക്കണ്ണൻ നമ്പൂതിരി-മുമ്പ് ഗീവർഗീസിന് തന്റെ അമ്മയുടെ മുഖഛായയുണ്ടല്ലോ എന്നുതോന്നിയ ആ നമ്പൂതിരി അവിടെ കടന്നുവരുന്നു. നമ്പൂതിരി തന്റെ കഥ എല്ലാവരോടുമായി പറയുന്നു. തന്റെ ജ്യേഷ്ഠന്റെ മകളാണ് കോശി കുര്യന്റെ ഭാര്യ എന്നാണ് അയാൾ പറയുന്ന കഥയുടെ സാരം. ഭാര്യ മരിച്ചതിന്റെ ദുഃഖത്തിൽനിന്നുള്ള മോചനത്തിന് കാശിയിലേക്ക് മകളെയും കൊണ്ടുപോയ തന്റെ ജ്യേഷ്ഠൻ അവിടെവച്ച് മരിച്ചെന്നും, മകൾ ഒരു കന്യാമഠത്തിൽ ഒരു മിഷനറിയുടെ മേൽനോട്ടത്തിൽ വളർന്നെന്നും അയാൾ പറയുന്നു.

- കോശി കുര്യനും പുലയരും തമ്മിലുള്ള ബന്ധം സ്നേഹത്തിന്റേതായി

വൃദ്ധനായ ആ ബ്രാഹ്മണൻ താൻ സത്യവേദത്തിൽ വിശ്വസിക്കുന്നതായി പറഞ്ഞു. കോശി കുര്യന്റെയും പൗലോസിന്റെയും കൈകൾ കൂട്ടിച്ചേർത്ത് ഇപ്രകാരം പറയുകയും ചെയ്തു. “എന്റെ വൃദ്ധസ്നേഹിതാ ദൈവം തന്നെക്കുറിച്ചുതന്നെ തന്നിരിക്കുന്ന അറിയിപ്പിൽ വിശ്വാസിയായ മറ്റൊരുത്തൻ തേണ്ടെ ഇവൻ ഒരിക്കൽ രണ്ടുവിധത്തിൽ അടിമക്കാരനായിരുന്നു. എന്നാൽ ഇപ്പോഴോ ക്രിസ്തുവിൽ സ്വാത്ര ന്ത്യക്കാരനാകുന്നു. ഞാൻ നിങ്ങൾ ഇരുവരുടെയും കൈകൾ കൂട്ടിപ്പിടിക്കട്ടെ എന്തെന്നാൽ നാമെല്ലാവരും ക്രിസ്ത്യാനി സഹോദരന്മാരാകുന്നു.'' മതപരിവർത്തനത്തിന് ബ്രാഹ്മണ പൗരോഹിത്യം നല്കുന്ന ഇത്തരമൊരു ആശീർവാദത്തോടെയാണ് മിസിസ് കോളിൻസിന്റെ പതിനെട്ട് അധ്യായമുള്ള ഈ നോവൽ അവസാനിപ്പിക്കുന്നത്.

- വൃദ്ധബ്രാഹ്മണൻ സത്യവേദത്തിൽ വിശ്വസിക്കുന്നു

## പാഠ്യഭാഗം

8,9,10 അധ്യായങ്ങളാണ് പാഠ്യഭാഗം. വെള്ളപ്പൊക്കത്തിന്റെ ഒരു കാലമായിരുന്നു അത്. പൗലോസിന്റെ വീട്ടിൽ നിന്ന് രാത്രി തിരികെ പോകുന്ന മറിയത്തെയും അമ്മൂമ്മയെയും കാത്തു നില്ക്കുന്ന കോശി കുര്യൻ മറിയത്തിന്റെ കപടമില്ലാത്ത കണ്ണുകളിൽ നേരെ നോക്കുവാനാകാതെ നില്ക്കുന്നു. നല്ല ശമരിയാക്കാരന്റെ കഥ മറിയം അപ്പനെ ഓർമിപ്പിക്കുന്നു. പൗലോസിന്റെ മുറിവ് കെട്ടിയാണ് തങ്ങൾ വരുന്നതെന്ന് അപ്പനോടു പറയുന്നു. വൃദ്ധനായ പൗലോസ് ഇന്ന് ഒരു നല്ല ക്രിസ്ത്യാനി ആയിത്തീർന്നിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. കോശി കുര്യനും അമ്മയും മകൾ മറിയവും കയറിയ വള്ളം മറിയുകയും മകൾ വെള്ളത്തിൽ ഒഴുകി പോകുകയും ചെയ്യുന്നു. മറിയത്തിന്റെ അമ്മൂമ്മ ഭയങ്കരമായി നിലവിളിക്കുന്നു. മറിയത്തിന് നീന്തലറിയാമായിരുന്നിട്ടു കൂടി പെട്ടെന്നുണ്ടായ വീഴ്ചയും വെള്ളത്തിന്റെ ശക്തിയായ ഒഴുക്കും കാരണം അവൾക്ക് രക്ഷപെടാൻ പറ്റുന്നില്ലായിരുന്നു. വെള്ളത്തിൽ മുങ്ങി താഴ്ന്ന അവൾ താഴേക്ക് ഒഴുകി പോകുകയാണ് ഉണ്ടായത്. കോശി കുര്യന്റെ നിർദ്ദേശപ്രകാരം ഒന്നു രണ്ടു മല്ലൻമാർ സഹായത്തിനെത്തി. മാനസികമായും ശാരീരികമായും വലിയ ശക്തനായ ജന്മി കോശി കുര്യൻ തകർന്നു പോയി. താൻ എത്ര നിർഭാഗ്യവാനായ അപ്പനാണെന്നു സ്വയം കരുതി വിഷമിച്ചു നിൽക്കുന്നു. ആ സമയം ഒരു വല്യ നഗ്നരൂപം ഉറച്ചു നിലവിളിച്ചും കൊണ്ട് കരയിൽ നിന്നും ആറ്റിലോട്ടു ചാടുകയും മുങ്ങുവാൻ തുടങ്ങിയ മറിയത്തെ ഒരു മാത്ര കൊണ്ട് എടുത്തു പൊക്കി പിടിക്കുകയും ചെയ്തു. വെള്ളത്തിൽ നിന്നും പൊങ്ങി വന്ന അയാൾ അഗാധ അർഥമുള്ള ശബ്ദത്തിൽ "നീ എന്റെ കുഞ്ഞിനെ കൊന്നു. ഞാനൊ നിന്റെതിനെ രക്ഷിച്ചിരിക്കുന്നു. നമ്മൾ സമന്മാരായി''. എന്നിങ്ങനെ പറഞ്ഞ് അയാൾ മറഞ്ഞു. മിസിസ് കോളിൻസ് ഇങ്ങനെ എഴുതുന്നു."ഈ വാക്കുകൾ കോശികുര്യന്റെ ഹൃദയത്തിൽ ഇരിമ്പേൽ എന്നപോലെ അല്ല വിലപിടിച്ച ഒരു ലോഹത്തിന്മേൽ വീണ് അതിനെ ഉരുക്കി കീടനെ വേർതിരിക്കുന്ന തീക്കനലുകൾ പോലെ വീണു. ആ ദിവസം മുതൽ കോശികുര്യന്റെ ശീലം ഒന്നു ഭേദപ്പെട്ടു തുടങ്ങി.

- തന്റെ കുഞ്ഞിനെ കൊന്ന കോശി കുര്യന്റെ മകളെ പൗലോസ് രക്ഷപ്പെടുത്തുന്നു

ആ വാക്കുകൾ കോശി കുര്യന്റെ ഹൃദയത്തെ ലോഹത്തിൻമേൽ വീണ തീക്കനൽ പോലെ ഉരുക്കിക്കൊണ്ടിരുന്നു. അപ്പനായ കോശി കുര്യൻ വെളുത്തതുണി വെള്ളത്തിനുമീതേ കണ്ടു ശ്വാസം നേരെ വീഴുകയും ചെയ്തു. "എന്റെ കുഞ്ഞു രക്ഷപ്പെട്ടു, ദൈവത്തിനു സ്തുതി'' എന്നു പറഞ്ഞു. വളരെ പെട്ടെന്ന് വെള്ളത്തിലേക്ക് എടുത്തു ചാടി തന്റെ മകളെ രക്ഷിച്ചതാരാണെന്ന് അയാൾ തിരയുന്നു. അതിനിടയിൽ ബോധംകെട്ടുപോയ തന്റെ മകളെ അപ്പൻ മറ്റുള്ളവരിൽ നിന്നും വാങ്ങുന്നു. അവൾക്ക് ശ്വാസമുണ്ടായിരുന്നു. മകൾ നഷ്ടപ്പെട്ടു പോയി എന്ന വലിയ വേദനയോടെയിരുന്ന അപ്പൻ അവളെ തന്റെ നെഞ്ചോട് അണച്ചു പിടിക്കുന്നു. മകളെന്നെ ആ സ്വത്തിനെപ്പറ്റി ആലോചിച്ചപ്പോൾ, മകളുമായി താരതമ്യം ചെയ്യുമ്പോൾ തന്റെ ലൗകിക സമ്പത്തൊക്കെ തുലോം നിസ്സാരമെന്നു കോശി കുര്യനു തോന്നി. എന്നാൽ തന്റെ മകളെ രക്ഷിച്ച ആ കറുത്ത സ്വരൂപത്തെ അയാൾ എല്ലായിടവും തിരയുന്നു. പക്ഷേ എങ്ങും കാണ്മാനില്ലായിരുന്നു. ഈ അനുഭവം

> ▶ ദുഷ്ടനായ കോശി കുര്യന്റെ മാനസാന്തരം

ദുഷ്ടനായ കോശി കുര്യന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വരുത്തി തുടങ്ങി. ലോഹത്തെ ശുദ്ധി വരുത്തും പോലെ ദൈവം മനുഷ്യനെ അനുഭവങ്ങൾ കൊണ്ട് ഒട്ടും ധൃതി കൂടാതെ സാവകാശം ശുദ്ധിവരുത്തുന്നു. അത്തരം ഒരു മാനസാന്തരമാണ് എട്ടാമധ്യായത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ഒൻപതാം അധ്യായം-ആറ്റിൽ വച്ചുണ്ടായ സംഭവം കഴിഞ്ഞ് കുറേ ദിവസങ്ങൾക്കു ശേഷം ആറ്റിൽ വെള്ളം താണു തുടങ്ങി. ഇതു പോലെ വെള്ളം പൊങ്ങുമെന്ന ഭയമുണ്ടായിരുന്ന ഒരു ഞായറാഴ്ചയായിരുന്നു യജമാനനായ കോശി കുര്യനും പൗലോസുമായി ഭയങ്കരമായ വഴക്കുണ്ടായത്. ഇന്ന് ആറ് സാവധാനഗതിയിലായി. എന്നാൽ കോശി കുര്യന്റെ മുഖത്ത് സദാ ഒരു ദുഃഖം നിഴലിച്ചു. പ്രവൃത്തികളിലൊക്കെയും ആധിയോടുകൂടിയ ഒരു മൗനവുമുണ്ടായിരുന്നു. വയലിലും വീട്ടിലും കുഞ്ഞുങ്ങളോടൊപ്പമുള്ള നിമിഷങ്ങളിലും ഒന്നും അയാൾക്ക് സന്തോഷിക്കാൻ കഴിഞ്ഞില്ല. കൃഷിക്കാര്യങ്ങളെല്ലാം മുറയ്ക്കു നടന്നു. ശാബത് കഴിഞ്ഞ ഉടനെ കൊയ്ത്തു തുടങ്ങി. വെള്ളത്തിൽ വീണ സംഭവശേഷം കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ മറിയത്തിന് അതിൻപ്രതി ഉണ്ടായ ദീനങ്ങൾ എല്ലാം സുഖമായി. അവൾ വീട്ടിൽ അമ്മയെ സഹായിക്കാനും മറ്റും തുടങ്ങി. പഠനത്തിലും അവൾ മിടുക്കിയായിരുന്നു. ഉച്ചയ്ക്കുശേഷം അവൾ പഠിക്കുകയും തന്റെ കുഞ്ഞനുജത്തിമാരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അതിനിടയിൽ അവൾ തന്റെ അപ്പനെ കണക്കെഴുത്തിൽ സഹായിക്കുകയും പതിവായിരുന്നു.

> ▶ മറിയം ഉന്മേഷവതിയായി അപ്പനെ സഹായിക്കുന്നു

കോശി കുര്യന്റെ വീടിന്റെ വൃത്തിയെപറ്റിയും വീട്ടിലെ പൂന്തോട്ടവും കൃഷിയും അടുക്കും ചിട്ടയും പരിസ്ഥിതി സംരക്ഷണവും വിശദീകരിക്കുന്നതിലൂടെ ക്രിസ്ത്യാനികളായിട്ടുള്ളവരുടെ നല്ല ശീലങ്ങളായി മിസിന് കോളിൻസ് ഇവയെല്ലാം അടയാളപ്പെടുത്തുന്നു. നാലുകെട്ടു പോലെ വിസ്താരമേറിയ മേൽപ്പുരയും ഉയർന്ന കൽത്തൂണുകളും വലിയ വരാന്ത (തിണ്ണ)യും ഉള്ള വീടുമുഴുവൻ വൃത്തിയും അടുക്കും ചിട്ടയുള്ളതുമായിരുന്നു. സ്ത്രീകൾക്ക് നല്ല സ്ഥാനവും സ്നേഹവും നൽകിയ കോശി കുര്യൻ അമ്മയെയും ഭാര്യയെയും കുട്ടികളെയും ഒന്നിച്ചിരുത്തിയായിരുന്നു ഭക്ഷണം കഴിപ്പിച്ചിരുന്നത്. അന്നത്തെ കേരളത്തിലെ കുടുംബങ്ങളിൽ ഇത് പതിവില്ലായിരുന്നു. കിടക്കാനും പഠിക്കാനുമൊക്കെ പ്രത്യേകം മുറികൾ ഉണ്ടായിരുന്നു. അങ്ങനെ സന്തോഷകരമായ നിമിഷങ്ങൾക്കിടയിൽ മറിയം പഠിച്ചിരുന്ന പള്ളിക്കൂടത്തിലെ പട്ടക്കാരൻ (അച്ചൻ) വീട്ടിലേക്കെത്തുന്നു. അദ്ദേഹത്തിന്റെ ഉപദേശത്തിലും ആത്മീയകാര്യങ്ങളിലും ചട്ടത്തിലുമായിരുന്നു മറിയം ജീവിതം നയിച്ചിരുന്നത്. അദ്ദേഹം സ്വന്തം വീട്ടിലെത്തിയതു കണ്ട് മറിയം സന്തോഷിക്കുന്നു. അമ്മയും അമ്മൂമ്മയും എത്തി അവരെ സ്വീകരിക്കുന്നു. അച്ചൻ വീട്ടിൽ വന്നു കൂടായെന്ന് രണ്ടു വർഷം മുൻപ് കോശി കുര്യൻ വിലക്കിയിരുന്നു. എന്നാൽ ഈ സംഭവങ്ങൾക്ക് ശേഷം അയാളിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. സുറിയാനി മാർഗത്തിലേക്ക് പോയവനെങ്കിലും മറിയത്തിന്റെ സുഹൃത്തുക്കളായ പ്രൊട്ടസ്റ്റന്റ് അച്ചന്മാരെയും വീട്ടിൽ സ്വകരിക്കാൻ അയാൾ തയ്യാറായി. അവരെ കൈപിടിച്ച് വീട്ടിലേക്ക് കയറ്റി. പഴയ കാര്യങ്ങൾ മറന്നുപോയതു പോലെ പ്രവർത്തിച്ചു. അച്ചനുമൊത്ത് ഒന്നിച്ച് പള്ളിക്കൂടത്തിൽ പഠിച്ച ആളായിരുന്നു കോശി കുര്യൻ പക്ഷേ കഴിഞ്ഞ

> ▶ ക്രിസ്ത്യൻ കുടും ബങ്ങളിലെ നല്ല ശീലങ്ങൾ

കാലങ്ങളിലെല്ലാം അച്ചന്റെ പ്രവർത്തനങ്ങളെ പാടേ നിഷേധിച്ചിരുന്ന കോശി കുര്യൻ അവരോടൊന്നിച്ച്, കുടുംബത്തെയും ഒപ്പം ചേർത്ത് വേദപുസ്തകം വായിക്കാൻ സമ്മതിക്കുകയും ചെയ്തു. അയാളുടെ മാറ്റത്തിൽ മറിയവും സന്തോഷിച്ചു. സന്തോഷത്താൽ അമ്മയും ഒപ്പം കരഞ്ഞു. മാറ്റത്തിന്റെ കാരണമെന്തെന്ന് അപ്പനോടു ചോദിക്കണമെന്ന് അവൾ നിശ്ചയിക്കുന്നു.

പത്താം അധ്യായത്തിൽ മറിയത്തെ കാണാൻ വന്ന പ്രൊട്ടസ്റ്റന്റ് അച്ചൻ ഭക്ഷണം കഴിഞ്ഞ് സംഭാഷണമദ്ധ്യേ മറിയം ഒഴുക്കിൽപ്പെട്ട അന്ന് അവരുടെ തോണിയിൽ ഒഴുക്കിൽ വന്നിടിച്ച വള്ളത്തിൽ താനും തന്റെ സുഹൃത്തുക്കൾ രണ്ടു പേരുമാണുണ്ടായിരുന്നതെന്നു വെളിപ്പെടുത്തുന്നു. തങ്ങളോടൊപ്പം അവളെ രക്ഷിച്ചത് പൗലോസാണെന്നും, അതിനു ശേഷം അയാളെ ആരും കണ്ടിട്ടില്ലെന്നും പറയുന്നു. ഈ വാർത്ത കോശി കുര്യന്റെ മാനസാന്തരത്തിന് ആക്കംകൂട്ടുന്നു. മറിയം അപ്പോഴാണ് തന്നെ രക്ഷിച്ചത് പൗലോസാണെന്നറിയുന്നത്. പൗലോസിന് അസുഖമാണെന്നറിഞ്ഞ് പൗലോസിന്റെ മുറിവ് കെട്ടി മരുന്നും കൊടുത്തു അയാൾ ദീനം കടുപ്പമായി തറയിൽ കിടക്കുന്നതു കണ്ടിട്ടാണ് തങ്ങൾ പോന്നിരുന്നതെന്നും അയാൾ വന്നത് അതിശയമെന്നും മറിയം പറയുന്നു. അച്ചന്റെ ഉറക്കെയുള്ള നിലവിളി പൗലോസ് കേട്ടതാകാമെന്ന് അച്ചൻ പറയുന്നു. അച്ചൻ കോശി കുര്യനോടു സംഭവശേഷം പൗലോസിനെ കാണാൻ പോകാഞ്ഞത് വളരെ വ്യസനകരം തന്നെ എന്ന് കുറ്റപ്പെടുത്തുന്നു. അയാൾ ഉത്തരം പറയാതെ പശ്ചാത്താപവിവശനായി നിൽക്കുന്നു.

> ▶ പ്രൊട്ടസ്റ്റന്റ് അച്ചന്റെ വാക്കുകളിലൂടെ പൗലോസിന്റെ മഹത്വം തിരിച്ചറിയുന്നു

പ്രൊട്ടസ്റ്റന്റ് അച്ചന്റെ വാക്കുകളിൽ നിന്നും അതിനു ശേഷം പൗലോസിനെ ആരും കണ്ടിട്ടില്ലെന്നും പറയുന്നു. വൃദ്ധനായ അയാളെ ക്രൂരത കൊണ്ടും കുഞ്ഞിനെ നഷ്ടപ്പെട്ടതിലുള്ള ദുഃഖം കൊണ്ടും ക്ഷീണിതനായി വെള്ളത്തിന്റെ ഒഴുക്കു ശക്തികൊണ്ട് ഒഴുകി പോയതാകാമെന്നവർ കരുതുന്നു. ഈ വാർത്ത കോശി കുര്യന്റെ മാനസാന്തരത്തിന് ആക്കംകൂട്ടുന്നു. പൗലോസിന്റെ അവസാന വാക്കുകൾ കോശി കുര്യൻ പോകുന്നിടത്തൊക്കെയും കൂടെയുണ്ടായിരുന്നു. അഗാധമായി ഒഴുകുന്ന ആറ്റിലെ വെള്ളത്തിൻ മീതെ അവ വലിയ അക്ഷരത്തിൽ എഴുതിക്കിടക്കുന്നു എന്നപോലെ അയാൾ കണ്ടു. അയാൾ അവയെ കണ്ടത്തിന്റെ വരമ്പിൽ കാണുകയും ചക്രത്തിന്റെ ഇരക്കുന്ന ശബ്ദത്തിൽ കേൾക്കയും ചെയ്തു. കാറ്റും അതിന്റെ ചിറകുകളിൽ ആ വചനങ്ങൾ കൊണ്ടുനടക്കയും ഉറക്കംകൂടാതെ തന്റെ കിട്ടിലിൽ കിടക്കുമ്പോൾ കതകിന്റെ വിടവുകളിൽ കൂടെ കേറിവരികയും ചെയ്തു എന്ന് തോന്നി. രണ്ട് കൊലപാതകത്തിന്റെ ഭയങ്കരമായ കുറ്റം ഒരു ഊരിയവാൾ പോലെ അയാളുടെ മേൽ തൂങ്ങിക്കിടന്നു. വളരെ അഹങ്കാരിയായിരുന്ന ഒരു മനുഷ്യന്റെ നിസ്സഹായതയും മനസിന്റെ വിവശതയും മനസിലാക്കിയ അച്ചൻ അലിവുള്ള വാക്കുകളാൽ കോശി കുര്യനെ ആശ്വസിപ്പിക്കുന്നു. ഇതെല്ലാം മനസിലാക്കിയ മറിയം തെറ്റുകളെല്ലാം ചെയ്തത് തന്റെ അപ്പനല്ല താൻ തന്നെയാണ് എന്നും, കുറ്റവാളി താൻ തന്നെയെന്ന ഭാവത്തിലും നിലകൊള്ളുന്നു. അച്ചനും കൂട്ടുകാരും യാത്ര പറഞ്ഞു പോകിന്നിടത്ത് പത്താം അധ്യായം അവസാനിക്കുന്നു.

> ▶ പൗലോസിന്റെ വാക്കുകൾ കോശി കുര്യനെ വേദനിപ്പിക്കുന്നു

## Summarised Overview

'കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി' എന്ന് പൊയ്കയിൽ അപ്പച്ചൻ എഴുതുമ്പോൾ അരികുവത്ക്കരിക്കപ്പെട്ട മുഴുവൻ ജനതയുടെയും ശബ്ദമായി കവിത മാറുകയാണ്. ലളിതമായ ഭാഷയും താളാത്മകതയും കവിതയുടെ പ്രധാനപ്പെട്ട സവിശേഷതകളാണ്. ഗാനാത്മക ശൈലിയാണ് രചനാതന്ത്രമായി കവി പിന്തുടരുന്നത്. സാധാരണ ജനങ്ങളോടു സംവദിക്കുന്ന ഭാഷാശൈലിയും വിഷയഗൗരവം ചോർന്നു പോകതെയുള്ള അവതരണവും കവിതയെ ഹൃദ്യവും ഗഹനവുമാക്കുന്നു. വിപ്ലവാത്മകതയും ധ്വന്യാത്മകതയും ഈ കവിതയുടെ പ്രധാനപ്പെട്ട സവിശേഷതകളാണ്. "കേരളത്തിൽ പണ്ടുപണ്ട് പാർത്തിരുന്നൊരു ജനം' എന്ന് എഴുതുന്നതോടെ കവിതയ്ക്ക് അതിന്റെ പ്രാദേശികതലം കൈവരിക്കുകയാണ്. ചരിത്രത്തിലേയ്ക്കുള്ള ആഴമുള്ള നോട്ടമാണ് കവിതയുടെ സവിശേഷ ഇതിവൃത്തം. കുറഞ്ഞ വരികളിൽ ആശയതീവ്രതയോടെ ആലേഖനംചെയ്ത വരികൾ കവിയുടെ സൂക്ഷ്മനിരീക്ഷണങ്ങളുടെയും കവി ആർജിച്ചെടുത്ത ജീവിതചിന്തയുടെയും ഭാഗമാണ്. വർത്തമാനകാല ഇന്ത്യൻ പരിസരത്തിൽ പൊയ്കയിൽ അപ്പച്ചനും അദ്ദേഹം രചിച്ച വരികൾക്കും പ്രസക്തി ഏറുകയാണ്. സാംസ്കാരിക മൂലധനമില്ലാത്ത ജനതയുടെ ചരിത്രത്തിലേയ്ക്ക് കവിത സമൂഹത്തെ കൊണ്ടുപോകുന്നു. അതിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരബന്ധങ്ങളെ തുറന്നുകാട്ടുന്നു.

പൊയ്കയിൽ അപ്പച്ചനെപ്പോലെ അത്രയധികം മാനസിക സംഘർഷം അനുഭവിച്ച മറ്റൊരു നവോത്ഥാന നായകനും കേരള ചരിത്രത്തിലില്ല എന്നു തന്നെ പറയാം. കെട്ടു നാറിയ ജാതി വ്യവസ്ഥയിൽ നിന്നും രക്ഷ തേടി ഓരോരോ ഇടങ്ങളെ അഭയം പ്രാപിക്കുകയും അവിടെ നിന്നൊക്കെ നിരാശനായി മടങ്ങേണ്ടി വരികയും ചെയ്ത അദ്ദേഹത്തിന് ജീവിതം, മനുഷ്യനെ മനുഷ്യനായി മാത്രം കാണുന്ന ഒരാശയത്തെത്തേടിയുള്ള പലായനമായിരുന്നു. പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ പ്രോദ്ഘാടകനായ അദ്ദേഹം സഭയുടെ ജ്ഞാനവിഷയങ്ങളിൽ പ്രധാനപ്പെട്ട വംശത്തെ കണ്ടെടുക്കാനാണ് ശ്രമിച്ചത്. അടയാളപ്പെടുത്താതെ പോയ തങ്ങളുടെ ചരിത്രത്തിലേക്കു നോക്കി അദ്ദേഹം നിരവധി ചോദ്യങ്ങൾ ഉന്നയിക്കുന്നു. ചരിത്രത്തിൽ ഇടമില്ലാത്ത ഒരു ജനതയുടെ കൂട്ടത്തിൽ വന്നു ജനിച്ച പൊയ്കയിൽ അപ്പച്ചൻ തന്റെ വേദന രേഖപ്പെടുത്തുന്നു. ആ മുഴുവൻ ജനതയുടെയും ശബ്ദമായി അദ്ദേഹം മാറുന്നു. എന്റെ വംശത്തിന്റെ കഥ എഴുതി വെച്ചീടാൻ പണ്ടീ ഉർവിയിലാരുമില്ലാതെ പോയല്ലോ-എന്ന വിലാപം അദ്ദേഹം അനുഭവിച്ച വേദനയുടെ ആഴം വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിൽ അരികുവൽക്കരിക്കപ്പെട്ട ജനതയുടെ ചരിത്രത്തെ അന്വേഷിക്കുന്ന കവിതയാണ് കാണുന്നില്ലോരക്ഷരവും. ആരും രേഖപ്പെടുത്താത്ത ചരിത്രം ആലേഖനം ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

സമൂഹം, സാഹിത്യം, ചരിത്രം എന്നീ വ്യവഹാരങ്ങൾക്കുള്ളിൽ പ്രവർത്തിച്ചിരുന്ന അധികാര ചരിത്രത്തെ കവിത പ്രശ്നവത്കരിക്കുന്നു. എഴുത്തും അറിവും അധികാരവും ഇല്ലാതെ പാർശ്വവത്കരിക്കപ്പെട്ട ജനതയുടെ ജീവിതം. ചരിത്രത്തിലേക്കുള്ള ഒരു നോട്ടത്തെ കവിത പകർന്നു നൽകുന്നു. അധികാരത്തിന്റെ അടിത്തട്ടിൽ പോലും ഇടമില്ലാതിരുന്ന ജനതയുടെ പ്രതിനിധിയായ അദ്ദേഹം സ്വന്തരാഗത്തിൽ ചിലതെല്ലാം ചേർത്തിടട്ടേ എന്നു ചോദിക്കുന്നു. ആ ചരിത്രം നിർമിക്കൽ അടിമത്വത്തിൽ നിന്നുള്ള മോചനവും അഭിമാനത്തെ വീണ്ടെടുക്കലും അധികാരമുറപ്പിക്കലും കൂടിയാണ്. ജാതിയും മതവും അഭിമാനമായി കാണുന്നവരുടെ ഇടയിൽ അപമാനമായി കരുതുന്നവരുമടങ്ങുന്നതാണ് യഥാർഥചരിത്രം. ഭൂമിയിലെ ശപിക്കപ്പെട്ട സന്തതികളെന്ന് എല്ലാവരും തന്റെ വംശത്തെ നിത്യം കുറ്റപ്പെടുത്തുന്നു. സർവരേയും സൃഷ്ടിച്ച ദൈവം ലോകാവസാനം വരെ തങ്ങളെ പഴിച്ചീടുവാൻ സർവരേയും അനുവദിച്ചതെങ്ങനെ എന്ന ചോദ്യം കവി ഉയർത്തുന്നു. സൃഷ്ടികർത്താവായ ദൈവത്തിന് എങ്ങനെയാണ് മനുഷ്യരെ വേർതിരിച്ചു നിർത്താൻ കഴിയുകയെന്ന് കവി ചോദിക്കുന്നിടത്ത് കവിത അവസാനിക്കുന്നു. അസമത്വങ്ങളെ സൃഷ്ടിച്ചും സംരക്ഷിച്ചും പോന്ന സമൂഹത്തിലെ സവർണ ബോ

ധ്യങ്ങൾക്കെതിരെയുള്ള ഒരു കലാപമായിരുന്നു പൊയ്കയിൽ കുമാരഗുരുവിന്റെ ജീവിതവും അദ്ദേഹത്തിന്റെ രചനകളും.

### ഘാതകവധം

Slayer Slain എന്ന നോവൽ മിസിസ് ഫ്രാൻസെസ് റൈറ്റ് കോളിൻസ്, റവ. റിച്ചാർഡ് കോളിൻസ് എന്നിവരുടെ രചനയിൽ ജൂലൈ 1864 മുതൽ ഏപ്രിൽ 1866 കാലയളവിൽ സി.എം.എസ്. കോളേജിൽ നിന്നുള്ള വിദ്യാസംഗ്രഹം എന്ന ത്രൈമാസികാ ആനുകാലികത്തിലാണ് തുടർകൃതിയായി പ്രസിദ്ധീകരിച്ചത്. ഇത് ഒരു ഇംഗ്ലീഷ് നോവലാണ്. ഈ കൃതിയുടെ മലയാള വിവർത്തനമാണ് ഘാതകവധം എന്നറിയപ്പെടുന്നത്. പുലയനായ പൗലോസിന്റെയും സുറിയാനിക്കാരനായ കോശി കുര്യന്റെയും ജീവിതാഖ്യാനത്തിലൂടെ തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ജാതിഭേദം, സുറിയാനിക്കാരുടെ അഹന്ത, പുലയരോടുള്ള അവരുടെ ക്രൂരമായ പെരുമാറ്റം എന്നിവ സാധാരണമാണെന്നും പ്രൊട്ടസ്റ്റന്റ് സഭ പുലയനും ബ്രാഹ്മണനും സുറിയാനിക്കാരനും ഒരുപോലെ സ്വീകാര്യമാണെന്നും കാണിക്കുന്ന 'ഘാതകവധം' തിരുവിതാംകൂറുകാർക്കു മനസിലാകുന്ന ഭാഷയിൽ പ്രസിദ്ധീകരിച്ചത് സോദ്ദേശ്യമാണ്. പുലയനെ ഒരു പ്രധാന കാഥാപാത്രമാക്കിയിരിക്കുന്ന ഈ നോവൽ മലയാളത്തിലെന്നല്ല ഇന്ത്യയിൽ ത്തന്നെ അക്കാലത്ത് ഒരു പുതുമയായിരുന്നു. അവഗണിക്കപ്പെട്ടു പോകുന്ന മനുഷ്യാവസ്ഥയെ കേന്ദ്രതലത്തിലേക്ക് കൊണ്ടുവന്നു കൊണ്ട് ഒരു സാമൂഹികാവസ്ഥയെ ചോദ്യം ചെയ്യുകയായിരുന്നു ഈ നോവൽ. മാറ്റങ്ങൾ അനിവാര്യമാണെന്ന സന്ദേശമാണ് ഈ നോവൽ വായനയിൽ നിന്നും ലഭിക്കുന്നത്. ഡോ: ജോർജ്ജ് ഇരുമ്പയത്തെപോലുള്ള നിരൂപകരുടെ അഭിപ്രായത്തിൽ അമേരിക്കയിലെ അടിമത്തത്തിനെതിരെ, കൊടുങ്കാറ്റായി മാറിയ 'അങ്കിൾ ടോംസ് കാബി'ന്റെ പിൻതുടർച്ചാവകാശമുള്ള നോവലാണ് ഘാതകവധം. അടിസ്ഥാന വർഗത്തിൽപ്പെട്ടവരുടെ മതപരിവർത്തനത്തെ ലക്ഷ്യമാക്കിയ നോവൽ അടുത്തകാലംവരെ ശ്രദ്ധിക്കപ്പെടാതെ പോയതു വിധിവൈപരീത്യമാണ്.

ഒരു കാലഘട്ടത്തിന്റെ ചരിത്രരേഖയാണ് ഈ നോവൽ. ജാതി, മതം, സംസ്കാരം, ആചാരങ്ങൾ, അനാചാരങ്ങൾ, യാഥാസ്ഥിതിക-പുരോഗമന മനോഭാവങ്ങൾ എന്നിങ്ങനെ വിവിധ വിഷയങ്ങൾ ഈ നോവൽ കൈകാര്യം ചെയ്യുന്നു. ക്രിസ്ത്യാനികളുടെ സാമൂഹിക ജീവിത പ്രശ്നങ്ങൾക്കാണ് നോവൽ മുൻതൂക്കം കൊടുത്തത്. പ്രൊട്ടസ്റ്റന്റ്-സിറിയൻ സംഘർഷത്തിന്റെ പശ്ചാത്തലമുള്ള ഈ നോവൽ ഒരു മനഃപരിവർത്തനത്തിന്റെ കഥയാണ് പറയുന്നത്. ബൈബിളി'ൽ നിന്നോ പഴയ കൃതികളിൽ നിന്നോ ഒരു കഥ സ്വീകരിച്ച് പുനരാഖ്യാനം ചെയ്യാതെ, ചുറ്റും കണ്ട മനുഷ്യരുടെ ജീവിതകഥ ഭാവനാത്മകമായി പുനഃസൃഷ്ടിച്ച മിസ്സിസ് കോളിൻസ് നോവലിന്റെ മർമം കണ്ട എഴുത്തുകാരിയാണ്. കഥയുടെ കാര്യത്തിലെന്നപോലെ കഥാപാത്രങ്ങളുടെ കാര്യങ്ങളിലും പാരമ്പര്യങ്ങളിൽ നിന്നും അവർ മാറി സഞ്ചരിച്ചു. കഥാപാത്രങ്ങളുടെ പേരുകളിൽപോലും അവർ മാറ്റം വരുത്തി. പൗരാണികനാമങ്ങൾ സ്വീകരിക്കാതെ, ദേശവാസികൾ ഉപയോഗിക്കുന്ന പൗലോസ്, മറിയം, കോശി കുര്യൻ തുടങ്ങിയ പേരുകൾ കഥാപാത്രങ്ങൾക്ക് നല്കാൻ ഗ്രന്ഥകാരി ശ്രദ്ധവെയ്ക്കുകയുണ്ടായി. മതപരിവർത്തനത്തെ സഹായിക്കുന്ന ഒരു സാഹിത്യരചന എന്ന അംഗീകാരം ആദ്യകാലത്ത് 'ഘാതകവധത്തിനു ലഭിച്ചിരുന്നു. നോവലിന്റെ പഠനത്തിൽ നിന്നും എഴുത്തുകാരിയുടെ ലക്ഷ്യം എന്താണെന്ന് വളരെ വ്യക്തമായി മനസിലാക്കാൻ കഴിയും. അക്കാലത്തെ ദുരിതപൂർണമായ ജീവിതത്തിൽ നിന്നും ഒരു മാറ്റം ആഗ്രഹിക്കുന്നവർ മതംമാറ്റത്തെക്കുറിച്ച് വളരെ ഗൗരവത്തോട് കൂടിത്തന്നെ ആലോചിക്കുന്നുണ്ടായിരുന്നു. ഇവരുടെ ആലോചനകൾക്ക് വെളിച്ചവും ശക്തിയും പകരാൻ ഈ രചനകൾക്ക് സാധിച്ചു. ഇത്തരത്തിലുള്ള ലക്ഷ്യം മുന്നിട്ടുനില്ക്കയാൽ ചില വൈകല്യങ്ങൾ നോവലിൽ കടന്നു കൂടിയിട്ടുമുണ്ടെന്ന് നിരൂപകർക്ക് അഭിപ്രായമുണ്ട്. പക്ഷെ, എന്തൊക്കെ ബലഹീനതകൾ ഉണ്ടെങ്കിലും യാഥാസ്ഥിതികമായ ഒരു സമൂഹത്തിൽ

പുരോഗനാത്മകമായ നിലപാടുകൾ എടുത്തുകൊണ്ട് മുന്നോട്ട് പോകാൻ ഒരെഴുത്തുകാരിക്ക് കഴിഞ്ഞു എന്നുള്ളത് ഒരു വലിയ പ്രത്യേകതയാണ്. ഈ പ്രത്യേകത അക്കാലത്തെ ഏറ്റവും വലിയ ഒരു സവിശേഷതയാണ്. കഥ, കഥാപാത്രങ്ങൾ, സംഭവങ്ങൾ, പശ്ചാത്തലം, ഭാഷ എന്നിവയുടെ യാഥാർഥ്യനിഷ്ഠതയും, യുക്തിഭദ്രതയും പ്രമേയത്തിന്റെ വൈപുല്യവും കൊണ്ട് ലക്ഷണമൊത്ത ഒരു നോവലാകാൻ 'ഘാതകവധ'ത്തിനു കഴിഞ്ഞു. ചരിത്രത്തിൽ വിലപ്പെട്ട സ്ഥാനങ്ങൾ ഘാതകവധത്തിന് വഹിക്കാൻ കഴിഞ്ഞില്ലെങ്കിലും അനുവാചകന്റെ മനസിൽ ഉന്നതമായ ഒരു രചന എന്ന സന്ദേശം നൽകാൻ ഘാതകവധത്തിന് കഴിഞ്ഞിട്ടുണ്ട്.

## Assignments

1. പൊയ്കയിൽ അപ്പച്ചന്റെ കാവ്യജീവിതം പരിചയപ്പെടുത്തുക
2. ജാതിവിവേചനത്തിനെതിരായി പൊയ്കയിൽ അപ്പച്ചൻ നടത്തിയ പ്രക്ഷോഭങ്ങൾ വിവരിക്കുക
3. ദലിത് സാഹിത്യവും മലയാള കവിതയും-ഉപന്യാസം തയ്യാറാക്കുക
4. നവോത്ഥാന മൂല്യങ്ങളുടെ സമകാലിക പ്രസക്തി-ഉപന്യസിക്കുക
5. ജാതിയും അധികാരവും മലയാളസാഹിത്യത്തിൽ-'കാണുന്നില്ലോരക്ഷരവും' എന്ന കാവ്യഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക
6. നവോത്ഥാനനായകരും ജാതിവ്യവസ്ഥയ്ക്കെതിരായ പോരാട്ടങ്ങളും ഉപന്യസിക്കുക
7. 'മലയാളത്തിലെ ആദ്യ നോവലെന്ന വിശേഷണം ഘാതകവധത്തിന് യോജിക്കുന്നുവോ'-അപഗ്രഥിക്കുക
8. ആദ്യകാല ദലിത് നോവലുകളുടെ സ്വഭാവം ഘാതകവധം മുൻനിർത്തി വിലയിരുത്തുക

## Suggested Readings


1. കെ.കെ. കൊച്ച്, കേരള ചരിത്രവും സമൂഹരൂപീകരണവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ.കെ.എസ് ദാസ്, ദലിത് പ്രത്യയശാസ്ത്രം: ചരിത്രം സാഹിത്യം സൗന്ദര്യശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. എ. ശ്രീധരമേനോൻ, ഇന്ത്യാ ചരിത്രം, ഡി.സി.ബുക്സ്, കോട്ടയം
4. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം
5. ഡോ.മാത്യു ഏർത്തയിൽ, മലബാറിലെ ദലിത് പ്രസ്ഥാനങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ
6. വിനിൽ പോൾ, ദലിത് ചരിത്രദംശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്
7. ഡോ. ജോർജ് ഇരുമ്പയം, മലയാള നോവൽ : 19-ാംനൂറ്റാണ്ടിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

# References

1. ആർ. രാധാകൃഷ്ണൻ, കേരളത്തിലെ നവോത്ഥാന സമരങ്ങൾ, മാളുബൻ ബുക്സ്, തിരുവനന്തപുരം.
2. ടി.എച്ച്.പി. ചെന്താരശ്ശേരി, പൊയ്കയിൽ അപ്പച്ചൻ, മൈത്രി ബുക്സ്, തിരുവനന്തപുരം.
3. കെ.എം. സലിംകുമാർ, നെഗ്രിറ്റ്യൂഡ്, ഡി.സി. ബുക്സ്, കോട്ടയം
4. വേലായുധൻ പണിക്കശ്ശേരി, അയ്യൻകാളി മുതൽ വി.ടി. വരെ, കറന്റ് ബുക്സ്, തൃശ്ശൂർ
5. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യശാസ്ത്രം, ഡി സി ബുക്സ്. കോട്ടയം
6. കെ.കെ.ബാബുരാജ്, ഇരുട്ടിലെ കണ്ണാടി, ഡി സി. ബുക്സ്, കോട്ടയം
7. വി.സി. ഹാരിസ്, പി.എസ്. രാധാകൃഷ്ണൻ (എഡി.) സംസ്കാരപഠനം: പുതിയ സങ്കല്പനങ്ങൾ, എസ്.പി.സി.എസ്, കോട്ടയം
8. ഡോ.ജോർജ് ഇരുമ്പയം, ആദ്യകാല മലയാള നോവൽ, എസ്.പി.സി.എസ്, കോട്ടയം

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# അധഃസ്ഥിത വർഗം

## BLOCK-02

SGOU

# Unit 1

## അധ:സ്ഥിത വർഗം

## Learning Outcomes

- ദലിത് എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും മനസിലാക്കുന്നു
- ദലിത് വിമോചന പ്രസ്ഥാനങ്ങളെക്കുറിച്ച് അറിവ് നേടുന്നു
- തകഴി ശിവശങ്കരപിള്ളയുടെ സാഹിത്യലോകത്തെ പരിചയപ്പെടുന്നു
- തോട്ടിയുടെ മകൻ എന്ന നോവലിന്റെ സവിശേഷതകൾ കണ്ടെത്തുന്നു
- ടി. കെ. സി. വടുതലയുടെ സാഹിത്യലോകത്തെക്കുറിച്ചറിയുന്നു
- ടി. കെ. സി. വടുതലയുടെ 'ചങ്ങലകൾ നുറുങ്ങുന്നു' എന്ന നോവലിനെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നു

## Background

സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും സാമൂഹ്യബന്ധങ്ങളുടെയും അംഗീകൃത മാതൃകകളെ വിമർശനാത്മകമായി പരിശോധിച്ചുകൊണ്ടാണ് ദലിത് സാഹിത്യം അതിന്റെ സ്ഥാനം അടയാളപ്പെടുത്തുന്നത്. ദലിത് ജനതയുടെ വിമോചന സമരത്തിന്റെ ഉല്പന്നങ്ങളാണ് ദലിത് വിമോചന പ്രസ്ഥാനങ്ങളും അതിന്റെ പ്രതിഫലനമായ സാഹിത്യമുൾപ്പെടെയുള്ള വിവിധ വസ്തുതകളും. നീതി, തുല്യത, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ സങ്കല്പങ്ങളിൽ അടിയുറച്ച ഒരു സാമൂഹികക്രമം ഉയർന്നുവരിക എന്നതായിരുന്നു ഇത്തരം പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് പിന്തള്ളപ്പെട്ട ഒരു വിഭാഗമാണ് ദലിത് വിഭാഗം. നമ്മുടെ നാട്ടിലെ നിലവിലുള്ള ജാതീയതയും, ജന്മിത്തവും (മുതലാളിത്തം) ഇത്തരം പാർശവൽകരണത്തിന്റെ ശക്തി വർധിപ്പിക്കുകയാണുണ്ടായത്. സ്വാതന്ത്ര്യത്തിന് മുൻപും പിൻപും ധാരാളം നിയമപരിഷ്ക്കാരങ്ങൾ ദലിതോദ്ധാരണത്തിനുവേണ്ടി നടപ്പിലാക്കിയെങ്കിലും അതൊന്നും പൂർണമായ അർഥത്തിൽ പ്രയോഗത്തിൽ വന്നില്ല എന്നതാണ് യാഥാർഥ്യം. മുഖ്യധാരയിലേക്കുള്ള ദലിതന്റെ പ്രയാണം സാധ്യമാകുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെയും സാഹിത്യത്തിന്റെയുമെല്ലാം പഠനം സമകാലികസംസ്കാരത്തിലെ ഒരു അനിവാര്യഘടകമായി മാറിയിരിക്കുന്നു.

ദലിത് എന്ന പദം ഇന്ന് ഏറെ പ്രചാരം നേടിക്കഴിഞ്ഞിരിക്കുന്നു. 1970-കളുടെ ആദ്യം മഹാരാഷ്ട്രയിൽ രൂപം കൊണ്ട ദലിത് പാന്ഥർ പ്രസ്ഥാനമാണ് ദലിത് എന്ന പദത്തിന് പ്രചാരം നൽകിയത്. അതിനുമുമ്പുതന്നെ 'അടിച്ചമർത്തപ്പെട്ടവർ' എന്ന അർഥത്തിൽ അധഃസ്ഥിതവർഗത്തെപ്പറ്റി പരാമർശിക്കാൻ ദലിത് പദം ഉപയോഗിച്ചിരുന്നുവെങ്കിലും അതിന് വ്യാപകമായി പ്രചാരം വന്നത് എഴുപതുകൾക്കുശേഷമാണ്. ദലിത് എന്ന പദത്തിന് നിരവധി നിർവചനങ്ങളും വ്യാഖ്യാനങ്ങളും പിൽക്കാലത്തുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് മനസിലാക്കേണ്ടത് ദലിത് പഠനത്തിൽ പ്രാധാന്യമുള്ള വസ്തുതയാണ്. അതുപോലെ ഇന്ത്യയിലും, കേരളത്തിലുമെല്ലാം ദലിതോദ്ധാരണത്തിനുവേണ്ടി ഉണ്ടായിട്ടുള്ള പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തന

രീതികളും നാം മനസിലാക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ നവോത്ഥാനത്തിനുവേണ്ടി ഉണ്ടായ മാർക്സിയൻ തത്ത്വശാസ്ത്രങ്ങളും, ദലിത്പഠനത്തിന്റെ പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്.. കേരളത്തിലെ പുരോഗമനപ്രസ്ഥാനങ്ങൾ ദലിത് വിമോചനവുമായി ബന്ധപ്പെട്ട് നടത്തിയ സമരങ്ങളുടെ ചരിത്രവും പ്രാധാന്യമുള്ളതാണ്. 1947-ൽ തകഴി ശിവശങ്കരപ്പിള്ള എഴുതിയ 'തോട്ടിയുടെ മകൻ' എന്ന നോവലിന്റെയും, 1979-ൽ ടി. കെ. സി. വടുതല എഴുതിയ 'ചങ്ങലകൾ നുറുങ്ങുന്നു' എന്ന നോവലിന്റെയും പഠനത്തിലൂടെ മലയാള നോവൽ സാഹിത്യം ദലിത്ജീവിതത്തെ അടയാളപ്പെടുത്തിയത് എപ്രകാരമാണെന്ന് ഇവിടെ പരിശോധിക്കുന്നു.

സമൂഹത്തിലെ അധഃസ്ഥിതവർഗത്തെ അഭിസംബോധന ചെയ്യാൻ അന്റോണിയോ ഗ്രാംഷിയാണ് 'സബാൾട്ടേൺ' എന്ന പദം ഉപയോഗിച്ചത്. അടിച്ചമർത്തപ്പെട്ട എല്ലാ വിഭാഗങ്ങളേയും ആ പദം ഉൾക്കൊള്ളുന്നു. മലയാളത്തിൽ ദലിത് എന്ന പദംകൊണ്ടാണ് അതിനെ വിവർത്തനം ചെയ്തിരിക്കുന്നത്. സമൂഹത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരുടെ പര്യായമായി ആ പദം പ്രതിഷ്ഠനേടി. വേദേതിഹാസപുരാണങ്ങളെ വിമർശനത്തിന് വിധേയമാക്കിയാണ് ദലിത് വിമർശനം അതിന്റെ യാത്ര ആരംഭിക്കുന്നത്. ഇന്ത്യയിലെ ദലിത് സാഹിത്യ വിമർശനം യഥാർത്ഥത്തിൽ സവർണ സാഹിത്യത്തിന്റെ വിമർശനമാണ്. സാഹിത്യം എങ്ങനെ സവർണ താൽപര്യങ്ങളെ ഉള്ളിൽ പേറുന്നു എന്ന് വിശദീകരിക്കാനാണ് അത് ശ്രമിക്കുന്നത്. ജ്യോതിറാവു ഫൂലെ, പെരിയോർ ഇ. വി. രാമസ്വാമി നായ്ക്കർ എന്നിവർ ദലിത് വിമർശനത്തിന്റെ തുടക്കത്തിൽ സാമൂഹികമായും സാംസ്കാരികമായും അതിനെ വിപുലപ്പെടുത്താൻ യത്നിച്ചവരാണ്. കീഴാള ബദൽ ദേശീയത രൂപപ്പെടുത്താൻ അവർ ശ്രമിച്ചിരുന്നു. ബ്രാഹ്മണിക സാഹിത്യവ്യവഹാരങ്ങളെ സൈദ്ധാന്തികമായും സാമൂഹികമായും പരിശോധിച്ച അംബേദ്കറാണ് ദലിത് സാഹിത്യ വിമർശനപദ്ധതിക്ക് സൈദ്ധാന്തിക അടിത്തറയിട്ടത്. സാമൂഹിക സന്ദർഭങ്ങൾ സൃഷ്ടിക്കുന്ന വിമർശനാത്മകാവബോധമാണ് ദലിത് വിമർശനത്തെ ചരിത്രപരമായി നിർമ്മിച്ചത്.

## Keywords

ദലിത് - ദലിത് വിമോചന പ്രസ്ഥാനം - കേരളത്തിലെ ദലിതർ - ദലിതരും രാഷ്ട്രീയവും - വിവിധ ദലിത് സംഘടനകൾ - മാർക്സിസവും ദലിതരും - പുരോഗമന സാഹിത്യ പ്രസ്ഥാനം - തോട്ടിയുടെ മകൻ (നോവൽ)- കഥാപാത്ര നിരൂപണം - പ്രമേയപരമായസവിശേഷതകൾ - ചങ്ങലകൾ നുറുങ്ങുന്നു - പ്രമേയം - കമ്മ്യൂണിസം

## Discussion

ഇന്ത്യയുടെ ജാതി ചരിത്രത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ, സാമൂഹിക - സാമ്പത്തിക പദവികളിൽ നിന്ന് നൂറ്റാണ്ടുകളായി ആട്ടിയകറ്റപ്പെട്ടവരും ചരിത്രപരമായ കീഴാളത നേരിടേണ്ടിവന്നവരുമായ ജനതയെ സൂചിപ്പിക്കുന്നതിനാണ് ദലിത് എന്ന പദം ഉപയോഗിക്കുന്നത്. ദ്രാവിഡർ, അസ്പൃശ്യർ, അയിത്തജാതിക്കാർ, ആദിമവിഭാഗങ്ങൾ, ഹരിജനങ്ങൾ, പട്ടികജാതി-പട്ടികവർഗങ്ങൾ തുടങ്ങി ഒരു നൂറ്റാണ്ടിനുള്ളിൽ പ്രചരിപ്പിക്കപ്പെട്ട സംവർഗങ്ങളെ പരിഗണിച്ചാൽ തന്നെ സ്വത്വപരമായ ചാഞ്ചാട്ടങ്ങൾ പ്രകടമാണ്. കൂടാതെ ദലിത് ജനത മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല മേൽപ്പറഞ്ഞ

പദങ്ങൾ ഒന്നും തന്നെ. സമൂഹത്തിന്റെ അധികാരശ്രേണിയിൽ നിന്നും ഭിന്നമല്ല ഭാഷയും. ദലിത് ജനതയെ സൂചിപ്പിക്കാൻ ഉപയോഗിച്ചുവന്ന പദങ്ങളിൽ ഭാഷയുടെ ഈ പരിമിതികൾ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ നിരന്തരമായ ആത്മാന്വേഷണങ്ങളിലൂടെ വികസിച്ച ഒരു പാട് പ്രക്ഷോഭങ്ങളുടെയും ഉയിർത്തെഴുന്നേല്പിന്റെയും ചരിത്രം 'ദലിത്' സംവർഗത്തെ വിശകലനം ചെയ്യുമ്പോൾ പരിഗണിക്കേണ്ടതുണ്ട്. ഇന്ത്യയുടെ സാമൂഹിക ഘടനയിൽ ചില വിഭാഗങ്ങൾ ചരിത്രപരമായി നേടിയെടുത്ത സ്വത്വപരമായ ഉണർവുകളാണ് ഈ പ്രയോഗത്തെ സ്ഥാപിച്ചത്. കേവലം ഒരു വാക്ക് എന്നതിനപ്പുറം തങ്ങളുടെ ആത്മാഭിമാനത്തെ സമഗ്രമായി പ്രതിഫലിപ്പിക്കുന്ന രാഷ്ട്രീയ ഉള്ളടക്കമുള്ള ഒന്നായി ഇത് തിരിച്ചറിയപ്പെട്ടിരിക്കുന്നു. സൂക്ഷ്മതലത്തിൽ എത്രമാത്രം വൈജാത്യങ്ങൾ പ്രകടമാണെങ്കിലും അവയൊക്കെ അപ്രസക്തമാക്കി ഐക്യം പ്രതിഫലിപ്പിക്കുവാൻ ഈ സംവർഗത്തിലൂടെ കഴിഞ്ഞിരിക്കുന്നു. പ്രാചീനതയെ സൂചിപ്പിക്കുന്നതും വളരെ പ്രചാരത്തിലുള്ളതും, പൊതുസമ്മതി നേടിയതുമായ പദങ്ങളുടെ വിനിമയവ്യവസ്ഥയെ ഉലച്ചുകൊണ്ടാണ് 'ദലിത് 'സ്ഥാപിക്കപ്പെട്ടിട്ടുള്ളത് എന്നു പറയാം. പലപ്പോഴും വർഗപരമായ ഉള്ളടക്കത്തിന് ഊന്നൽ നൽകി കൊണ്ടാണ് ദലിത് എന്ന പദം വിശകലനം ചെയ്യപ്പെടുന്നത്. അധിനിവേശത്തോടു നിരന്തരം പോരടിച്ചുനിന്ന സാമൂഹിക വിഭാഗമായും ശക്തിയാൽ നിരന്തരം അടിച്ചമർത്തപ്പെട്ട വിഭാഗമായും ദലിത് ജനതയെ വിലയിരുത്തുന്നുണ്ട്. നൂറ്റാണ്ടുകളായി അടിമത്തം അനുഭവിക്കേണ്ടി വരികയും അതുമൂലം വിഭവ അധികാര പങ്കാളിത്തത്തിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്ത ജനതയാണ് ദലിതർ എന്നു പറയാം. ആ നിലയിൽ ദലിത് എന്നത് ശക്തമായ ഒരു രാഷ്ട്രീയ ബോധം കൂടിയാണ്.

- ഇന്ത്യയുടെ ജാതിചരിത്രവും ദലിതരും

## ദലിത് പദനിഷ്പത്തിയും പ്രയോഗവും

അധഃസ്ഥിതവർഗം എന്ന പരികൽപ്പനയ്ക്കുപകരം ഇന്ന് ഇന്ത്യയിലെല്ലാം പ്രചാരമുള്ള പദമാണ് 'ദലിത്' എന്നത്. ഈ പദം നിഘണ്ടുപരമായി നേരത്തെ ഉണ്ടായിരുന്നുവെങ്കിലും, ഒരു ജനതയെ കുറിക്കാൻ വ്യാപകമായ അർഥത്തിൽ ഉപയോഗിച്ചുതുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതലിങ്ങോട്ടാണ്. 'ദല്' എന്ന ധാതുവിൽ നിന്നാണ് ഈ പദത്തിന്റെ ഉൽപ്പത്തി. ഇതിൽനിന്നാണ് 'ദലം' എന്ന പദം ഉണ്ടായത്. 'ദല'ത്തിൽനിന്നാണ് 'ദലിതം', 'ദലനം' പദങ്ങൾ സൃഷ്ടിക്കപ്പെട്ടത്. 'ദലനം' എന്ന പദത്തിന് പൊടിയാക്കൽ, പിളർക്കൽ എന്നിങ്ങനെയാണർഥം നൽകി വരുന്നത്. 'ദലിതം' എന്നാൽ ദലനം ചെയ്യപ്പെട്ടത് അല്ലെങ്കിൽ പിളർക്കപ്പെട്ടത്, പൊടിക്കപ്പെട്ടത്, മുറിച്ചു കളയപ്പെട്ടത്, കീറി നശിപ്പിക്കപ്പെട്ടത് എന്നൊക്കെയാണർഥമെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നു. മറ്റൊന്നിലോ ദലനം ചെയ്യപ്പെട്ടത് അതാണ് ദലിതം. ആ വാക്ക് ഒരു ജനതയെ പ്രതിനിധാനം ചെയ്യുമ്പോൾ മനുഷ്യകുലത്തിൽനിന്ന് മുറിച്ചു തള്ളപ്പെട്ടവർ അല്ലെങ്കിൽ അകറ്റി നിർത്തപ്പെട്ടവർ എന്ന അർഥം നിഷ്പ്രയാസം ലഭിക്കുന്നു എന്ന് കവിയൂർ മുരളി 'ദലിത് ഭാഷ' എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്.

- ദല് എന്ന ധാതുവിൽ നിന്ന്

ശബ്ദതാരാവലിയിൽ ശ്രീകണ്ഠേശ്വരം 'ദലം' എന്ന പദത്തിന്

ഇല, ഇതൾ, അംശം, ഭാഗം, കഷണം, പകുതി എന്നും, 'ദലനം' എന്ന പദത്തിന് പിളർക്കപ്പെട്ട, തുറക്കപ്പെട്ട, പീഡിപ്പിക്കപ്പെട്ട, അകറ്റി നിർത്തപ്പെട്ട എന്നും 'ദലിതൻ' എന്ന പദത്തിന് സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് അകറ്റി നിർത്തപ്പെട്ടവൻ എന്നെല്ലാം അർഥം കൊടുത്തിരിക്കുന്നു. ദലിത് എന്ന പദം ഒരു ജനസമുദായത്തോടു ചേർത്ത് ആദ്യമായി ഉച്ചരിച്ചത് മഹാത്മ ജ്യോതിറാവു ഫൂലേയും, ഡോ. അംബേദ്കറുമാണ്. ഫൂലേ അധഃസ്ഥിതൻ എന്ന അർഥത്തിൽ 'ദലിതോദ്ധർ' എന്ന പദമാണ് പ്രയോഗിച്ചത്. മഹാരാഷ്ട്രയിൽ 'മഹർ' വംശത്തെപ്പറ്റി പരാമർശിക്കാനാണ് അംബേദ്കർ ഈ പദം ഉപയോഗിച്ചത്. ആദിവാസികളെയും, കുറ്റവാളി ഗോത്രത്തെയുമെല്ലാം അദ്ദേഹം ഈ വിവക്ഷയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. മറാത്തി കവിയായ നാംദേവധസലിലൂടെയാണ് 'ദലിത്' എന്ന പദത്തിന് വ്യാപകമായ പ്രചാരം സിദ്ധിച്ചത്.

> ► സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ടവർ

ഇതിനൊക്കെ മുമ്പ് മറ്റ് ചില പദങ്ങളിലായിരുന്നു അധഃസ്ഥിത വർഗം ഔദ്യോഗികമായി രേഖപ്പെട്ടത് 1919-ലെ ഇന്ത്യാ ആക്ടിൽ Dipressed Class (അധഃസ്ഥിതവർഗം) എന്ന അർഥത്തിലാണ്. 1931-ൽ ആസാം സെൻസസ് കമ്മീഷൻ സൂപ്രണ്ട് Exterior caste (പുറം ജാതിക്കാർ) എന്ന മറ്റൊരുപദം നിർദ്ദേശിക്കുന്നു. ബ്രിട്ടീഷുകാർ നിയോഗിച്ച സൈമൺ കമ്മീഷനാണ് scheduled caste എന്ന പേരിട്ടത്. 1933-ൽ മഹാത്മാഗാന്ധി 'ഹരിജൻ' എന്ന പദംകൊണ്ട് അധഃസ്ഥിതരെ അടയാളപ്പെടുത്തി. ദലിതർ എന്നതിനുപകരമായി പല പദങ്ങളും സമൂഹത്തിൽ നിലവിലുണ്ടായിരുന്നു. അന്ത്യജൻ, അതിശൂദ്രർ, അയിത്തജാതിക്കാർ, ഹരിജനങ്ങൾ, അധഃകൃതർ, പുറംജാതിക്കാർ, പട്ടികജാതി- പട്ടികവർഗക്കാർ എന്നിങ്ങനെ നീണ്ടുപോകുന്നു ആ പദസമൂഹം. ഇംഗ്ലീഷിൽ 'ദലിത' എന്ന പദത്തിന് 'ഡൗൺഡ്രോൺ' (അധഃസ്ഥിതൻ) എന്നായിരുന്നു ആദ്യകാല വിവക്ഷ. പിന്നീട് 'Dalit' എന്ന മറാത്തി പദം തന്നെ ആംഗലവൽക്കരിക്കപ്പെട്ടു. 'Sabaltan' എന്ന പദമാണ് അന്റോണിയോ ഗ്രാംഷി പ്രയോഗിച്ചത്.

> ► Dipressed Class

മനുഷ്യസമൂഹത്തെ കുറിക്കാൻ 'ദലിത്' (ദലിത്) എന്ന പദം പ്രയോഗിക്കുമ്പോൾ, ഇതര സമൂഹത്തിൽനിന്നും മുറിച്ചുമാറ്റപ്പെട്ടത് അഥവാ വിവിധ കാരണങ്ങളാൽ സമൂഹത്തിൽനിന്നും കീറിമുറിച്ചുമാറ്റി പുറംതള്ളപ്പെട്ടവർ എന്നുതന്നെയാണ് വിവക്ഷ. അതിനാൽ നൂറ്റാണ്ടുകളായി അടിമത്തത്തിനും, അടിച്ചമർത്തപ്പെടലിനും വിധേയരായ ജനങ്ങളെ കുറിക്കാൻ പര്യാപ്തമായ പദം 'ദലിത്' എന്നതുതന്നെയാണ്.

> ► നൂറ്റാണ്ടുകളായി അടിമത്തം അനുഭവിച്ചവർ

1970-കളുടെ ആദ്യം മഹാരാഷ്ട്രയിൽ രൂപംകൊണ്ട ദലിത് പാന്തർ പ്രസ്ഥാനമാണ് ദലിത് എന്ന പദം വ്യാപകമായ അർഥത്തിൽ പ്രചരിപ്പിച്ചത്. മാറാത്തി, ഹിന്ദി ഭാഷകളിൽ ദലിത് എന്ന പദത്തിന് ചിതറപ്പെട്ടവർ, തകർക്കപ്പെട്ടവർ, അടിച്ചമർത്തപ്പെട്ടവർ എന്നിങ്ങനെ അർഥം കല്പിക്കപ്പെട്ടിരിക്കുന്നു. ഡോ. ബി. ആർ. അംബേദ്കർ അഭിസംബോധന ചെയ്ത അസ്പൃശ്യവർഗം എന്ന പദത്തിനെ രാഷ്ട്രീയവത്ക്കരിക്കുന്നതോടുകൂടിയാണ് ദലിതർ എന്ന പദം രൂപം കൊള്ളുന്നത് എന്നൊരു വാദവും നിലവിലുണ്ട്. ഗെയ്ൽ ഓംവെദ്തിനെപ്പോലുള്ളവർ ഈ പദം അംബേദ്കർ അന്ന് തന്നെ ഉപയോഗിച്ചിരുന്നതായി പറയുന്നുണ്ട്. മഹാത്മ ജ്യോതിറാവു ഫുലെ പിന്നാക്ക

ജനതയുടെ സാമൂഹിക വികസനത്തിന്റെ അനിവാര്യത സൂചിപ്പിക്കുവാൻ 'ദലിതോദ്ധാരൺ' എന്ന് ഉപയോഗിച്ചതും ശ്രദ്ധേയമാണ്. സാമ്പത്തിക സാമൂഹിക വിമോചന പ്രസ്ഥാനത്തിന് അസ്പൃശ്യർ നൽകിയ ഈടുറ്റ സംഭാവനയായിട്ടാണ് ദലിതർ എന്ന പദത്തെ ബാർബറാ ജോഷി പരിഗണിക്കുന്നത്. ഡി. ആർ. നാഗരാജിന്റെ അഭിപ്രായത്തിൽ "അസ്പൃശ്യരായ ജനങ്ങളുടെ പ്രശ്നങ്ങളെ ഗാന്ധിയൻ രീതിയിൽ സമീപിക്കുന്നതിനെ അടിസ്ഥാനപരമായിത്തന്നെ തിരസ്കരിച്ച ഒരു മാനസികാവസ്ഥയുടെ ഫലരൂപമാണ് ദലിത് മുന്നേറ്റം. ഇത്തരത്തിലുള്ള ഒരു ഗാന്ധിയൻ തിരസ്ക്കാരമാണ്, ദലിത് മുന്നേറ്റത്തിന്റെ തത്വങ്ങളുടെയും രൂപരേഖ ചമച്ചിരിക്കുന്നത്.'' അസ്പൃശ്യത എന്ന സാമൂഹികാനുഭവത്തെ ഭ്രമണകേന്ദ്രമാക്കുന്ന വ്യവഹാരമാണ് ദലിത് സാഹിത്യത്തെയും സംസ്കാരത്തെയും രൂപപ്പെടുത്തുന്നത്. ആദ്യം സാഹിത്യത്തിലും പിന്നീട് സംഘടനാപരമായും സ്ഥാപിക്കപ്പെട്ടതാണ് ഇതെന്ന് ഗെയ്ൽ ഓംവെദ് ചൂണ്ടിക്കാട്ടുന്നു. സൗന്ദര്യശാസ്ത്രമണ്ഡലത്തിൽ ദൃഢമായിരുന്ന ബ്രാഹ്മണ്യ മേൽക്കോയ്മയെ ചോദ്യം ചെയ്യുകയായിരുന്നു ദലിത് പാന്തറുകളുടെ ആദ്യ ദൗത്യം.

▶ ദലിത് പദനിഷ്പത്തി

ദലിത് എന്ന പദത്തെയും അതിന്റെ വിനിമയത്തെയും സംബന്ധിച്ച് വൈജ്ഞാനിക മണ്ഡലത്തിൽ ഏറെ ആശങ്കകൾ നിലനിൽക്കുന്നതായി ഗോപാൽ ഗുരു സൂചിപ്പിക്കുന്നു. സൈദ്ധാന്തികമായി ഈ പ്രശ്നത്തെ വിശകലനം ചെയ്യുമ്പോൾ വിമർശകർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട മൂന്ന് വാദങ്ങൾ അദ്ദേഹം ഇപ്രകാരം ക്രോഡീകരിച്ചു. ദലിതർ എന്ന് വിശേഷിപ്പിക്കുന്നതിലൂടെ ചരിത്രത്തിന്റെ ഭാരം അനാവശ്യമായി ചുമക്കുവാൻ വിധിക്കപ്പെടുന്നു. മനുസ്മൃതി മുന്നോട്ടുവെച്ച പ്രതിലോമകരമായ വർഗീകരണത്തെ സാധൂകരിക്കുന്നു ഈ പദം, മാർക്സിസം പ്രചരിപ്പിച്ച വർഗപരികല്പന തന്നെയാണ് ദലിത് സംവർഗത്തെ നിർവചിക്കുന്നതിലും അനുഭവവാദപരമായി അടിത്തറയായിരിക്കുന്നത് എന്നതാണീ മൂന്ന് വാദങ്ങൾ. ഇന്ത്യയെ സംബന്ധിച്ച് ജാതിവ്യവസ്ഥയിൽ നിർമ്മിതമായ സാമൂഹിക-അധികാര ഘടന നിലനിൽക്കുന്നതിനാൽ ജാതി പദവികകൾക്കുള്ളിലെ അധികാര ബന്ധങ്ങളുമായി തുലനം ചെയ്തു കൊണ്ടു മാത്രമേ ദലിത് എന്ന പദത്തെ നിർവചിക്കാൻ കഴിയൂ. അതേസമയം ജാതിയെന്ന സങ്കീർണമായ സാമൂഹിക വ്യവസ്ഥയെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിലുള്ള പരിമിതികളും ദൃശ്യമാണ്. ദലിത് വ്യവഹാരങ്ങളുടെ വികാസചരിത്രം വിവിധഘട്ടങ്ങളിൽ ഭരണകൂടത്തിന്റെ താൽപര്യങ്ങൾക്ക് വിധേയമായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നായി ഔദ്യോഗിക ജനസംഖ്യാ കണക്കെടുപ്പുകളെ കാണാം. പാശ്ചാത്യരാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ജാതി മത സ്വത്വങ്ങളാണ് ഇന്ത്യയിലെ ജനസംഖ്യാ കണക്കെടുപ്പിൽ നിർണായകമാവുന്നത്.

▶ ജാതിവ്യവസ്ഥയും അധികാര ഘടനയും

ഇന്ത്യയിൽ അരങ്ങേറിയ സ്വാതന്ത്ര്യസമരം ഒരർഥത്തിൽ ബാഹ്യശക്തികൾക്ക് എതിരേ നടന്ന പോരാട്ടമായിരുന്നു എന്നു പറയാം. ആന്തരികമായ സംഘർഷങ്ങളെ വേണ്ട നിലയിൽ പരിഗണിക്കാതെ പോയി എന്നത് സ്വാതന്ത്ര്യസമരത്തിന്റെ ഒരു പോരായ്മയായി പിൽക്കാലത്ത് വിലിയിരുത്തപ്പെട്ടിട്ടുണ്ട്. ജാതിയമായി നിലനിന്നിരുന്ന വിടവുകൾ നികത്താൻ സ്വാതന്ത്ര്യസമരത്തിന് സാധിച്ചിരുന്നില്ല. അതുകൊണ്ടു

തന്നെ സാമുദായികമായ അധികാര ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയുടെ രാഷ്ട്രീയ ഘടന പലനിലയിൽ മാറ്റങ്ങൾക്ക് വിധേയമായപ്പോൾ, ദലിതരെ ഹിന്ദുമതത്തിനുള്ളിലേക്ക് സ്വാംശീകരിക്കാനുള്ള ശ്രമങ്ങളാണ് ഇവിടെ നടന്നതെന്ന് കാണാം. വ്യത്യസ്ത കാലങ്ങളിൽ വിഭിന്ന രൂപംപൂണ്ട ഈ നടപടിക്രമങ്ങൾ ഔദ്യോഗികമായി ഏറെക്കുറെ പൂർത്തിയാക്കപ്പെട്ടത് 1936-കളോടുകൂടിയായിരുന്നു. 1950-ൽ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായതോടെ ഹിന്ദു സമൂഹത്തിനുളളിൽ ദലിതരുടെ സ്ഥാനമുറപ്പിക്കുന്ന പ്രക്രിയ അവസാനഘട്ടത്തിലെത്തി എന്നു പറയാം.

- ▶ ദലിതരെ ഹിന്ദുമതത്തിനുള്ളിലേക്ക് സ്വാംശീകരിക്കാനുള്ള ശ്രമങ്ങൾ

ഇന്ത്യയിൽ കൊളോണിയൽ അധികാരത്തിനു കീഴിൽ നിർവചിക്കപ്പെട്ട 'സ്വത്വബോധം' ദലിതർക്കിടയിൽ രൂപപ്പെടുന്നതിനുള്ള കാരണങ്ങളിലൊന്ന്, ദലിതർ പരമ്പരാഗതമായ തൊഴിൽ ഘടനയിൽ നിന്ന് അല്പമെങ്കിലും വ്യതിചലിച്ചതിന്റെ ഭാഗം കൂടിയായിരുന്നു. മഹാരാഷ്ട്രയിലെ മഹർ സമുദായത്തിന്റെ കാര്യം അതിന് ഉദാഹരണമാണ്. ഗ്രാമങ്ങളിലെ കാർഷികവൃത്തിയിൽ ഏർപ്പെട്ട ഗ്രാമാതിർത്തികൾ സംരക്ഷിക്കുക എന്നതായിരുന്നു മഹറുകളുടെ പരമ്പരാഗത തൊഴിൽ കടമ. എന്നാൽ ആധുനികവല്കരണം വൈവിധ്യമുള്ള സാമ്പത്തിക ഘടനയിലേക്ക് പ്രവേശിക്കാനുള്ള സാധ്യത അവർക്കു നൽകി. മഹാരാഷ്ട്രയിലെ മഹറുകളുടെ സൈനിക സേവനം ഗ്രാമത്തിലെ ജാതി വഴക്കങ്ങളിൽ നിന്ന് അവരെ വിമോചിപ്പിച്ചു. തുണിവ്യവസായം ഈ മാറ്റത്തെ ത്വരിതപ്പെടുത്തി. തുണിമില്ലുകളിലെ മൊത്തം തൊഴിൽ സേനയിൽ 40 ശതമാനവും മഹർത്തൊഴിലാളികൾ ആയിരുന്നു എന്നതും ശ്രദ്ധേയമാണ്. എന്നാൽ അംബേദ്കർ സൂചിപ്പിക്കുന്ന 'ജാതി എന്ന സങ്കല്പനമോ മാനവികാവസ്ഥയോ' ഇളക്കി മാറ്റാനാവുന്ന വിധം സാമൂഹിക മുന്നേറ്റങ്ങൾ രൂപപ്പെട്ടില്ല. ഒരു വ്യവസ്ഥയെന്ന നിലക്ക് നിലവിലുള്ള ചാതുർവർണ്യ അടിത്തറയെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങളൊന്നും പൂർണമായ വിജയം കൈവരിച്ചില്ല. ഭരണഘടനയിൽ ഉൾപ്പെട്ട് ആധുനിക ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായി മാറിയതോടെ ഔദ്യോഗികമായ സാധ്യതകളും അവസാനിച്ചു.

- ▶ കൊളോണിയൽ അധികാരവും ദലിത് ജനതയും

വ്യവസ്ഥാപിത ചരിത്രം രേഖപ്പെടുത്താതെപോയ നിരവധി മുന്നേറ്റങ്ങൾ പതിനെട്ടാം നൂറ്റാണ്ടു മുതൽ കീഴാളപക്ഷത്തു നിന്നുണ്ടായിട്ടുണ്ട്. ഇന്ത്യൻ നവോത്ഥാനത്തിന്റെ മുഖ്യധാരയിൽ അടയാളപ്പെടാതെ പോയ ശക്തനായ പരിഷ്ക്കരണവാദിയായിരുന്നു മഹാത്മാ ജ്യോതിറാവു ഫൂലെ. 1873-ൽ അദ്ദേഹം സ്ഥാപിച്ച സത്യശോധക് സമാജം ബ്രാഹ്മണ്യത്തിന്റെ യുക്തിരഹിതമായ ആചാരക്രമങ്ങളെ വിമർശിക്കുന്നതിൽ ജാഗ്രത കാണിച്ചു. അധഃസ്ഥിതർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിച്ച് അറിവു പകർന്നു കൊടുക്കുന്നതിൽ പ്രഥമ ചുവടുകൾ വെച്ചത് ഫൂലെയായിരുന്നു. എന്നാൽ വരേണ്യരാൽ എഴുതപ്പെട്ട ചരിത്രഗ്രന്ഥങ്ങൾ ജ്യോതിറാവു ഫൂലെയുടെ പ്രവർത്തനങ്ങളെ വേണ്ട നിലയിൽ പരിഗണിച്ചിരുന്നില്ല എന്ന് കാണാം. ദലിത് ജീവിത ചരിത്രം അടയാളപ്പെടുത്തുന്നതിന് അത്തരം ചരിത്രപുസ്തകങ്ങൾ പരാജയപ്പെടുകയാണ് ഉണ്ടായത്. ദലിതരുടെയും ഇതര പിന്നാക്കവിഭാഗങ്ങളുടെയും അഹൈന്ദവ പാരമ്പര്യത്തെ നിർമ്മിക്കുവാൻ ഫൂലെ തന്റേതായ ചരിത്രവ്യാഖ്യാനത്തിൽ എത്തുകയാണ് ചെ

- ▶ വ്യവസ്ഥാപിത ചരിത്രം രേഖപ്പെടുത്താതെ പോയ മുന്നേറ്റങ്ങൾ

യ്തത്. 'അനാര്യവംശസിദ്ധാന്തം' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇത് ഇന്ത്യയിൽ ആദ്യമായി കീഴാളപക്ഷത്തുനിന്ന് ജ്ഞാനശാസ്ത്രത്തിൽ ഇടപെട്ട സന്ദർഭമായിരുന്നു.

▶ ആധുനിക ദലിത് പ്രസ്ഥാനങ്ങൾ

സത്യശോധക് സമാജം നിർണായകമായ സ്വാധീനം ചെലുത്തിയ മഹർ വിഭാഗങ്ങൾക്കിടയിൽ നിന്നാണ് ആധുനിക ദലിത് പ്രസ്ഥാനങ്ങൾ രൂപപ്പെട്ടതെന്ന് ചരിത്രം പറയുന്നു. അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ മുൻനിർത്തിയായിരുന്നു ഇവർ ആദ്യമായി ഏകീകരിക്കപ്പെട്ടത്. ഇതിന് അടിത്തറ പാകിയത് മുൻപ് സൂചിപ്പിച്ച തൊഴിൽഘടനയിലെ പുനഃക്രമീകരണമായിരുന്നു.

## ദലിത് വിമോചന പ്രസ്ഥാനം

▶ പ്രാതിനിധ്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ

1940-കളിൽ ഇന്ത്യയിലെ ദലിതരുടെ നേതൃത്വത്തിൽ ഉയർന്നുവന്ന സ്വത്വസ്ഥാപനങ്ങൾ, ഏതെങ്കിലും വിധത്തിലുള്ള അധീശത്വം ഉറപ്പിക്കാനായിരുന്നില്ലെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. പ്രാതിനിധ്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളായിരുന്നു അത്. ഭൂതകാലത്തെക്കുറിച്ചുള്ള പ്രൗഢവും ഭാവനാരഹിതവുമായ പ്രചോദനങ്ങളായിരുന്നു ദലിതരുടെ ആത്മാഭിമാനത്തിന്റെ അടിസ്ഥാനം. അതിനായി അവർ നിർമിച്ച സാമൂഹിക സാഹിത്യ പ്രത്യയശാസ്ത്രങ്ങൾ ഒരു ഘട്ടത്തിലും ഹിന്ദുത്വ പ്രത്യയശാസ്ത്രങ്ങളോട് ചേർന്നുനിൽക്കുന്നതായിരുന്നില്ല. ഭൂതകാലത്തിൽനിന്നും സൃഷ്ടിച്ച ആഖ്യാനങ്ങൾ വ്യവസ്ഥാപിത ഹിന്ദുപാഠങ്ങളിൽ നിന്ന് വ്യതിരിക്തവും അതിനോടുള്ള പ്രതിഷേധവുമായിരുന്നു എന്നും കാണാം.

▶ അംബേദ്ക്കറുടെ പ്രായോഗികവും പ്രത്യയശാസ്ത്രപരവുമായ ഇടപെടലുകൾ

ഡോ. അംബേദ്കറുടെ പ്രായോഗികവും പ്രത്യയശാസ്ത്രപരവുമായ ഇടപെടലുകൾ ഇന്ത്യയിലെ ദലിത് മുന്നേറ്റങ്ങളുടെ തീവ്രത വർധിപ്പിച്ചു. സൂക്ഷ്മമായ അപഗ്രഥനത്തിലൂടെ ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയുടെ അധീശസ്വഭാവങ്ങളെ അദ്ദേഹം വിശകലനം ചെയ്തു. അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ സാമൂഹിക-രാഷ്ട്രീയ പാഠങ്ങളെ നിർദ്ധാരണം ചെയ്യുവാൻ ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. നിരവധി പാശ്ചാത്യ ഗവേഷകരെപോലും ഗൗരവമായി സമീപിക്കാൻ പ്രേരിപ്പിക്കുന്നവയാണ് അംബേദ്കറുടെ വിസ്തൃതമായ പ്രവർത്തന മണ്ഡലം.

▶ അംബേദ്ക്കറുടെ ജനാധിപത്യ സങ്കല്പങ്ങൾ

വിമോചിത ആശയങ്ങൾ ഉള്ളടങ്ങിയ ഇന്ത്യയിലെ ദലിത്പാന്തർ പ്രസ്ഥാനം അമേരിക്കയിലെ ബ്ലാക്ക് പാന്തർ പ്രസ്ഥാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിരുന്നു. എന്നാൽ ഈ മുന്നേറ്റങ്ങൾക്ക് ആശയപരമായ അടിത്തറ നൽകിയത് അംബേദ്ക്കറുടെ ജനാധിപത്യ സങ്കല്പങ്ങളായിരുന്നു. അതിന്റെ വികസിതമായ അന്വേഷണങ്ങളും പ്രായോഗിക രൂപങ്ങളുമാണ് നവീന ദലിത് പഠനങ്ങൾക്ക് പ്രചോദനം. പരിവർത്തനങ്ങളുടെ വിശാലഭൂതകാലം ദലിതരുടെ സ്വത്വരൂപീകരണത്തിനു പിന്നിലുണ്ടെന്നത് വസ്തുതയാണ്. എങ്കിലും കണിശമായ ആശയവ്യവസ്ഥയോ, പ്രായോഗിക മണ്ഡലമോ ചൂണ്ടിക്കാണിക്കുവാൻ കഴിയാത്തവിധം സങ്കീർണമാണ് നവീന ദലിത് അവബോധം. ഏതൊക്കെ വിഭാഗങ്ങൾ ഉൾച്ചേർക്കപ്പെട്ടു, ആരൊക്കെ പുറന്തള്ളപ്പെട്ടു എന്നത് എക്കാലത്തെയും തർക്ക വിഷയമാണ്.

ഇന്ന് വിവക്ഷിക്കപ്പെടുന്ന അർഥത്തിൽ 'ദലിത്' എന്ന പദം ഉപയോഗിക്കപ്പെടുന്നത് ദലിത് പാന്തർ പ്രസ്ഥാനത്തിന്റെ ആവിർഭാവ

ത്തോടു കൂടിയാണ്. നാംദേവ്ധസൽ, രാജാധാലേ എന്നീ രണ്ടു എഴുത്തുകാരാണ് 1972- ഏപ്രിലിൽ ഈ പ്രസ്ഥാനത്തിന് അടിത്തറയിട്ടത്. മഹാരാഷ്ട്രയിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ദലിതർ ചൂഷണത്തിനും അപമാനത്തിനും വിധേയമാകുന്ന സാഹചര്യങ്ങൾ ക്രമാതീതമായി ഉയർന്നുവന്നപ്പോഴാണ് ഈ പ്രസ്ഥാനത്തിന്റെ രൂപീകരണം. സാഹിത്യം/എഴുത്ത് എന്നിവ ചില സംഘടിത പ്രവർത്തനത്തിലൂടെ വിമോചനാശയങ്ങൾ ഉല്പാദിപ്പിക്കുന്നു എന്ന കാഴ്ചപ്പാടാണ് ഈ പ്രസ്ഥാനത്തിന്റെ പിറവിക്ക് പിന്നിലുണ്ടായിരുന്നത്. ഡോ. അംബേദ്ക്കറുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ജനകീയ വിദ്യഭ്യാസ സമിതി (Peoples Education Society) ദലിതർക്കിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിൽ വിജയിച്ചു. '1945-ൽ ബോംബെയിൽ സിദ്ധാർഥ കോളേജ് സ്ഥാപിച്ചതോടെ ജ്ഞാനാർജനത്തിനുള്ള സാധ്യതകൾ ദലിതർക്കുമുന്നിൽ തുറക്കപ്പെട്ടു. 1950-ൽ ഈ കോളേജിൽ നിന്നും പുറത്തുവന്ന ദലിത് ബിരുദധാരികളാണ് സിദ്ധാർഥ സാഹിത്യസംഘം സ്ഥാപിച്ചത്. ഘനശ്യാം തൽവത്കർ ആയിരുന്നു അതിന്റെ നേതൃത്വ സ്ഥാനം വഹിച്ചിരുന്നത്. ഇതിൽനിന്ന് രൂപപ്പെട്ട മറാത്ത ദലിത് സാഹിത്യസംഘം, മറ്റുള്ളവരിൽ നിന്ന് വേറിട്ട ജീവിത സാഹചര്യങ്ങൾ തങ്ങൾ നേരിടുന്നുണ്ടെന്ന് തിരിച്ചറിയുകയും തങ്ങളുടേതായ നിലയിൽ ജീവിതത്തെ ആവിഷ്കരിക്കുകയും ചെയ്തു. ഈ നിലയിൽ പുതിയ ഒരു അവബോധം രൂപപ്പെട്ടതോടെ അടിത്തട്ടിൽനിന്ന് ഉയർന്നുവന്ന എഴുത്തുകാർ ചരിത്രപരമായ കടമ നിറവേറ്റാനുള്ള യത്നങ്ങളായിരുന്നു സ്വീകരിച്ചത്. ഇതിന്റെ ഫലമായി മറാത്തി സാഹിത്യത്തിൽ പുതിയ ആവിഷ്കാരങ്ങളുണ്ടായി. നാരായൺ സുർവേ, ബാബു റാവു ബാഗുൾ തുടങ്ങിയവർ സൃഷ്ടിച്ച രചനകളുടെ പ്രകമ്പനങ്ങൾ അടങ്ങാതെ നിന്നു. ഞാൻ എന്റെ ജാതി ഒളിച്ചുവെച്ചപ്പോൾ (when I had concealed my caste) എന്ന ബാബുറാവു ബാഗുളിന്റെ പത്തു കഥകളടങ്ങിയ സമാഹാരം വലിയൊരു കൊടുങ്കാറ്റ് തന്നെ ഉണ്ടാക്കി. പത്തു കഥകൾ പത്ത് ഇലക്ട്രിക് ഷോക്കുകളെന്നാണ് വിശേഷിക്കപ്പെട്ടതെന്ന് പ്രസിദ്ധ ദലിത് എഴുത്തുകാരനായ അർജുൻ ഡാംഗ്ലേ പറയുന്നു. ഈ മുന്നേറ്റം അധികാരകേന്ദ്രങ്ങളെ അസ്വസ്ഥമാക്കുക മാത്രമല്ല ചെയ്തത്. മറാത്തി സാഹിത്യത്തിൽ പുതിയ ചോദ്യങ്ങൾ ഉയർത്തുക കൂടിയായിരുന്നു.

- ദലിത് പാന്തർ പ്രസ്ഥാനത്തിന്റെ ആവിർഭാവം

പാരമ്പര്യ ആശയശാസ്ത്രങ്ങളുടെ പിൻബലം ദലിത് സാഹിത്യത്തിന്റെ തുടക്കം വിശദീകരിക്കുവാൻ അനിവാര്യമാണ്. ആദ്യം അത് തൊഴിലിടങ്ങളിലെ ചൂഷണങ്ങൾക്കെതിരെ പ്രതിരോധസ്വരം ഉയർത്തുന്ന കർഷകത്തൊഴിലാളിയെ പ്രതിനിധാനം ചെയ്യുന്നു. പി. ഗോവിന്ദപിള്ള ദലിത് രാഷ്ട്രീയം വിശകലനം ചെയ്യുമ്പോൾ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ വരും കാലത്ത് പ്രസക്തി നേടുന്ന ഒന്നായി അദ്ദേഹം ദലിത് പ്രസ്ഥാനങ്ങളെ വിലയിരുത്തുന്നു. അദ്ദേഹം എഴുതി: "ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഈ ശ്രദ്ധേയമായ പ്രസ്ഥാനം കണക്കിലെടുക്കേണ്ട ഒരു നിർണായക ശക്തിയായി ത്തീരുവാൻ സാധ്യതയുണ്ട്. അതിനുശേഷം കൂടുതൽ ശാസ്ത്രീയതയും ചരിത്രസാധ്യതയുമുള്ള കാഴ്ചപ്പാടും ആർജിച്ചുകൊണ്ട് അത് നേതൃത്വം നേടും". എന്നാൽ മാർക്സിസത്തിന്റെ 'ചരിത്ര' വ്യവഹാരങ്ങൾക്ക് പുറത്താണ് ദലിത് ഇടപെടലുകൾ. മനുഷ്യാനുഭവങ്ങളുടെ

▶ തൊഴിലിടവും ദലിതരും

വിസ്തൃതലോകങ്ങൾ ആഖ്യാനങ്ങളെ നിർണയിക്കുമ്പോൾ ചരിത്ര വിരുദ്ധമാവാതിരിക്കാൻ ശ്രദ്ധിക്കുന്നു ദലിതെഴുത്ത് എന്ന് ഒ. കെ. സന്തോഷ് നിരീക്ഷിച്ചിട്ടുള്ളത് ഈ അർഥത്തിലാണ്.

## കേരളത്തിലെ ദലിതർ

മലയാളത്തിലെ ദലിത് സാഹിത്യത്തിന്റെ വേരുകളിലേക്കുള്ള അന്വേഷണം എത്തിനിൽക്കുന്നത് വാമൊഴി പാരമ്പര്യത്തിലാണെങ്കിലും ആധുനികമായ സാഹിത്യമാതൃക എന്ന നിലയിൽ എഴുത്തധികാരം വീണ്ടെടുത്തിട്ട് അധികാലമായിട്ടില്ല. നിലനിൽക്കുന്ന ചരിത്രബോധത്തിന്റെ അടിസ്ഥാന ശിലകൾക്ക് ഇളക്കം തട്ടിച്ചുകൊണ്ടാണ് മലയാളത്തിൽ ദലിത് സാഹിത്യം രൂപം കൊണ്ടത്. അതിന്റെ അലയൊലികൾ രൂപപ്പെടുത്തിയ അവബോധമാണ് യഥാർത്ഥത്തിൽ ദലിത് ജ്ഞാനശാസ്ത്രം സൃഷ്ടിച്ചതെന്നു പറയാം. ചരിത്രത്തിന്റെ പുനരാഖ്യാനങ്ങളിൽ ഒളിച്ചിരിക്കുന്ന ജാതിവിടവുകൾ കേരളത്തിലെ ദലിത് ബൗദ്ധികനേതൃത്വങ്ങളെ നിർണയിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. ലിഖിത ചരിത്രം അവശേഷിപ്പിച്ച ശൂന്യതകളായിരുന്നു ഇതിൽ പ്രധാനം.

പ്രതിഷേധവും പ്രതിരോധവുമാണ് ദലിത് സാഹിത്യത്തിന്റെ മൗലിക സ്വഭാവമെന്നത് പൊതുസമ്മതി ആർജിച്ചിട്ടുള്ള നിരീക്ഷണമാണ്. സാമൂഹിക ചരിത്രത്തിന്റെ വിവിധഘട്ടങ്ങളിൽ തങ്ങളുടെ രോഷം ദലിതർ പ്രകടിപ്പിച്ചിട്ടുണ്ടെന്ന കാര്യത്തിലും തർക്കമില്ല. കേരളത്തിൽ കൊളോണിയൽ സാഹിത്യരൂപമായ നോവൽ, തുടക്കത്തിൽ തന്നെ പ്രമേയപരമായി. ജാതിയെ പ്രശ്നവൽക്കരിക്കാൻ ശ്രമിച്ചിരുന്നു. പുല്ലേലി കുഞ്ചു (1882), സരസ്വതീവിജയം (1892) തുടങ്ങിയ ആദ്യകാല നോവലുകളുടെ ഉള്ളടക്കം തിരുവിതാംകൂറിലും മലബാറിലും നിലനിന്ന ജാതിവ്യവസ്ഥയുടെ വ്യത്യസ്ത വിനിമയങ്ങളായിരുന്നു. അധിനിവേശാധുനികത (Colonial Modernity) സൃഷ്ടിച്ച മൂല്യമണ്ഡലം കീഴാളർക്കിടയിൽ വിമോചനാത്മകമാകുന്നതെങ്ങനെ എന്ന അന്വേഷണമായിരുന്നു ഈ നോവലുകളിൽ കൈകാര്യം ചെയ്ത മുഖ്യപ്രമേയം. മലയാള സാഹിത്യത്ത പൊതുവെ പരിശോധിച്ചാൽ, ബോധപൂർവമായ കീഴാള ദലിത്പക്ഷ രചനകൾ ആരംഭിക്കുന്നത് നോവലുകളിലാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആദ്യകാല കവിതയിലും അപൂർവമായി ജാതി വിമർശം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പണ്ഡിറ്റ് കെ. പി. കറുപ്പന്റെ 'ജാതിക്കുമ്മി', (1907), കുമാരനാശാന്റെ 'ദുരവസ്ഥ' (1922) എന്നിവ ചില ഉദാഹരണങ്ങളാണ്. പിൽക്കാലത്ത് വിരുദ്ധാഭിപ്രായങ്ങൾ രൂപപ്പെട്ടിട്ടുണ്ടെങ്കിലും, അക്കാലത്തെ സാമൂഹിക സാഹചര്യത്തിൽ വലിയ വിപ്ലവങ്ങൾ സൃഷ്ടിച്ച രചനകളാണ് എന്ന കാര്യത്തിൽ തർക്കമില്ല.

▶ അധിനിവേശാധുനികത സൃഷ്ടിച്ച മൂല്യമണ്ഡലം

നവോത്ഥാനഘട്ടത്തിൽ മാനവികത എന്ന ആശയം ഉയർത്തിപ്പിടിക്കപ്പെട്ടെങ്കിലും അവയൊന്നും തന്നെ ദലിത് സാഹിത്യത്തിന്റെ ശ്രേണിയിൽ ഉൾപ്പെടുന്നവയല്ല. കാരണം നവോത്ഥാനകാലത്ത് സാഹിത്യത്തിൽ സ്വത്വം വിശാലമായ മാനവികതയായി മാത്രം അവതരിപ്പിക്കപ്പെടുകയായിരുന്നു. ദലിത് ജീവിതത്തെ പ്രമേയമായി സ്വീകരിക്കുന്നുണ്ടെങ്കിലും പല രചനകളും ദലിതെഴുത്തായി കാണാൻ സാധിക്കുന്നില്ല. തകഴിയുടെ തോട്ടിയുടെ മകൻ ഒരു ദലിത് സാഹി

ത്യകൃതിയല്ല എന്ന് പലരും പറയുന്നതിന് ഒരു കാരണം അതാണ്. കർതൃത്വ പദവിയും എഴുത്തധികാരവും തമ്മിലുള്ള ബന്ധത്തെ പ്രശ്നവത്ക്കരിച്ചു കൊണ്ടാണ് ദലിത് സാഹിത്യത്തിന്റെ സൈദ്ധാന്തിക പരിസരം വികാസം പ്രാപിച്ചിരിക്കുന്നത്. നവോത്ഥാനസാഹിത്യത്തിൽ അനുഭവങ്ങളുടെ സൂക്ഷ്മതലങ്ങൾ ഒഴിവാക്കപ്പെടുകയും അവയെ സാമാന്യവത്ക്കരിക്കുകയും ചെയ്തു. ഫ്യൂഡൽ സാമ്പത്തിക ഘടന ഉൽപ്പാദിപ്പിച്ച സാമൂഹികവ്യവസ്ഥ എന്ന ചുരുക്കലിലേക്ക് ജാതിയെ സ്ഥാപിക്കുകയായിരുന്നു ഒരർഥത്തിൽ നവോത്ഥാനകാലം ചെയ്തത്. ഇതിവൃത്തത്തിൽ പുലർത്തിയ ദലിതത്വത്തെ ആത്മാഭിമാനത്തിന്റെ ആഴത്തിൽ അവതരിപ്പിക്കുന്നതിന് പകരം കേവലം ഉപരിപ്ലവമായി മാത്രം നോക്കി കണ്ടു എന്നതാണ് ഈ ഘട്ടത്തിന്റെ പോരായ്മ. ഇതിൽ നിന്ന് വ്യത്യസ്തമായി സാഹിത്യത്തെ ആവിഷ്കരിക്കാനുള്ള ശ്രമമാണ് കേരളത്തിലെ ദലിത് എഴുത്തുകാർ നടത്തിയത്. ടി. കെ. സി. വടുതലയുടെ രചനകൾ കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ്. അനുഭവപ്രദേശങ്ങളും വാമൊഴി ഭാഷയുമെല്ലാം വടുതലയുടെ കഥകളിൽ നിറഞ്ഞു നിന്നു. ദലിതരുടെ സ്വത്വപ്രതിസന്ധിയും സമത്വത്തിനായുള്ള അഭിനിവേശങ്ങളും പ്രകടിപ്പിച്ച 'അച്ഛന്റെ വെന്തിങ്ങ ഇന്നാ' പോലുള്ള മികച്ച കഥകൾ ഉദാഹരണമാണ്. ആധുനിക കാലം ദലിത് എഴുത്തുകൾക്ക് ദൃശ്യത നൽകിയില്ലെങ്കിലും സി. അയ്യപ്പന്റെ ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ (1986), ഞണ്ടുകൾ (2003), പി. എ. ഉത്തമന്റെ സുന്ദര പുരുഷന്മാർ (1986), കവാടങ്ങൾക്കരികിൽ (1990) എന്നീ കഥാസമാഹാരങ്ങളിലും ദലിത് രാഷ്ട്രീയത്തിന്റെ സ്വാധീനം പ്രകടമാണ്. 1980-കളിൽ തന്നെ ദലിത് സാഹിത്യം എന്ന നിരയിൽ ഉൾപ്പെടുന്ന രചനകൾ ഉണ്ടായെങ്കിലും അത് തീവ്ര രാഷ്ട്രീയ ബോധത്തോടെ ആവിഷ്കരിക്കപ്പെടുന്നത് തൊണ്ണൂറുകളിലാണ്.

▶ നവോത്ഥാന കാല രചനകൾ പൂർണമായും ദലിതെഴുത്തല്ല

മുഖ്യധാരാ സാഹിത്യചരിത്രത്തിൽ തന്റെ വംശത്തെപ്പറ്റി ഒരക്ഷരവും കാണുന്നില്ലല്ലോ എന്ന് തിരിച്ചറിഞ്ഞ പൊയ്കയിൽ അപ്പച്ചനാണ് മലയാളത്തിൽ ഇത്തരം ചിന്തകൾക്ക് തുടക്കമിട്ടത്. ഡോ. രേഖാ രാജിന്റെ ചില അന്വേഷണങ്ങൾ, പ്രത്യേകിച്ച് 'Dalit Women as Political Agents: A Kerala Experience (2013) എന്ന പഠനം കേരളത്തിലെ ദലിത് സ്ത്രീകളുടെ സാമൂഹികാനുഭവങ്ങളെ പുതുക്കി വായിക്കുന്ന ഒന്നാണ്. മലയാളത്തിലെ ദലിത് വിമർശകരിൽ പ്രധാനികളായ കെ. കെ. കൊച്ച് (വായനയുടെ ദലിത്പാഠം-2005), ടി. എസ്. വി. ചെന്താരശ്ശേരി (അയ്യൻകാളിയുടെ ജീവചരിത്രം), ടി. എം. യേശുദാസൻ (ബലിയാടുകളുടെ വംശാവലി (2010), കറുത്ത ദൈവങ്ങളും നഗ്നസത്യങ്ങളും- 2011), അജയ് ശേഖർ, സണ്ണി എം. കപികാട്, യാക്കോബ് തോമസ്, കെ. എം. സലിം കുമാർ (നെഗ്രിറ്റ്യൂഡ് - 2011), ഡോ. ഷീബ എം. കുര്യൻ (കീഴാളന്റെ പ്രതിരോധതന്ത്രം - 2005), സജിത കെ. ആർ. (ദലിതമക്ഷരസംയുക്തം), രാജേഷ് ചിറപ്പാട്, ഒ. കെ. സന്തോഷ് (തിരസ്കൃതരുടെ രചനാഭൂപടം - 2010), എം. ബി. മനോജ് (ആദർശം എഴുത്ത് അവസ്ഥ ദലിത് സാഹിത്യപഠനങ്ങൾ - 2008), ടി. കെ. അനിൽകുമാർ (മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം - 2005), കെ. കെ. എസ്. ദാസ് (ദലിത് പ്രത്യയശാസ്ത്രം ചരിത്രം സാഹിത്യം സൗന്ദര്യശാസ്ത്രം - 2011), പ്രദീപൻ പാമ്പിരികുന്ന് (ദലിത് സൗന്ദര്യശാസ്ത്രം 2011) മുതലായവരുടേതാണ് ഈ രംഗത്തെ മുഖ്യസംഭാവനകൾ.

▶ ദലിത് ചിന്തകർ

## ദലിത് സാഹിത്യവും രാഷ്ട്രീയവും

> ▶ പരമ്പരാഗതവും നിലനിൽക്കുന്നതുമായ സാഹിത്യം ദലിത് ജീവിതാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നില്ല

പരമ്പരാഗതവും നിലനിന്നുവന്നതുമായ സാഹിത്യം തങ്ങളുടെ ജീവിതാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നില്ല എന്ന ആഴത്തിലുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ദലിത് സാഹിത്യം രൂപംകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ വിവിധഭാഗങ്ങളിൽ ദലിത് സാഹിത്യപ്രസ്ഥാനം രൂപപ്പെടുന്നത്. ഏകീകൃതമായ പരിതസ്ഥിതിയുടെ ഉല്പന്നമായല്ല. വ്യത്യസ്തങ്ങളായ സന്ദർഭങ്ങൾ സൃഷ്ടിച്ച, എന്നാൽ ലക്ഷ്യത്തിൽ സമാനതകൾ പങ്കുവെക്കുന്ന മുന്നേറ്റങ്ങളായിരുന്നു അതിന് അടിസ്ഥാനം. പല കാലഘട്ടങ്ങളിലെ അനുഭവങ്ങൾ ചരിത്രപരമായി ഒരു ജനതയെ നിത്യദുരിതത്തിലും നിരാശയിലുമാക്കി എന്നതാണ് വാസ്തവം. ഇതിനെതിരേ സാഹിത്യത്തിലൂടെ പ്രതികരിക്കാൻ ഒരു കൂട്ടം എഴുത്തുകാർ മുന്നോട്ടു വന്നു. അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളെന്ന നിലയ്ക്ക് നൂറ്റാണ്ടുകളായി തുടരുന്ന അനുഭവമണ്ഡലങ്ങളുടെ പ്രകാശനം ആഖ്യാനത്തിൽ നവീനമായൊരു മാതൃക സൃഷ്ടിച്ചു. അനുഭവങ്ങളുടെ തീവ്രത കൊണ്ട് സമ്പന്നമായിരുന്നു ദലിത് സാഹിത്യം.

> ▶ ദലിത് സാഹിത്യത്തിന്റെ രൂപീകരണം

ജാതി അധികാരത്തിനുള്ളിൽ പ്രവർത്തിക്കുന്ന സമൂഹം എന്ന നിലയിൽ ഇന്ത്യയിലെ സവിശേഷമായ സാഹചര്യം ദലിത് സാഹിത്യം ഉടലെടുക്കുന്നതിന് പ്രത്യേക സന്ദർഭം ഒരുക്കി. ഗുജറാത്തിൽ 1950–80 കാലഘട്ടത്തിൽ നടന്ന സംഘർഷങ്ങൾ അക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്. ദലിതരിൽ രൂപപ്പെട്ട സർഗാത്മക പ്രവാഹത്തെ ജനങ്ങളിലെത്തിക്കുന്ന ചില പ്രസിദ്ധീകരണങ്ങൾ അക്കാലത്തുണ്ടായത് ഒരു പ്രസ്ഥാനമെന്ന നിലയ്ക്കുള്ള അതിന്റെ മുന്നേറ്റം വേഗത്തിലാക്കി. 1975-ലെ 'പാന്തർ ആകാശ്' എന്ന കവിതാമാസിക, കാലസൂരജ് (Black Sun) എന്നിവ ശ്രദ്ധേയമായ സാന്നിധ്യമായി മാറിയത് അക്കാലത്താണ്. കർണാടക ദലിത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് കന്നടയിൽ ദലിത് സാഹിത്യം രൂപപ്പെട്ടത്. പഞ്ചാബിൽ സാഹിത്യത്തിൽ നിലനിന്ന പ്രതിനിധാനപരമായ അഭാവം പുതിയ വഴികൾ തുറക്കുന്നതിനു പ്രേരണ നൽകി. തമിഴിൽ ആത്മബോധത്തോടെയും അഭിമാനത്തോടെയും ജീവിക്കുന്നതിനുള്ള അവകാശം വീണ്ടെടുക്കുന്നതിനുള്ള സർഗാത്മകമായ ശ്രമമായാണ് സാഹിത്യം നിർവചിക്കപ്പെടുന്നത്.

'അധീശവർഗത്തിന്റെ വീക്ഷണമായിരിക്കും എപ്പോഴും ആധിപത്യവീക്ഷണമായിരിക്കുക' എന്ന വസ്തുത സ്ഥാപിക്കുന്നതിൽ ദലിത് എഴുത്തുകാർ വിജയിച്ചിട്ടുണ്ട്. സമകാലികസാഹിത്യചരിത്രത്തിൽ മറ്റേത് എഴുത്തുകാരെക്കാളും സാഹിത്യപാഠം കേവലവ്യക്തിയുടെ ഉല്പന്നമല്ലെന്നും മറിച്ച് അത് സ്ഥാപനപരമായ രൂപപ്പെടലാണെന്നും (institutional framework) ഇവർ ഏകകണ്ഠമായി പ്രഖ്യാപിക്കുന്നു. സാഹിത്യത്തിന്റെ മുഖ്യധാരയിൽ ദലിത് അനുഭവങ്ങളെ ആവിഷ്കരിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങളിൽ നിന്നാണ് ദലിത് കൃതികൾ ഈ ആത്മാവബോധം നേടുന്നത്. അതുകൊണ്ടുതന്നെ വ്യവസ്ഥാപിത രീതികളുടെ പരിമിതികളെ വെളിപ്പെടുത്തുന്നതിലൂടെയാണ് ദലിത് എഴുത്തുകാർ തങ്ങളുടെ ശബ്ദം ജനങ്ങളിൽ എത്തിക്കാൻ ശ്രമിക്കുന്നത്''. ജാതിവിരുദ്ധസമരം, സാമൂഹികനീതിയുടെ സംരക്ഷ

ണം, സാമ്പത്തിക സമത്വത്തിനുവേണ്ടിയുള്ള പ്രക്ഷോഭം തുടങ്ങിയവ തമിഴിലെ ദലിത് സാഹിത്യത്തിന്റെ ഉത്ഭവത്തിനും വികാസത്തിനും ഊന്നൽ നൽകി. എങ്കിലും 1990-കൾക്ക് ശേഷമാണ് ദലിത് സാഹിത്യം തമിഴിൽ സജീവമാകുന്നത്. പാമയുടെ ആത്മകഥാപരമായ നോവൽ കുരുക്ക് (1992) ഈ ഘട്ടത്തിന്റെ നിർണായക പ്രാതിനിധ്യം ഉൾക്കൊള്ളുന്ന രചനയാണ്. തമിഴിൽ ഇമയം, ശിവകാമി, രാജ്ഗൗതമൻ, മാർക്സ്, രാജ്കുമാർ എൻ. ടി., രവികുമാർ, അഴഗിയ പെരിയവൻ തുടങ്ങി പ്രധാനപ്പെട്ട ദലിതെഴുത്തുകാരുടെ നിര വിസ്തൃതമാണ്. "ബ്രാഹ്മണവല്കരിച്ച് സാർവലൗകികസ്വഭാവമുള്ള സവർണരെഴുതിയ സാഹിത്യത്തിൽ നിന്നുള്ള വിമോചനമായിരുന്നു യഥാർഥ ദലിത് സാഹിത്യം'' എന്ന് പാമ ദലിത് സാഹിത്യത്തെ നിർവചിച്ചിരിക്കുന്നു. ഹിന്ദി സാഹിത്യത്തിൽ അറുപതുകളിൽ തന്നെ ദലിത് സാഹിത്യത്തിന്റെ ആദ്യകാല മാതൃകകൾ അവതരിപ്പിക്കപ്പെട്ടു. ഹിരാദോം, ബിഹാരിലാൽ ഹരിത് എന്നിവരാണ് ഹിന്ദി സാഹിത്യത്തിൽ ആദ്യമായി പരിഗണിക്കപ്പെടുന്ന ദലിത് സാഹിത്യകർത്താക്കൾ. 1990-കളിൽ ചെറിയ ഒരു കൂട്ടം എഴുത്തുകാരാൽ സ്ഥാപിക്കപ്പെട്ടതാണ് ദലിത് ലേഖക് സംഘം (DLS). വടക്കേയിന്ത്യയിലെ ദലിത് സംവാദങ്ങൾക്ക് അടിസ്ഥാനമായ ഒരു കേന്ദ്രം എന്ന നിലയിലായിരുന്നു ഇത് വിഭാവന ചെയ്യപ്പെട്ടത്. ആധുനികാനന്തര ചിന്തകൾ അരികുവൽകരിക്കപ്പെട്ട ജനതയുടെ രാഷ്ട്രീയം ചർച്ച ചെയ്യാൻ തുടങ്ങിയതോടെ ജ്ഞാനമേഖലയിൽ കീഴാള പഠനങ്ങൾ (subaltern studies)ക്ക് വലിയ പ്രസക്തി ലഭിച്ചു. അതു കാണാതെയും കേൾക്കാതെയുമിരുന്ന ശബ്ദങ്ങളെക്കുറിച്ചറിയാൻ അക്കാദമിക രംഗം തയ്യാറായി എന്നതും ഇവിടെ പ്രസക്തമാണ്.

- വ്യവസ്ഥാപിത രീതികളുടെ പരിമിതികളെ വെളിപ്പെടുത്തുന്നു

പരമ്പരാഗതസാഹിത്യം ദലിത് ജീവിതാവസ്ഥകളെ എപ്രകാരം അവതരിപ്പിച്ചു എന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. സവർണ എഴുത്തുകാർ തങ്ങളുടെ കൃതികളിൽ വികൃതരൂപികളായും വഞ്ചകരായും സാന്മാർഗികമൂല്യങ്ങളില്ലാതെ കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവരായും അമിതമായ ലൈംഗികാസക്തിയുള്ളവരായും, മോഷ്ടാക്കളായും പല നിലയിൽ അപരവത്ക്കരിച്ച് അവതരിപ്പിക്കുകയായിരുന്നു. ആരുടെ നോട്ടമാണെന്നും നോട്ടം ആരുടെ പക്ഷത്തുനിന്നുള്ളതാണെന്നും ചിന്തിക്കുന്നതിലൂടെ സാഹിതീയ പൊതുമണ്ഡലം പ്രശ്നവൽകരിക്കപ്പെടുന്നു.

- പരമ്പരാഗത സാഹിത്യത്തിലെ ദലിത് ജീവിതാവസ്ഥകൾ

## വിവിധ ദലിത് സംഘടനകൾ

### മാർക്സിസവും ദലിതരും

ദലിത്സാഹിത്യപ്രസ്ഥാനത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ വ്യത്യസ്തങ്ങളായ മൂന്നു ധാരകൾ നിലനിന്നിരുന്നതായി അർജുൺ ഡാംഗ്ലേ സൂചിപ്പിക്കുന്നു. അംബേദ്ക്കറിസവും മാർക്സിസവും തമ്മിൽ യോജിപ്പിക്കണമെന്ന് കരുതുന്നവരായിരുന്നു ആദ്യവിഭാഗം. രണ്ടാമത്തേതാകട്ടെ മാർക്സിസത്തിനു പുറത്ത് മറ്റൊരു ഇസത്തിനും പ്രസക്തിയില്ലെന്ന് കരുതുന്നവരായിരുന്നു. ദലിത് സാഹിത്യത്തിനു പരി ബൗദ്ധസാഹിത്യം രൂപപ്പെടുത്തണമെന്ന പക്ഷക്കാരായിരുന്നു മൂന്നാമത്തെ വിഭാഗം. ഇതിൽനിന്നെല്ലാം മാറി വർഗത്തിനും ജാതിക്കും എതിരെ ഒരുപോലെ പോരാടണമെന്ന ആശയഗതിക്കാണ് പിൽക്കാലത്ത് മേൽക്കൈ ലഭിച്ചതെന്ന് ചരിത്രം പറയുന്നു.

- ദലിത് സാഹിത്യ പ്രസ്ഥാനത്തിന്റെ വ്യത്യസ്തമായ ധാരകൾ

ജാതിവ്യവസ്ഥയുടെ സൂക്ഷ്മഘടകങ്ങളെ അപഗ്രഥിക്കുമ്പോൾ തൊഴിൽ വിഭജനത്തെ നിർണായകസ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ്, മാർക്സിയൻ രീതിശാസ്ത്രം ചെയ്യുന്നത്. ഉല്പാദന വിതരണ ബന്ധങ്ങളുടെ ചരിത്രപരിണാമങ്ങൾക്കിടയിൽ രൂപപ്പെട്ട സാമൂഹ്യ ക്രമമായി വിലയിരുത്തുന്ന ഈ രീതി, സാമൂഹ്യ അധീശത്വത്തിന്റെ വിഭിന്ന അടരുകളെ കാര്യമായിട്ടെടുക്കുന്നില്ല. പൂർവനിശ്ചിതമായ ഒരു വീക്ഷണത്തിന്റെ വികാസമാണ് പൊതുവെ ഈ വാദത്തിന്റെ അടിത്തറയായി നിലനിൽക്കുന്നത്. ഇന്ത്യൻ ഗ്രാമങ്ങളെ വിശകലനം ചെയ്യുമ്പോൾ, ചരിത്രത്തിൽ ഇന്നോളം തുടരുന്ന നിശ്ചലാവസ്ഥ മാർക്സിന്റെയും എംഗൽസിന്റെയും ശ്രദ്ധയിൽപ്പെടുന്നു. കൂടാതെ ജാത്യധികാരത്തിലൂടെ പരമ്പരാഗതമായി തുടരുന്ന തൊഴിൽഘടന, അതിലൂടെ ഉറപ്പിക്കപ്പെടുന്ന അധികാരം എന്നിവ പരാമർശിക്കപ്പെടുന്നു. ബ്രാഹ്മണ്യപൗരോഹിത്യവും രാജകീയഅധികാരങ്ങളും, നികുതി പോലുള്ള സാമ്പത്തികവിഭവങ്ങളിലൂടെ അവർ നടത്തുന്ന ചൂഷണവും വിവരിക്കപ്പെടുന്നു. തൊഴിൽഘടനയിൽ തുടരുന്ന ജാത്യധികാരത്തെ ചൂണ്ടിക്കാണിക്കുമ്പോൾ ഉന്നതജാതികളുടെ അധികാരത്തെ സവിശേഷമായി പ്രശ്നവത്ക്കരിക്കേണ്ടതുണ്ട്. ഇന്ത്യയിൽ സംസ്കാരിക പദവികളെ നിർണയിക്കുന്നതിൽ ജാതി പ്രധാന പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉന്നതജാതികളുടെ അധികാര കൈമാറ്റങ്ങളിൽ അടിസ്ഥാന ജനത വ്യാകുലപ്പെടാറില്ല. ജാതിപരമായ അധികാരം നിലനിൽക്കുന്നിടത്തോളം ഗ്രാമത്തിന്റെ ആഭ്യന്തര സാമ്പത്തിക ഘടന മാറ്റമില്ലാതെ തുടരുന്നു. ഈ വിശകലന രീതി ഉല്പാദന ഉപാധികളോടും, ഉല്പാദന വർഗത്തോടും ചേർന്നു നിൽക്കുന്നതാണ്. മാർക്സിസ്റ്റ് വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ ഈ നിലയിൽ ജാതിക്കുള്ളിൽ പ്രവർത്തിക്കുന്ന വർഗബന്ധത്തെ വിലയിരുത്താൻ കഴിയും.

▶ ജാത്യധികാരത്തിലൂടെ പരമ്പരാഗതമായി തുടരുന്ന തൊഴിൽഘടന

ജാതിരൂപീകരണത്തിന്റെ അടിത്തറയായി കണക്കാക്കപ്പെട്ടുവരുന്നത് തൊഴിൽരംഗവിഭജനമാണെങ്കിലും ജാതിയുടെ വിവക്ഷകൾ കേവലം സാമ്പത്തികം മാത്രമല്ല. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, രക്തബന്ധങ്ങൾ, വിവാഹബന്ധങ്ങൾ തുടങ്ങിയ മതപരവും നരവംശ ശാസ്ത്രപരവുമായ പ്രയോഗമേഖലകളിലൂടെ ദൃഢീകരിക്കപ്പെടുന്ന കർക്കശമായ പ്രത്യയശാസ്ത്ര സ്ഥാപനമാണ് ജാതി. സാംസ്കാരിക പദവിയെയും അധികാരത്തെയും നിർണയിക്കുന്നതിൽ അത് പ്രധാന പങ്കു വഹിക്കുന്നു. കാഞ്ച ഐലയ്യ ഇപ്രകാരം നിരീക്ഷിക്കുന്നു: "3000 വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽ തൊഴിലില്ലാത്ത ഏതാനും വിഭാഗങ്ങൾ ജാതിവ്യവസ്ഥ ആസൂത്രണം ചെയ്തു. ആ കാലഘട്ടത്തിലെ പുരോഹിതരും ഭരണാധികാരികളും അന്നുണ്ടായിരുന്ന തൊഴിൽ വിഭജനത്തെ ആധാരമാക്കി മനുഷ്യർക്ക് മുൻ നിശ്ചിതവും വിധിവിഹിതവുമായ ജീവിതാവസ്ഥയുണ്ടെന്ന് വിധിച്ചു. മനുവും കൗടില്യനും അത്തരം വിഭാഗങ്ങളെ ജാതികളായി വിഭജിച്ചു. അതോടെ മറ്റു സമൂഹങ്ങളിൽ നിന്നും വ്യത്യസ്തമായി ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ഒരുവ്യക്തിയുടെ ജനനം തന്നെ അയാളുടെ തൊഴിലേതെന്ന് നിർണയിക്കുന്ന അവസ്ഥ സംജാതമാക്കി.'' ഈ നിലയിൽ തൊഴിലിൽ നിന്ന് ജാതി, കുലമായും സമുദായമായും അധികാര നിർണയത്തിന്റെ അടിസ്ഥാന ഘടകമായും മാറുകയായിരുന്നു.

▶ ജാതിയും കുലവും അധികാരവും

ജാതിവ്യവസ്ഥയുടെ മറ്റൊരു സവിശേഷത അത് ആന്തരികമായി നിശ്ചലസ്വഭാവം പ്രകടിപ്പിക്കുന്നു എന്നതാണ്. ശ്രേണീബന്ധങ്ങളുടെ ക്രമം ഒരിക്കലും പരിണാമത്തിന് വിധേയമല്ലെന്നുള്ളതാണ് ഇതുവരെയുള്ള സാമൂഹികാനുഭവം. ഭൗതികവികാസങ്ങൾ ഓരോ വിഭാഗത്തെയും ചലനാത്മകമാക്കുമ്പോൾ ആത്മീയമായ നിശ്ചലസ്വഭാവം ജാതിവ്യവസ്ഥയുടെ സവിശേഷതയായി നിലനിൽക്കുന്നു. സുദൃഢമായ പ്രത്യയശാസ്ത്ര സ്ഥാപനമായി ജാതിവ്യവസ്ഥ തുടരുവാനുള്ള കാരണങ്ങളിലൊന്ന് ആന്തരികമായ ഈ നിശ്ചലാവസ്ഥയാണെന്ന് വ്യക്തം. വർഗസ്വഭാവത്തിൽ മാറ്റം വരുമ്പോഴും ജാതി അതേപടി നിലനിൽക്കുന്നു. സാമ്പത്തികമായി ഏറ്റിറക്കങ്ങൾ സംഭവിക്കുന്ന വിഭാഗങ്ങൾക്കിടയിൽ നിന്നും അപ്രത്യക്ഷമാവാത്ത ഒന്നായി 'ജാതി' ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ മാർക്സിസ്റ്റ് ചരിത്രകാരന്മാരും ബുദ്ധിജീവികളും ശ്രദ്ധിക്കാതെ പോയതും, പിൽക്കാലത്ത് ദലിത് പക്ഷം ഉയർത്തിയതും ഈ യാഥാർഥ്യത്തെയാണ്. സമാനതകൾ പങ്കുവെക്കുന്ന ആശയങ്ങളെന്ന നിലയ്ക്ക് അംബേദ്ക്കറിസവും മാർക്സിസവും തമ്മിൽ യോജിക്കേണ്ടത് അനിവാര്യതയാണെന്ന അഭിപ്രായം ദലിത് - പാന്തർ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെയുണ്ടായിരുന്നു. ദുരിതങ്ങളിൽ നിന്നും ചൂഷണത്തിൽ നിന്നുമുള്ള മനുഷ്യ സമൂഹത്തിന്റെ വിമോചനമാണ് ഈ രണ്ട് ദർശനങ്ങളുടെയും അടിസ്ഥാനതത്വം. എന്നാൽ രാജധാലെയെപ്പോലുള്ള എഴുത്തുകാർ ഈ നിലപാടിനെ തള്ളിക്കളയുന്നു. നമ്മൾ ദരിദ്രരായതുകൊണ്ടല്ല അസ്പൃശ്യരായിരിക്കുന്നതെന്നും നേരെമറിച്ച് അസ്പൃശ്യരായതുകൊണ്ടാണ് നമ്മൾ ദരിദ്രരായിരിക്കുന്നതെന്നും അദ്ദേഹം നിരീക്ഷിച്ചു. ദാരിദ്ര്യമാണ് അസ്പൃശ്യതയുടെ മൂലകാരണമെങ്കിൽ ഇന്ത്യയിലെ ദരിദ്രരെല്ലാം അസ്പൃശ്യരായിരിക്കണമല്ലോ എന്നായിരുന്നു അദ്ദേഹം ഉന്നയിച്ച വാദം. രാജാധാലയുടെ അഭിപ്രായത്തിൽ ഇന്ത്യയുടെ ചരിത്രത്തിലും ഹിന്ദുമതത്തിലുമാണ് അസ്പൃശ്യതയുടെ അടിസ്ഥാന കാരണം നാം തിരയേണ്ടത്. അല്ലാതെ വർത്തമാനകാല മുതലാളിത്തത്തിലല്ല. ഇന്ത്യയുടെ സാമൂഹിക സവിശേഷതകൾ പരിഗണിച്ച് നൽകുന്ന 'ഊന്നലു'കളിൽ പ്രകടമായ വൈരുധ്യമാണ് യഥാർത്ഥത്തിൽ മാർക്സിസവും അംബേദ്ക്കറിസവും തമ്മിൽ നിലനിൽക്കുന്ന വിഭിന്നതയ്ക്ക് അടിസ്ഥാനം. "ലെനിൻ ഇന്ത്യയിൽ ജനിച്ചിരുന്നെങ്കിൽ അദ്ദേഹം ആദ്യം ജാതിവിവേചനത്തെ നശിപ്പിക്കുവാൻ ശ്രമിക്കുമായിരുന്നുവെന്നും പിന്നീടേ ഒരു വിപ്ലവത്തെക്കുറിച്ച് ചിന്തിക്കാൻ കൂടി അദ്ദേഹത്തിനു കഴിയുമായിരുന്നു"എന്നു അംബേദ്ക്കർ നിരീക്ഷിച്ചിട്ടുള്ളത് ഇവിടെ പ്രസക്തമാണ്.

- ആന്തരികമായി നിശ്ചല സ്വഭാവം പ്രകടിപ്പിക്കുന്നു

സാമ്പത്തികസമത്വം സ്ഥാപിക്കുന്നതിലൂടെ ജാതി അപ്രത്യക്ഷമാവുമെന്നും അതുകൊണ്ട് ഒരു രാഷ്ട്രീയ വിപ്ലവത്തിന് (Political Revolution) തയ്യാറാവണമെന്നുമാണ് മാർക്സിസം ആവശ്യപ്പെട്ടത്. ഇന്ത്യയിലെ ജാതി വ്യവസ്ഥയെ സംബന്ധിച്ച് സാമ്പത്തികമല്ല പ്രധാന പ്രശ്നം. സാമൂഹികവും സാംസ്കാരികവുമായ പദവി (cultural capital)യെ നിർണയിക്കുന്നതിൽ ജാതി പ്രധാന ഘടകമായി പ്രവർത്തിക്കുന്നു എന്നതാണ്. ആ നിലയിൽ അധികാര സ്ഥാനങ്ങളെല്ലാം ജാതിശ്രേണിയാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു.

- സാമ്പത്തിക സമത്വവും ജാതിയും

ഇന്ത്യയിലെ മാർക്സിസ്റ്റ് വ്യാഖ്യാതാക്കളും നേതാക്കളും ഭൂരിപക്ഷ

വും സവർണരായിരുന്നുവെന്നത് യാഥാർഥ്യമാണ്. ദലിത് അനുഭവപരിസരം അവർക്ക് അന്യമായതിനാൽ അവർ രൂപപ്പെടുത്തിയ നയങ്ങളിലും അവർ ജീവിച്ച സമൂഹത്തിലെ അധീശത്ത രാഷ്ട്രീയത്തിന്റെ അംശങ്ങൾ പ്രകടമാണ്. അവരുടെ ജീവിത സംവാദ പരിതസ്ഥിതികൾ ജാതിവ്യവസ്ഥയുടെ അഭിജാതമായ ഔദാര്യങ്ങൾ സ്വീകരിച്ചുകൊണ്ടാണല്ലോ മുന്നേറിയിരുന്നത്. തീവ്രമായ സാമൂഹിക തിരസ്കാരങ്ങൾ നേരിടേണ്ടി വന്നിട്ടില്ലാത്തവർ രൂപപ്പെടുത്തുന്ന ആശയ മണ്ഡലങ്ങൾ, അവരവരുടെ സാംസ്കാരിക അധീശത്വം സുരക്ഷിതമാക്കുവാൻ ശ്രമിക്കുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ആ നിലയിൽ ഇന്ത്യൻ മാർക്സിസം സവർണ അഭിരുചികളിലും ബ്രാഹ്മണിക് താർക്കിക വിചാരങ്ങളിലും നിന്നുകൊണ്ടാണ് ജാതിവ്യവസ്ഥയെ വ്യാഖ്യാനിക്കാൻ ശ്രമിച്ചത്. സാമ്പത്തികമായ ഉന്നമനം സാധ്യമാകുന്നതിലൂടെ ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാകുമെന്ന് ഒരു പരിധിവരെ ഇന്ത്യയിലെത്തിയ മാർക്സിസ്റ്റ് ചിന്തകരും വിശ്വസിച്ചിരുന്നു.

▶ ഇന്ത്യൻ മാർക്സിസവും ജാതി സമൂഹവും

മാർക്സിയൻ സാമൂഹിക വിശകലന രീതിയുടെ പരിമിതി 1936-ൽ ജനത (Janata)യിലെഴുതിയ ലേഖനത്തിൽ അംബേദ്കർ ചൂണ്ടിക്കാണിച്ചിരുന്നു. അടിത്തറ/മേൽപ്പുര (base and superstructure) സിദ്ധാന്തത്തെ ഈ ലേഖനത്തിൽ അദ്ദേഹം വിമർശിക്കുന്നത്, അസമത്വപൂർണമായ സാമ്പത്തിക വ്യവസ്ഥയെന്ന അടിത്തറയെ മാറ്റിത്തീർക്കാൻ മതപരവും സാമൂഹികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ ആദ്യം തകർക്കപ്പെടണമെന്ന വാദം മുന്നോട്ടുവച്ചുകൊണ്ടാണ്. ഇന്ത്യൻ വിപ്ലവത്തിന്റെ പ്രഥമഘട്ടം ജാതിവിഭജനവും അയിത്തവും ഇല്ലാതാക്കുക എന്നതാണെന്നും സോഷ്യലിസ്റ്റുകൾ പറയുന്ന കുറുക്കുവഴികൾ ഈ ലക്ഷ്യം നേടുന്നതിന് അപര്യാപ്തമാണെന്നും അംബേദ്ക്കർ പറയുന്നു.

'ബുദ്ധനോ കാറൽ മാർക്സോ' എന്ന അംബേദ്ക്കറുടെ പ്രബന്ധം മാർക്സിസത്തിന്റെ താത്വികവും പ്രായോഗികവുമായ ചിന്താപദ്ധതികളെ ഇഴകീറി പരിശോധിക്കുന്നുണ്ട്. ബുദ്ധിസവും മാർക്സിസവും സമാനമെന്ന് തോന്നാമെങ്കിലും മൂല്യങ്ങളിലും മാർഗങ്ങളിലും ഇവ വിരുദ്ധ ധ്രുവങ്ങളിലാണ് നിൽക്കുന്നത്. "ലക്ഷ്യം നേടുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റുകൾ സ്വീകരിക്കുന്ന മാർഗം, മറ്റു പല വിലയേറിയ ലക്ഷ്യങ്ങളെയും നശിപ്പിക്കുമെന്ന്'' അംബേദ്ക്കർ പറയുന്നു. കൂടാതെ ഭരണകൂടത്തിന്റെ 'അന്തർദ്ധാനം', 'സർവാധിപത്യം' തുടങ്ങിയ പരികല്പനകളെ വിമർശനവിധേയമാക്കുന്നുമുണ്ട് അദ്ദേഹം. മനുഷ്യരാശിക്ക് സാമ്പത്തിക മൂല്യങ്ങൾ മാത്രമല്ല വേണ്ടതെന്നും ആത്മീയ മൂല്യങ്ങളും പ്രധാനമാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. തന്റെ പ്രബന്ധം അംബേദ്ക്കർ അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. "സമത്വം സ്ഥാപിക്കുന്നതിനു വേണ്ടി സാഹോദര്യമോ സ്വാതന്ത്ര്യമോ ബലി കഴിക്കാൻ സമൂഹത്തിന് ഒരിക്കലും സാധ്യമല്ല. സാഹോദര്യവും സ്വാതന്ത്ര്യവുമില്ലെങ്കിൽ സമത്വത്തിന് ഒരു വിലയുമില്ല. ബുദ്ധന്റെ മാർഗം പിന്തുടർന്നാൽ മാത്രമേ മൂന്നിനും സഹവർത്തിക്കുവാൻ കഴിയുകയുള്ളൂവെന്ന് തോന്നുന്നു. കമ്മ്യൂണിസത്തിന് ഒന്നു നൽകാൻ കഴിയും; എല്ലാം നൽകാനാവില്ല''.

▶ അടിത്തറ/മേൽപ്പുര (base and superstructure) സിദ്ധാന്തത്തിന്റെ വിമർശനം

മാർക്സിസവും അംബേദ്ക്കറിസവും വ്യത്യസ്തങ്ങളായ ലോകാനുഭവങ്ങളിൽ നിന്ന് രൂപപ്പെട്ട ജ്ഞാനശാസ്ത്രങ്ങളാണ്. മാർക്സ്

തത്വചിന്തയിൽ നിന്ന് ആരംഭിച്ച് തൊഴിലാളി വർഗത്തിന്റെ വർഗബോധത്തെ സൂഷ്മമമായി വിശകലനം ചെയ്യുകയായിരുന്നു. അംബേദ്ക്കർ അദ്ദേഹത്തിന്റെ അനുഭവങ്ങളിലൂടെ രൂപം കൊണ്ട തൊട്ടുകൂടാത്തവന്റെ ബോധത്തിൽ നിന്നാണ് തന്റെ ആശയലോകത്തെ വികസിപ്പിച്ചത്. മാർക്സ് തൊഴിലാളി എന്ന പൊതുപദത്തെ വിശകലനം ചെയ്യുകയായിരുന്നെങ്കിൽ, അംബേദ്കർ ഇന്ത്യയുടെ സവിശേഷ സാഹചര്യത്തിൽ നിന്നുകൊണ്ട് തൊഴിലിനുള്ളിൽ പ്രവർത്തിക്കുന്ന ജാതിയെ സൂക്ഷ്മമായി പ്രശ്നവല്കരിക്കുകയായിരുന്നു. മാർക്സ് ലോക ജനതയെ ആകമാനമാണ് കണ്ടത്; അംബേദ്കർ ഇന്ത്യൻ സാഹചര്യത്തെയും എന്നതാണതിന്റെ അടിസ്ഥാന പ്രശ്നം.

- മാർക്സിസവും അംബേദ്ക്കറിസവും

സമഭാവന പുലർത്തുന്ന ആശയങ്ങളെന്ന പ്രതിഛായ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും മാർക്സിസവും അംബേദ്ക്കറിസവും വിരുദ്ധധ്രുവങ്ങളിലാണ് നിൽക്കുന്നത്. മനുഷ്യവർഗത്തിന്റെ പൊതുതാൽപര്യങ്ങളിൽ അധിഷ്ഠിതമായ ഒരു മാറ്റം ഉണ്ടാക്കാൻ തൊഴിലാളി വർഗത്തിന് ആവശ്യമായ ആയുധങ്ങളും തന്ത്രങ്ങളും മെനയുകയായിരുന്നു മാർക്സിസം. ദുർഘടമായ രാഷ്ട്രീയത്തിലൂടെ തന്റെ പാത ആസൂത്രണം ചെയ്യുകയും ദലിതർക്കുവേണ്ടി പരമാവധി നേട്ടങ്ങൾ കുറച്ചുസമയം കൊണ്ട് നേടിയെടുക്കുകയും ചെയ്യുന്നതിനെപ്പറ്റി അംബേദ്ക്കർ എപ്പോഴും ഉത്കണ്ഠാകുലനായിരുന്നു ( ഒ. കെ.സന്തോഷ്, 2010, 73)

## പുരോഗമന സാഹിത്യ പ്രസ്ഥാനവും ദലിത് ജനതയും

സാമൂഹ്യപുരോഗതിയ്ക്കുവേണ്ടി ബോധപൂർവം സാഹിത്യരചന നടത്തുന്നവരുടെ പ്രസ്ഥാനമാണ് പുരോഗമനസാഹിത്യപ്രസ്ഥാനം. 1934-ൽ റോമിളോത്ത്, ഹെൻറി ബാർബൂസ്സേ, ലൂയി ആരഗൻ തുടങ്ങിയ വിശ്വസാഹിത്യകാരൻമാരുടെ നേതൃത്വത്തിൽ പാരീസിൽ വച്ചു നടന്ന സാഹിത്യസമ്മേളനമാണ് ഈ പുതിയ പ്രസ്ഥാനത്തിനടിത്തറയിട്ടത്. ആ സമ്മേളനത്തിൽ പങ്കെടുത്ത സജ്ജാദ് സഹീറിന്റെയും സാമ്രാജ്യവിരോധികളായ മറ്റു ചില ഇന്ത്യൻ സാഹിത്യകാരൻമാരുടെയും പരിശ്രമഫലമായി 1935-ൽ ലക്നൗവിൽ വച്ചു ഹിന്ദി സാഹിത്യസാമ്രാട്ടായിരുന്ന ശ്രീ. പ്രേംചന്ദിന്റെ അധ്യക്ഷതയിൽ ഒരു അഖിലേന്ത്യാ പുരോഗമന സാഹിത്യസമ്മേളനം ചേർന്നു. ആ സമ്മേളനത്തിൽ നിന്നു ടലെടുത്ത അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘടനയുടെ കേരളശാഖ 1937-ൽ ജീവൽസാഹിത്യസംഘമെന്നപേരിൽ ജന്മമെടുത്തു. 1942-നുശേഷം അത് പുരോഗമന സാഹിത്യസംഘമെന്ന പേരിലാണറിയപ്പെടുന്നത്. വ്യക്തമായ ചില സാമൂഹ്യാവശ്യങ്ങൾ നിർവഹിക്കാൻ വേണ്ടിയാണ് പുരോഗമന സാഹിത്യപ്രസ്ഥാനം ആവിർഭവിച്ചത്.

- പുരോഗമന സാഹിത്യസംഘത്തിന്റെ രൂപീകരണ ചരിത്രം

സാമൂഹികമായ നവോത്ഥാനവും സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരവുമാണ് കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്. എങ്കിലും അതിന്റെ രൂപീകരണപശ്ചാത്തലത്തിന് അനവധി മുഖങ്ങളുണ്ടായിരുന്നു. 1929-33-ലെ സാമ്പത്തികക്കുഴപ്പവും അതിനെതുടർന്ന് സാമ്പത്തിക-സാമൂഹ്യ- രാഷ്ട്രീയ രംഗങ്ങളിലുണ്ടായ സംഭവവികാസങ്ങളും മനുഷ്യന്റെ ഭൗതികജീവിതത്തിലെന്നപോലെ മാനസിക മണ്ഡലത്തിലും ചില വമ്പിച്ച പരിവർത്തനങ്ങളുണ്ടാക്കി. സാമൂഹ്യജീവിത

ത്തിലെ സംഘട്ടനങ്ങൾ മാനസികമണ്ഡലത്തിലും പ്രതിഫലിച്ചു. ഒരുഭാഗത്ത്, കാലഹരണം വന്ന സാമ്രാജ്യത്വശക്തികളുടെ ചൂഷണത്തേയും യുദ്ധപരിശ്രമങ്ങളേയും ന്യായീകരിക്കാനും നിലനിർത്താനും വേണ്ടിയുള്ള അധഃപതനോന്മുഖമായ സാഹിത്യ സാംസ്കാരികപ്രവർത്തനങ്ങൾ; മറുഭാഗത്ത്, ജനങ്ങളുടെ ഭാഗത്തുറച്ചുനിന്നുകൊണ്ടു സാംസ്കാരിക മൂല്യങ്ങൾക്കുനേർക്കുള്ള ആക്രമണങ്ങളെ തടയുവാനും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും ശക്തികളെ വളർത്താനും വേണ്ടിയുള്ള പുതിയ സാഹിത്യസാംസ്കാരിക പ്രയത്നങ്ങൾ രണ്ടാമത്തേതിന്റെ പ്രതിനിധികളാണ് പുരോഗമന സാഹിത്യകാരൻമാർ. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ നിലപാടും ദലിത് സാഹിത്യ പ്രസ്ഥാനത്തിന്റെ നിലപാടും ചരിത്രം, സാമൂഹ്യം, ദർശനം, സാംസ്കാരിക, പ്രകടന സ്വഭാവം എന്നിവയിലൊക്കെത്തന്നെ വ്യക്തമായ വ്യത്യാസമുണ്ട്. പോൾ ചിറക്കരോടിനെ പോലുള്ള ദലിത് എഴുത്തുകാർ എൺപതുകളിൽ തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

> ▶ സാമൂഹികമായ നവോത്ഥാനവും സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരവും

കേരളത്തിൽ തൊഴിലാളിപ്രസ്ഥാനവും കർഷകപ്രസ്ഥാനവും വളരാൻ തുടങ്ങിയതോടുകൂടി സാർവദേശീയ സോഷ്യലിസത്തിന്റെ സ്വാധീനശക്തിയും മെല്ലെ പടർന്നുപിടിക്കാൻ തുടങ്ങി. ആ ഘട്ടത്തിലാണ്, സാമ്രാജ്യത്വവിരോധികളും വളർന്നുവരുന്ന ബഹുജനപ്രസ്ഥാനങ്ങളുടെ നേതാക്കൻമാരുമായ ചില ചെറുപ്പക്കാരായ എഴുത്തുകാർ സോഷ്യലിസമെന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് തൊഴിലാളി – കർഷക പ്രക്ഷോഭങ്ങൾക്ക് പ്രചോദനം നൽകാനുതകുന്ന കവിതകളും കഥകളും നാടകങ്ങളുമായി മുന്നോട്ടു വന്നത്. കലാപരമായ വൈദഗ്ധ്യവും പരിപക്വതയും നേടിക്കഴിഞ്ഞവരായിരുന്നില്ല അവരിൽ പലരും. എങ്കിലും അവരുടെ കൃതികളിൽ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ചില അംശങ്ങൾ അടങ്ങിയിരുന്നു. അവരുടെ നേതൃത്വത്തിലാണ് 1937–ൽ ജീവൽ സാഹിത്യപ്രസ്ഥാനമാരംഭിച്ചത്.

> ▶ ജീവൽ സാഹിത്യത്തിന്റെ ആവിർഭാവം

അതേസമയത്തുതന്നെ നിലവിലുള്ള സാമൂഹികാവസ്ഥയുടെ ദോഷങ്ങളും വൈകൃതങ്ങളും തുറന്നുകാണിക്കുന്ന എഴുത്തുകാരുടെ എണ്ണവും കൂടിവന്നു. അയിത്തം, ജാതിമേധാവിത്വം മുതലായവയ്ക്കെതിരായി, സാമൂഹ്യസമത്വത്തിനു വേണ്ടി രചന നടത്തിയ മറ്റു ചില എഴുത്തുകാരുമുണ്ടായിരുന്നു. അവരുടെ കൃതികൾ പലതിലും ക്രിട്ടിക്കൽ റിയലിസമാണ് അടങ്ങിയിരുന്നത്. ഇതെല്ലാം കൂടിയാണ് പുരോഗമന സാഹിത്യപ്രസ്ഥാനമായി വളർന്നത്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഭാഗമായ എഴുത്തുകാർ ദലിത് ജീവിതങ്ങൾക്ക് ദൃശ്യത നൽകിയെങ്കിലും അവരെ ദലിത് സാഹിത്യകാരന്മാർ എന്ന രാഷ്ട്രീയ ലേബലിൽ ഉൾപ്പെടുത്താൻ കഴിയില്ല. അടിസ്ഥാന വർഗത്തിന്റെ പ്രശ്നങ്ങൾക്ക് ഭിന്നമുഖങ്ങളും തലങ്ങളുമുണ്ടെന്നും അത് സാമൂഹികവും സാംസ്കാരികവുമായി ശ്രേണികളാൽ വേർതിരിക്കപ്പെട്ടതാണെന്നുമുള്ള തിരിച്ചറിവ് ദലിത് സാഹിത്യം മുന്നോട്ടു വയ്ക്കുന്നുണ്ട്. മാനവികത എന്ന പൊതു കാഴ്ചയല്ല, സവിശേഷമായ നോട്ടമാണ് ദലിത് സിദ്ധാന്തങ്ങൾ ആവശ്യപ്പെടുന്നത്. ഈ സവിശേഷമായ നോട്ടത്തെ എങ്ങനെ വ്യാഖ്യാനിച്ചു എന്നതാണ് പ്രശ്നം. മുകളിൽ നിന്ന് താഴേയ്ക്കുള്ള കേവല കാഴ്ചകളല്ല, താഴെ നിന്ന് ഒപ്പം നിൽക്കുന്നവരിലേയ്ക്കുള്ള നോട്ടമാണ് പ്രധാനം. ദലിത് എഴുത്തുകാരുടെ കാഴ്ച എന്നത് തങ്ങളിടങ്ങളിൽ നിന്ന് തങ്ങളിടങ്ങളിലേയ്ക്കുള്ള നോട്ട

> ▶ ദലിത് വീക്ഷണം

മാണ്. വിഷയവും വിഷയിയും അവിടെ രണ്ടല്ല എന്നതാണ് പ്രധാനം.

കേരളത്തിലെ ദലിത്പക്ഷചിന്തകൾക്ക് ഒരു പരിധിവരെ ഇവിടെ പ്രചരിച്ച മാർക്സിസവുമായി ബന്ധമുണ്ടായിരുന്നു. അത് കേവലം ഉപരിതലത്തിൽ മാത്രമുള്ള ബന്ധമായിരുന്നെങ്കിൽ പോലും ആദ്യകാല ദലിത് ബുദ്ധിജീവികളിൽ വലിയൊരു വിഭാഗം തീവ്ര ഇടതുപക്ഷ മനോഭാവത്തോടെ ചേർന്ന് നിന്നിരുന്നു എന്നത് യാഥാർഥ്യമാണ്. എന്നാൽ തങ്ങളുടെ ചുറ്റുപാടുകളെ വ്യാഖ്യാനിക്കുന്നതിൽ യാന്ത്രികമായ മാർക്സിസം അപര്യാപ്തമാണെന്ന് തിരിച്ചറിയുന്നതോടെയാണ് ഇവരിൽ ബൗദ്ധികസംഘർഷങ്ങൾ ആരംഭിക്കുന്നത്.

▶ യാന്ത്രികമായ മാർക്സിസം അപര്യാപ്തമാണെന്ന് തിരിച്ചറിവ്

കേരളത്തിലെ ദലിത് സംവാദങ്ങൾ എഴുപതുകളിൽ തന്നെ പേരിനെക്കുറിച്ചുള്ള തർക്കത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിലും വർഗവിശകലനത്തിന്റെ അടിത്തറയിലായിരുന്നു അത് വികസിച്ചത്. ആത്മാഭിമാനവും മൗലികമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ആഗ്രഹങ്ങളുമായിരുന്നു ഈ ശ്രമങ്ങൾക്ക് പിന്നിൽ. നിരവധി ചെറുഗ്രൂപ്പുകൾ ഈ പ്രശ്നത്തിൽ പങ്കുചേർന്നു. ദലിത്-പിന്നാക്കവിഭാഗങ്ങളുടെ ഭൗതികാവശ്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതിൽ ഇടതുപക്ഷവും പരാജയപ്പെടുകയായിരുന്നു എന്നവർ വിശ്വസിച്ചു. സ്വന്തം ആവശ്യങ്ങൾ അധികാരികളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ദലിതർക്കിടയിൽ നിന്ന് ആരുമുണ്ടായിരുന്നില്ലെന്ന് ഭൂപരിഷ്ക്കരണത്തെക്കുറിച്ചുള്ള ചർച്ചയിൽ കെ. ആർ. ഗൗരിയമ്മ ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. അധികാരരംഗത്ത് തങ്ങളുടെ ദൃശ്യതയും പ്രാതിനിധ്യവും രൂപപ്പെടേണ്ടതുണ്ടെന്ന ചിന്ത ദലിത് ജനതയെ മുന്നോട്ടു നയിക്കുന്നതിന് പ്രേരിപ്പിച്ചു. അത്തരം ചിന്തകൾ നിർണായകമായ രാഷ്ട്രീയ ബോധത്തിലേക്ക് അവരെക്കൊണ്ട് എത്തിച്ചു.

▶ അധികാരരംഗത്തെ ദൃശ്യതയും പ്രാതിനിധ്യവും

കേരളത്തിലെ അവർണ സമുദായങ്ങൾ, പ്രത്യേകിച്ച് ഈഴവർ, നാടാർ, പുലയർ എന്നീ സമുദായങ്ങൾ ശൂദ്രരെക്കാൾ മുൻപേ സംഘടിക്കാനും ജാതിഹിന്ദുക്കളുമായി സംഘർഷത്തിലേർപ്പെടാനും തയ്യാറായി എന്നത് ചരിത്ര യാഥാർഥ്യമാണ്. അയിത്തത്തിന്റെ ഏറ്റവും ക്രൂരമുഖങ്ങൾ അനുഭവിച്ചവരായിരുന്നു സംഘടിക്കാൻ തയ്യാറായത്. സംഘടിച്ചതിലൂടെ അവർ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുകയായിരുന്നു. സാധുജനപരിപാലനസംഘവും അയ്യൻകാളിയും, പ്രത്യക്ഷരക്ഷാദൈവസഭപോലുള്ള അവർണ ആത്മീയ പ്രസ്ഥാനങ്ങളും കേരള നവോത്ഥാനത്തിൽ കാതലായ സ്വാധീനം ചെലുത്തി എങ്കിലും പിൽക്കാലത്ത് അവയ്ക്ക് വേണ്ട നിലയിൽ വളരാൻ കഴിഞ്ഞില്ല എന്നതും യാഥാർഥ്യമാണ്. ആയിരത്തിതൊള്ളായിരത്തിനാൽപ്പതുകൾ വിശ്വമാനവികതയെ ഉയർത്തിപ്പിടിച്ചപ്പോൾ സവർണജാതി ചരിത്രം മനുഷ്യരായി പോലും പരിഗണിക്കാതെ പോയ ദലിത് ജനതയുടെ യഥാർഥ പ്രശ്നങ്ങളെ ഒരർഥത്തിൽ മറച്ചുപിടിയ്ക്കുകയായിരുന്നു. സണ്ണി എം. കപിക്കാട് ഇപ്രകാരം നിരീക്ഷിക്കുന്നു: "ആധുനിക യുക്തിയിലേക്ക് പ്രവേശിച്ച കേരളീയ സമൂഹം ദലിതരുടെ മുഴുവൻ ഉപാധികളെയും നിർവീര്യമാക്കിക്കൊണ്ടിരുന്നു. ദലിതരുടെ സാമൂഹിക സാംസ്കാരിക ഉപാധികളെ അപരിഷ്കൃതമെന്ന് മുദ്രകുത്തിക്കൊണ്ടുള്ള ഈ ആക്രമണം ആധുനിക സമൂഹത്തിൽ ദലിതർക്ക് കർതൃത്വ പദവി നിഷേധിച്ച് അദൃശ്യവല്കരിക്കുന്നതിന്

▶ സംഘടിച്ചതിലൂടെയാണ് അവകാശങ്ങൾ ദലിതർ നേടിയെടുത്തത്

ഇടയാക്കി. സ്വന്തം ഉപാധികൾ ഭാരമായിത്തീരുന്ന ഒരു ജനതയുടെ സ്വത്വനഷ്ടമാണ് ഇതിന്റെ ഫലം''.

# വിശദപഠനം

## 1. തോട്ടിയുടെ മകൻ

### തകഴി ശിവശങ്കരപ്പിള്ള

ആയിരത്തിത്തൊള്ളായിരത്തി നാൽപ്പതിനും അമ്പതിനും ഇടയ്ക്കുള്ള ദശകം കേരളീയ ജീവിതത്തിലും മലയാള സാഹിത്യത്തിലും മാറ്റങ്ങൾ കുറിച്ചു. ഇതിനു വഴിയൊരുക്കിയത് നമ്മുടെ നവോത്ഥാനകഥാകൃത്തുക്കളാണ്. മലയാള സാഹിത്യത്തിലെ റിയലിസ്റ്റിക് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്ന എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള. കുട്ടനാടിന്റെ ഇതിഹാസകാരൻ, കേരളത്തിലെ മോപ്പസാങ് എന്നും അദ്ദേഹം അറിയപ്പെട്ടു. നോവൽ, ചെറുകഥ എന്നീ ശാഖകളിൽ വ്യക്തിമുദ്രപതിപ്പിച്ച അദ്ദേഹത്തിന്റെ ഭാഷ തകഴിയിലെയും കുട്ടനാട്ടിലെയും സാധാരണക്കാരന്റെ ഭാഷയായിരുന്നു. സാമൂഹിക പരിവർത്തനം എഴുത്തിലൂടെ ലക്ഷ്യമാക്കിയ അദ്ദേഹത്തിന്റെ നോവലുകളിൽ വ്യക്തിയെക്കാൾ സമൂഹചിത്രമാണ് പ്രതിഫലിക്കുന്നത്. 1984-ൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച അദ്ദേഹത്തിന്റെ ആദ്യ നോവൽ 'ത്യാഗത്തിന്റെ പ്രതിഫലം' ആയിരുന്നു. തുടർന്ന് കയർ, ചെമ്മീൻ, ഏണിപ്പടികൾ, തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി നിരവധി നോവലുകളും സാധുക്കൾ, വെള്ളപ്പൊക്കത്തിൽ തുടങ്ങി അനേകം കഥകളും രചിച്ചിട്ടുണ്ട്. 'ഓർമ്മയുടെ തീരങ്ങളിൽ' എന്ന ആത്മകഥയും അദ്ദേഹത്തിന്റേതായിട്ടുണ്ട്. തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥ മലയാളത്തിലെ എക്കാലത്തെയും മികച്ച കഥകളിലൊന്നായി പരിഗണിക്കുന്നു. പുരോഗമനസാഹിത്യപ്രസ്ഥാനം ഉണ്ടാകുന്നതിനു മുമ്പു തന്നെ തകഴി അവശജനങ്ങളുടെ കഥകൾ എഴുതിത്തുടങ്ങിയിരുന്നു. ഈ പ്രസ്ഥാനം ശക്തിപ്രാപിച്ചപ്പോൾ സാമൂഹ്യ പ്രശ്നങ്ങളും പാവപ്പെട്ടവരുടെ പ്രശ്നങ്ങളും കടന്നു വന്നു. ചിന്താരീതിയിലും രചനാതന്ത്രങ്ങളിലും മാറ്റങ്ങൾ ഉണ്ടായി. അമാന്യങ്ങളെന്നു കരുതിയിരുന്ന വിഷയങ്ങളെക്കുറിച്ചും അധഃസ്ഥിത വർഗത്തെക്കുറിച്ചും എഴുതാൻ അദ്ദേഹം ധൈര്യപ്പെട്ടു.

സോഷ്യലിസ്റ്റ് ആശയങ്ങളോടുള്ള ആകർഷണവും തൊഴിലാളി കർഷക സംഘടനാ പ്രവർത്തനങ്ങളുമായുള്ള ബന്ധവും തകഴിയുടെ ആശയലോകത്തെ രൂപപ്പെടുത്തിയ ഘടകങ്ങളാണ്. സമൂഹത്തിലെ അടിത്തട്ടിലുള്ളവരുടെ ദുരിത പൂർണമായ ജീവിത യാഥാർഥ്യങ്ങളെ യഥാതഥമായി ആവിഷ്ക്കരിച്ച അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ വർഗപ്രാതിനിധ്യസ്വഭാവത്തോടു കൂടിയവയായിരുന്നു. യാതനാപൂർണമായ സാമൂഹിക യാഥാർഥ്യങ്ങൾ അതേ രൂപത്തിൽ ആവിഷ്ക്കരിക്കുവാനും അതേസമയം മനോവികാരങ്ങളുടെ സൂക്ഷ്മാപഗ്രഥനം നടത്തുവാനും തകഴിക്കു കഴിഞ്ഞു. തകഴിയുടെ പ്രതിഭരൂപപ്പെടുത്തിയെടുക്കുന്നതിൽ കേസരി ബാലകൃഷ്ണപിള്ളയുടെ പങ്ക് വളരെ വലുതായിരുന്നു. കേസരി ബാലകൃഷ്ണപിള്ളയുമായുള്ള ബന്ധം യൂറോ

പ്യൻ സാഹിത്യവുമായി വിപുലമായ സമ്പർക്കം നേടാൻ സഹായിച്ചു. ബൽസാക്ക്, മോപ്പസാങ് തുടങ്ങിയ ഫ്രഞ്ച് എഴുത്തുകാരിലേക്ക് തകഴിയുടെ ശ്രദ്ധതിരിച്ചുവിട്ടതും കേസരിയാണ്.

തകഴിയുടെ നോവലുകളിൽ തോട്ടിയുടെ മകന് ചില സവിശേഷതകൾ ഉണ്ട്. കേരളീയ സാമൂഹിക ജീവിതത്തിന്റെ കാലപ്പകർച്ചയുടെ ഒരു ചിത്രം ഈ നോവലിൽ പ്രകടമാണ്. അപമാനത്തിന്റെ ആഴങ്ങളിൽ നിന്ന് പ്രതിഷേധത്തിലേക്ക് കുതിക്കുന്ന ഒരു വർഗത്തെയാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. രാഷ്ട്രീയവും സാമൂഹ്യവും ധാർമികവുമായ മുഖങ്ങളുള്ള നോവലാണിത്. തോട്ടികളുടെ ജീവിതത്തിലെ ജുഗുപ്സാവഹമായ മാലിന്യത്തെയും അടിമത്തത്തെയും നിസഹായതയെയുമാണ് ഇതിൽ വിവരിക്കുന്നത്. ലൈംഗികതയ്ക്ക് പ്രാധാന്യം കൊടുക്കാത്ത നോവലാണിത്. ജോസഫ് മുണ്ടശേരിയുടെ രൂപഭദ്രതാവാദം ഉടലെടുക്കാൻ ഇടയാക്കിയ നോവലാണ്. മുൽക്‌രാജ് ആനന്ദിന്റെ 'ദി അൺടച്ചബിൾ' (തൊട്ടുകൂടാത്തവൻ) എന്ന കൃതിക്ക് സമാനമാണിത്. മുണ്ടശ്ശേരിയുടെ അഭിപ്രായത്തിൽ മുൽക് രാജ് ആനന്ദിന്റെ കൃതിയെക്കാൾ ശ്രേഷ്ഠം തകഴിയുടെ തോട്ടിയുടെ മകനാണ്. തോട്ടിയുടെ മകൻ എഴുതുന്നതിനു പത്തു വർഷം മുൻപ് ഇറങ്ങിയ അൺടച്ചബിൾ എന്ന കൃതി തകഴിയെ ഏറെ സ്വാധീനിച്ചിട്ടുള്ളതായി മുണ്ടശ്ശേരി രേഖപ്പെടുത്തുന്നു. വടക്കേ ഇന്ത്യയിലെ അയിത്തജാതിക്കാരന്റെ നില ഇവടുത്തേതിലും ദയനീയമാണ്, അൺടച്ചബിൾ എന്ന നോവലിലെ പ്രധാന കഥാപാത്രമായ ബഖാ ഉത്സാഹിയായ ഒരു തോട്ടി ചെറുക്കനാണ്. നോവലിലെ ആരംഭത്തിൽ തന്നെ തോട്ടിക്കോളനിയെക്കുറിച്ച് മുൽക്ക് രാജ് ആനന്ദിന്റെ ഒരു വർണ്ണനയുണ്ട് ഇരുളിൽ മുങ്ങി, മഴയിൽ കുതിർന്ന്, കുനിഞ്ഞു കുത്തി നില്ക്കുന്ന ശുചിത്വശൂന്യമായ ഒരിടം - നരകതുല്യം (തകഴി കഥയുടെ രാജശില്പി). ഇത്തരത്തിൽ സമൂഹത്തിലെ അധഃസ്ഥിത വർഗത്തിന്റെ അതിദാരുണമായ ജീവിതത്തിന്റെ യഥാതഥമായ അവതരണമാണ് തോട്ടിയുടെ മകൻ എന്ന നോവൽ''.

## Discussion

ആലപ്പുഴ പട്ടണത്തിലെ തോട്ടികളുടെ നരകതുല്യമായ ജീവിതം പശ്ചാത്തലമാക്കി രചിച്ച തകഴിയുടെ പ്രസിദ്ധ നോവലാണ് തോട്ടിയുടെ മകൻ. തോട്ടിപ്പണിയിൽ ഏർപ്പെട്ടിരുന്ന ഇശക്കുമുത്തു ഉൾപ്പെടെയുള്ള മൂന്നു തലമുറയുടെ ജീവിതകഥയുടെ ചുരുളഴിയുന്ന ഈ കൃതിയിൽ ഉദ്യോഗസ്ഥമേധാവികളുടെ കൊള്ളരുതായ്മകളും ക്രൂരതകളും അനാവരണം ചെയ്യുന്നു. ഇശക്കുമുത്തുവും അയാളുടെ മകൻ ചുടലമുത്തുവും മകൻ മോഹനനുമാണ് ഈ മൂന്ന് തലമുറകളുടെ പ്രതിനിധികൾ. നല്ല പനിയും ചുമയും. ഇശക്കുമുത്തു ഒരു പോള കണ്ണടച്ചില്ല. ശരീരമാകെ ഒരു നീർക്കോളും. 30 കൊല്ലമായി തോട്ടിപ്പണി ചെയ്യുന്നു. ലീവ് വേണമെന്ന് മകൻ ചുടലമുത്ത് മുഖാന്തിരം അറിയിച്ചപ്പോൾ പുതിയ ആളെ നിയമിക്കുമെന്നാണ് അധികാരികൾ പറഞ്ഞത്. ആ അച്ഛന് ഒരു ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ തന്റെ പണി തനിക്ക് ശേഷം തന്റെ മകൻ ചുടലമുത്തുവിന് കിട്ടണം. തന്റെ പാട്ടയും മമ്മട്ടിയും മകനും കൊടുത്ത് അനുഗ്രഹിച്ച് യാത്രയാക്കുമ്പോൾ ആ വൃദ്ധന് ജന്മസാഫല്യം കിട്ടിയ വാശിയായിരുന്നു. മല

വീപ്പപ്പുറത്തുവച്ചു കൊണ്ടുവന്ന ആഹാരം കഴിച്ചു വളർന്നവനാണ് ചുടല മുത്തു. അന്ത്യകാലത്ത് അച്ഛന് തുണയായിട്ടുള്ളത് മകൻ മാത്ര മാണ്. ഇത്രയും കാലം അധ്വാനിച്ചിട്ടും ഒരു നേരത്തെ അന്നത്തിനുള്ള വക അവിടെ അവശേഷിച്ചിട്ടില്ല. പുതുതായി വന്ന അവനെ ജോലിക്ക് നിയമിച്ച ഓവർസിയർ ഒരു കാര്യം പറഞ്ഞു. ഒരുമാസം ശമ്പളമില്ലാ തെ പണിയെടുക്കണം കാൽ കാശ് കയ്യിൽ വരണമെങ്കിൽ ഒരു മാ സം കഴിയണം. ആദ്യമായി പണിക്കിറങ്ങുന്ന ദിവസം ഇശുക്കുമുത്തു വിളിച്ചുപറഞ്ഞു "ആ മൂലയിൽ ഇരിക്കുന്ന കലം കൂടെ എടുത്തോ മോനെ നാഴി വെള്ളം കൊണ്ടുവന്നാലേ അപ്പൻ മോന്തത്തുള്ളൂ'' പക്ഷേ അവൻ കൊണ്ടുവന്ന വെള്ളം മോന്താൻ ഇശുക്കു മുത്തുവിന് അവസരം ഉണ്ടായില്ല വെള്ളം കിട്ടാതെ തൊണ്ട വരണ്ട അശരണനാ യി അയാൾ ചത്തു. അയാളെ എവിടെയെങ്കിലും സംസ്കരിക്കണമെ ന്ന് അവരെല്ലാം കൂടി ആലോചിച്ചു. ചുടുകാട്ടിൽ കൊണ്ടുപോകണ മെന്ന് വെച്ചാൽ അവിടത്തെ സൂക്ഷിപ്പുകാരന് വല്ലതും കൊടുക്കണം. എല്ലാം കൂടി അഞ്ചാറു രൂപ ചെലവ് വരും. അതെടുക്കാൻ ഇല്ലാത്തതു കൊണ്ട് അവരെല്ലാം കൂടി ഒരു തീരുമാനത്തിൽ എത്തി. ഒടുവിൽ ഡി പ്പോയിലെ ആറടി മണ്ണിൽ ഇശുക്കുമുത്തുവിനെ കുഴിച്ചിട്ടു. എന്നാൽ പിറ്റേ ദിവസം ആ ശവശരീരം പട്ടികടിച്ചു വലിച്ചു പുറത്തേക്കിട്ട ബീഭ ത്സമായ കാഴ്ചയ്ക്കും ചുടലമുത്തു സാക്ഷിയായി.

> ▶ ആലപ്പുഴ പട്ടണത്തിലെ തോട്ടികളുടെ നരകതുല്യ മായ ജീവിതം

നഗരത്തിലെ മാലിന്യങ്ങളിൽ പുഴുക്കളെ പോലെയും കൃമികളെ പോലെയും ഉരുണ്ട് പിരണ്ടു കഴിയുന്ന ഒരുവിഭാഗം ജനതയെ മനുഷ്യ ജന്മം എന്ന് അംഗീകരിക്കാൻ പരിഷ്കൃത സമൂഹം തയ്യാറാകുന്നില്ല. തോട്ടികൾ അനുഭവിക്കുന്ന അടിമത്തവും ആതുരതകളും അവശത കളുമാണ് തകഴി ഈ നോവലിൽ പ്രതിപാദിക്കുന്നത്. ഇശുക്കുമുത്ത് തന്റെ അന്ത്യകാലത്ത് പാട്ടയും മമ്മട്ടിയും മകനെ ഏല്പിച്ചു. അയാളുടെ ജീവിതാഭിലാഷം അതായിരുന്നു മകൻ തന്റെ പിൻഗാമിയാകണം. ഒരു തോട്ടിയാകുന്നതിൽ ചുടലമുത്തുവിനെ വലിയ താല്പര്യമില്ലായി രുന്നു. അതുകൊണ്ട് ആ ജോലിയിൽ പൊരുത്തപ്പെടാൻ സമയം വേ ണ്ടിവന്നു. അതിനാൽ തന്നെ മറ്റു തോട്ടികളുമായി അല്പം അകലം പാലിച്ചിരുന്നു മേലാളരുടെ ജീവിതം സ്വപ്നം കണ്ട അവൻ അവരു ടെ രീതികൾ പകർത്താൻ ശ്രമിക്കുകയും ചെയ്തു. തോട്ടികൾ ഉണ്ടാ ക്കിയ ആദ്യത്തെ സംഘത്തിന്റെ സംഘാടകൻ ആവുകയും മുനിസി പ്പൽ ഭരണക്കാർക്ക് വേണ്ടി അത് അത് പൊളിക്കുകയും ചെയ്തു. അവൻ സ്നേഹിച്ച പെണ്ണിനെ പങ്കാളിയായി സ്വീകരിച്ചു. പക്ഷെ അവ ളും മറ്റുള്ളവരുമായി കൂടുതൽ സഹകരിക്കുന്നത് അവന് ഇഷ്ടമല്ലായി രുന്നു.

> ▶ അടിമത്വവും ആതുരതകളും അവശതകളുമാ ണ് തകഴി നോവ ലിൽ പ്രതിപാദി ക്കുന്നത്

മദ്യപാനവും മറ്റും ദുർനടപടിയും ഇല്ലാത്ത ചുടലമുത്തുവിന്റെ കയ്യിൽ ധാരാളംപണം മിച്ചം ഉണ്ടായിരുന്നു. തോട്ടികൾ മുട്ടു വരു മ്പോൾ അവന്റെ കയ്യിൽ നിന്നും കടം വാങ്ങും. ഓരോ മാസവും ശമ്പളം കിട്ടുമ്പോൾ മുതലും പലിശയും ചേർത്ത് മുത്തു അത് തി രിച്ചു വാങ്ങും. ഒരു വീടും പറമ്പും വാങ്ങണം എന്നായിരുന്നു അവ ന്റെ ആഗ്രഹം. അത് മനസിലാക്കിയ ഓവർസിയർ പണം പ്രസി ഡന്റിനെ ഏല്പിക്കുവാൻ നിർദ്ദേശിച്ചു. തന്റെ കയ്യിൽ നിന്നും കുറെ പണം കൂടിയിട്ട് വീടും പറമ്പും വാങ്ങി കൊടുക്കാമെന്ന് പ്രസിഡന്റ് ഉറപ്പു പറഞ്ഞു. അവന്റെ സമ്പാദ്യം മുഴുവൻ പ്രസിഡന്റിന്റെ കയ്യി

- ചുടലമുത്തുവിന്റെ ജീവിതരീതികൾ
- മഹാരോഗങ്ങളും തോട്ടികളുടെ ജീവിതവും

ലേക്ക് ഒഴുകി. ചുടലമുത്തു ഓവർസിയറുടെയും പ്രസിഡന്റിന്റെയും സ്വന്തമാണെന്ന് ധാരണ തോട്ടികൾക്കിടയിൽ വളർന്നു. തോട്ടികൾക്ക് എത്ര രൂപ ശമ്പളം ഉണ്ടെന്ന് അറിഞ്ഞുകൂടാ, തുക കൃത്യമായി പറയുകയില്ല, കൊടുക്കുന്നത് വാങ്ങുകയാണ് പതിവ്. ഇതിന് ഒരു മാറ്റം വേണമെന്ന് തോട്ടികൾ നിശ്ചയിച്ചു. അവർ സംഘടിക്കാൻ തീരുമാനിച്ചു അതിനു നേതൃത്വം നൽകിയ പിച്ചാണ്ടിയെ കള്ളക്കേസിൽ കുടുക്കി അവന്റെ കുടുംബത്തെ അനാഥമാക്കി. മഹാരോഗങ്ങൾ ഏറ്റവും മുന്നേ എത്തപ്പെടുന്നത് തോട്ടിക്കോളനികളിൽ ആണ്. അഴുക്കുവാരി അഴുക്കിൽ ജീവിച്ച് അഴുക്കിൽ ഒതുങ്ങുന്ന ജീവിതത്തിനിടയ്ക്ക് ദുരിതങ്ങൾ അല്ലാതെ അവരൊന്നും നേടുന്നില്ല.

ചുടല മുത്തുവിന് ഒരു മകൻ പിറന്നത് പുതിയ ചില സംഭവങ്ങൾക്ക് നിമിത്തമായി. മകൻ തോട്ടി ആകരുതെന്നവൻ ആഗ്രഹിച്ചു. അച്ഛൻ തോട്ടിയാണെന്ന് അറിയിക്കാനും മടിച്ചു. കുഞ്ഞിനെ എടുക്കുകയോ ചുംബിക്കുകയോ അടുത്തിരുത്തി ചോറു കൊടുക്കുകയോ ചെയ്തിരുന്നില്ല. കുഞ്ഞിന് അവൻ മോഹനൻ എന്ന മേലാളരുടെ പേര് ഇട്ടു. കൂടാതെ ബേബി എന്ന ഓമന പേരും. തന്റെ മകന് മേലാളരുടെ പേരിട്ടതിന് അവൻ പലരിൽ നിന്നും പരിഹാസം ഏറ്റുവാങ്ങേണ്ടി വന്നു. മകനെ വലിയ ഒരാളാക്കണമെന്നായിരുന്നു ചുടലയുടെ സ്വപ്നം. പക്ഷേ അവന്റെ സ്വപ്നങ്ങൾ കൊഴിഞ്ഞു കൊണ്ടിരുന്നു. മകനെ സ്കൂളിൽ ചേർക്കാൻ അധികാരികൾ മടിച്ചു. ഒടുവിൽ കൈക്കൂലി കൊടുത്ത് പ്രവേശനം വാങ്ങി. മകൻ പുറത്ത് സഞ്ചരിച്ചതോടെ തന്റെ അച്ഛൻ തോട്ടി ആണെന്ന് തിരിച്ചറിയുന്നു. തന്റെ തോട്ടിപ്പണി വേണ്ടെന്നു വയ്ക്കുവാൻ ചുടല മുത്തു ശ്രമിച്ചതാണ്. താൻ സ്വന്തം വർഗത്തെ ഒറ്റുകൊടുത്തും അല്ലാതെയും ഉണ്ടാക്കിയ സമ്പാദ്യം മുഴുവൻ മുനിസിപ്പൽ പ്രസിഡന്റിന്റെ കയ്യിലാണ്. അത് കിട്ടിയാൽ മാത്രമേ തന്റെ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുകയുള്ളൂ. തന്റെ വർഗത്തിലുള്ളവരെ ഒറ്റുകൊടുത്തതിന് ഒരുപാട് പാരിതോഷികങ്ങൾ കിട്ടി. അതിന്റെ ഭാഗമായി അദ്ദേഹത്തിന് ചുടുകാട്ടിൽ കാവൽ പണിയും ലഭിച്ചു. പക്ഷേ വിധി അവനോട് ക്രൂരമായി പെരുമാറി. നഗരത്തിൽ കോളറ പടർന്നു പിടിച്ചപ്പോൾ തന്റെ സഹവാസികളായ പലരും മരിച്ചുവീണു. തുടർന്ന് ചുടല മുത്തുവും വള്ളിയും ദീനം വന്നു മരിച്ചു. അങ്ങനെ മോഹനൻ അനാഥനായി. തുടർന്ന് മോഹനനും അച്ഛന്റെ ജോലി ഏറ്റെടുക്കേണ്ടി വന്നു. ഓരോ കാലത്തും തോട്ടികൾ മരിക്കുന്നത് സാധാരണയാണ്. അതിൽ മുനിസിപ്പാലിറ്റികാർക്ക് ഖേദമില്ല അവർ പുതിയ ആളുകളെ കൊണ്ടുവരുന്നു. പുതിയ തലമുറയിലെ തോട്ടികളുടെ കൂട്ടത്തിൽ മോഹനനും പിച്ചാണ്ടിയുടെ മോനും ചന്ദ്രുവിന്റെ മകനും ഉണ്ടായിരുന്നു. 'സ്വത്തുകാരൻ ആകാനും മേലാളരാകാൻ ഉള്ള നിന്റെ അച്ഛന്റെ ആഗ്രഹം നിന്റെ രക്തത്തിലും ഉണ്ട്. അതാണ് വ്യക്തികളോടുള്ള നിന്റെ പ്രതികാരവാഞ്ഛ' എന്ന് മോഹനനെ കൂട്ടുകാർ കുറ്റപ്പെടുത്തുമ്പോൾ മോഹനൻ അതിനെ നിഷേധിക്കുന്നില്ല. വ്യക്തികളെയല്ല സമൂഹത്തെയാണ് നേരിടുന്നത് എന്ന സത്യം വ്യക്തമാക്കി കൊണ്ട് അവൻ തന്റെ അച്ഛനെ ചതിച്ച പ്രസിഡന്റിന്റെ മണിമന്ദിരം തീയിട്ടു നശിപ്പിച്ചു. തോട്ടികളുടെ അധ്വാനഫലം ചൂഷണം ചെയ്ത് കൊഴുത്തു തടിച്ച ചെയർമാനോടും മറ്റും പകവീട്ടുന്ന ഒരു പുതിയ തലമുറ വന്നു. ആലപ്പുഴയിൽ ചരിത്രം സൃ

> ▶ തോട്ടികളുടെ അധ്വാനഫലം ചൂഷണം ചെയ്യുന്നവർ

ഷ്ടിച്ച തൊഴിലാളി സമരത്തിന്റെ ആവിർഭാവത്തോടെ നോവൽ അവസാനിക്കുന്നു. താഴേക്കിടയിലുള്ള ഒരു വിഭാഗം ജനതയുടെ ശോചനീയമായ ജീവിതാവസ്ഥയും അവർ അനുഭവിക്കുന്ന പ്രതിസന്ധികളിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പുമാണ് നോവലിലെ മുഖ്യപ്രതിപാദ്യം.

## കഥാപാത്രനിരൂപണം

### ചുടലമുത്തു

തോട്ടികളുടെ കൂട്ടത്തിലെ മാന്യനാണ് ചുടലമുത്തു. മനസില്ലാമനസോടെയാണ് അവൻ അച്ഛന്റെ ഉപജീവനമാർഗമായ തോട്ടിപ്പണി സ്വീകരിച്ചത്. തോട്ടിപ്പണിയാണ് തന്റെ തൊഴിലെങ്കിലും പണി കഴിഞ്ഞാലുടൻ കുളിച്ചു വൃത്തിയായി മാന്യനെ പോലെയായിരുന്നു അവൻ നടന്നത്. ജീവിതത്തിൽ എല്ലാത്തിനും അടുക്കും ചിട്ടയുമുണ്ടായിരുന്നു. കൃത്യമായി പണിയെടുക്കുന്ന ചുടലമുത്തുവിന് ദീർഘമായ ഒരു ജീവിത പദ്ധതി ഉണ്ടായിരുന്നു. തോട്ടികൾക്ക് സംഘടന ഉണ്ടായാലേ പിടിച്ചു നിൽക്കാൻ കഴിയൂ എന്ന ബോധത്താൽ അവർ ചുടലമുത്തുവിന്റെ ഒത്താശയോടുകൂടി സംഘടനയ്ക്ക് രൂപം കൊടുത്തെങ്കിലും ചുടലമുത്തു സൂത്രത്തിൽ അതിൽ നിന്ന് ഒഴിഞ്ഞുമാറുകയാണുണ്ടായത്. സംഘടനയുടെ ലക്ഷ്യം തോട്ടികളുടെ ഉന്നമനമല്ലെന്നും മേലാളന്മാരോട് മല്ലടിക്കുന്നതിലാണ് അവർക്ക് താല്പര്യമെന്ന് മനസിലായതു കൊണ്ടാണ് ചുടലമുത്തു പിൻവാങ്ങിയത്. ഓവർസിയർ അവനെ വിളിച്ച് ജോലിയിൽ നിന്നും പിരിച്ചു വിടുമെന്ന് ഭീഷണിപ്പെടുത്തിയതിനാൽ അവൻ ആ യൂണിയനിൽ പ്രവർത്തിക്കില്ല എന്ന് ഉറപ്പു കൊടുത്തു. അവിടം മുതൽ വർഗവഞ്ചകനായ ഒരു തോട്ടിയായി ചുടലമുത്തു മാറി. അവൻ മേലാളരുടെ ജീവിതം സ്വപ്നം കണ്ടു. തോട്ടികളുടെ സംഘടനയുണ്ടാക്കാനുള്ള ശ്രമത്തെ ചുടലമുത്തുവിനെ ഉപകരണമാക്കി മുനിസിപ്പാലിറ്റി അധികാരികൾ പൊളിച്ചു. ഒരു വീടും പറമ്പും വാങ്ങണമെന്ന അവന്റെ ആഗ്രഹത്തിന് മുനിസിപ്പൽ പ്രസിഡന്റ് സഹായിക്കാമെന്ന് ഏറ്റു അവൻ തന്റെ സമ്പാദ്യമെല്ലാം പ്രസിഡന്റിനെ ഏല്പിച്ചു.

> ▶ ചുടലമുത്തുവിന് ദീർഘമായ ഒരു ജീവിത പദ്ധതി ഉണ്ടായിരുന്നു

സ്നേഹിച്ച പെണ്ണിനെ ജീവിത സഖിയായ സ്വീകരിച്ച ചുടലമുത്തു മാതൃകാജീവിതം ആരംഭിച്ചു. അതോടെ അവൻ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു. സ്വന്തം മകന് അവൻ മേലാളൻമാരുടെ പേരിട്ടു. അവനെ ഒരിക്കലും തോട്ടിയാക്കില്ല എന്നും താൻ തോട്ടിയാണെന്ന് അറിയിക്കില്ല എന്ന ഉറച്ച തീരുമാനം എടുത്തു. അതിനാൽ സ്വന്തം മകനെ എടുക്കുവാനോ ലാളിക്കുവാനോ ചുടലമുത്തു തയ്യാറാകുന്നില്ല. തന്റെ ഭാര്യയെയും മകനെയും അയൽപക്കത്തുള്ള ആരുമായും ഇടപഴകാൻ ചുടലമുത്തു അനുവദിച്ചിരുന്നില്ല. മകനെ സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ തീരുമാനിച്ച ചുടല അവനെയും കൊണ്ട് സ്കൂളിൽ ചെന്നപ്പോഴാണ് തോട്ടിയുടെ മകന് സ്കൂളിൽ പ്രവേശനമില്ല എന്നറിയുന്നത്. കൂടുതൽ കാശ് കൊടുത്ത് ചുടലമുത്തു മകനെ മറ്റൊരു സ്കൂളിൽ വിട്ട് പഠിപ്പിക്കുന്നു. മകൻ പുറത്തിറങ്ങി നടന്നതോടുകൂടി തന്റെ അച്ഛൻ ഒരു തോട്ടി ആണെന്ന സത്യം അവൻ മനസിലാക്കുന്നു. ഒരു വീട് സ്വന്തമാക്കണമെന്ന ആഗ്രഹത്താൽ ചുടലമുത്തു തന്റെ ശമ്പളം മറ്റുള്ളവർക്ക് കടം കൊടുക്കുകയും അതിന്റെ പലിശവാങ്ങുകയും ചെയ്ത വകയിൽ ധാരാളം കാശ് ഉണ്ടാക്കി. അത്

വീട്ടിൽ കൊണ്ട് വന്ന് എണ്ണി തിട്ടപ്പെടുത്തുമ്പോൾ ഭാര്യയായ വള്ളി ഏതു വിധത്തിൽ കിട്ടിയെന്ന് ചോദിച്ചാലും അദ്ദേഹം കൃത്യമായ ഉത്തരം കൊടുക്കാറില്ല. പകരം അവൾക്ക് പണമുണ്ടാക്കാനും സൂക്ഷിച്ചു വയ്ക്കാനും അറിയില്ല എന്ന് പഴിക്കുകയും ചെയ്യും. അവളുംകൂടി മനസു വച്ചെങ്കിൽ ഇതിലേറെ സമ്പാദിക്കാം എന്നാണ് ചുടലമുത്തുവിന്റെ അഭിപ്രായം. കുറേപണം അയൽപക്കത്തുള്ളവർക്കും പലിശയ്ക്കു കൊടുത്താൽ കൈവശമുള്ള പണം ഇരട്ടി ആകും. എന്നാൽ പാവപ്പെട്ട തോട്ടികളുടെ കൈയ്യിൽ നിന്നും അന്യായമായ പലിശ വാങ്ങിയാൽ അത് നിലനിൽക്കില്ല എന്ന പക്ഷക്കാരി ആയിരുന്നു വള്ളി. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി ചുടലമുത്തു ജോലി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. എങ്ങനെ ജീവിക്കും, എന്തു തൊഴിൽ ചെയ്യും, എവിടെപ്പോക്കും എന്നീ ചിന്തകൾ അദ്ദേഹത്തെ വലച്ചു. ഒടുവിൽ പ്രസിഡന്റിനെ ഏൽപ്പിച്ച തുക മടക്കി ചോദിച്ചു. എന്നാൽ പ്രസിഡന്റ് ആ കാശ് ചുടലമുത്തുവിന് കൊടുത്തില്ല. മറ്റു തോട്ടികളെക്കാൾ തനിക്ക് മേന്മ ഉണ്ടെന്നു ഭാവിച്ചത് അവന് വിനയായിത്തീർന്നു. തോട്ടിക്കോളനിയിൽ കോളറ പടർന്നു പിടിക്കുകയും നിരവധി പേർ മരണത്തിനിരയാവുകയും ചെയ്തു. ദിവസവും നിരവധി പേർ മരിക്കുന്നതിനാൽ ശ്മശാനത്തിൽ ഒരു ജോലിക്കാരനെ ആവശ്യമായി വന്നു. അങ്ങനെ ചുടലമുത്തു ചുടല സൂക്ഷിപ്പുകാരനായി വേഷം മാറിയെങ്കിലും മനഃസമാധാനം ലഭിച്ചില്ല. നമ്മുടെ എനക്കാരെല്ലാം ചത്തൊടുങ്ങി, എവിടെയെങ്കിലും പോകാം എന്ന് ചുടല വള്ളിയെ ക്ഷണിച്ചു. പക്ഷേ അവന് എങ്ങും പോകാൻ കഴിഞ്ഞില്ല. ഒരു സാധാരണ തോട്ടിയെ പോലെ മഹാമാരി പിടിപെട്ട് അവർ രണ്ടു പേരും മണ്ണടിഞ്ഞു. മാലിന്യത്തിൽ പുഴുവിനെപ്പോലെ കഴിഞ്ഞ തോട്ടി സുഖജീവിതത്തിലേക്ക് കരകയറാൻ കിണഞ്ഞുശ്രമിച്ചു, പക്ഷേ അവന്റെ സ്വപ്നങ്ങൾ ആ മണ്ണിൽ അമർന്നു വീണു.

> ▶ തോട്ടികളുടെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുന്ന ചുടല മുത്തു

## വള്ളി

'തോട്ടിയുടെ മകനി'ലെ മിഴിവുറ്റ കഥാപാത്രമാണ് വള്ളി. മുനിസിപ്പിൽ ആഫീസിലെ തൂപ്പുകാരിയായ അവളെ ചുടലമുത്തു പ്രേമിച്ചു വിവാഹം കഴിച്ചതാണ്. ഭാര്യയുടെ ഉത്തരവാദിത്വങ്ങളൊന്നും വള്ളിക്ക് അറിഞ്ഞു കൂടായിരുന്നു. കാമുകീ കാമുകന്മാരായിരുന്നപ്പോഴുള്ള മാധുര്യമൊന്നും ദാമ്പത്യത്തിൽ ഉണ്ടാകില്ല എന്ന് വളരെ പെട്ടെന്ന് തന്നെ വള്ളിക്കു മനസിലായി. അതൃപ്തിയിലേക്കു നീങ്ങുന്ന ഭാര്യാഭർത്തൃബന്ധം അടിക്കടി ആശങ്കകളും സംശയങ്ങളും കൊണ്ട് വീർപ്പുമുട്ടുന്നതായിരുന്നു. എങ്കിലും ജീവിതപങ്കാളി എന്ന നിലയിൽ ചുടലമുത്തുവിന് അവന്റെ കടമകൾ നിർവഹിക്കാനൊരു പ്രേരക ശക്തിയായി അവൾ മാറി. മേലാളരുടെ ജീവിതം കണ്ട് സ്വന്തമായി ജീവിത പദ്ധതി രൂപപ്പെടുത്തുന്ന ചുടലയ്ക്ക് വള്ളി എന്ന തോട്ടിപ്പെണ്ണ് പൊരുത്തപെടുന്നില്ല എന്ന ഒരു തോന്നൽ ഉണ്ടായി. എപ്പോഴും സ്വപ്നം കാണുകയും കണക്കുകൂട്ടുകയും ചെയ്യുന്ന അദ്ദേഹത്തിന് പണ്ടത്തെ ചൂരും ചൂടും ഇല്ലെന്ന് അവൾ തിരിച്ചറിഞ്ഞു. അയാൾ സ്വപ്നം കാണുന്നതുപോലെ വീടും പറമ്പും ഒന്നും വാങ്ങാൻ കഴിയില്ല എന്ന തോന്നൽ വള്ളിക്കുണ്ടായി. തോട്ടി എങ്ങനെ മേലാളരെപ്പോലെ ആകും. അവരുടെ കുട്ടികൾ എങ്ങനെ വളരും, അവർ എങ്ങനെ എഴുത്തു പഠിക്കും. തോട്ടിയുടെ മക്കൾ തോട്ടിയെ ആകൂ. ഇങ്ങനെ

യൊക്കെ ചിന്തിക്കുന്ന വള്ളി എല്ലാം സഹിച്ചും ക്ഷമിച്ചും കഴിഞ്ഞു. ദാമ്പത്യബന്ധത്തിൽ ഭാര്യക്ക് നാക്കില്ല അധികാരമില്ല. ഭർത്താവിന്റെ കുറ്റപ്പെടുത്തലും പരിഭവങ്ങളും മാത്രം. ഭർത്താവിനെ അനുസരിക്കുകയും ഭയക്കുകയും ചെയ്യുന്ന ഭാര്യയാണ് വള്ളി. ചുടലമുത്തു തന്റെ ചുറ്റുമുള്ള ആളുകളിൽ നിന്നും അകന്നുള്ള ജീവിതം നയിച്ചതിൽ അവൾക്ക് എന്നും പ്രതിഷേധമായിരുന്നു. വഴക്കും പിണക്കവും എല്ലായിടത്തുമുണ്ടെങ്കിലും ഇങ്ങനെ ഒരു സ്വാതന്ത്ര്യക്കുറവ് ഈ തോട്ടിക്കോളനിയിൽ തനിക്കല്ലാതെ മറ്റുസ്ത്രീകൾക്ക് ഉണ്ടോ എന്ന് വള്ളി ചിന്തിച്ചു. ഒരു പക്ഷേ മേലാളന്മാരുടെ വീട്ടിലും ഇങ്ങനെ ആയിരിക്കും. ഭാര്യയെ അടിമയാക്കി വയ്ക്കുന്ന രീതി ചുടല അവിടെ നിന്നു പഠിച്ചതാകാം ഇത്തരത്തിൽ അവളുടെ ചിന്തകൾ കാടുകയറി.

> ▶ ഭർത്താവിനെ അനുസരിക്കുകയും ഭയക്കുകയും ചെയ്യുന്ന ഭാര്യയാണ് വള്ളി

സ്വപ്നങ്ങളും യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാത്തതിന്റെ പിരിമുറുക്കം ചുടലമുത്തുവിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അധ്വാനഭാരം പങ്കിട്ടെടുക്കാൻ ഒരു ഭാര്യ എന്ന നിലയിൽ വള്ളി ഒരുക്കമായിരുന്നു. എന്നാൽ ഭർത്താവ് തന്നിൽ നിന്നും അകലുന്നു എന്നും എന്തൊക്കെയോ രഹസ്യങ്ങൾ സൂക്ഷിക്കുന്നു എന്നുമുള്ള ചിന്തകൾ അവളെ അലോസരപ്പെടുത്തികൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സമ്പാദ്യത്തിന്റെ കൃത്യമായ കണക്ക് അവർ ചോദിക്കുന്നുമുണ്ട്.'' ഒരു തോട്ടിയായി പിറന്ന് തോട്ടിയായി വളർന്നു വന്നവനെങ്കിലും തന്റെ മകനെ ഒരു തോട്ടിയായി വളർത്തില്ല എന്ന് ശഠിച്ച ചുടലമുത്തുവിന്റെ മുമ്പിൽ ഒരു ഭാര്യ എന്ന നിലയിൽ വള്ളി ഏറെ മാനസികസംഘർഷം അനുഭവിക്കുന്നുണ്ട്. ചുടല എപ്പോഴൊക്കെ പരിക്ഷീണനായോ അപ്പോഴൊക്കെ അയാളെ എല്ലാം മറന്ന് വള്ളി ആശ്വസിപ്പിച്ചു.

> ▶ സ്വപ്നങ്ങളും യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാത്തതിന്റെ പിരിമുറുക്കം

ഒരു അമ്മ എന്ന നിലയിലും വള്ളി ഒരുപാട് ത്യാഗങ്ങൾ സഹിക്കുന്നുണ്ട്. ഒരു സ്വപ്നജീവിയായ ചുടലമുത്തു മകനെ വളർത്തി വലിയ ആൾ ആക്കണമെന്നും താൻ തോട്ടിയാണെന്ന് അവൻ ഒരിക്കലും അറിയരുതെന്ന് ആഗ്രഹിച്ചു. അതിനാൽ അച്ഛൻ എന്ന നിലയിൽ ഒരു സ്നേഹവും മകനോട് കാണിച്ചില്ല. എന്നാൽ അവന്റെ അച്ഛൻ തോട്ടിയാണ് എന്ന് പറയുന്നതിൽ ഒരു കുറവും ഇല്ലെന്ന പക്ഷക്കാരിയായിരുന്നു വള്ളി. വള്ളിക്ക് വലിയ സ്വപ്നങ്ങൾ ഒന്നുമില്ല. തന്റെ മകൻ ദീർഘായുസായിരിക്കണമെന്ന ചിന്തയേ അവൾക്കുള്ളൂ. ഒരു ദിവസം മോഹനൻ അമ്മയോട് ഇന്ന് താൻ ഉണ്ണുന്നത് അച്ഛനോടൊപ്പം ആണ് എന്നറിയിച്ചു. ഒരു അമ്മ എന്ന നിലയ്ക്ക് വള്ളിക്ക് സന്തോഷം നൽകുന്ന ഒരു കാര്യമായിരുന്നു അത്. എന്നാൽ ചുടലമുത്തു അത് സമ്മതിക്കുമോ എന്ന ആശങ്ക അവൾക്കുണ്ടായിരുന്നു. അച്ഛൻ അവനെ എടുക്കാത്തതിലും ഉമ്മ കൊടുക്കാത്തതിലും അവൾക്ക് വിഷമം ഉണ്ടായിരുന്നു. പക്ഷേ ചുടലമുത്തുവിനോട് അവൾക്ക് എതിർത്ത് നിൽക്കാൻ സാധിക്കില്ല. അതിനാൽ അദ്ദേഹം മകനെ അകലെ നിന്നു സ്നേഹിച്ചു. എന്നാൽ തോട്ടിയുടെ മകൻ എന്നായാലും തോട്ടിയുടെ മകൻ തന്നെയാണെന്നും അത് ഒരു കുറച്ചിലല്ല എന്നും ആയിരുന്നു വള്ളിയുടെ അഭിപ്രായം. അച്ഛൻ എത്ര മറച്ചുപിടിച്ചിട്ടും മോഹനൻ തെരുവുപിള്ളേരിൽ നിന്നും ആ സത്യം തിരിച്ചറിയുന്നു. മാതാപിതാക്കളുടെ കുറവ് മക്കളുടെ വളർച്ചയ്ക്ക് തടസമാകരുതെന്ന് ആ തോട്ടി വിചാരിച്ചു. എന്നാൽ അച്ഛനമ്മമാരുടെ നാവിൽ നിന്നല്ലാതെ സമൂഹത്തിൽ നിന്ന് മകൻ സത്യ അറിയുമ്പോൾ ഉണ്ടാകുന്ന

> ▶ വള്ളിക്ക് വലിയ സ്വപ്ന ങ്ങൾ ഒന്നുമില്ല

പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്ന് ചുടല മനസിലാക്കുന്നു. “നീ പറഞ്ഞതു ശരി, വള്ളീ നമ്മുടെ മോന് അത്ര വലിയ ആളൊന്നുമാകാ നൊക്കത്തില്ല’’. ചുടലയ്ക്ക് വൈകി കിട്ടിയ വിവേകം വള്ളി നേരത്തെ പ്രയോഗിച്ചു. ഇത്തരത്തിൽ വിവേകമതിയും ഭർതൃസ്നേഹിയുമായിരുന്നു വള്ളി.

## പിച്ചാണ്ടി

തോട്ടിയുടെ മകനിലെ മറ്റൊരു വ്യത്യസ്ത കഥാപാത്രമാണ് പിച്ചാണ്ടി. ചുടലമുത്തുവിന്റെ ഉറ്റ ചങ്ങാതി. ഇശക്കുമുത്തു മരിച്ച സമയത്ത് ചുടലമുത്തുവിന് താങ്ങും തണലുമായവൻ. ഇശക്കുമുത്തുവിന്റെ ശവശരീരം മറവു ചെയ്യുക എന്ന പ്രതിസന്ധി ഘട്ടത്തിൽ അവന് വേണ്ടി മറ്റുള്ളവരോട് സംസാരിച്ച് ഒരു ഉറച്ച തീരുമാനം എടുക്കുവാൻ മുന്നോട്ടു വന്ന വ്യക്തിത്വമാണ് പിച്ചാണ്ടി. ആരും അറിയാതെ ശവം കൊണ്ട് കുഴിച്ചിട്ടതും അതു പട്ടികൾ തോണ്ടിമാറ്റി പുറത്തിട്ടപ്പോൾ അതിനെ വീണ്ടും മറവു ചെയ്യാൻ ചുടലയുടെ ഒപ്പം നിന്ന കൂടപ്പിറപ്പിന് തുല്യൻ. ആ പ്രവൃത്തി ചെയ്തതിന്റെ പേരിൽ ഓവർസിയറിന്റെ ശിക്ഷയ്ക്ക് അർഹനായവൻ. ചുടലയ്ക്ക് താങ്ങും തണലുമായവൻ. എന്നാൽ അവർ തമ്മിൽ ശത്രുക്കളാക്കാൻ വലിയ താമസമുണ്ടായില്ല. മുനിസിപ്പാലിറ്റി ഭരണക്കാർക്കെതിരെ സംഘടനയുണ്ടാക്കാൻ തോട്ടികൾ ശ്രമിച്ചു. ഇതിന്റെ ആദ്യനേതാവായി ചുടലമുത്തുവിനെയാണ് തിരഞ്ഞെടുത്തത്. എന്നാൽ ഓവർസിയറുടെ ഭീഷണിയെ തുടർന്ന് ചുടല അതിൽ നിന്നു ഒഴിഞ്ഞു മാറി. അവൻ അധികാരികളുടെ ചാരനായി പ്രവർത്തിച്ചു. തുടർന്ന് സംഘമുണ്ടാക്കാൻ പിച്ചാണ്ടി ശ്രമിക്കുകയും അതിനെ തകർക്കാൻ അധികാരകൾ ചുടലയെ നിയോഗിക്കുകയും ചെയ്തു.

> ▶ ചുടലമുത്തുവിന്റെ ഉറ്റ ചങ്ങാതി

ചുടലമുത്തു തോട്ടികളുടെ ഇടയിൽ ഒറ്റപ്പെട്ടാണ് കഴിയുന്നത്. അവൻ പണക്കാരനും ഓവർസിയറുടെ ഏജന്റുമാണ്. മറ്റു തോട്ടികൾ അവന്റെ കടക്കാരാണ്. തോട്ടികൾക്ക് നേട്ടമുണ്ടാകണമെങ്കിൽ യൂണിയൻ ഉണ്ടാവണം. മുൻപ് യൂണിയൻ ഉണ്ടാക്കിയപ്പോൾ ചുടലയുടെ ചതി മൂലം അതു പൊളിഞ്ഞു. ഇപ്പോൾ അവൻ സഹകരിക്കാത്തതു കൊണ്ട് യൂണിയൻ ഉണ്ടാക്കുന്ന കാര്യം രഹസ്യമായിരിക്കണമെന്ന് തോട്ടികൾ തീരുമാനിച്ചു. എന്നാലും ചുടലയുമായി ഒരു ഏറ്റുമുട്ടൽ ആവശ്യമാണെന്ന് പിച്ചാണ്ടി തീരുമാനിച്ചു. ചുടലയുടെ കൈയ്യിൽ നിന്നും പണം കടം വാങ്ങരുതെന്നും അവനെ ഒറ്റപ്പെടുത്തണമെന്നും അവർ കൂട്ടായ തീരുമാനം എടുത്തു. കടം വാങ്ങാതെ ആലപ്പുഴയിലെ തോട്ടികൾക്ക് ജീവിക്കാൻ കഴിയില്ലെന്ന് ചുടലമുത്തുവിനറിയാം. അവർ സംഘമുണ്ടാക്കുമ്പോൾ തനിക്ക് ഒഴിഞ്ഞു നിൽക്കാനും കഴിയില്ല. യൂണിയൻ പൊളിക്കാൻ അധികാരികൾ ചുടലമുത്തുവിനെ ചുമതലപ്പെടുത്തി. പക്ഷേ നേതാവായ പിച്ചാണ്ടിയുമായി പിണങ്ങുന്നത് ചുടലയെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്. ചുടലയെ ആപത്ത് സമയത്ത് സഹായിച്ചത് പിച്ചാണ്ടിയാണ്. അങ്ങനെ ഉപകാരിയും സ്നേഹസമ്പന്നനുമായ ഒരാളെ പിണക്കുക എന്നത് വിഷമകരവുമാണ്. നിനക്കെന്താടാ പിച്ചാണ്ടിയോട് പിണങ്ങിയാൽ എന്ന് ഓവർസിയർ ചുടലയോടു ചോദിച്ചു. പക്ഷേ താൻ പിണങ്ങിയാലും പിച്ചാണ്ടി അണ്ണൻ തന്നോട് പിണങ്ങില്ല എന്നായിരു

ന്നു ചുടലയുടെ മറുപടി. ഏതു വഴിയും സംഘടന പൊളിക്കണമെന്ന് ഓവർസിയർ ചുടലയെ ചട്ടം കെട്ടി. ഏതാനും ദിവസം ചുടല പിച്ചാണ്ടിയോട് മിണ്ടിയില്ല. ഒരു ദിവസം അവസരമുണ്ടാക്കി പിച്ചാണ്ടിയെ ആക്ഷേപിച്ചു. അടുത്ത ദിവസം പിച്ചാണ്ടി ചുടലയെ ചീത്ത വിളിച്ചു എന്നൊരാക്ഷേപം ഉണ്ടായി. എന്നാൽ ഇവർ രണ്ടുപേരും പിണങ്ങുന്നതിനെ വള്ളി ചോദ്യം ചെയ്തു. ആപത്തിൽ സഹായച്ചതൊക്കെ മറന്നോ എന്ന അവളുടെ ചോദ്യത്തിന് പിച്ചാണ്ടി കൃത്യമായ ഉത്തരം നൽകിയില്ല, കാരണം പിച്ചാണ്ടിയെ പിണക്കേണ്ടത് ചുടലയുടെ ആവശ്യമായിരുന്നു.''

▶ തോട്ടികൾക്ക് നേട്ടമുണ്ടാകണമെങ്കിൽ യൂണിയൻ ഉണ്ടാവണം

മുനിസിപ്പാലിറ്റിക്കാരുടെ ഒത്താശയോടെ ചുടലമുത്തു പിച്ചാണ്ടിയെക്കുറിച്ച് ഒരു കള്ളക്കഥ പ്രചരിപ്പിച്ചു. റെഡ്ഡ്യാരുടെ കൊച്ചിന്റെ കഴുത്തിലെ സ്വർണമാല പിച്ചാണ്ടി പൊട്ടിച്ചെടുത്തു. ചുടലമുത്തു വഴി അത് പ്രചരിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പണ്ട് മേലാളന്മാർ തൊഴിലാളികളെ മർദ്ദിച്ച് ഒതുക്കാൻ പ്രയോഗിക്കുന്ന അടവാണിത്. പിച്ചാണ്ടി തന്റെ കുട്ടികളെ തൊട്ട് സത്യം ചെയ്തു. തന്റെ കൈയിൽ പണമില്ല. എത്രയോ നാളായി പട്ടിണിയിലാണ്. പക്ഷേ ഈ ന്യായവാദമൊന്നു വിലപ്പോയില്ല. മേലാളൻമാർ കള്ളക്കേസുണ്ടാക്കിയാൽ പോലീസുകാർ തല്ലുകയോ കൊല്ലുകയോ ചെയ്യുകയാണ് പതിവ്. ഒരു തോട്ടിയെ കൊന്നാൽ ആരാണ് ചോദിക്കുക. പോരെങ്കിൽ തോട്ടികൾ തന്നെ അവന് എതിരു നിൽക്കുന്നു. കാര്യകാരണ സഹിതം മോഷണക്കഥ അറിഞ്ഞോർ പലരും അത് വിശ്വസിച്ചു. എന്നാൽ ചിലരുടെ ഉപദേശം സ്വീകരിച്ച് പിച്ചാണ്ടി ഒളിവിൽ പോയി. മോഷണം ചെയ്തത് അവൻ തന്നെയാണ് എന്ന ധാരണ ഉറപ്പിക്കാൻ അത് ഇടയാക്കി. പിച്ചാണ്ടിയുടെ കുട്ടികൾക്ക് തോട്ടികൾ ചിലവിനു കൊടുക്കാമെന്ന് തീരുമാനിച്ചു. പക്ഷേ കുറച്ചു ദിവസത്തിനുശേഷം ആ തീരുമാനത്തിൽ മാറ്റം വന്നു. ആ കുടുംബം പട്ടിണിയായി. പലരും പിച്ചാണ്ടിയുടെ പെണ്ണിനെ ചോദ്യം ചെയ്തു. ഒടുവിൽ പോലീസും മുനിസിപ്പാലിറ്റിക്കാരും അവരെ വീട്ടിൽ നിന്നും ഇറക്കിവിട്ടു. ആ കുടുംബം അനാഥമായി. തോട്ടികളുടെ സംഘടന അതോടെ പൊളിഞ്ഞു. പിച്ചാണ്ടിയുടെ കുടുംബം തകർത്തിന് ഉത്തരവാദിയായി ചുടലമുത്തു മാറി.

▶ തോട്ടികളുടെ സംഘടന അതോടെ പൊളിഞ്ഞു

## മോഹനൻ

മകൻ പിറന്നപ്പോൾ ചുടലമുത്തുവും ഭാര്യയും ഒരുപാട് സ്വപ്നം കണ്ടു. അവനെ വളർത്തി വലുതാക്കണം. മേലാളന്മാരെ പോലെ വൃത്തിയും വെടുപ്പും ഉള്ളവനാക്കണം. തന്റെ തൊഴിലിലെ മാലിന്യം അവനെ മലിനമാക്കുമെന്ന ശങ്കയിൽ ചുടലമുത്തു കുഞ്ഞിനെ എടുക്കുകയോ ചുംബിക്കുകയോ കൂടെയിരുത്തി ചോറുകൊടുക്കുകയോ ചെയ്തില്ല. അകന്നിരുന്ന് അവൻ സ്നേഹം ചൊരിഞ്ഞു. മകന് മേലാളന്മാരുടെ പേരായ മോഹനൻ എന്ന പേരും ബേബി എന്ന ഓമന പേരും ഇട്ടു. കുഞ്ഞ് അച്ഛാ എന്ന് വിളിച്ചിട്ട് അവൻ വിളികേട്ടില്ല. അവന്റെ അച്ഛനാണെന്ന അധികാരം സ്ഥാപിച്ചെടുക്കാൻ ചുടലമുത്തു ആഗ്രഹിച്ചില്ല. എത്ര വളർന്നാലും അവന്റെ തന്ത തോട്ടിയായ അയാൾ തന്നെയാണ് എന്ന് വള്ളി പറഞ്ഞുപ്പോഴും ചുടല വഴങ്ങിയില്ല. തോട്ടിയുടെ മകനായി മോഹനൻ വളരുന്നതിലെ വിഷമം ചുടലയെ അസ്വസ്ഥനാക്കി.

▶ അച്ഛനെന്ന അധികാരം സ്ഥാപി ക്കാൻ ചുടലമുത്തു ആഗ്രഹിച്ചില്ല

അവൻ നമ്മുടെ മകനായി ജനിക്കേണ്ടിയിരുന്നില്ല എന്നുവരെ ചുടല മുത്തു പറഞ്ഞു പോയി. ഒരു തോട്ടിയുടെ മകനെ വലിയവനാക്കണ മെന്ന അവന്റെ ആഗ്രഹം വ്യാമോഹം മാത്രമാണെന്ന് ചുടല മനസി ലാക്കി.

മോഹനൻ വളരുന്നത് അനുസരിച്ച് അവനിലെ സംശയങ്ങളും വളർന്നു. അച്ഛൻ എന്നും എവിടെയാണ് പോകുന്നത്? തോട്ടി എന്നാൽ എന്താണ്? മകന്റെ ഇത്തരം ചോദ്യങ്ങൾ വള്ളിയേയും ചുടലയേയും അസ്വസ്ഥരാക്കി. അവൻ ഒരു തോട്ടിയുടെ മകനാണ് എന്നറിഞ്ഞാൽ ഉണ്ടാകുന്ന കുഴപ്പത്തെപ്പറ്റി ചിന്തിച്ച ചുടല പണി തന്നെ ഉപേക്ഷിച്ചാ ലോ എന്ന് ചിന്തിച്ചു. മോഹനന്റെ സമപ്രായക്കാർ എഴുത്തു പഠിച്ചു തുടങ്ങി. അവനേയും പഠിപ്പിക്കാൻ ചുടല തീരുമാനിച്ചു. തോട്ടിയുടെ മകന് പള്ളിക്കൂടത്തിൽ പ്രവേശനമില്ല എന്നത് ഒരു അലിഖിത നിയ മമാണ്. അവൻ മറ്റൊരു സ്കൂളിലെ അധ്യാപകന് പണം കൊടുത്ത് മകനെ പഠിപ്പിക്കാൻ വിട്ടു. എഴുത്തു പഠിച്ചാൽ തോട്ടി ഇല്ലാതാകും എന്നതായിരുന്നു ചുടലയുടെ ചിന്ത. തോട്ടിക്കും, തെണ്ടിക്കും സ്കൂ ളിൽ ചേരാൻ പാടില്ല എന്നായിരുന്നു അക്കാലത്ത് സമുദായം വിധി ച്ചിരുന്നത്.'

> ▶ തോട്ടികളുടെ മക്കൾക്ക് സ്കൂളിൽ ചേരാൻ പാടില്ലെന്ന സമുദായ വിധി

മോഹനൻ സ്കൂളിൽ ചേർന്നു കഴിഞ്ഞപ്പോൾ പുതിയ പ്രശ് നങ്ങൾ ഉയർന്നു വന്നു. ഏറ്റവും വൃത്തിയായി ചെല്ലുന്ന കുട്ടി മോ ഹനനായിരുന്നു. എന്നിട്ടും മറ്റു കുട്ടികൾ നാറുന്നു എന്ന് പറഞ്ഞ് അവന്റെ അടുത്തുനിന്നും മൂക്കുപൊത്തിക്കൊണ്ട് ഓടി. തോട്ടിയുടെ മകന് നാറ്റമുണ്ടത്രേ! അതാണ് എല്ലാവരുടെയും ധാരണ. ഒരു സാറ് അവനെ വെറുതേ തല്ലി, തോട്ടിയുടെ മകനല്ലേ പറഞ്ഞാൽ മനസിലാ കില്ല എന്നായിരുന്നു ആക്ഷേപം. ഇങ്ങനെ ഓരോ തരത്തിൽ സമു ദായം അവനെ പീഡിപ്പിച്ചു കൊണ്ടിരുന്നു. ഒരു ദിവസം തോട്ടിയെ അവൻ നേരിട്ടു കണ്ടു. മാലിന്യം നിറച്ച വണ്ടിയും ഉന്തി വിയർത്തൊ ലിച്ചു പോകുന്ന വൃത്തികെട്ട ജീവി. കൂട്ടുകാരിൽ നിന്നു തന്റെ അച്ഛ ന്റെ തൊഴിലും ഇതാണെന്നറിഞ്ഞ മോഹനന്റെ ഹൃദയം തേങ്ങി. തോട്ടി ശപിക്കപ്പെട്ടവനാണ്; അവനെ മനുഷ്യനായി സമൂഹം അംഗീ കരിക്കില്ല. അവന് നല്ല പേരിടാൻ പാടില്ല. നല്ല വസ്ത്രം ധരിക്കാൻ പാടില്ല. വൃത്തിയുള്ള ഭക്ഷണം കഴിക്കാൻ പാടില്ല. മറ്റുള്ളവരോടൊ പ്പം നടക്കാൻ പാടില്ല. ഇത്തരത്തിൽ പ്രതികാരത്തോടെ തോട്ടിയെ ശപിക്കുന്ന സമൂഹത്തിൽ ഒരു തോട്ടിയുടെ മകൻ എങ്ങനെയാണ് മേലാളനെ പോലെ ആകുന്നത്. അവന് തെരുവുപിള്ളേരുമായേ സഹ കരിക്കാൻ കഴിയൂ. ചുടലയുടെ മരണത്തിനു ശേഷം ഉത്സവപറമ്പും തെരുവുമായിരുന്നു അവന്റെ ആശ്രയകേന്ദ്രം. മോഹനൻ ഒരു തെരു വിന്റെ സന്തതിയായി വളർന്നു. അച്ഛന്റെ തൊട്ടിയും മമ്മട്ടിയും കയ്യേ റിയ അവൻ അച്ഛന്റെ പാത പിൻതുടർന്നു. പക്ഷേ തോട്ടികളെ ഒറ്റപ്പെ ടുത്തിയില്ല അവരുടെ സംഘം സമരം ചെയ്ത അവകാശങ്ങൾ പിടിച്ചു വാങ്ങി. പകൽ തോട്ടിപ്പണി ചെയ്തും വൈകിട്ട് നല്ല വസ്ത്രം ധരിച്ച് പാർക്കിലും മറ്റും ചുറ്റിക്കറങ്ങിയ അവൻ അച്ഛന്റെ അദ്ധ്വാന ഫലം കൈക്കലാക്കിയ മുൻസിപ്പാലിറ്റി പ്രസിഡന്റിനോട് പകരം വീട്ടാനുള്ള തന്റേടം കാണിച്ചു.

> ▶ ഓരോ തരത്തിൽ സമുദായം അവനെ പീഡിപ്പിച്ചുകൊണ്ടിരുന്നു

# വിശദപഠനം

## 2. ചങ്ങലകൾ നുറുങ്ങുന്നു

**ടി.കെ.സി. വടുതല**

"1935- ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റിൽ ബ്രിട്ടീഷുകാരാണ് പട്ടിക ജാതിയെന്ന പദം ആദ്യമായി ഉപയോഗിച്ചത്. അതിനു മുമ്പ്, ഈ ജാതികളിൽ ചിലത് അമർത്തപ്പെട്ട വിഭാഗങ്ങൾക്കിടയിൽ ഉൾപ്പെട്ടിരുന്നു. 'അവർണർ എന്ന നിലയിൽ പരിഗണിച്ചിരുന്ന ഇവരെ, തൊട്ടുകൂടാത്തവരെന്ന് പ്രതിപാദിച്ചു.'' (ഹിന്ദുവർണത്തിലെ തൊട്ടു കൂടായ്മ - കെ. സത്യകൻ) കേരളത്തിൽ സവർണമേധാവിത്വം നിലനിന്നിരുന്ന ഒരു സാഹചര്യത്തിൽ അവർണ ജാതിക്കാരുടെ സംസ്കാരവും ജീവിതരീതിയും ഭാഷയും എല്ലാം ഉയർന്നു വരേണ്ടത് ഒരു ആവശ്യമായിരുന്നു. അർഹത ഉണ്ടായിട്ടും ദലിത് സമൂഹത്തെ പരിഗണിക്കാത്ത ഒരു സ്ഥിതി എപ്പോഴും നിലനിൽക്കുന്നുണ്ട്. ഒരു നല്ല വിഭാഗം പട്ടികജാതിക്കാർ കരാർ കർഷക തൊഴിലാളികളാണ്. വിവാഹം അല്ലെങ്കിൽ ദൈനംദിന ജീവിതത്തിനു വേണ്ടി പണം കടം വാങ്ങേണ്ടി വന്നതു മൂലമാണ് ഇവർ കരാർ കർഷകതൊഴിലാളികളായി തീർന്നത്. ചില കരാർ കർഷകത്തൊഴിലാളികൾക്ക് ഒരേ യജമാനനു കീഴിൽ വർഷങ്ങളോളം പണിയെടുക്കേണ്ടി വരുന്നു. ചിലപ്പോൾ ജീവിതകാലം മുഴുവൻ ജോലി ചെയ്യേണ്ടി വരുന്നു. കരാർ തൊഴിൽ സമ്പ്രദായ നിയമം 1976 പ്രകാരം നിയമപരമായി അവസാനിച്ചുവെങ്കിലും ഇന്നും ആ ആചാരം തുടരുന്നു. അവരെ ഉന്നതിയിലേക്ക് കൊണ്ടുവരാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും മേൽക്കോയ്മ അനുഭവിക്കുന്നവർ തയ്യാറാകുന്നില്ല. ഈ സന്ദർഭത്തിലാണ് ദലിതന്റെ സംസ്കാരത്തെ ഉയർത്തിപ്പിടിക്കത്തക്ക രീതിയിൽ ദലിത് സാഹിത്യം ഉടലെടുത്തത്. അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ സ്വപ്നങ്ങളും മോഹങ്ങളും എല്ലാം സാധിക്കുന്നതിനുള്ള ഒരു ഉപാധിയായി ദലിത് സാഹിത്യം മാറി. മനുഷ്യരിൽ തന്നെ ജാതീയ ചിന്തകൾ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ദലിതനെ ഒരു സാമൂഹിക ജീവിയായി കാണാനോ അവന് പരിഗണന നൽകാനോ ആരും തയ്യാറായിരുന്നില്ല. സ്ഥിരമായി ഒരു ജോലിയോ ചെയ്യുന്ന ജോലിക്ക് ഉള്ള കൂലിയോ ഒന്നും തന്നെ അവന് ലഭിക്കുമായിരുന്നില്ല. സ്വന്തമായ ഒരു വീട് എന്ന സ്വപ്നം പോലും വിദൂരമായിരുന്നു. എന്നാൽ ഈ വക കാര്യങ്ങളെക്കുറിച്ചൊന്നും അവൻ വേവലാതി കൊണ്ടില്ല. കൃഷി ഭൂമിയിൽ മണ്ണിനോട് പടവെട്ടി പൊന്നു വിളയിച്ച് അതെല്ലാം ഉടമസ്ഥന് കാഴ്ചവയ്ക്കുന്ന ഒരു പതിവാണ് അവൻ ചെയ്തു പോന്നിരുന്നത്. അടിമ ഉടമ ബന്ധം നിലനിന്ന ഈ സാഹചര്യത്തിൽ തന്നെയാണ് ജാതി വ്യവസ്ഥ ശക്തി പ്രാപിച്ചത്. ജാതീയമായ അനുഭവങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്നത് പറയൻ, ചെറുമൻ, പുലയൻ എന്നീ വിഭാഗങ്ങൾക്ക് ആയിരുന്നു. ഇവരെ മുതലാളിമാർ അതിക്രൂരമായി ഉപദ്രവിക്കുമായിരുന്നു. പകലന്തിയോളം പണിയെടുത്തതിനു ശേഷം പട്ടിണി കിടന്ന് കരഞ്ഞുതീർക്കുന്ന ഒരു സമൂഹത്തിന്റെ ദുരിത ചിത്രം ഒരു കാലത്ത് കേരളത്തിൽ കാണാമായിരുന്നു.

- ദലിത് ജീവിതം

ജാതി എന്നുള്ള സങ്കല്പം കേരള സംസ്കാരത്തിന്റയും ചരിത്ര

ത്തിന്റെയും ഭാഗമാണ്. ജാതി എന്ന സത്യത്തെ തുറന്ന മനസോടെ സ്വീകരിക്കാനും നോക്കിക്കാണാനും കേരളീയ ജനത ഇനിയും ശ്രമിച്ചിട്ടില്ല. ജാതിവ്യവസ്ഥയെക്കുറിച്ചുള്ള പൊള്ളുന്ന യാഥാർഥ്യങ്ങൾ തുറന്നു പറയുന്നവൻ എന്നും അകറ്റിനിർത്തപ്പെട്ടിട്ടേയുള്ളൂ. പുലയരുടെ സുഖഃദുഖങ്ങളും അനുഭവങ്ങളും ഒക്കെ വീക്ഷിച്ചു കൊണ്ടിരുന്ന ഒരു സാഹിത്യകാരൻ അന്ന് കേരളത്തിലുണ്ടായിരുന്നു. ആ വ്യക്തിയാണ് തൈപ്പി കണ്ടൻ ചാത്തൻ വടുതല എന്ന ടി. കെ. സി. വടുതല. 1921 ഡിസംബർ 23-നാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ അച്ഛൻ തൈപ്പിക്കണ്ടൻ. അമ്മ പനക്കപ്പാടത്ത് കുറുമ്പ. എറണാകുളം ജില്ലയുടെ വടക്കേ അറ്റത്താണ് വടുതല ദേശം. പുലയരും ക്രിസ്ത്യാനികളുമായിരുന്നു വടുതലയിൽ ജീവിക്കുന്നവരിൽ ഏറിയ പങ്കും. മലയാള സാഹിത്യം കീഴാള ജനതയോട് പുലർത്തി വന്ന നിഷേധാത്മക സമീപനത്തെ ആദ്യമായി തിരുത്തിയെഴുതിയത് ടി. കെ. സി. വടുതലയാണ്. ബി എൽ ഹിന്ദി പ്രഭാദ് പരീക്ഷ പാസായ അദ്ദേഹം ആകാശവാണിയിലും കേരള പബ്ലിക് റിലേഷൻസ് ജില്ലാ ഇൻഫർമേഷൻ ഓഫീസിലും ജോലി ചെയ്തു. ദലിത് സമൂഹത്തിന്റെ ആന്തരിക ലോകത്തെ പ്രതിഫലിപ്പിക്കുന്ന നിരവധി നോവലുകൾ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി. കെ. സി. യുടെ കഥകളെ പുലയ കഥകൾ, ജാതി കഥകൾ, സാധാരണ കഥകൾ എന്നിങ്ങനെ വിഭജിക്കാം. ജാതി കഥകളിൽ ജാതിയുടെ പേരിലുള്ള മാറ്റി നിർത്തൽ, ഉച്ചനീചത്വം എന്നിവ ഉൾപ്പെടുന്നു. ടി. കെ. സി. യുടെ പുലയകഥകളെല്ലാം സാമൂഹ്യപരിഷ്ക്കരണം ലക്ഷ്യമാക്കിയുള്ളവയാണ്. മുതലാളിത്തത്തിന്റെ പിടിയിൽ നിന്നും പുലയ സമുദായം മോചനം നേടണമെന്ന ലക്ഷ്യമാണ് അദ്ദേഹത്തിന്റേത്. ഒട്ടനവധി എഴുത്തുകാരെ പോലെ അനേകം ഉത്കൃഷ്ടകൃതി രചിച്ചിട്ടും അർഹമായ പരിഗണന കിട്ടാതെ പോയ ഒരു എഴുത്തുകാരനാണ് ടി. കെ. സി. വടുതല. ചെറുകഥ, നോവൽ, പ്രബന്ധം, ജീവചരിത്രം, ഗദ്യകവിത, തർജമ എന്നിങ്ങനെ വിവിധ സാഹിത്യശാഖകളിലായി ഇരുപതോളം കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. ചക്രാന്തിഅട, ജാതിയെന്താ, ജീവിതത്തിന്റെ താളം, പുതിയഅടവ്, ടി.കെ.സി.യുടെ തെരഞ്ഞെടുത്ത കഥാസമാഹാരങ്ങൾ, ചാരിത്ര്യവതി, പെൺചെന്നായ (തർജമ), ചങ്ങലകൾ നുറുങ്ങുന്നു, നനവുള്ള മണ്ണ്, കറ്റയും കൊയ്ത്തും (നോവലുകൾ), നീയും ഞാനും (കവിത), ഡോ. ബി. ആർ. അംബേദ്കർ, ഏ. ഡി. ഹരിശർമ (ജീവചരിത്രങ്ങൾ) നുണ, വിരുന്നുകാർ (ലേഖനങ്ങൾ) എന്നിവ ടി. കെ. സി. യുടെ പ്രധാന കൃതികളാണ്.

▶ ജാതിയും സംസ്കാരവും

## Discussion

സർഗാത്മകമായൊരു സാമൂഹിക ഇടപെടൽ സാധ്യമായി എന്നതായിരുന്നു കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലത്തെ ദലിത് പ്രവർത്തനങ്ങളുടെ പ്രത്യേകത. കേരളത്തിലെ ദലിത് പ്രവർത്തനങ്ങളുടെ ചരിത്രത്തിലെ സമ്പന്നമായൊരു കാലമായിരുന്നു അത്. പൊതുസമൂഹത്തോട് സംവദിക്കാൻ കഴിയുന്ന സാമൂഹിക ചിന്തകരും എഴുത്തുകാരുമുണ്ടായത് ഇക്കാലത്താണ്. ദലിത് സ്വത്വം, ദലിത് ചിന്ത, ദലിത് എഴുത്ത്, ദലിത് രാഷ്ട്രീയം എന്നിങ്ങനെ പതിയ ഒരു ആശയ ലോകം

സൃഷ്ടിച്ചെടുക്കാൻ ഇതിലൂടെ എഴുത്തുകാർക്ക് കഴിഞ്ഞു. ദലിതരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സാഹിത്യമാണ് ദലിത് സാഹിത്യം. ജാതി പരാമർശം, ആക്രമണം, ഉപദ്രവം, സാമൂഹികമായ ഉച്ചനീചത്വങ്ങൾ എന്നിവയെല്ലാം ദലിത് സാഹിത്യകൃതി വിഷയമാക്കുന്നു. ദലിത് സാഹിത്യത്തിന്റെ സ്വാധീനം മലയാളസാഹിത്യകൃതികളിൽ ധാരാളം കാണുന്നുണ്ട്. പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ജാതിക്കുമ്മി, കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക അന്തരീക്ഷം വെളിപ്പെടുത്തുന്ന കവിതയാണ്. വയലാറിന്റെ ഹരിജനങ്ങളുടെ പാട്ട്, എസ്.ജോസഫിന്റെ കറുത്തകല്ല്, തുടങ്ങിയ ഒട്ടനവധി ദലിത് കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എങ്കിലും മലയാള നോവലിന്റെ ആരംഭം മുതൽ തന്നെ ദലിത് ജീവിതം നോവലിന് പ്രമേയമായിരുന്നു. ആദ്യ നോവൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഘാതകവധം ദലിത് പ്രശ്നം കൈകാര്യം ചെയ്യുന്നുണ്ട്. ആർച്ച് ഡീക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചു, ടി. കെ. സി. വടുതലയുടെ കറ്റയും കൊയ്ത്തും, നനവുള്ള മണ്ണ്, ചങ്ങലകൾ നുറുങ്ങുന്നു, തകഴിയുടെ രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, നാഗവള്ളി ആർ.എസ്. കുറുപ്പിന്റെ തോട്ടി, കേശവദേവിന്റെ കണ്ണാടി, ഓടയിൽ നിന്ന്, അയൽക്കാർ, വി. കെ. എന്നിന്റെ ജനറൽ ചാത്തൻസ് എം. സുകുമാരന്റെ ശേഷക്രിയ, എം. മുകുന്ദന്റെ ഒരു ദലിത് യുവതിയുടെ കദനകഥ, പുലയപ്പാട്ട്, എൻ. പ്രഭാകരന്റെ തീയ്യൂർ രേഖകൾ, ഏഴിനും മീതെ, അംബികാസുതൻ മാങ്ങാടിന്റെ മരക്കാപ്പിലെ തെയ്യങ്ങൾ, സാറാതോമസിന്റെ ദൈവമക്കൾ, ഡി. രാജന്റെ മുക്കണി, പോൾ ചിറക്കരോടിന്റെ വെളിച്ചം, പുലയത്തറ, എൻ. മോഹനന്റെ ഇന്നലത്തെ മഴ, വത്സലയുടെ നെല്ല്, ആഗ്നേയം, സാറാജോസഫിന്റെ മാറ്റാത്തി, രാഘവൻ അത്തോളിയുടെ ചോരപ്പരിശം എന്നിങ്ങനെ ദലിത് വിഷയം കൈകാര്യം ചെയ്യുന്ന ധാരാളം നോവലുകൾ മലയാളസാഹിത്യത്തിൽ ഉണ്ട്.

- ദലിത് ചിന്ത, ദലിത് എഴുത്ത്, ദലിത് രാഷ്ട്രീയം

ദലിത് സാഹിത്യത്തിന്റെ ഉത്തമമാതൃകകൾ കലാമൂല്യത്തോടും അനുഭവക്കരുത്തോടും കൂടി മലയാളത്തിൽ ആവിഷ്കരിച്ചത് ടി. കെ. സി. വടുതലയാണ്. അരനൂറ്റാണ്ടു മുമ്പ് കേരളത്തിലെ ദലിത് ജനത അനുഭവിച്ച ചൂഷണവും വിവേചനവും എല്ലാം തന്റെ കഥകളിലൂടെയും നോവലിലൂടെയും ടി. കെ. സി. രേഖപ്പെടുത്തി. മലയാള സാഹിത്യത്തിൽ ദലിത് സാഹിത്യം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ടി. കെ. സി. ദലിത് ജീവിതത്തെ തന്റെ കൃതികളിൽ ആവിഷ്കരിച്ചത്. നിലവിലുള്ള സാഹിത്യത്തിലേയ്ക്ക് കീഴാളന്റെ അഥവാ ദലിതന്റെ ഭാഷ കടന്നുവരുന്നത് ടി. കെ. സി. കഥ എഴുതി തുടങ്ങിയതിനു ശേഷമാണ്. ടി. കെ. സി. വടുതലയുടെ പ്രസിദ്ധമായ ഒരു നോവലാണ് 'ചങ്ങലകൾ നുറുങ്ങുന്നു' എന്നത്. ജാതിയുടേയും മതത്തിന്റെയും പേരിൽ ജന്മികൾ ചൂഷണം ചെയ്തിരുന്ന പുലയ സമുദായത്തിന്റെ സംഘടിത ശ്രമത്തെ എടുത്തു കാണിക്കുന്ന ഒന്നാണ് 'ചങ്ങലകൾ നുറുങ്ങുന്നു' (1979) എന്ന നോവൽ. കഥയ്ക്കുവേണ്ടി കഥയെഴുതുന്നവനല്ല ടി. കെ. സി. വടുതല. സ്വന്തം സമുദായത്തിന്റെയും തന്റേയും ജീവിതാനുഭവത്തിന്റെ തീച്ചൂളയിൽ ഉരുക്കിയെടുത്ത കഥകളാണ് ടി. കെ. സി. യുടേത്. അതിന് അനന്യവും അനുപമവുമായ ലാവണ്യവും രുചിഭേദത്തിന്റെ നിറവും കാണാം. എന്തുകൊണ്ടാണ് ഈ കറുത്ത മക്കളുടെ ജീവിതമെന്ന മണ്ണിൽ നല്ല പശിമയുണ്ടായിട്ടും അതിൽനിന്ന് വളരെയേറെ നല്ല കൃതികൾ മുളച്ചു വരാതിരുന്നത്? ഉത്തരം ലളിതമാ

ണ്. മണ്ണുണ്ടായാൽ മാത്രം പോരാ, അതിൽ വിത്തു വിതയ്ക്കാനറിയാവുന്ന കർഷകനുമുണ്ടാകണം. കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങളെപ്പറ്റി 'കണ്ടറിവും കേട്ടറിവും' മാത്രം പോര 'കൊണ്ടറിവുകൂടി വേണം.' ആ വർഗത്തിൽത്തന്നെ പിറന്ന് വളരുന്നത് കൊണ്ടറിവിനു മൂർച്ച കൂട്ടും'' (ചങ്ങലകൾ നുറുങ്ങുന്നു, നോവൽ - അവതാരിക, പേജ്. 7- ഡോ. എം. ലീലാവതി). സ്വാതന്ത്ര്യ സമരകാലത്താണ് 'ചങ്ങലകൾ നുറുങ്ങുന്നു' എന്ന നോവലിന്റെ കഥ നടക്കുന്നത്. ണഅക്കാലത്തെ കേരളീയ സമൂഹത്തിന്റെ സ്വഭാവം വിചിത്രമായിരുന്നു. ഒരു ഭാഗത്ത് ദേശാഭിമാനികളായ ജനങ്ങൾ പതാകയും ഏന്തി ഗാന്ധിജിയുടെ സന്ദേശങ്ങൾ നാടെങ്ങും എത്തിക്കുന്നു. മറുഭാഗത്ത് കേരളമണ്ണിൽ ജാതിയുടെയും മതത്തിന്റെയും അനാചാരങ്ങളുടെയും പേരിൽ മനുഷ്യർ തമ്മിലടിക്കുന്നു. മേലാളനും, കീഴാളനും തമ്മിൽ, മുതലാളിയും തൊഴിലാളിയും തമ്മിൽ ശത്രുത നിലനിൽക്കുന്നു. എവിടെയും തൊട്ടുകൂടായ്മയും തീണ്ടി കൂടായ്മയും നിലനിൽക്കുന്നു. ഇവരുടെ ഇടയിലേക്ക് ക്രിസ്ത്യാനികളായ ഒരുകൂട്ടം ആളുകൾ കടന്നു വരുന്നു. അവർ തമ്പുരാന്മാരുടെ നിലങ്ങൾ പാട്ടത്തിനെടുത്ത് കൃഷി നടത്തുന്നു. അവിടുത്തെ പണിക്കാരോട് ക്രൂരമായ പെരുമാറ്റ രീതിയാണ് ക്രിസ്ത്യൻ മുതലാളിമാർ പുലർത്തി പോന്നിരുന്നത്. മൃഗങ്ങൾക്ക് നൽകുന്ന ഒരു പരിഗണന പോലും അവിടെ മനുഷ്യന് കിട്ടിയില്ല.

> ▶ സ്വാതന്ത്ര്യസമര കാലത്താണ് 'ചങ്ങലകൾ നുറുങ്ങുന്നു' കഥ നടക്കുന്നത്

പള്ളിവാതുക്കൽ വറുതച്ചന്റെ നൂറു പറക്കണ്ടം നോക്കി നടത്തുന്നത് പുലയമൂപ്പനായ കണ്ടാരിയാണ്. പുലയമൂപ്പന് സ്വന്തം കൂലിക്ക് പുറമേ വരിനെല്ല് കൂടി അധികമായി കിട്ടും. അതുകൊണ്ട് പുലയമൂപ്പൻ മുതലാളിമാരോട് കൂറുള്ളവൻ ആയിരുന്നു. എന്നാൽ കണ്ടാരി ഇങ്ങനെ ഒരാൾ ആയിരുന്നില്ല. അയാൾക്ക് നല്ല വിവേചന ശക്തി ഉണ്ടായിരുന്നു. തന്റെ മകനായ കണ്ണപ്പനെ നല്ലൊരു നിലയിൽ എത്തിക്കണമെന്നാണ് കണ്ടാരിയുടെ ആഗ്രഹം. കണ്ടാരി മകനെ കൃഷ്ണൻ മാഷിന്റെ സ്കൂളിൽ പഠിക്കാൻ ചേർത്തു. ആരെയും തൊട്ട് അശുദ്ധമാക്കരുത് എന്നും കുട്ടികളുടെ പിന്നിൽ നിന്ന് പഠിച്ചാൽ മതിയെന്നുമായിരുന്നു കൃഷ്ണൻ മാസ്റ്റർ അവനോട് ആജ്ഞാപിച്ചത്. മകന്റെ ദുഃഖം മനസിലാക്കിയ കണ്ടാരി ഒരു ഗവൺമെന്റ് ഉത്തരവ് സംഘടിപ്പിച്ചു. ഈ ഉത്തരവ് കണ്ണപ്പന് പ്രത്യേകം ഇരിപ്പിടം കിട്ടാൻ സഹായിച്ചു. ഇത് കണ്ടാരിയുടെയും കണ്ണപ്പന്റെയും പുലയ സമൂഹത്തിന്റെയും കൂടി വിജയം ആയിരുന്നു.

> ▶ പുലയ സമൂഹത്തിന്റെ വിജയം (കണ്ടാരിയുടെ ആർജ്ജവം)

പുലയരുടെ കൂട്ടത്തിലെ മറ്റൊരു കഥാപാത്രമായിരുന്നു തേവൻ വല്യച്ഛൻ. തേവൻ വല്യച്ഛൻ ഇഷ്ടപ്പെട്ട പെണ്ണിനെ കെട്ടിയതുകൊണ്ട് ശിക്ഷ അനുഭവിക്കുന്ന ആളാണ്. വിവാഹശേഷം രാത്രികാലങ്ങളിൽ വയലിന് തേവൻ കാവൽ നിൽക്കണമെന്നാണ് കാര്യസ്ഥൻ രാമൻനായരുടെ ആജ്ഞ. തേവന്റെ ഭാര്യയായ കൊച്ചുപെണ്ണ് രാത്രിയിൽ ഒറ്റയ്ക്ക് കഴിയേണ്ടി വരുന്നു. ഒരു ദിവസം രാത്രി രാമൻനായർ കൊച്ചുപെണ്ണിനെ കടന്നു പിടിക്കാൻ ശ്രമിച്ചു. തേവനും കൊച്ചുപെണ്ണും രാമൻനായരെ മർദ്ദിച്ച് അവശനാക്കി. രാമൻനായരുടെ നിലവിളി കേട്ട് ഓടിയെത്തിയ പുലയ ജനങ്ങൾ സന്തോഷംകൊണ്ട് ആർത്തു വിളിച്ചു. എന്നാലും വരാൻ പോകുന്ന ആപത്തിനെ ഓർത്ത് എല്ലാവരും നടുങ്ങി. തേവനും കൊച്ചുപെണ്ണും അവിടെ നിന്ന്

> ▶ കാര്യസ്ഥൻ രാമൻനായരുടെ ആജ്ഞ

എങ്ങോട്ടെന്നില്ലാതെ ഓടിപ്പോയി. സാഹചര്യമാണ് അവരെക്കൊണ്ട് ഇങ്ങനെ ചെയ്യിച്ചതെങ്കിലും ധീരനായ തേവൻ വലിയച്ഛനെ എല്ലാവരും ഇന്നും സ്മരിക്കുന്നു.

മറ്റൊരു കഥാപാത്രമാണ് കുഞ്ഞപ്പൻ. കണ്ണപ്പന്റെ അമ്മാവന്റെ മകനാണ് കുഞ്ഞപ്പൻ. കറുപ്പൻ മാഷിനെക്കുറിച്ച് കണ്ണപ്പൻ കുഞ്ഞപ്പനോട് പറഞ്ഞു. ഹരിജനങ്ങളുടെ ക്ഷേമത്തിനായി മഹാരാജാവ് നിയമിച്ച ഉദ്യോഗസ്ഥനാണ് കറുപ്പൻമാഷ്. കറുപ്പൻമാഷ് ആണ് പള്ളിക്കുടത്തിൽ കണ്ണപ്പന് ഇരിപ്പിടം നൽകിയ ഉത്തരവ് നടപ്പിലാക്കിയത്. കണ്ണപ്പനും കുഞ്ഞപ്പനും കറുപ്പൻമാഷിന്റെ നാടായ നെടുങ്കാട്ടിലേക്ക് ചെന്നു. കണ്ണപ്പൻ ആ നാടിന്റെ പ്രത്യേകത കുഞ്ഞപ്പനോട് പറഞ്ഞു. കൊച്ചിമഹാരാജാവിന്റെ ഷഷ്ഠിപൂർത്തി ആഘോഷം നടക്കുന്ന വേദിയിൽ കെ. പി. കറുപ്പന്റെ ബാലാകലേശം നാടകം അരങ്ങേറുന്നുണ്ട്. ഇതറിഞ്ഞ് കൃഷ്ണാദിപുലയന്റെ നേതൃത്വത്തിൽ യുവാക്കൾ നാടകം കാണാൻ ചെന്നു. പക്ഷേ അവർക്ക് അവിടെ പ്രവേശിക്കാൻ കഴിഞ്ഞില്ല. മൈതാനത്തിലെ മരച്ചുവട്ടിൽ ഇരുന്ന് അവർ രാജസ്തുതികൾ പാടി. അവരെ നേരിൽചെന്ന് കാണാൻ രാജാവ് കറുപ്പൻ മാഷിനോട് ആവശ്യപ്പെട്ടു. ദുരിതങ്ങളും ആവലാതികളും കറുപ്പനുമായി അവർ പങ്കിട്ടു. സംഘടിച്ച് ശക്തരാകാൻ മാഷ് അവരെ ഉപദേശിച്ചു. അദ്ദേഹം തന്നെ അവരുടെ സംഘടനയ്ക്ക് രൂപം നൽകി. അങ്ങനെ നെടുങ്കാട് എന്ന സ്ഥലത്താണ് ആദ്യത്തെ പുലയ സംഘടന രൂപം കൊണ്ടത്. നെടുങ്കാട്ടിന്റെ ചരിത്രം പുലയരുടെ സംഘടിത സമര ചരിത്രം കൂടിയാണ്.

- ആദ്യത്തെ പുലയ സംഘടന രൂപം കൊള്ളുന്നു

കണ്ണപ്പൻ അധ്യാപകനായ കാലത്തെ ദുരിതങ്ങളെക്കുറിച്ചാണ് തുടർന്ന് വിവരിക്കുന്നത്. അധ്യാപകനായ മാധവൻ മാസ്റ്ററെക്കുറിച്ചും ഈ ഭാഗത്ത് പറയുന്നുണ്ട്. ആദ്യത്തെ ഈഴവനായ ബി. എ. ക്കാരനായിരുന്നു മാധവൻ മാസ്റ്റർ. സ്റ്റാഫ് റൂമിൽ ഒറ്റപ്പെട്ടുപോകുന്ന പല അനുഭവങ്ങളും മാധവൻ മാസ്റ്റർക്ക് ഉണ്ടായിട്ടുണ്ട്. ഈ അനുഭവങ്ങളെക്കുറിച്ചൊക്കെ മാധവൻ മാസ്റ്റർ കണ്ണപ്പനോട് പറഞ്ഞിരുന്നതുകൊണ്ടു തന്നെ സ്കൂളിലെ അന്തരീക്ഷം ഏറെക്കുറെ കണ്ണപ്പന് നേരത്തെ തന്നെ മനസിലാക്കാൻ കഴിഞ്ഞിരുന്നു. മാധവൻ മാസ്റ്റർക്ക് കിട്ടിയതിനേക്കാൾ ക്രൂരമായ അനുഭവങ്ങളാണ് കണ്ണപ്പന് ഉണ്ടായത്. വല്ലാതെ ഒറ്റപ്പെടൽ അനുഭവപ്പെട്ടു. വിദ്യാർഥികൾ പുലയൻ മാഷ്ന്ന് വിളിച്ച് ആക്ഷേപിച്ചു. താൻ ഉൾപ്പെട്ട സമുദായത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ താൻ വ്യക്തിപരമായി പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് സ്കൂളിൽ എത്തിയിരുന്നുവെന്ന് അയാൾ മനസിലാക്കി. ഒരു പുഴുത്ത പട്ടിക്ക് കൊടുക്കുന്ന വിലപോലും അവിടെ നിന്നും അദ്ദേഹത്തിന് കിട്ടിയില്ല. ഈ സമയത്താണ് ബാല്യകാല സുഹൃത്തായ രാമകൃഷ്ണൻ കണ്ണപ്പന്റെ സ്കൂളിൽ അധ്യാപകനായി എത്തിയത്. ഒരേ ചിന്താഗതിക്കാരായ രണ്ടുപേരും ഒരുമിച്ചപ്പോൾ അധ്യാപകർ അവരുടെ മുന്നിൽ മുട്ടുമടക്കി. ഈഴവനായ രാമകൃഷ്ണനും പുലയനായ കണ്ണപ്പനും ഒന്നിച്ച് സ്കൂളിന്റെ ബഹുമുഖപരിപാടികളിൽ പങ്കാളികളായി. ക്രമേണ അവർ ഏവർക്കും ബഹുമാന്യരായി. ജാതിമത ഭേദമെന്യേ എല്ലാ പൗരന്മാർക്കും തുല്യ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിച്ചാൽ മാത്രമേ ഇന്ത്യക്ക് യഥാർഥ സ്വാതന്ത്ര്യം അവകാശപ്പെടാൻ കഴിയൂ എന്നവർ മനസിലാക്കി. സ്കൂളിന് സമീപത്തായി സ്വാതന്ത്ര്യസമരവുമായി

- വിദ്യാർഥികൾ പുലയൻ മാഷ്ന്ന് വിളിച്ച് ആക്ഷേപിച്ചു.
- ജാതീയതമായ അടിമത്തത്തിൽനിന്നുള്ള മോചനമാണ് രാഷ്ട്രീയ സ്വാതന്ത്ര്യത്തേക്കാൾ പ്രധാനം.

ബന്ധപ്പെട്ട ഒരു യോഗത്തിൽ പുലയർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ഈ ഘട്ടത്തിൽ കണ്ണപ്പനും രാമകൃഷ്ണനും മറ്റൊരു യോഗം അതേ സ്ഥലത്തു വിളിച്ചുകൂട്ടി. സ്വന്തം മണ്ണിൽ ഒരു കൂട്ടം ജനത നൂറ്റാണ്ടുകളായി അടിമത്തത്തിൽ കഴിയുമ്പോൾ മറ്റൊരു രാജ്യത്തിന്റെ അടിമത്തത്തിൽനിന്ന് സ്വന്തം രാജ്യത്തെ മോചിപ്പിക്കണം എന്ന അവകാശവാദം അപഹാസ്യമാണെന്ന് അവർ ജനങ്ങളെ ബോധിപ്പിച്ചു. ഇത് പുലയരെ ആവേശം കൊള്ളിച്ചു. ഈ സംഭവം കോൺഗ്രസുകാരെ അരിശം കൊള്ളിക്കുകയും ചെയ്തു.

കൊച്ചുതാര എന്ന ഒരു കഥാപാത്രം ഈ നോവലിൽ ഉണ്ട്. കൊച്ചുതാരയുടെ വീട്ടിലായിരുന്നു പല ചർച്ചകൾക്കും ആളുകൾ ഒത്തുകൂടിയിരുന്നത്. അവകാശങ്ങൾ നേടിയെടുക്കുന്നതിനായി പുലയർ നടത്തിയ പ്രക്ഷോഭങ്ങളെക്കുറിച്ചാണ് അവിടെ വിവരിക്കുന്നത്. പുലയർക്കും മറ്റു പിന്നോക്ക ജാതിക്കാർക്കും കുടിവെള്ളത്തിനുപോലും മുതലാളിമാരുടെ മുന്നിൽ ഓച്ഛാനിച്ചു നിൽക്കേണ്ടി വന്നു. അവർക്ക് കുളിക്കാനോ മറ്റാവശ്യങ്ങൾക്കോ കുളങ്ങൾ ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല. ഇതറിഞ്ഞ രാമകൃഷ്ണനും കണ്ണപ്പനും പുലയർക്കായി കിണറുകളും കുളങ്ങളും കുഴിച്ചു. മുതലാളിമാർക്ക് ഇത് കനത്ത ഒരു തിരിച്ചടിയായിരുന്നു. സ്വന്തം അധ്വാനത്തിന്റെ പ്രതിഫലം ആവശ്യപ്പെടാൻ പുലയർ തീരുമാനിച്ചതും ഈ ഘട്ടത്തിലായിരുന്നു. അവർ കൃഷിയിടങ്ങളിൽ പണിയെടുക്കാതെ പ്രതിഷേധിച്ചു. അങ്ങനെ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ സമരപരിപാടികളുമായി മുന്നോട്ടു പോകാൻ പുലയർ തീരുമാനിച്ചു. ഉയർന്ന ജാതിക്കാർ അതിനെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാക്കി മാറ്റി. മുതലാളിമാർ സമരപരിപാടികളെ കാര്യമായി എടുത്തില്ല. അവർ ഇനി പാടത്ത് പണിയെടുക്കാൻ പുലയർ വേണ്ട എന്ന് തീരുമാനമെടുത്തു. പുലയരെ പട്ടിണിക്കിട്ട് കൊല്ലുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. പുലയർ കായലിൽ നിന്ന് കക്കവാരി ജീവിതം തുടങ്ങി. അതുവഴി പലരുമായി അവർക്ക് കച്ചവടബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടു.

> ▶ പുലയരെ പട്ടിണിക്കിട്ട് കൊല്ലുക എന്നതായിരുന്നു അവരുടെ ലക്ഷ്യം

അവർ പട്ടണവാസികളെ പോലെ നല്ല വസ്ത്രങ്ങൾ ഉപയോഗിക്കാനും നല്ല ഭക്ഷണം കഴിക്കാനും തുടങ്ങി. പട്ടണത്തിൽ പോകുവാനും സിനിമ കാണാനും എല്ലാം അവർക്ക് സാധിച്ചു. രാവന്തിയോളം കൃഷിസ്ഥലങ്ങളിൽ ദുരിതം അനുഭവിച്ചിരുന്ന അവർ പുതിയ ജീവിത സുഖങ്ങൾ അനുഭവിക്കാൻ തുടങ്ങി. ഈ ഘട്ടത്തിലാണ് ഭാരതം സ്വതന്ത്രമാകുന്നത്. എന്നാൽ സാമൂഹിക ജീവിതത്തിന് അപ്പോഴും വലിയ മാറ്റമൊന്നും സംഭവിച്ചിരുന്നില്ല. ടി. കെ. സി. യുടെ ഭാഷയിൽ പറഞ്ഞാൽ ജനം നിയമം കൈയിലെടുക്കുന്ന ഒരു അവസ്ഥ സംജാതമായി. ജനകീയ സമരത്തെ തല്ലിത്തകർക്കാൻ മറുവശത്തു പട്ടാളം അണിനിരന്നു. 1946 സെപ്റ്റംബറിൽ വയലാറിലും പുന്നപ്രയിലും നടന്ന അതിരൂക്ഷമായ ജനകീയമുന്നേറ്റങ്ങളെ ഇവിടെ സ്മരിക്കുന്നതായി തോന്നാം. തൊഴിലാളികൾ ഗവൺമെന്റ് അധികാരത്തെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ട് പോലീസിനോടും പട്ടാളത്തോടും സാഹസികമായി ഏറ്റുമുട്ടി. സർക്കാർ ആലപ്പുഴയിലും ചേർത്തലയിലും പട്ടാള നിയമം പ്രഖ്യാപിച്ചു. ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ നേരിട്ട് ആ പ്രദേശങ്ങളിലെ പോലീസിന്റെയും പട്ടാളത്തിന്റെയും പ്രവർത്തന

ങ്ങളുടെ നായകത്വം ഏറ്റെടുത്തു. വയലാറിലെ തൊഴിലാളികൾ കല്ലു കളും വാരിക്കുന്തങ്ങളും ആയുധങ്ങളാക്കി തീക്ഷ്ണമായെതിർത്തു നിന്നു. പക്ഷെ, സമരം ചെയ്ത തൊഴിലാളികളെ പോലീസിന്റെയും പട്ടാളത്തിന്റെയും ഭീമമായ ശക്തി വിഴുങ്ങിക്കളഞ്ഞു. ഈ സംഭവങ്ങളിൽ നൂറുകണക്കിന് തൊഴിലാളികൾ മരണം വരിച്ചു. പുന്നപ്ര-വയലാർ സമരമെന്നാണ് ഈ സംഭവം അറിയപ്പെട്ടത്. രാമകൃഷ്ണനും കണ്ണപ്പനും സമരരംഗത്ത് സജീവമായിരുന്നു. ജനകീയ ഗവൺമെന്റ് ഇവിടെ അധികാരത്തിലെത്തി. എന്നാൽ പുലയരുടെ ശത്രുക്കളായ മുതലാളിമാർ, അവരെ സ്തുതിക്കുന്ന മന്ത്രി, ഇതെല്ലാം കണ്ടു വെറുംകാഴ്ചക്കാരനായി നോക്കിനിൽക്കാനെ രാമകൃഷ്ണന് കഴിഞ്ഞുള്ളൂ. അവസ്ഥ വീണ്ടും പരിതാപകരമായി. മുതലാളിമാർ പുലയരെ പണിക്ക് വിളിക്കാതെയായി. കക്കവാരൽ നിയമം മൂലം നിരോധിച്ചു. പുലയർ പലരും പട്ടണത്തിലേക്ക് തൊഴിൽ തേടിപ്പോയി. ജാതിചിന്ത ഇല്ലാതാകണമെങ്കിൽ ജാതിയുമായി ബന്ധപ്പെട്ട തൊഴിലുകൾ ഇല്ലാതാകണമെന്ന് കണ്ണപ്പൻ പുലയരോട് ആഹ്വാനം ചെയ്തു.

▶ ജനകീയ ഗവൺമെന്റ് അധികാരത്തിലെത്തി

പുലയരും മുതലാളിമാരും ചില സമവായ ചർച്ചകൾ നടത്തിയ ശേഷം തീരുമാനങ്ങൾ കൈകൊണ്ടതനുസരിച്ച് പുലയർ വീണ്ടും പാടത്ത് പണിക്കിറങ്ങി. എന്നാൽ പഴയ കൂലി അവർക്ക് നൽകിയപ്പോൾ അവർ അതിനെതിരെ പ്രതികരിച്ചു. പരമേശ്വരൻനായർ എന്ന വ്യക്തിയുടെ കണ്ടത്തിൽ പണി ചെയ്തുകൊണ്ടിരുന്ന പുലയർ കൂലിക്കായി സമരം ചെയ്തു. പിന്നീടുണ്ടായ സംഘർഷത്തിൽ പരമേശ്വരനായരുടെ വലംകൈയായ ഔസേപ്പ് മാപ്പിളയുടെ ഒരു കൈ പുലയർ തൂമ്പ കൊണ്ട് വെട്ടി. പെട്ടെന്നുണ്ടായ വികാരത്തിന്റെ പുറത്ത് ചെയ്തതാണ് ഈ കാര്യം. പരിഭ്രാന്തരായ പുലയർ ഒളിവിലേക്ക് പോയി. എന്നാൽ ഇതിന്റെ ഇടയിലും പുലയരുടെ കൂലിക്കായുള്ള പോരാട്ടങ്ങളും സമരങ്ങളും കണ്ണപ്പന്റെയും രാമകൃഷ്ണന്റെയും നേതൃത്വത്തിൽ ശക്തമായിക്കൊണ്ടിരുന്നു. ഒരു ദിവസം കേരളത്തിലെ മുഴുവൻ തൊഴിലാളികളും ജോലിക്ക് ഹാജരായില്ല. ജന്മി-മുതലാളിമാർക്ക് അതൊരു വലിയ തിരിച്ചടിയായിരുന്നു. പ്രക്ഷോഭം ശക്തിപ്പെടാൻ തുടങ്ങി. "ലോകത്തിലെ എല്ലാ വിപ്ലവങ്ങളും പൊട്ടിപ്പുറപ്പെടുന്നത് വിശപ്പിൽ നിന്നാണത്രേ'' എന്നാണ് ടി. കെ. സി. അതിനെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത്. മുതലാളിമാർ പുലയരുടെ ശക്തി തിരിച്ചറിഞ്ഞു. അവർ പുലയരെ ദ്രോഹിക്കാൻ തുടങ്ങി. വീടുകളിൽ നിന്ന് യുവാക്കളെ തേടിപ്പിടിച്ച് അവർ ഉപദ്രവിച്ചു. ആരോഗ്യമുള്ള ചെറുപ്പക്കാർ ഒരു ദിവസം അപ്രത്യക്ഷമായി. പോലീസ് അവരെ വേട്ടയാടി അധികാരം പിടിച്ചെടുക്കുകയാണ് വേണ്ടതെന്ന് ഈ ഘട്ടത്തിൽ കണ്ണപ്പനും രാമകൃഷ്ണനും ബോധ്യപ്പെട്ടു. കണ്ണപ്പനും രാമകൃഷ്ണനും ഒളിവിൽ പോയി. കൂടുതൽ ശക്തിയോടെ ഒരു തിരിച്ചു വരവായിരുന്നു അവരുടെ ഉദ്ദേശം.

▶ മുതലാളിമാർ പുലയരുടെ ശക്തി തിരിച്ചറിഞ്ഞു

പഴയ പുലയരുടെ കാലം കഴിഞ്ഞ് കൃഷി ചെയ്യാൻ ആളില്ലാതെ ആകുമെന്ന് മുതലാളിമാർ ഭയപ്പെട്ടു. ഇതിനിടയിൽ കക്കവാരൽ നിയമപരമായി നിരോധിച്ചിരുന്നു. കക്കവാരി ഉപജീവനം നയിച്ച പുലയർക്ക് ഇനി മുന്നോട്ടു പോകുന്നതെങ്ങനെയെന്ന വേവലാതിയായി. നിയമാനുസൃതം കക്ക വാരാനുള്ള അനുമതി നേടാനായി കണ്ണപ്പനും

പുലയരുടെ കർഷകസംഘത്തിന് നേതാവായ വാസുപിള്ള എന്ന കലാകാരനും ശ്രമിച്ചു. വാസുപിള്ളയുടെ അഭിപ്രായത്തിൽ കൈക്കൂലിക്കെടുക്കുന്നതിലും തെറ്റില്ലായിരുന്നു. എന്നാൽ കണ്ണപ്പൻ അതിനെ എതിർത്തു. രാമകൃഷ്ണനും കണ്ണപ്പനും രാത്രികാലങ്ങളിൽ പുലയരുടെ കുടിലുകൾ കയറിയിറങ്ങി അവരെ ശക്തിപ്പെടുത്താൻ പരമാവധി ശ്രമിച്ചു. ആവേശത്തിന്റെയും സംഘബലത്തിന്റെയും സന്ദേശങ്ങൾ അവർ പറഞ്ഞു കൊടുത്തു. എന്നാൽ ഇവരുടെ ചലനങ്ങൾ സസൂക്ഷ്മം വീക്ഷിച്ചു കൊണ്ടിരുന്നവരിൽ ഒരാളായിരുന്നു പള്ളിവാതുക്കൽ വറുതച്ചൻ. അയാൾ വിവരങ്ങൾ അപ്പപ്പോൾ ഭൂവുടമകളെ അറിയിച്ചു. പാടത്ത് പണിയെടുക്കേണ്ട സമയമായപ്പോൾ വീണ്ടും സമര പരിപാടികൾ ശക്തിപ്പെട്ടു. തൊഴിലാളികൾ ജോലി ചെയ്യാൻ തയ്യാറായിരുന്നു. എന്നാൽ മേലാളർ കൂലി കൂട്ടി നൽകാൻ തയ്യാറായിരുന്നില്ല. വീണ്ടും ഏറ്റുമുട്ടലുകളും രക്തച്ചൊരിച്ചിലുകളും ഉണ്ടായി. എല്ലായിടത്തും ഭീകരാന്തരീക്ഷം നിറഞ്ഞു. വിശപ്പിന്റെ വിളി. പോലീസുകാർ വീടുവീടാന്തരം കയറിയിറങ്ങി നരനായാട്ടു നടത്തുന്നു. ഈ ഘട്ടത്തിൽ രാമകൃഷ്ണൻ തിരിച്ചു വന്ന് ചില കാര്യങ്ങൾ പറയുന്നു. തോട്ടം മേഖലയിൽ സംഘർഷം നിലനിൽക്കുകയാണെന്നും മിക്കവരും മർദ്ദനമേറ്റ് ഗുരുതരാവസ്ഥയിലാണെന്നും രാമകൃഷ്ണൻ അറിയിക്കുന്നു. മലയോര കൃഷിയിടങ്ങളിൽ നിന്ന് ഇൻസ്പെക്ടർമാർ മടങ്ങുമ്പോൾ തൊഴിലാളികൾ പതിയിരുന്ന് അവരെ ആക്രമിക്കുന്നു. ഒരു ഇൻസ്പെക്ടർ മരിച്ചു. കണ്ണപ്പന് അത് സഹിക്കാൻ പറ്റിയില്ല. ഏതിന്റെ പേരിൽ ആയാലും ഒരു മനുഷ്യനെ ജീവനോടെ കൊല്ലുന്നത് അധർമമാണ് എന്നാണ് കണ്ണപ്പന്റെ നിലപാട്. ഈ നിലപാട് തന്നെയാണ് ടി. കെ. സി. വടുതലയുടെ നിലപാടും എന്ന് നോവലിൽ നിന്ന് മനസിലാക്കാം. എന്നാൽ രാമകൃഷ്ണന് മറിച്ചുള്ള അഭിപ്രായമാണ് ഉള്ളത്. തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകണമെങ്കിൽ ഒളിച്ചുകഴിഞ്ഞ് ശക്തി നേടിയേ പറ്റൂ എന്ന നിലപാടായിരുന്നു രാമകൃഷ്ണന്റേത്. ഭീരുവിനേക്കാൾ ധീരരാകാനാണ് കണ്ണപ്പനും രാമകൃഷ്ണനും ആഗ്രഹിച്ചത്. കുടുംബാംഗങ്ങൾക്കും അതേ അഭിപ്രായം തന്നെയായിരുന്നു. തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ വിസ്തൃതം ആക്കാനും കൂടുതൽ കരുത്തുറ്റവരായി തിരിച്ചുവരാനും ഒളിച്ചിരുന്ന് പ്രവർത്തിച്ചേ പറ്റൂ എന്ന തീരുമാനത്തിൽ അവർ എത്തിച്ചേരുകയും ഉറച്ച കാൽ വയ്പുകളോടെ നടന്നു നീങ്ങുകയും ചെയ്തു.

- ഏതിന്റെ പേരിൽ ആയാലും ഒരു മനുഷ്യനെ ജീവനോടെ കൊല്ലുന്നത് അധർമമാണ്

## കഥാപാത്രനിരൂപണം

### കണ്ണപ്പൻ

പള്ളിവാതുക്കൽ വറുതച്ചന്റെ നൂറുപറക്കണ്ടം നോക്കി നടത്തുന്ന തലപ്പുലയൻ ആണ് കണ്ടാരി. കണ്ടാരിയുടെ മകനാണ് കണ്ണപ്പൻ. കണ്ണപ്പൻ യഥാർത്ഥത്തിൽ നോവലിസ്റ്റിന്റെ ആത്മകഥാപരമായ ചിത്രീകരണമാണ്. കണ്ണപ്പനെ നല്ല രീതിയിൽ പഠിപ്പിക്കണമെന്നായിരുന്നു കണ്ടാരിയുടെ ആഗ്രഹം. എന്നാൽ സ്കൂളിലെ കൃഷ്ണൻമാഷ്

അവനെ അയിത്ത ജാതിക്കാരനായി മുദ്രകുത്തി. ആരെയും തൊട്ട് അശുദ്ധമാക്കരുതെന്നും കുട്ടികളുടെ പിന്നിൽ പോയി നിന്നു പഠിച്ചാൽ മതിയെന്നുമായിരുന്നു കൃഷ്ണൻ മാഷിന്റെ നിർദ്ദേശം. കുടിവെള്ളം പോലും വീട്ടിൽനിന്നും കൊണ്ടുവരണമായിരുന്നു. കണ്ടാരി മകന്റെ ദുരിതങ്ങൾ ഇല്ലാതാകാൻ വേണ്ടി ചേരാനല്ലൂർ പോയി കണ്ണപ്പന് ഇരിപ്പിടം നൽകുന്നതിനുള്ള ഉത്തരവുമായി തിരികെ വന്നു. പിന്നീട് കണ്ണപ്പന് അധ്യാപകനായി ജോലി ലഭിക്കുന്നു. ജാതിയുടെ പേരിൽ തന്റെ പൂർവികർ അനുഭവിച്ച അപമാനങ്ങളുടെ കഥകൾ കണ്ണപ്പൻ കേൾക്കുകയും മറ്റു സഹപ്രവർത്തകരുടെ കയ്പേറിയ അനുഭവങ്ങൾ അറിയുകയും ചെയ്തു. അധ്യാപകനായ ആദ്യദിനം തന്നെ ജാതി വിവേചനത്തിന്റെ കയ്പുനീർ കുടിച്ചു. വിദ്യാർഥികൾ അദ്ദേഹത്തെ നിന്ദിക്കുകയും അവജ്ഞയോടെ പെരുമാറുകയും ചെയ്തു. കുട്ടികൾ അദ്ദേഹത്തെ 'പുലയൻസാർ' എന്നു വിളിച്ചു. സ്കൂളിൽ കണ്ണപ്പന്റെ സുഹൃത്തായിരുന്നു രാമകൃഷ്ണൻ. പല സമരപരിപാടികളിലും അവർ ഒരുമിച്ചു പങ്കെടുത്തു. കണ്ണപ്പനും രാമകൃഷ്ണനും എല്ലായിടത്തും പുലയരുടെ സംഘടിത സമരത്തിന് ചുക്കാൻ പിടിച്ചു. നിയമാനുസൃതം കക്കവാരാനുള്ള ശ്രമം നടത്താനായി ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുക്കണം എന്ന വാസുപിള്ളയുടെ വാദത്തെ കണ്ണപ്പൻ എതിർത്തത് അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതയാണ് വെളിപ്പെടുത്തുന്നത്. സംഘർഷങ്ങൾ നടക്കുമ്പോൾ പതിയിരുന്ന് പോലീസുകാരെ ആക്രമിച്ചു കൊല്ലുന്നതിനോട് കണ്ണപ്പന് എതിർപ്പായിരുന്നു. എന്നാൽ രാമകൃഷ്ണന് ഇതിനോട് വിയോജിപ്പായിരുന്നു. കഴിഞ്ഞതിനെക്കുറിച്ച് ഓർക്കാതെ എങ്ങനെയെങ്കിലും പ്രവർത്തന മണ്ഡലം സജീവമാക്കണം എന്ന പക്ഷക്കാരനായിരുന്നു രാമകൃഷ്ണൻ. ഒളിച്ചു താമസിച്ചു പ്രവർത്തന മേഖല ശക്തമാക്കണമെന്ന അഭിപ്രായക്കാരനായിരുന്നു രാമകൃഷ്ണൻ. ജയിലിൽ പോയി കിടക്കേണ്ടി വന്നാൽ അത് പ്രവർത്തനത്തെ ബാധിക്കുമെന്ന് രാമകൃഷ്ണന് ഉത്തമബോധ്യമായിരുന്നു.

▶ കണ്ടാരിയുടെ മകനാണ് കണ്ണപ്പൻ

## രാമകൃഷ്ണൻ

കണ്ണപ്പന്റെ ബാല്യകാല സുഹൃത്താണ് രാമകൃഷ്ണൻ. രാമകൃഷ്ണന് കണ്ണപ്പന്റെ സ്കൂളിൽ അധ്യാപകനായി ജോലി ലഭിച്ചത് കണ്ണപ്പന് വലിയ ആശ്വാസമായി. ഈഴവനായ രാമകൃഷ്ണനും പുലയനായ കണ്ണപ്പനും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അവർ എല്ലാവർക്കും പ്രിയപ്പെട്ടവരായി. പുലയരുടെ കൂലിക്കായുള്ള സമര പോരാട്ടങ്ങളിൽ രാമകൃഷ്ണൻ സജീവമായി ഇടപെട്ടു. സമരം ശക്തമായ ഘട്ടത്തിൽ രാമകൃഷ്ണന് ഒളിവിൽ പോകേണ്ടി വന്നു. പോലീസുകാരുടെ അക്രമം അതിരുവിടുന്ന ഘട്ടമെത്തിയപ്പോൾ രാമകൃഷ്ണൻ മടങ്ങി വന്നു. എന്നാൽ പോലീസുകാരെ തൊഴിലാളികൾ പതിയിരുന്ന് ആക്രമിക്കുന്നു എന്ന വാർത്ത രാമകൃഷ്ണൻ അറിയിക്കുന്നുവെങ്കിലും തീവ്രമായ വേദനയൊന്നും അയാളിൽ ദൃശ്യമായില്ല. തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഒളിച്ചു കഴിയണം എന്ന നിലപാടിലാണ് ഒടുവിൽ രാമകൃഷ്ണൻ എത്തിച്ചേരുന്നത്.

▶ കണ്ണപ്പന്റെ ബാല്യകാല സുഹൃത്താണ് രാമകൃഷ്ണൻ

### കറുപ്പൻ മാഷ്

കണ്ണപ്പന് പള്ളിക്കൂടത്തിൽ ഇരിപ്പിടം നൽകാനുള്ള ഉത്തരവ് നടപ്പിലാക്കിയത് കറുപ്പൻ മാഷാണ്. ഹരിജനങ്ങളുടെ ക്ഷേമത്തിനായി മഹാരാജാവ് നിയമിച്ച ഉദ്യോഗസ്ഥനാണ് കറുപ്പൻ മാഷ്. പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ബാലാകലേശം നാടകം നടക്കുന്ന വേദിയിൽ പ്രവേശിക്കാൻ പുലയർക്ക് അവസരം നിഷേധിച്ച വേളയിൽ കറുപ്പൻ മാഷാണ് അവർക്ക് സംഘബലം നൽകിയത്. സംഘടിച്ച് ശക്തരാകാൻ മാഷ് അവരെ ഉപദേശിച്ചു. അദ്ദേഹം തന്നെ ഒരു പുതിയ സംഘടനക്ക് രൂപം നൽകുകയും ചെയ്തു.

- ▶ കണ്ണപ്പന്റെ അധ്യാപകൻ

സ്വാതന്ത്ര്യസമരവും കമ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയും പുലയരുടെ കലാപവും തൊഴിലാളി – മുതലാളി പോരാട്ടവുമാണ് നോവലിലെ മുഖ്യപ്രമേയം. ദലിത് പക്ഷത്തുനിന്നുള്ള നോട്ടവും ദലിത് അനുഭവങ്ങളുടെ പകർത്തലും നോവലിനെ ദലിത് സാഹിത്യനിരയിൽ ഉറപ്പിച്ചു നിർത്തുന്നു. ദലിത് ജീവിതത്തെ കേവലം പ്രമേയവത്ക്കരിക്കുകയായിരുന്നില്ല ടി. കെ. സി. വടുതല. മറിച്ച് സംഘർഷഭരിതമായ ദലിത് ജീവിതത്തെ അതിന്റെ രാഷ്ട്രീയ ജാഗ്രതയോടുകൂടി ആവിഷ്ക്കരിക്കുകയായിരുന്നു അദ്ദേഹം.

- ▶ തൊഴിലാളി-മുതലാളി പോരാട്ടം

## Summarised Overview

സ്ഥലകാല നിർണയമായ അനുഭവങ്ങളിലൂടെയും മറ്റുജനവിഭാഗങ്ങളിൽനിന്ന് വേറിട്ട് സ്വയം കാണുന്നതിലൂടെയുമാണ് ഏതൊരു ജനവിഭാഗത്തിന്റെയും സ്വത്വം നിർമ്മിക്കപ്പെടുന്നത്. ഇതര ജനവിഭാഗങ്ങൾ തങ്ങൾക്ക് നൽകിയിട്ടുള്ള സാമൂഹിക അടയാളങ്ങളും പ്രതിബിംബങ്ങളും അപഗ്രഥിച്ചുകൊണ്ട് ലോകവീക്ഷണത്തിലും ചരിത്രത്തിലും തങ്ങളെ കൃത്യമായി അടയാളപ്പെടുത്താനുള്ള ശ്രമമാണ് ദലിത് പ്രസ്ഥാനങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ദലിത് പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളാണ് ഇത്തരം സ്വത്വം തിരിച്ചറിയാനും, തങ്ങൾ അതിന് സ്വതന്ത്രവ്യക്തിത്വങ്ങളാണെന്നുമുള്ള ബോധം ദലിതരിൽ ഉണ്ടാക്കിയെടുത്തത്. നിലവിരുന്ന ജാതി, വർഗ, രാഷ്ട്രീയ സ്വഭാവത്തോടെല്ലാം ഇന്ന് ദലിത് പ്രസ്ഥാനം പ്രതികരിക്കുകയോ, പ്രതിഷേധിക്കുകയോ ചെയ്യുന്നതിന്റെ കാരണമിതാണ്.

'ദലിത്' എന്ന പദത്തിന്റെ വ്യത്യസ്തമായ നിർവചനങ്ങൾ നാം മനസിലാക്കി 'ദല്' എന്ന ധാതുവിൽനിന്ന് വിവിധ അർഥവ്യാപ്തിയിൽ ഈ പദത്തിനെ നിഷ്പാദിപ്പിച്ചു കാണുന്നു. അധഃസ്ഥിതർ, ഒഴിവാക്കപ്പെട്ടവർ, അരികുവൽക്കരിക്കപ്പെട്ടവർ തുടങ്ങിയ പല പേരുകളിൽ ഇത് പ്രയോഗിച്ചുകാണുന്നു. 1919-ലെ ഇന്ത്യാ ആക്ടിൽ Dipressed class എന്ന പേരിൽ ഔദ്യോഗികമായി പ്രയോഗിച്ചുതുടങ്ങിയ പദം 1931-ൽ Exterior എന്നതിലേക്ക് വഴി മാറുന്നു. തുടർന്ന് സൈമൺ കമ്മീഷൻ ഇതിനെ Scheduled caste എന്ന നാമകരണം ചെയ്യുന്നു. ഗാന്ധിജി 'ഹരിജൻ' എന്ന മറ്റൊരു പദവും പ്രയോഗിച്ചതായി നാം മനസിലാക്കി. 1970-കളിൽ മഹാരാഷ്ട്രയിലാണ് ഇതിനെല്ലാം പകരമായി 'ദലിത്' എന്ന പദം പ്രയോഗത്തിൽ വന്നത്. ജ്യോതിറാവു ഫൂലേ, ഡോ.ബി.ആർ.അംബേദ്കർ എന്നിവരിലൂടെ ഈ പദം കൃത്യമായി ഇന്ത്യയിലെങ്ങും പ്രചാരത്തിലായി. ഇന്ന് ഇംഗ്ലീഷിലും Dalit എന്ന പദം തന്നെയാണ് ഉപയോഗിച്ചുകാണുന്നത്.

അധഃസ്ഥിതവർഗത്തെ അഭിസംബോധന ചെയ്യാൻ അന്റോണിയോ ഗ്രാംഷിയാണ് സബാൾട്ടേൺ എന്ന പദം ഉപയോഗിച്ചത്. അടിച്ചമർത്തപ്പെട്ട എല്ലാ വിഭാഗങ്ങളേയും ആ പദം ഉൾക്കൊള്ളുന്നു. മലയാളത്തിൽ ദലിത് എന്ന പദം കൊണ്ടാണ് അതിനെ വിവർത്തനം ചെയ്തിരിക്കുന്നത്. 1970-കളുടെ ആദ്യം മഹാരാഷ്ട്രയിൽ രൂപംകൊണ്ട ദലിത് പാന്തർ പ്രസ്ഥാനമാണ് ദലിത് എന്ന പദം വ്യാപകമായ അർഥത്തിൽ പ്രചരിപ്പിച്ചത്. മാറാത്തി, ഹിന്ദി ഭാഷകളിൽ ദലിത് എന്ന പദത്തിന് ചിതറപ്പെട്ടവർ, തകർക്കപ്പെട്ടവർ, അടിച്ചമർത്തപ്പെട്ടവർ എന്നിങ്ങനെ അർഥം കല്പിക്കപ്പെട്ടിരിക്കുന്നു. വ്യവസ്ഥാപിത ചരിത്രം രേഖപ്പെടുത്താതെ പോയ നിരവധി മുന്നേറ്റങ്ങൾ പതിനെട്ടാം നൂറ്റാണ്ടു മുതൽ കീഴാളപക്ഷത്തുനിന്നുമായിട്ടുണ്ട്. ഇന്ത്യൻ നവോത്ഥാനത്തിന്റെ മുഖ്യധാരയിൽ അടയാളപ്പെടാതെ പോയ ശക്തനായ പരിഷ്ക്കരണവാദിയായിരുന്നു മഹാത്മാ ജ്യോതിറാവു ഫൂലെ. പരമ്പരാഗതവും നിലനിൽക്കുന്നതുമായ സാഹിത്യം തങ്ങളുടെ ജീവിതാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നില്ല എന്ന ആഴത്തിലുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ദലിത് സാഹിത്യം രൂപം കൊള്ളുന്നത്.

സാമൂഹ്യപുരോഗതിയ്ക്കു വേണ്ടി ബോധപൂർവം സാഹിത്യരചന നടത്തുന്നവരുടെ പ്രസ്ഥാനമാണ് പുരോഗമന സാഹിത്യ പ്രസ്ഥാനം. 1934-ൽ റോമിളോത്ത്, ഹെൻറി ബാർബ്യൂസ്സേ, ലൂയി ആരഗൻ തുടങ്ങിയ വിശ്വസാഹിത്യകാരൻമാരുടെ നേതൃത്വത്തിൽ പാരീസിൽ വച്ചു നടന്ന സാഹിത്യസമ്മേളനമാണ് ഈ പുതിയ പ്രസ്ഥാനത്തിനടിത്തറയിട്ടത്. നവോത്ഥാനഘട്ടത്തിൽ മാനവികത എന്ന ആശയം ഉയർത്തി പിടിക്കപ്പെട്ടെങ്കിലും അവയൊന്നും തന്നെ ദലിത് സാഹിത്യത്തിന്റെ ശ്രേണിയിൽ ഉൾപ്പെടുന്നവയല്ല. കാരണം നവോത്ഥാനകാലത്ത് സാഹിത്യത്തിൽ സ്വത്വം വിശാലമായ മാനവികതയായി മാത്രം അവതരിപ്പിക്കപ്പെടുകയായിരുന്നു. ദലിത് ജീവിതത്തെ പ്രമേയമായി സ്വീകരിക്കുന്നുണ്ടെങ്കിലും തകഴിയുടെ തോട്ടിയുടെ മകൻ ഒരു ദലിത് സാഹിത്യകൃതിയല്ല എന്ന് പറയുന്നതിന് ഒരു കാരണം അതാണ്. കർതൃത്വപദവിയും എഴുത്തധികാരവും തമ്മിലുള്ള ബന്ധത്തെ പ്രശ്നവത്ക്കരിച്ചു കൊണ്ടാണ് ദലിത് സാഹിത്യത്തിന്റെ സൈദ്ധാന്തിക പരിസരം വികാസം പ്രാപിച്ചിരിക്കുന്നത്.

തോട്ടിയുടെ സംഘടനാ പരിശ്രമങ്ങളെ ഇതിവൃത്തമാക്കിയ ഈ നോവലിൽ ചുടലമുത്തുവിന്റെ പരാജയങ്ങൾ ഹൃദയസ്പൃക്കായി അവതരിപ്പിച്ചിരിക്കുന്നു. ആലപ്പുഴ പട്ടണത്തിൽ തോട്ടിപ്പണിയിലേർപ്പെട്ടിരിക്കുന്ന മൂന്നുതലമുറയുടെ കഥ പറയുന്ന ഈ നോവലിൽ ഉദ്യോഗസ്ഥ മേധാവികളുടെ കൊള്ളരുതായ്മകളും ക്രൂരതകളും അനാവരണം ചെയ്യപ്പെടുന്നതോടൊപ്പം അധ:സ്ഥിത വർഗത്തിന്റെ ദയനീയമായ ജീവിതം കൂടിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇശക്കുമുത്തു, ചുടലമുത്തു, ചുടലമുത്തുവിന്റെ മകൻ മോഹനൻ എന്നിവരാണ് ആ മൂന്നു തലമുറയുടെ പ്രതിനിധികൾ. തന്റെ ജീർണിച്ച തോട്ടിക്കുടിലിൽ ഒരിറ്റുവെള്ളത്തിനായി കാത്തു കിടക്കുന്ന ഇശക്കുമുത്തു. മുപ്പത് വർഷമായി തോട്ടിപ്പണി ചെയ്തിരുന്ന കിഴവൻ ഒരു തുള്ളി വെള്ളമിറക്കാൻ കിട്ടാതെ തൊണ്ട വരണ്ട് മരിക്കുന്നിടത്തു വച്ചാണ് കഥയുടെ തുടക്കം. താൻ ചെയ്ത തോട്ടിപ്പണി തന്റെ കാലശേഷം മകനു തന്നെ പതിച്ചു കൊടുക്കണമെന്ന് ഓവർസീയറെക്കണ്ട് പല തവണ അപേക്ഷിച്ചിരുന്നു. അതു സാധിച്ച ദിവസം സന്തോഷവാനായി ഇശക്കുമുത്തു തന്റെ പണിസാധനങ്ങളായ പാട്ടയും മമ്മട്ടിയും മകനെ ഏല്പിച്ച് അനുഗ്രഹിക്കുന്നു. ചുടലമുത്തു അറപ്പോടും വെറുപ്പോടും കൂടിയാണ് അത് ഏറ്റെടുക്കുന്നത്. ദിവസവും മലം നിറച്ച വീപ്പവണ്ടിക്കു പുറത്തു വെച്ചുകൊണ്ടു വന്നിട്ടുള്ള കഞ്ഞിയും ചോറും കഴിച്ചു വളർന്നവനാണ് ചുടലമുത്തു. അക്കാര്യം അവൻ ഓർക്കുന്നുണ്ട്. ഒറ്റദിവസത്തെ അനുഭവം കൊണ്ട് ചുടലമുത്തു പലതും പഠിച്ചു. കക്കൂസുകൾ നിറഞ്ഞു കലങ്ങിമറിഞ്ഞു കിടക്കുമ്പോൾ തോട്ടികൾക്കു വല്ലതും കിട്ടും. വൈകിട്ട് കക്കൂസുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ തോട്ടികളെ ആരും അറിയില്ല. അഴുക്കുമാറ്റുന്ന തോട്ടി അഴുക്കുതിന്നണമെന്ന് സമൂഹത്തിന് നിർബന്ധമുണ്ട്. പക്ഷേ ഇവരും മനുഷ്യരാണ് എന്ന് ആരും തിരിച്ചറിയുന്നില്ല.

തോട്ടികളുടെ ജീവിതത്തെപ്പറ്റി തകഴി എഴുതിയപ്പോൾ മാത്രമാണ് ആ വിഭാഗത്തെ പറ്റി സമൂഹം അറിഞ്ഞത്. തോട്ടികളെ മനുഷ്യരായി കണക്കാക്കാത്ത ഒരു സമൂഹത്തിന്റെ നിന്ദ്യമായ ചൂഷണത്തിന്റെയും പീഡനത്തിന്റെയും കഥയാണ് തകഴി 'തോട്ടിയുടെ മകൻ' എന്ന നോവലിൽ അനാവരണം ചെയ്യുന്നത്. തോട്ടികൾ പട്ടണത്തിന്റെ ശുചിപാലകരാണ് കാലാകാലങ്ങളിൽ പകർച്ചവ്യാധികൾ പിടിപെട്ട് തോട്ടികൾ ചത്തൊടുങ്ങുന്നു. തോട്ടിക്ക് അവന്റെ ശക്തി അറിഞ്ഞുകൂടാ. രണ്ടു ദിവസം അവൻ പണിയെടുക്കാതിരുന്നാൽ നഗരം ചീഞ്ഞുനാറും. മേലാളന്മാർ മാളികമുകളിൽ ഇരുന്ന് ശ്വാസം മുട്ടി മരിക്കും. അതുകൊണ്ട് തോട്ടി കരുത്തുകാട്ടാനും സംഘടനയുണ്ടാക്കാനും മുനിസിപ്പാലിറ്റി അധികാരികൾ അനുവദിക്കാറില്ല. ആദ്യമായി തോട്ടിപ്പണി എടുക്കുന്നവർക്ക് മുനിസിപ്പാലിറ്റി രണ്ടു മാസം ശമ്പളം കൊടുക്കാറില്ല. ആ തുക ഓവർസിയർ കണക്കെഴുതി എടുക്കും. എത്ര ശമ്പളമാണെന്ന് കൃത്യമായി പറയില്ല ചോദിച്ചാൽ ജോലിയിൽ നിന്നും പിരിച്ചുവിടും എന്നൊരു ഭീഷണി ഉന്നയിക്കും. വലിയവന്റെ വീട്ടിലെ മലവും മൂത്രവും കോരി മാറ്റാൻ തോട്ടിവേണം. അവന് ചിലർ പുളിച്ച ചോറോ പഴങ്കഞ്ഞി വെള്ളമോ കൊടുത്തെന്നു വരാം. സമ്പന്നന്റെ പരിഷ്കൃതജീവിതത്തിന് തോട്ടി എന്ന വിഭാഗം ആവശ്യമാണ്. പക്ഷേ മേലാളർ പാർക്കുന്നിടത്ത് അവൻ താമസിക്കാൻ പാടില്ല. മേലാളർ നടക്കുന്ന വഴിയിൽ നടക്കാൻ പാടില്ല. തോട്ടി, എന്തൊരു നാറ്റം എന്ന് നിന്ദിച്ച് അവനെ അകറ്റി നിർത്തുന്നു. ഇത്തരത്തിൽ പതിതവർഗത്തിന് സമൂഹത്തിൽ നിന്നുണ്ടാകുന്ന പീഡനങ്ങളും അടിമത്തവും കാട്ടിത്തരുന്ന നോവലാണിത്.

മലയാളത്തിൽ പൊതുസാഹിത്യത്തിൽ തിരസ്കാരത്തിനെതിരായ ശ്രമമെന്ന നിലയിൽ പ്രതിരോധാത്മകമായാണ് ദലിത് സാഹിത്യത്തിന്റെ ആദ്യമാതൃകകൾ രൂപപ്പെട്ടത്. മലയാള സാഹിത്യത്തിന്റെ ചരിത്രപരമായ വികാസത്തിന് ദലിതർ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. ജാതീയവും വംശീയവുമായ അവഗണനകൾ ഏറ്റുവാങ്ങിയ ദലിതർ രചിച്ച സാഹിത്യകൃതികൾ മിക്കതും പ്രതിഷേധത്തിന്റെ സാഹിത്യമായിരുന്നു. ടി. കെ. സി. വടുതലയുടെ കൃതികളിൽ സാമൂഹ്യപരിഷ്ക്കരണ ചിന്തകൾ ഏറെയാണ്. മുതലാളിത്തത്തിന്റെ പിടിയിൽ നിന്നും പുലയർ മോചനം നേടുന്ന ഒരു ഭാവിയെക്കുറിച്ചുള്ള സ്വപ്നം അദ്ദേഹത്തിനുണ്ട്. ടി. കെ. സി.യുടെ 'കറ്റയും കൊയ്ത്തും' എന്ന നോവലിലും പുലയ സമുദായം അനുഭവിക്കുന്ന ദുരിതങ്ങളുടെ നേർക്കാഴ്ചകളാണ് ഉള്ളത്. നൂറ്റെട്ട് പുലയത്തറകളുള്ള കുന്നങ്ങത്തറയിൽ മൂത്ത കാരണവരായ കണ്ണൻ മൂപ്പനവന്റെ കഥയാണ് 'കറ്റയും കൊയ്ത്തി'ലേത്. 'നനവുള്ള മണ്ണ്' എന്ന മറ്റൊരു നോവലിലും പുലയ സമുദായത്തിന്റെ കഥ തന്നെയാണ് ടി. കെ. സി. ആവിഷ്ക്കരിച്ചിരിക്കുന്നത്. ഒരേ സമുദായത്തിൽപ്പെട്ട തൊഴിലാളികൾ പരസ്പരം ഏറ്റുമുട്ടുന്ന കാഴ്ച ഈ നോവലിൽ കാണാം. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ ദുരിതജീവിത യാഥാർഥ്യങ്ങളാണ് ഈ കൃതികൾ അനാവരണം ചെയ്തത്.

സ്വാതന്ത്ര്യസമരവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയും പുലയരുടെ കലാപവും, തൊഴിലാളി-മുതലാളി പോരാട്ടവുമെല്ലാം 'ചങ്ങലകൾ നുറുങ്ങുന്നു' എന്ന നോവൽ വിഷയമാക്കിയിട്ടുണ്ട്. കമ്യൂണിസ്റ്റ് ആശയങ്ങൾ ഉൾക്കൊള്ളുന്നതോടൊപ്പം തന്റേതായ നിലപാടുകൾ അഭിപ്രായങ്ങൾ എല്ലാം ടി. കെ. സി. പുലർത്തുന്നുണ്ട്. കമ്മ്യൂണിസ്റ്റ്മന്ത്രിസഭ അധികാരത്തിൽ വന്നാൽ തങ്ങളുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാകുമെന്ന് പുലയ സമുദായം ഉറച്ചു വിശ്വസിച്ചിരുന്നു. എന്നാൽ നാളേറെ കഴിഞ്ഞിട്ടും പുലയ സമുദായത്തിന്റെ ആവശ്യങ്ങൾ പാലിക്കപ്പെടാൻ ഏറെയുണ്ട് എന്ന സത്യമാണ് ഈ നോവൽ നമ്മെ ബോധ്യപ്പെടുത്തുന്നത്. പണ്ഡിറ്റ് കെ. പി. കറുപ്പൻ, സഹോദരൻ അയ്യപ്പൻ, തുടങ്ങിയ ചരിത്ര പുരുഷന്മാരോട് സാമ്യമുള്ള നിരവധി കഥാപാത്രങ്ങളെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും രാഷ്ട്രീയവത്ക്കരണം കടന്നുവന്നതോടെ രാഷ്ട്രീയവും സമൂഹവും

എന്നുള്ള ഒരു വേർതിരിവ് ഇല്ലാതായി. സാമൂഹ്യ സാമ്പത്തിക വികസനം കൈവരിക്കുന്നതിനുള്ള ഒരു ഉപകരണമാണ് രാഷ്ട്രീയം. ഉന്നത ജാതിക്കാരിൽ ഒരു വലിയ വിഭാഗം പട്ടികജാതിക്കാർക്ക് പ്രയോജനകരമായ ചില കാര്യം ചെയ്തു എന്നത് വിസ്മരിക്കാൻ കഴിയില്ല. എന്നാൽ പട്ടികജാതികൾ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങളുടെ ഉയർന്ന പ്രതീക്ഷയ്ക്ക് അനുസരിച്ചുള്ള കാര്യങ്ങൾ ഇനിയും ചെയ്തുതീർക്കാനുണ്ട്. പട്ടികജാതികളുടെ വികസനം സംബന്ധിച്ച് ഒരു രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം ഉണ്ട്. ജാതിയെ ഉന്മൂലനം ചെയ്യുകയല്ല അതിന്റെ സ്വഭാവം മാറ്റി സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസന പ്രക്രിയയിൽ അന്തർഭവിപ്പിക്കുകയാണ് വേണ്ടത്.

ആയിരത്തിതൊള്ളായിരത്തിതൊണ്ണൂറുകൾ മുതൽ ഇതുവരെയുള്ള സാഹിത്യകൃതികളുടെ എണ്ണമെടുത്താൽ എൺപതുകളെ അപേക്ഷിച്ച് ദലിത് സാഹിത്യം വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. തൊണ്ണൂറുകൾക്ക് ശേഷം വളർന്നു വന്ന ചർച്ചകളും, സംവാദങ്ങളും, സൗന്ദര്യനിരീക്ഷണങ്ങളും ദലിത് സാഹിത്യത്തിന്റെ രാഷ്ട്രീയ മണ്ഡലത്തെ കൂടുതൽ ശക്തമായി ആവിഷ്ക്കരിച്ചു എന്നു കാണാം.

## Assignments

1. ദലിത് സാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദമാക്കുക?
2. മാർക്സിസവും ദലിത് ജനതയും - ഉപന്യാസം തയ്യാറാക്കുക.
3. പുരോഗമന സാഹിത്യ പ്രസ്ഥാനവും ദലിത് രാഷ്ട്രീയവും രണ്ട് വ്യത്യസ്ത ധാരകളാണ് - വിമർശനാത്മകമായി വിലയിരുത്തുക.
4. ദലിത് വിമോചനപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക
5. ചുടലമുത്തുവിന്റെ മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും കഥയാണ് തോട്ടിയുടെ മകൻ - വിശകലനം ചെയ്യുക
6. തോട്ടിയുടെ മകനെ തോട്ടി ആക്കുന്നതാണ് സാമൂഹ്യവ്യവസ്ഥിതി അപഗ്രഥിക്കുക.
7. യൂണിയനുണ്ടാക്കാനുള്ള പിച്ചാണ്ടിയുടെ പ്രവർത്തനം തകർന്നത് എങ്ങനെ വിശദമാക്കുക.
8. പതിതവർഗത്തിന്റെ ഉയർത്തെഴുന്നേല്പ് മോഹനനിലൂടെയാണ് സാധ്യമാകുന്നത് അപഗ്രഥിക്കുക.
9. "ദലിത് ജീവിതാവസ്ഥയെ പലവിധത്തിൽ പ്രശ്നവത്കരിക്കുന്ന ഭൂവിടങ്ങളിൽ വേരൂന്നിനിൽക്കുന്നവയാണ് ടി. കെ. സി. വടുതലയുടെ രചനാലോകം'' - ചങ്ങലകൾ നുറുങ്ങുന്നു എന്ന നോവലിനെ ആസ്പദമാക്കി വിലയിരുത്തുക
10. ചങ്ങലകൾ നുറുങ്ങുന്നു എന്ന നോവലിന്റെ സമകാലിക പ്രസക്തി വിവരിക്കുക.

## Suggested Readings


1. ആനന്ദ് തെൽതുംബ്ദെ, അംബേദ്കറും മാർക്സിസവും. ഗ്രാംഷി സാംസ്കാരിക പഠന കേന്ദ്രം.
2. ടി. എച്ച്. പി. ചെന്താരശ്ശേരി, ആദി ഇന്ത്യരുടെ ചരിത്രം. മൈത്രി ബുക്സ്, മുരുക്കുംപുഴ.
3. ടി. എച്ച്. പി. ചെന്താരശ്ശേരി, പാമ്പാടി ജോൺ ജോസഫ്. ബി.പി.സി., തിരുവല്ല.
4. ടി. എച്ച്. പി. ചെന്താരശ്ശേരി, അയ്യൻകാളി ജീവചരിത്രം. പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
5. കെ. കെ. കൊച്ച്, വായനയുടെ ദലിത്പാഠം. പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
6. കെ. കെ. കൊച്ച്, എഡിറ്റർ. അംബേദ്കർ, ജീവിതവും ദൗത്യവും, പ്രയാഗ പബ്ലിക്കേഷൻസ്, നോർത്ത് പറവൂർ.
7. കെ. എം. തരകൻ, മലയാള നോവൽ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
8. പി. വേണുഗോപാൽ (സമ്പാദനവും പഠനവും), തകഴിവഴി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
9. ജി. ബാലചന്ദ്രൻ, തകഴി കഥയുടെ രാജശില്ലി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
10. കെ. അശോകൻ (നിരൂപണം), നോവൽ മലയാളത്തിൽ: തകഴി മുതൽ മുകുന്ദൻ വരെ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
11. എ. എം. വാസുദേവൻ പിള്ള, നോവലും രാഷ്ട്രീയവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
12. പി. കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരള ചരിത്രവും, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

# References


1. കുമാരൻ വയലേരി, ദലിതന്റെ നോവും നിനവും നാടൻപാട്ടുകളിൽ, പാപ്പിയോൺ, കോഴിക്കോട്.
2. ടി. കെ. അനിൽകുമാർ, മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. എം. ആർ. രേണുകുമാർ, ദലിത് സ്വത്വം എഴുത്ത്, സാഹിത്യലോകം 2006 ജൂലൈ-ആഗസ്റ്റ്.
4. സണ്ണി എം. കപിക്കാട്, ജി. ശശി മധുരവേലിയുടെ ബലിക്കാക്ക എന്ന കവിതാസമാഹാരത്തിന് എഴുതിയ പഠനം, സമന്വയ ബുക്സ്, മധുരവേലി, 2001.
5. വിജയൻ കോടഞ്ചേരി, പുല്ലേലിക്കുഞ്ചുവിനെഴുതിയ അവതാരിക, പാപ്പിറസ് ബുക്സ്, കോഴിക്കോട്.
6. കെ. കെ. കൊച്ച്, വായനയുടെ ദലിത്പാഠം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്
7. ദിലീപ് രാജ്, നവചരിത്രവാദം, ഡി.സി. ബുക്സ്, കോട്ടയം.
8. സണ്ണി എം. കപിക്കാട്, ദലിത് രാഷ്ട്രീയവും മാറുന്ന സാഹചര്യങ്ങളും, പച്ചക്കുതിര മാസിക, ഒക്ടോബർ 2004.
9. കെ. എൻ. ഗണേശ്, കേരളസമൂഹപഠനങ്ങൾ, പ്രസക്തി ബുക്സ്, പത്തനംതിട്ട.
10. എം. ബി. മനോജ്, വ്യവഹാരം, ക്രമം, നിർമ്മിതി: ദലിതെഴുത്ത് സൗന്ദര്യം രാഷ്ട്രീയം; കേരളത്തിലെ പ്രാരംഭ ചുവടുകളെ സംബന്ധിച്ച് ഒരു പഠനം, മഹാത്മഗാന്ധി സർവ്വകലാശാല, സ്കൂൾ ഓഫ് ലെറ്റേഴ്സ്, കോട്ടയം, 2007.
11. ഒ. കെ. സന്തോഷ്, സ്വത്വരാഷ്ട്രീയം: പാഠവും പ്രശ്നവൽക്കരണവും ദലിത് ആത്മകഥകളെ മുൻനിർത്തി ഒരു പഠനം, മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ്, കോട്ടയം, 2010.
12. തകഴി, തോട്ടിയുടെ മകൻ, ഡി.സി.ബുക്സ്, കോട്ടയം
13. ജി. ബാലചന്ദ്രൻ, തകഴിയുടെ സർഗപഥങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
14. എൻ. കൃഷ്ണ പിള്ള, കൈരളിയുടെ കഥ, ഡി.സി.ബുക്സ്, കോട്ടയം.
15. ജോർജ് ഇരുമ്പയം, മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
16. കെ. സത്യകൻ, ഹിന്ദുവർണത്തിലെ തൊട്ടുകൂടായ്മ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
17. പ്രദീപൻ പാമ്പിരികുന്ന്, ദലിത്പഠനം സ്വത്വം, സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
18. ശശിധരൻ കളത്തിങ്കൽ, ടി. കെ. സി. വടുതല-ജീവിതവും കൃതികളും കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
19. ടി. കെ. സി വടുതല, ചങ്ങലകൾ നുറുങ്ങുന്നു, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ദലിത് സാഹിത്യം

## BLOCK-03

SGOU

Unit 1

# ദലിത് കവിതകൾ

## Learning Outcomes

- ദലിത് കവിതകളെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- കടമ്മനിട്ടയുടെ കവിതയുടെ പ്രത്യേകതകൾ മനസിലാക്കുന്നു
- 'കുറത്തി' എന്ന കവിതയുടെ സവിശേഷതകൾ മനസിലാക്കുന്നു
- പുലയപ്പാട്ട് എന്ന കവിതയുടെ ആവിഷ്കാരഭംഗി അറിയുന്നു

## Background

ദലിത് വിമോചനപ്രസ്ഥാനങ്ങളുടെ ഭാഗമായി ലോകത്തെല്ലാം പല കാലഘട്ടങ്ങളിലായി സാഹിത്യപ്രതിരോധങ്ങളും രചനാപദ്ധതികളുമുണ്ടായി. അമേരിക്കയിലെ Black literature ഉം ഫ്രാൻസിൽ 1930-കളിൽ ഉണ്ടായ നെഗ്രിറ്റ്യൂഡും ഭാരതത്തിലുണ്ടായ ദലിത് സാഹിത്യവുമെല്ലാം ഇതിന്റെ ഭാഗമാണ്. സാമൂഹ്യവും സാംസ്കാരികവും ആയി അവഗണിക്കപ്പെട്ടിരുന്ന വലിയൊരു ജനത തങ്ങളുടെ സ്വത്വം വീണ്ടെടുക്കാനുള്ള ശ്രമമാണ് ഇത്തരം എഴുത്തുകളിലൂടെ നടത്തിയത്. ജാതീയവും വംശവുമായ ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള ശക്തമായ താക്കീതായി ഇത്തരം എഴുത്തുകൾ ഇന്നും സജീവമായിത്തന്നെ തുടർന്നുവരുന്നു. ഭാരതത്തിൽ ദലിത് വിമോചനപ്രസ്ഥാനങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിലാണ് ദലിത് സാഹിത്യം ആദ്യമായി രൂപംകൊള്ളുന്നത്. ജ്യോതിറാവു ഫൂലേ, ഡോ. ബി.ആർ. അംബേദ്കർ തുടങ്ങിയവർ ഇതിന് നേതൃത്വം കൊടുത്തു. വംശീയപരമായും, ലിംഗപരമായും അടിച്ചമർത്തപ്പെട്ട ജനവിഭാഗമാണ്, ഇന്ന് എഴുത്തിന്റെയും വായനയുടെയും ഇടങ്ങളെ പ്രത്യക്ഷമാക്കുന്നത്. ദലിത് ജീവിതത്തിന്റെ ദുരന്താനുഭവങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്ന ശക്തമായ മാധ്യമമായി ഇന്ന് എഴുത്ത് മാറിയിരിക്കുന്നു. താൻ നേരിടേണ്ടി വന്ന കഷ്ടപ്പാടുകളും അപമാനങ്ങളും അടിച്ചമർത്തലുകളും അനീതിയും ദാരിദ്ര്യവും വിശപ്പും ചൂഷണവും അവതരിപ്പിക്കാൻ ഒരു മാധ്യമം വേണമെന്ന ചിന്തയാണ് ദലിത് എഴുത്തിന്റെ അടിസ്ഥാനം.

മഹാരാഷ്ട്രയിൽ ആരംഭിച്ച ദലിത് എഴുത്ത് മലയാളസാഹിത്യത്തിലും ഇന്ന് ശക്തമായ സാന്നിധ്യമുറപ്പിച്ചുകഴിഞ്ഞു. ദലിത് എഴുത്ത് എന്ന വ്യാഖ്യാനത്തിൽ വരുന്നില്ലെങ്കിലും മലയാളത്തിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ജാതീയമായ വേർതിരിവിനെതിരെ പ്രതിഷേധ രചനകൾ ഉണ്ടായിട്ടുണ്ടെന്ന് സാഹിത്യചരിത്രം പരിശോധിച്ചാൽ മനസിലാകും.

"കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേകവംശത്തിൻ
ചരിത്രങ്ങൾ" - എന്നെഴുതിയ പൊയ്കയിൽ അപ്പച്ചനിൽ തുടങ്ങുന്ന കീഴാളന്റെ എഴു

ത്ത് പണ്ഡിറ്റ് കറുപ്പന്റെ 'ജാതിക്കുമ്മി'യിലൂടെയും, പാശ്ചാത്യ മിഷനറിമാരുടെ നോവലുകളിലൂടെയും മലയാളത്തിൽ വളർന്നുവരികയായിരുന്നു. കഥ, കവിത, നോവൽ, ആത്മകഥ, ജീവചരിത്രം, നിരൂപണം തുടങ്ങിയ സാഹിത്യരംഗങ്ങളിലെല്ലാം ദലിതർ തങ്ങളുടെ സാന്നിധ്യം അറിയിച്ചു കഴിഞ്ഞതിന്റെ ചരിത്രം പരിശോധിക്കേണ്ടതാണ്. മുഖ്യധാര സാഹിത്യതത്വങ്ങളെ നിഷേധിച്ചുകൊണ്ടുള്ള ഇത്തരം ദലിത് രചനകളുടെ ചരിത്രം കൂടി പരിശോധിക്കാതെ ഇന്ന് സാഹിത്യ സംസ്കാര ചരിത്രപഠനം പൂർണമാകില്ല. കാരണം ചരിത്രത്തിന്റെ അംഗീകൃത മാതൃകകളെ വിമർശനാത്മകമായി പരിശോധിച്ചുകൊണ്ടാണ് ദലിത് സാഹിത്യം ഇന്ന് അതിന്റെ സ്ഥാനം ഉറപ്പിച്ചിരിക്കുന്നത്.

മലയാളത്തിൽ ദലിത് എഴുത്ത് ശക്തമായ സാന്നിധ്യമുറപ്പിച്ച മേഖല കവിതയുടേതും നോവലിന്റേതുമാണ്. പൊയ്കയിൽ അപ്പച്ചനിൽ തുടങ്ങി കെ.പി. കറുപ്പനിലൂടെ കടന്നുവന്ന ദലിത് കവിതാസാഹിത്യം ഇന്ന് അതിശക്തരായ കവികളിലൂടെ പ്രബലമായ സാഹിത്യശാഖയായി മാറിയിരിക്കുന്നു. അതുപോലെ ഘാതകവധത്തിൽ തുടങ്ങിയ നോവൽ സാഹിത്യം ഇന്ന് മികച്ച രചനകളിലൂടെ തങ്ങളുടെ സ്വത്വം ഉറപ്പിച്ചിരിക്കുന്നതായും മനസിലാക്കേണ്ടിയിരിക്കുന്നു. ഇത്തരം രചനാമാതൃകകളുടെ വിശദമായ പഠനത്തിനായി കടമ്മനിട്ട രാമകൃഷ്ണന്റെ കുറത്തി, സച്ചിദാനന്ദന്റെ പുലയപ്പാട്ട് എന്നീ കവിതകളെയും പഠനവിഷയമാക്കുന്നു.

## Keywords

ദലിത് സാഹിത്യം - ദലിത് കവിത - ദലിത് നോവൽ - കടമ്മനിട്ട - കുറത്തി -സച്ചിദാനന്ദൻ - പുലയപ്പാട്ട്

## Discussion

### ദലിത് സാഹിത്യം

കറുത്തവർഗക്കാരന്റെ സാഹിത്യം (Black Literature) നീഗ്രോ സാഹിത്യം എന്ന പേരിൽ അമേരിക്കയിൽ തുടക്കം കുറിച്ചു. Black Literature and Literary Theory എന്ന ഗ്രന്ഥത്തിൽ ഹെൻറി ലൂയിസ് ഗേറ്റ്സ് ജൂനിയർ (Henry Louis Gates Jr) എന്ന അമേരിക്കൻ-ആഫ്രോ എഴുത്തുകാരൻ ഇക്കാര്യങ്ങൾ വിശദമാക്കുന്നുണ്ട്. 1800 കളിൽ അമേരിക്കയിലുണ്ടായ കറുത്തവർഗക്കാരുടെ രചനകൾ കണ്ടെത്തുന്നതിനും പുനഃപ്രസിദ്ധീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഉണ്ടായി. നീഗ്രോ വർഗക്കാരായ എഴുത്തുകാരുടെ രചനകളെയാണ് ആദ്യകാലത്ത് ബ്ലാക്ക് ലിറ്ററേച്ചർ (Black Literature) എന്ന പേരിൽ വ്യവഹരിച്ചിരുന്നത്. ഇത്തരം എഴുത്തുകൾ അടിമത്തത്തിലും, അവശതയിലുമായിരുന്ന കറുത്ത വർഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനു സഹായിച്ചു. അവരിൽ സ്വത്വബോധവും,

സ്വാശ്രയത്വവും വളർത്തിയെടുക്കുന്നതിനുകൂടി ഇത്തരം എഴുത്തുകൾ സഹായിച്ചു എന്നു മനസിലാക്കാം. ഫ്രാൻസിൽ ഉണ്ടായ മറ്റൊരു പ്രതിഷേധ സ്വഭാവമായിരുന്നു നെഗ്രിറ്റ്യൂഡ് (Negritude). 1930 -ൽ രൂപീകരിച്ച ഈ പ്രസ്ഥാനം ആഫ്രിക്കൻ കരീബിയൻ സാഹിത്യകൂട്ടായ്മയായി മാറി. ഈ പദം ആദ്യമായി ഉപയോഗിച്ചത് എയിം സിസയർ (Aime cesair)എന്നയാളാണ്. സെനഗലിന്റെ ആദ്യപ്രസിഡന്റായിരുന്ന ലിയോപോൾ സെഡാർ സെൻഗോർ (Leopold Sedar Senghor), ലിയോൺ ഡമാസ് (Leon Damas) തുടങ്ങിയവരെല്ലാം ഇതിന്റെ പ്രമുഖ വക്താക്കളായിരുന്നു. നീഗ്രോ ജീവിതത്തെക്കുറിച്ചും അവരുടെ ജീവിതാവസ്ഥകളെക്കുറിച്ചുമെല്ലാമുള്ള ആവിഷ്കാരങ്ങളായിരുന്നു ഇവരുടെ രചനകളിൽ പ്രതിപാദ്യമായിട്ടുള്ളത്.

▶ നെഗ്രിറ്റ്യൂഡ്

ഇന്ത്യയെ സംബന്ധിച്ച് 'ദലിത് സാഹിത്യം' സാഹിത്യകൂട്ടായ്മയായി മാറുന്നത് മഹാരാഷ്ട്രയിലാണ്. ദലിത് വിമോചനപ്രസ്ഥാനങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ആരംഭിച്ച രചനാപദ്ധതിയാണ് ദലിത് സാഹിത്യം. ഇത് ഒരു സാഹിത്യസ്വഭാവം എന്നതിലുപരിയായി ഒരു സാമൂഹിക സാംസ്കാരിക ഇടപെടൽ കൂടിയായി മാറി. ചൂഷണാധിഷ്ഠിതമായ എല്ലാത്തരത്തിലുള്ള സാമൂഹ്യശ്രേണികളെയും ദലിത് സാഹിത്യം പ്രതിരോധിക്കുന്നു. പാശ്ചാത്യസാഹിത്യത്തിൽ ഇത്തരം എഴുത്തുകളുടെ അടിസ്ഥാനം വംശീയമായ വേർതിരിവിനെതിരെയായിരുന്നു. അവിടെ 'നിറം' ആയിരുന്നു അടിസ്ഥാന പ്രശ്നം. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വിഷയം ജാതീയമായ ഉച്ചനീചത്വമാണ്. കറുത്തവന്റെ നില സാധൂകരിക്കാൻ വെള്ളക്കാർ ബൈബിളിൽനിന്ന് മിത്തുകളും, പ്രതീകങ്ങളും ഉപയോഗിച്ചപ്പോൾ, ഭാരതത്തിൽ തങ്ങളുടെ ജാതീയമായ മേൽക്കൈ സാധൂകരിക്കാൻ സവർണർ വേദേതിഹാസങ്ങളെയും സ്മൃതികളെയും ഭഗവദ്ഗീതയെയും ഉപയോഗിച്ചു. ഇത്തരം ചൂഷണങ്ങൾക്കും, അടിച്ചമർത്തലുകൾക്കുമെതിരെയാണ് അമേരിക്കയിലെയും യൂറോപ്പിലെയും കറുത്തവരും ഇന്ത്യയിലെ അധഃസ്ഥിതരും സ്വത്വം വീണ്ടെടുക്കാനായി സാഹിത്യത്തെ മാധ്യമമാക്കിയത്. അത് ഇന്ത്യയിൽ ദലിത് സാഹിത്യത്തിന്റെ ആവിർഭാവത്തിന് കാരണമായിത്തീർന്നു.

▶ ദലിത് സാഹിത്യത്തിന്റെ ആവിർഭാവം

ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഭാഗങ്ങളിലാണ് ദലിത് സാഹിത്യം ശക്തി പ്രാപിക്കുന്നത്. സാമൂഹ്യപരമായ അടിച്ചമർത്തലുകൾക്കെതിരെയുള്ള പോരാട്ടങ്ങൾക്കു ശക്തിപകർന്നുകൊണ്ടാണ് ഇത്തരം രചനകൾ ഉണ്ടാകുന്നത്. ജ്യോതിറാവു ഫൂലേ, ഡോ.ബി.ആർ. അംബേദ്കർ തുടങ്ങിയവർ ഇതിന് ശക്തമായ നേതൃത്വം നൽകി. 1958-ൽ ബോംബെയിൽ ചേർന്ന ആദ്യത്തെ ദലിത് സാഹിത്യ സമ്മേളനത്തിൽ ദലിതർ രചിച്ച സാഹിത്യവും ദലിതരെക്കുറിച്ച് മറ്റുള്ളവർ രചിച്ച സാഹിത്യവും ദലിത് സാഹിത്യമായി അംഗീകരിക്കേണ്ടതാണെന്നു തീരുമാനിച്ചു. ആധുനിക ഭാരതീയ സാഹിത്യത്തിൽ ഒരു സാഹിത്യവിഭാഗമായി ദലിത് സാഹിത്യത്തെ മറ്റുള്ളവർക്ക് അംഗീകരിക്കേണ്ടി വന്നു. ദലിതർക്ക് അവരുടെ അനുഭവങ്ങൾ പരസ്പരം പങ്കുവയ്ക്കാൻ കൂടിയാണ് ദലിത് രചനകൾ അച്ചടിക്കുന്നത്. സമൂഹത്തോടുള്ള എതിർപ്പിന്റെ ധ്വനി ദലിത് കൃതികളിലാകമാനം കാണാം.

വിവിധ ഭാഷകളിൽ വന്നിട്ടുള്ള ദലിത് കൃതികൾ ശ്രദ്ധിച്ചാൽ വിവേചനവും ദാരിദ്ര്യവും ഓരോയിടത്തും ഓരോവിധത്തിലായിരുന്നു എന്ന് കാണാം. ജാതിവ്യവസ്ഥയും അതിന്റെ അനുബന്ധമായ ദാരിദ്ര്യവും അപമാനവും എങ്ങനെയാണ് ഒരു ദലിതനെ വേട്ടയാടുന്നതെന്ന് ശരൺകുമാർ ലിംബാളെയുടെ 'അക്കർമാശി'യിൽ ചിത്രീകരിച്ചിട്ടുണ്ട്. ദലിത് സാഹിത്യം ഉടലെടുത്തതും ശക്തമായി വ്യാപിച്ചതും മറാത്തി സാഹിത്യത്തിലാണ്. ഇവിടുത്തെ സാഹിത്യത്തെ അടിസ്ഥാനമാക്കിയാണ് ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, ബംഗാൾ, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ ദലിത് സാഹിത്യം അടിത്തറ സ്ഥാപിച്ചത്. മഹാരാഷ്ട്രയെയാണ് ദലിത് സാഹിത്യത്തിന്റെ ഈറ്റില്ലം എന്ന് പറയുന്നത്.

- മഹാരാഷ്ട്രയാണ് ദലിത് സാഹിത്യത്തിന്റെ ഈറ്റില്ലം

ദലിത് സാഹിത്യത്തിന് സൈദ്ധാന്തികരൂപം നൽകിയത് അംബേദ്കർ, ജ്യോതിറാവു ഫൂലെ, കാഞ്ച ഐലയ്യ, ശരൺകുമാർ ലിംബാലെ, ഓം പ്രകാശ് വാല്മീകി തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങളാണ്. ഡോ. ബി.ആർ. അംബേദ്ക്കറാണ് ഭാരതത്തിൽ ദലിത് സാഹിത്യത്തിന് പ്രാരംഭം കുറിച്ചത്. ദലിതർ തങ്ങളുടെ വിമോചനത്തിന്റെ പ്രത്യയശാസ്ത്രമായി ഉയർത്തിപ്പിടിക്കുന്നത് അംബേദ്ക്കറിസമാണ്. ദലിതരുടെ വിപ്ലവചിന്തകൾക്ക് മൂർത്തരൂപം നൽകിയ അംബേദ്കർ ദലിത് സാഹിത്യത്തിന്റെ പിതാവായി അറിയപ്പെടുന്നു. 'അയിത്ത ജാതിക്കാർ', 'ബുദ്ധന്റെ സുവിശേഷം', 'ബുദ്ധനും കാറൽമാക്സും' തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികൾ. അധഃസ്ഥിത വർഗത്തിന്റെ ഉദ്ധാരണത്തിനും സ്ത്രീവിദ്യാഭ്യാസത്തിനും വേണ്ടിയാണ് ജ്യോതിറാവു ഫൂലെ പ്രവർത്തിച്ചത്. സാഹിത്യത്തിൽ ദലിത് ജനതയുടെ അനുഭവങ്ങൾ രേഖപ്പെടുത്തേണ്ടതാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. വിഖ്യാതകൃതിയായ ഗുലാംഗിരിയിലൂടെയും കവിതകൾ, നാടൻപാട്ടുകൾ, തെരുവു നാടകങ്ങൾ എന്നിവയിലൂടെയും ദലിത് വർഗത്തിന്റെ വ്യഥയും വേദനയും ആദ്യമായി ആവിഷ്കരിക്കപ്പെട്ടു. മഹാരാഷ്ട്രയിലെ സാമൂഹിക പരിഷ്കർത്താക്കളിൽ ഏറ്റവും പ്രമുഖനായി ഇന്നും അദ്ദേഹം പരിഗണിക്കപ്പെടുന്നു.

- അംബേദ്ക്കർ ദലിത് സാഹിത്യത്തിന്റെ പിതാവായി അറിയപ്പെടുന്നു

ഭാരതത്തിലെ ദലിത് സാഹിത്യത്തെ അടിസ്ഥാനമാക്കിയുള്ള ചിന്തകൾക്കും പഠനങ്ങൾക്കും ഏറെ ഉത്തേജനം നൽകിയ സൈദ്ധാന്തികനാണ് കാഞ്ച ഐലയ്യ. 'ഞാനെന്തുകൊണ്ട് ഹിന്ദുവല്ല', 'ദൈവമെന്ന രാഷ്ട്രീയ മീമാംസകൻ' എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. ഹിന്ദുത്വദർശനം, സംസ്കാരം എന്നിവയ്ക്കെതിരെയുള്ള ഒരു ദലിത് വിമർശനമാണ് 'ഞാനെന്തു കൊണ്ട് ഹിന്ദുവല്ല' എന്ന കൃതിയിൽ ഉന്നയിക്കാൻ ശ്രമിച്ചിരിക്കുന്നത്. ഹൈന്ദവവല്കരണമല്ല ദലിത്വല്കരണമാണ് വേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇന്ത്യൻ സമൂഹം ദലിത് ഇടങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളേണ്ടത് ദലിത് വല്കരണത്തിന് ആവശ്യമാണ്. ഇന്ത്യയിലെ ദലിതരുടെ ജീവിതം പാശ്ചാത്യലോകത്തെ തൊഴിലാളി വർഗത്തേക്കാൾ ദുരിതപൂർണമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. സമകാലിക സമൂഹം ചർച്ച ചെയ്യുന്ന പ്രധാനപ്പെട്ട ദലിത് രചനകളാണ് കാഞ്ച ഐലയ്യയുടേത്. സാംസ്കാരികമായി അപമാനിക്കപ്പെട്ട ദലിത് സംസ്കാരത്തിന്റെ ഭാഗമായി നിന്നുകൊണ്ട് ഭാരതീയ സംസ്കാരത്തെ അതിരൂക്ഷമായി വി

- ഹൈന്ദവവല്കരണമല്ല ദലിത് വല്കരണമാണ് വേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു

മർശിക്കുന്ന ഈ കൃതികൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തി.

ഡോ. ബി.ആർ. അംബേദ്കറുടെ സ്വാധീനമുൾക്കൊണ്ടുകൊണ്ട് ദലിതരുടെ സാമൂഹികസാമ്പത്തിക ഉന്നമനത്തിനുവേണ്ടി പോരാടിയ ഹിന്ദിയിലെ എഴുത്തുകാരനാണ് ഓംപ്രകാശ് വാല്മീകി. ഹിന്ദിഭാഷയിൽ ശക്തിപ്പെട്ടുവരുന്ന ദലിത് സാഹിത്യത്തിന്റെ പ്രയോക്താവാണ് അദ്ദേഹം. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിഞ്ഞിരുന്ന ദലിതരുടെ വിമോചനത്തിനുവേണ്ടിയാണ് ദലിത് സംഘടനകളും നേതാക്കന്മാരും പരിശ്രമിച്ചത്. വിദ്യാഭ്യാസത്തിലൂടെ അവരുടെ അപകർഷബോധം ഇല്ലാതാക്കുവാൻ ശ്രമിച്ചു. ദലിതരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പ്രവർത്തിച്ചു. നിയമ നിർമാണസഭകളിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാനുള്ള ശ്രമങ്ങൾ നടത്തി. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുകയും സ്വാതന്ത്ര്യം, സമത്വം, സാമൂഹ്യനീതി എന്നിവയ്ക്കുവേണ്ടി പ്രസ്ഥാനങ്ങൾ രൂപം കൊള്ളുകയും ചെയ്തു. ദലിതരുടെ മുന്നേറ്റത്തിനുവേണ്ടി ദലിത് വിമോചന സമരങ്ങൾ നടത്തിയത് മുഖ്യമായും ദലിതർ തന്നെയാണ്.

> ▶ ദലിത് വിമോചന സമരങ്ങൾ നടത്തിയത് മുഖ്യമായും ദലിതർ തന്നെയാണ്

## ദലിത് സാഹിത്യം - നിർവചനം

കീഴാള ജനവിഭാഗങ്ങളുടെ സ്വത്വബോധവും പ്രതിഷേധവും രേഖപ്പെടുത്തുന്നതാണ് ദലിത് സാഹിത്യം. "ദലിതർക്കു വേണ്ടി ദലിതരാൽ രചിക്കപ്പെടുന്ന ദലിതന്റെ സാഹിത്യമാണ് ദലിത് സാഹിത്യം'' പ്രധാനമായും മൂന്ന് അഭിപ്രായം ദലിത് സാഹിത്യത്തെക്കുറിച്ച് നിലനിൽക്കുന്നുണ്ട്. (1) ദലിതർ എഴുതുന്നത് (2) ദലിതരെക്കുറിച്ച് എഴുതുന്നതെല്ലാം (3) ദലിതർക്കുവേണ്ടി ദലിതർ എഴുതുന്നത്. 1958-ൽ ദലിത് എഴുത്തുകാരുടെ ബോംബെയിൽ ചേർന്ന ആദ്യ സമ്മേളനത്തിൽ അഞ്ചാംനമ്പർ പ്രമേയമായംഗീകരിച്ച നിർവചനം ഇങ്ങനെയാണ്. 'ദലിതരാലും ദലിതരെക്കുറിച്ച് ദലിതേതരാലും എഴുതപ്പെടുന്ന സാഹിത്യം ദലിതരനുഭവിക്കുന്ന കഷ്ടപ്പാടുകൾ, വെല്ലുവിളികൾ, ദലിതരുടെ ജീവിതലക്ഷ്യം, സംസ്കാരം, ചരിത്രം, അവകാശ സമരങ്ങൾ, ജീവിതചര്യകൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി രചിക്കപ്പെട്ട കൃതികളെല്ലാം ദലിത് സാഹിത്യത്തിലുൾപ്പെടും. എല്ലാത്തരം ചൂഷണങ്ങളെയും പ്രതിരോധിക്കാനുള്ള മാനസിക ശക്തിയും മനോഭാവവും ദലിതരുടെ ഉള്ളിൽ ജനിപ്പിക്കുകയാണ് ദലിത് സാഹിത്യകൃതികളുടെ ലക്ഷ്യം. അറിവിന്റെയും ശക്തിയുടെയും ധർമങ്ങൾ അനുഷ്ഠിക്കുന്നതായിരിക്കണം ദലിത് സാഹിത്യം.

> ▶ അറിവിന്റെയും ശക്തിയുടെയും ധർമങ്ങൾ അനുഷ്ഠിക്കുന്നതായിരിക്കണം ദലിത് സാഹിത്യം

"ദലിത് സാഹിത്യം തനതുസംസ്കാരത്തിന്റെ പേറ്റുപുരയാണ്'' എന്ന് കവിയൂർ മുരളി 'ദലിത് സാഹിത്യം' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. നമ്മെ കെട്ടിവരിയുന്ന ജാതിവർണമൂല്യങ്ങൾക്കും അതിന്റെ സൗന്ദര്യബോധത്തിനുമെതിരെ ചരിത്രം കണ്ടെത്തുന്ന ആവിഷ്കാര മാതൃകയാണ് ദലിത് സാഹിത്യം. ദലിത് സാഹിത്യത്തിന്റെ ഉത്ഭവത്തെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ട്. ബുദ്ധന്റെ കാലത്തുതന്നെ ദലിത് സാഹിത്യം ബീജാവാപം ചെയ്തു. ദലിത് സാഹിത്യത്തിന്റെ വേരുകൾ ഭക്തകവികളുടെ രചനയിലും ജോതി റാ

വു ഫൂലെയുടെ വിചിന്തനങ്ങളിലും മറ്റുമാണ് കണ്ടെത്താൻ കഴിയുക. എല്ലാ അടിച്ചമർത്തലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ദലിത് ജനതയെ പഠിപ്പിക്കുകയും അതിലൂടെ ശക്തി നേടികൊടുക്കുകയും ചെയ്യുന്നതായിരിക്കണം ദലിത് സാഹിത്യം എന്ന് ഈ നിർവചനങ്ങൾ സ്വാംശീകരിച്ചാൽ മനസിലാക്കാൻ കഴിയും.

- ദലിത് സാഹിത്യം തനതുസംസ്കാരത്തിന്റെ പേറ്റുപുരയാണ്

ഇന്ത്യൻ സാമൂഹിക ജീവിതത്തെ നൂറ്റാണ്ടുകളായി പിന്തുടർന്നിരുന്ന ദുരവസ്ഥയായിരുന്നു ജാതിവിവേചനം. നാടുവാഴിത്ത വ്യവസ്ഥ കേരളത്തിലെ ജാതീയതയെ പ്രബലമാക്കി. സമകാലത്തും ഈ വ്യവസ്ഥിതി ഒളിഞ്ഞും തെളിഞ്ഞും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ജാതിപരമായ വിവേചനങ്ങൾ ഭൂതകാലത്തെന്നപോലെ വർത്തമാനകാലത്തും തുടരുന്നു. ജാതിയതയോടുള്ള പ്രതിരോധം എന്ന നിലയിലാണ് ദലിത് പ്രസ്ഥാനങ്ങളും ദലിത് സാഹിത്യവും ഉദയം കൊള്ളുന്നത്. ദലിതർക്കു സമൂഹത്തിൽ നേരിടേണ്ടി വരുന്ന അസ്പൃശ്യതയും മാറ്റിനിർത്തലും ചൂഷണവും അനീതിയും തിരിച്ചറിഞ്ഞ് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു ദലിത് പ്രസ്ഥാനങ്ങളുടെയും ദലിത് സാഹിത്യത്തിന്റെയും ലക്ഷ്യം. ദലിത് എന്ന പദം ജനകീയമാകാൻ ദലിത് പ്രസ്ഥാനങ്ങളും ദലിത് സാഹിത്യവും കാരണമായി.

- ദലിത് എന്ന പദം ജനകീയമാകാൻ ദലിത് പ്രസ്ഥാനങ്ങളും ദലിത് സാഹിത്യവും കാരണമായി

## മലയാളത്തിലെ ആദ്യകാല ദലിത് സാഹിത്യം

മലയാളത്തിൽ കവിത, നാടകം, നോവൽ എന്നിങ്ങനെയുള്ള മിക്ക മേഖലകളിലും ദലിത് രചനകൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ മുതൽ തന്നെ ഉണ്ടായി. ജാതിവ്യവസ്ഥയെ തീക്ഷ്ണമായി എതിർക്കുന്ന നാടകത്തിന്റെ ആരംഭം പണ്ഡിറ്റ് കറുപ്പന്റെ ബാലകലേശത്തിലാണ്. ദലിത് ജനതയുടെ ഉന്നമനം ലക്ഷ്യമാക്കുന്ന നാടകമായിരുന്നു അത്. പിന്നീട് കെ. ദാമോദരന്റെ പാട്ടബാക്കിയിലും തോപ്പിൽ ഭാസിയുടെ നാടകങ്ങളിലും ദലിത് പ്രമേയം കാണാം. തോപ്പിൽ ഭാസിയാകട്ടെ തന്റെ നാടകങ്ങൾക്കു വിഷയമാക്കിയത് സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരുടെ ജീവിതമാണ്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിൽ ദലിതരുടെ വിമോചനത്തിനുവേണ്ടിയുള്ള ആഹ്വാനമാണ്. ദലിത് പ്രമേയം കടന്നുവരുന്ന മറ്റൊരു നാടകമാണ് ജി. ശങ്കരപ്പിള്ളയുടെ 'കറുത്ത ദൈവത്തെത്തേടി' കാവാലത്തിന്റെ തനത് നാടകമായ 'കരിംകുട്ടി' കെ.ജെ. ബേബിയുടെ 'നാടുഗദ്ദിക' എന്നിവ ദലിത് അവബോധത്തോടെ പ്രത്യക്ഷപ്പെട്ട രചനകളാണ്. പൊക്കുടൻ എന്ന പരിസ്ഥിതി പ്രവർത്തകന്റെ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം', ആദിവാസി നേതാവ് സി.കെ. ജാനുവിന്റെ 'സി.കെ. ജാനുവിന്റെ ആത്മകഥ' എന്നിവ ദലിത് വിഷയം കൈകാര്യം ചെയ്യുന്ന ആത്മകഥാസാഹിത്യത്തിലുൾപ്പെടുന്ന കൃതികളാണ്. വിധേയപ്പെട്ടിരുന്ന ഒരു സമൂഹത്തിൽ നിന്ന് വ്യക്തി എന്ന നിലയിലുള്ള വളർച്ചയുടെ അനന്തരഫലമാണ് ദലിത് ആത്മകഥകൾ. ദലിത് ജീവചരിത്രങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ള കൃതി ടി.എച്ച്.പി. ചെന്താരശ്ശേരിയുടെ അയ്യൻകാളിയുടെ ജീവചരിത്രമാണ്. ടി.കെ.സി. വടുതലയുടെ 'ഡോ. ബി.ആർ അംബേദ്ക്കർ', കെ.കെ. കൊച്ചിന്റെ 'അംബേദ്കർ ജീവിതവും ദൗത്യവും' എന്നിവയും ശ്രദ്ധേയമായ ജീവചരിത്ര രചനകളാണ്. നിരൂപണത്തിന്റെ മേ

- ദലിത് വിഷയം കൈകാര്യം ചെയ്യുന്ന ആത്മകഥാസാഹിത്യത്തിലുൾപ്പെടുന്ന കൃതികളാണ്

ഖലയിൽ പുസ്തകങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഫോക്‌ലോർ പഠനവുമായി ബന്ധപ്പെട്ട് ദലിതരുടെ പാട്ടുകളുടെയും കലകളുടെയും ശ്രദ്ധേയമായ കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ചേലനാട്ട് അച്യുതമേനോൻ, ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ, വെട്ടിയാർ പ്രേംനാഥ്, എം.വി. വിഷ്ണുനമ്പൂതിരി തുടങ്ങിയവരുടെ നാടൻ ഗാനസമ്പാദനവും സമാഹാരവും ശ്രദ്ധേയമാണ്.

എൺപതുകൾക്കു ശേഷം ഘടനാവാദാനന്തര ചിന്തയുടെ വികാസമാണ് ദലിത് വിമർശനത്തെ പ്രബലമാക്കുന്നതിൽ നിർണായക പങ്കു വഹിച്ചത്. കവിയൂർ മുരളി, ദലിത് ബന്ധു, കല്ലറ സുകുമാരൻ എന്നിവരുടെ കൃതികളാണ് ദലിത് വിമർശനത്തിന് പ്രാരംഭം കുറിച്ചത്. കവിയൂർ മുരളിയുടെ 'ദലിത് ഭാഷ', 'ദലിത് സാഹിത്യം', കെ.സി. പുരുഷോത്തമന്റെ 'ദലിത് സാഹിത്യ പ്രസ്ഥാനം', പ്രദീപൻ പാമ്പിരികുന്നിന്റെ 'ദലിത്പഠനം: സ്വത്വം സംസ്കാരം സാഹിത്യം', 'ദലിത് സൗന്ദര്യശാസ്ത്രം', ടി.കെ. അനിൽകുമാറിന്റെ 'മലയാള സാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം' തുടങ്ങിയവ ദലിത് വിമർശനത്ത പ്രബലമാക്കുന്ന രചനകളാണ്. കെ.ജെ ബാബുരാജിന്റ 'ഇരുട്ടിലെ കണ്ണാടി' ദലിത് നിരൂപണത്തിനു നവമാനം നൽകുന്നു. അധഃസ്ഥിതർ, അയിത്തജാതിക്കാർ തുടങ്ങിയ പദങ്ങളും 'ദലിതർ' എന്ന അർഥത്തിൽ അംബേദ്കർ ഉപയോഗിച്ചിട്ടുണ്ട്. ദലിതരെ സൂചിപ്പിക്കാൻ 'ഹരിജൻ' എന്നപദം മഹാത്മാഗാന്ധി ഉപയോഗിച്ചിരുന്നു. 'ഷെഡ്യൂൾഡ് കാസ്റ്റ്' എന്ന പേരിലാണ് സൈമൺ കമ്മീഷൻ ദലിതരെ വിവക്ഷിക്കുന്നത്. തമിഴ്നാട്ടിൽ ആദിദ്രാവിഡർ എന്നും, കർണാടകത്തിൽ 'ആദികർണാടക' എന്നും ദലിതർ അറിയപ്പെടുന്നു.

▶ ദലിതരെ സൂചിപ്പിക്കാൻ 'ഹരിജൻ' എന്നപദം മഹാത്മാഗാന്ധി ഉപയോഗിച്ചിരുന്നു

## ദലിത് കവിതകൾ

ദലിത്പക്ഷ രചനയുടെ വിപുലമായ പശ്ചാത്തലം മലയാളകവിതയ്ക്കുണ്ട്. മുഖ്യധാരാ വ്യവഹാരങ്ങൾക്ക് പുറത്തുനിൽക്കുന്ന ജനസംസ്കാരം നാടൻപാട്ടുകൾ ഉൾക്കൊള്ളുന്നു. എങ്കിലും ദലിത് സാഹിത്യം എന്ന പരിഗണന നാടൻപാട്ടുകൾക്ക് ലഭിച്ചിട്ടില്ല. പൊയ്കയിൽ അപ്പച്ചന്റെ കവിതകൾ മലയാളത്തിലെ ആദ്യകാല ദലിത് കവിതകളിൽ പ്രമുഖങ്ങളാണ്. ചരിത്രം ബഹിഷ്കൃതരാക്കിയ വംശങ്ങളെക്കുറിച്ചുള്ള ചിന്തകൾ ഉൾക്കൊള്ളുന്ന 'എന്റെ വംശത്തെപ്പറ്റി' ജാതിവ്യവഹാരങ്ങൾ അന്യാപദേശരൂപത്തിൽ അവതരിപ്പിക്കുന്ന 'വാദ്യഘോഷങ്ങൾ നടത്തുന്നവരും' തുടങ്ങിയ കവിതകൾ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. സാമൂഹിക തിന്മകൾക്കും ആചാരങ്ങൾക്കുമെതിരെ കവിതയിലൂടെ ശക്തമായി പ്രതികരിച്ച കവിയാണ് പണ്ഡിറ്റ് കറുപ്പൻ. 1912 ൽ പ്രസിദ്ധീകരിച്ച 'ജാതിക്കുമ്മി' ജാതിവ്യവസ്ഥയുടെ അർഥശൂന്യതയെ ചോദ്യം ചെയ്യുന്നു. അദ്ദേഹം രചിച്ച 'ഉദ്യാനവിരുന്ന്' എന്ന കവിതയും ജാതിയെ പ്രതിരോധിക്കുന്നതാണ്. ജാതി സൃഷ്ടിക്കുന്ന അരക്ഷിതത്വവും അനീതിയും, അത്തരം പ്രതിസന്ധികളെ അതിജീവിക്കാനുള്ള പ്രേരണയും കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ഒരു തീയക്കുട്ടിയുടെ വിചാരം, സിംഹനാദം തുടങ്ങിയ കവിതകളിലുണ്ട്. ഉള്ളൂരിന്റെ 'ഭക്തിദീപിക', 'സൗഭ്രാത്രഗാനം', 'പ്രേമസംഗീതം' എന്നിവയിലെയും മനുഷ്യസ്നേഹസങ്കല്പം ജാതിചിന്തയ്ക്ക് അതീതമാണ്. വള്ളത്തോളിന്റെ 'ജാതിപ്രഭാവം', 'ഒരു തോണിയാത്ര', 'ശുദ്ധരിൽ

ശുദ്ധൻ' എന്നീ കവിതകൾ ജാതിയുടെ നിരർഥകത വ്യക്തമാക്കുന്നു. ജാതി വിരുദ്ധ ചിന്തകൾ മൂലൂർ എസ്. പദ്മനാഭപ്പണിക്കരുടെ കവിതകളിലുമുണ്ട്. ജാതിചിന്തയെക്കൂടി വിമർശിച്ചാണ് മൂലൂർ 'കവിരാമായണം' എഴുതിയത്. പുലയ ജീവിത ദുരന്തങ്ങളുമായി ചങ്ങമ്പുഴയുടെ 'വാഴക്കുല' കാല്പനിക കവിതകളിലെ ദലിത് സാന്നിധ്യമാകുന്നു. പറയ ജീവിത നിസ്സാരതയാണ് വയലാറിന്റെ ഇത്താപ്പിരിയുടെ പ്രമേയം. വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയ കവികൾ തങ്ങളുടെ കവിതകളിൽ ദലിതന്റെ ജീവിതദുഃഖങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. എം.വി. കേശവന്റെ പദ്മിനി, കാമുകന്റെ കണ്ണീർ, ദുരവസ്ഥ രണ്ടാം ഭാഗം, ഒരു കർഷകബാലന്റെ ആത്മകഥ എന്നിവയും ദലിത് കവിതകളാണ്.

- 'ജാതിക്കുമ്മി' ജാതിവ്യവസ്ഥയുടെ അർഥശൂന്യതയെ ചോദ്യം ചെയ്യുന്നു

കടമ്മനിട്ട രാമകൃഷ്ണന്റെ കുറത്തി, കാട്ടാളൻ, കിരാതവൃത്തം എന്നീ കവിതകൾ ദലിത് സമൂഹം നേരിടുന്ന സാമൂഹികമായ അടിച്ചമർത്തലുകളും ചൂഷണങ്ങളും ഉൾക്കൊള്ളുന്നവയാണ്. ചണ്ഡാളൻ, കീഴാളൻ തുടങ്ങിയ കവിതകളിൽ കുരീപ്പുഴ ശ്രീകുമാർ ദലിത് അനുഭവങ്ങൾ ആവിഷ്കരിക്കുന്നു. സച്ചിദാനന്ദന്റെ 'പുലയപ്പാട്ട്', കെ.ജി. ശങ്കരപ്പിള്ളയുടെ 'മാനിറച്ചി' എന്നിവയും കീഴാള ജീവിത സാക്ഷ്യങ്ങളാണ്. വി.കെ. നാരായണന്റെ 'കേളൻ', കല്ലറ സുകുമാരന്റെ 'ഇന്ധനപ്പുര', സണ്ണി എം. കപിക്കാടിന്റെ 'അവൾ പറഞ്ഞത്', കൈപ്പുഴ ജയരാജിന്റെ 'ശംബൂകൻ', എസ്. ജോസഫിന്റെ 'ഐഡന്റിറ്റി കാർഡ്' എന്നിവയും ആധുനിക ദലിത് കവിതകളാണ്. എം.ബി. മനോജിന്റെ 'കൂട്ടാന്തതയുടെ നൂറുവർഷങ്ങൾ', 'കാണുന്നില്ലോരക്ഷരവും', ശിവദാസ് പുറമേരിയുടെ 'ചോർന്നൊലിക്കുന്ന മുറി', എം.ആർ. രേണുകുമാറിന്റെ 'കെണിനിലങ്ങളിൽ' തുടങ്ങിയ കവിതകളും ദലിത് ജീവിതപ്രശ്നങ്ങൾ പ്രമേയമാക്കുന്നു. ദലിത് അവബോധത്തോടുകൂടി ധാരാളം കവിതകൾ വിവിധ ആനുകാലികങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

- ആധുനിക ദലിത് കവിതകളാണ്

## ദലിത് നോവലുകൾ

ചരിത്രാനുഭവങ്ങളോടുള്ള പ്രതികരണമെന്ന നിലയിൽ ദലിത് ജീവിതാനുഭവങ്ങൾ മലയാള നോവലിൽ ഇടം നേടിയിട്ടുണ്ട്. ആദ്യകാല മലയാള നോവലായ Slayers Slain (ഘാതകവധം) മതപരിവർത്തനത്തിന് വിധേയരായ ക്രിസ്ത്യാനികളുടെ ജീവിതമാണ് പ്രമേയമാകുന്നത്. കേരളത്തിലെ ക്രിസ്ത്യാനികൾക്കെതിരെയുള്ള പുലയ ക്രിസ്ത്യാനികളുടെ ഉയിർത്തെഴുന്നേൽപ്പ് ഈ നോവലിൽ കാണാം. പോത്തേരികുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം' ജാതിവ്യവസ്ഥിതിയെ പ്രശ്നവൽകരിക്കുന്ന നോവലാണ്. തകഴിയുടെ 'രണ്ടിടങ്ങഴി', 'തോട്ടിയുടെ മകൻ' എന്നീ നോവലുകളിലും മർദ്ദിത ജനവിഭാഗത്തിന്റെ ജീവിതാവസ്ഥകൾ യഥാതഥമായി അവതരിപ്പിക്കുന്നുണ്ട്. ഡി. രാജന്റെ 'മുക്കണി', ടി.കെ.സി. വടുതല രചിച്ച 'നനവുള്ള മണ്ണ്', 'ചങ്ങലകൾ നുറുങ്ങുന്നു', പോൾ ചിറക്കരോടിന്റെ 'പുലയത്തറ' എന്നിവ ദലിത് പ്രമേയങ്ങൾ ഉൾക്കൊള്ളുന്നു. കെ.ജെ. ബേബിയുടെ 'മാവേലി മന്റം' ദലിതവസ്ഥകളുടെ ആവിഷ്കാരമുള്ള നോവലാണ്. സി. അയ്യപ്പന്റെ രചനകളിൽ ആത്മഭാഷണമായും സാമൂഹിക ആവിഷ്കരണമായും ദലിത് അനുഭവങ്ങൾ കടന്നുവരുന്നു. സാറാജോസഫിന്റെ

- ഘാതകവധം മതപരിവർത്തനത്തിന് വിധേയരായ ക്രിസ്ത്യാനികളുടെ ജീവിതമാണ്

‘ആലാഹയുടെ പെൺമക്കൾ’, വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെടുന്ന ദലിതരുടെ പാർശ്വവൽകൃതജീവിതവും അസ്തിത്വപ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നു.

സാഹിത്യത്തിലെ ദലിത് മുന്നേറ്റത്തിൽ അസഹിഷ്ണുതയുള്ളവർ ഉണ്ടായിരുന്നു. എങ്കിലും മുഖ്യധാരാ എഴുത്തുകാർ ദലിത് എഴുത്തിലേക്ക് വന്നത് ഈ പ്രസ്ഥാനത്തിന് ഗുണകരമായി. ഉത്തരമലബാറിലെ ദലിതർ സാമൂഹിക നീതിക്കുവേണ്ടി നടത്തിയ പോരാട്ടങ്ങളും അവരുടെ തമസ്കരിക്കപ്പെട്ട കലാപങ്ങളും എം. മുകുന്ദൻ ‘പുലയപ്പാട്ട്’ എന്ന നോവലിൽ അവതരിപ്പിച്ചു. പ്രദീപൻ പാമ്പിരികുന്നിന്റെ ‘എരി’ വടക്കേമലബറിലെ പറയ സമുദായത്തിന്റെ ഭാവനാപൂർണമായ ആവിഷ്കാരമാണ്. മധ്യതിരുവിതാംകൂറിൽനിന്ന് കിഴക്കൻ മലകളിലേക്ക് തോട്ടം പണിക്കായി കുടിയേറിയ പുലയരുടെ ജീവിതമാണ് ‘ചാവുതുള്ളൽ’ എന്ന നോവലിൽ രാജു കെ. വാസു അവതരിപ്പിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ സാമൂഹിക രാഷ്ട്രീയ ജീവിതം ഈ നോവലിൽ കാണാം. അദ്ദേഹത്തിന്റെ ‘പോളപ്പതം’ എന്ന നോവലിലും ദലിത് പ്രമേയമാണുള്ളത്. തിരുവിതാംകൂറിൽ നടന്ന സവർണജാത്യതിക്രമങ്ങളും ദലിതരെ മാനുഷികതയിലേക്ക് കൈപിടിച്ചുയർത്തിയ സി.എം.എസ്. മിഷനറിമാരുടെ പ്രവർത്തനങ്ങളും ഈ നോവലിൽ കടന്നുവരുന്നു. പി.എ. ഉത്തമന്റെ ‘ചാവൊലി’ എന്ന നോവലിൽ ചരിത്രത്തിൽ ഇടം കിട്ടാതെ, ഗതികിട്ടാചാവുകളായി മറഞ്ഞ ദലിതരുടെ ശബ്ദം ഉയരുന്നു. വിനോയ് തോമസിന്റെ ‘കരിക്കോട്ടക്കരി’, ഷിനിലാലിന്റെ ‘അടി’, ‘ഇരു’ എന്നീ നോവലുകളിലും ദലിതവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ചരിത്രത്തിൽ അടിച്ചമർത്തപ്പെട്ടവരുടെ, ചരിത്രം തിരസ്കരിച്ചവരുടെ വീണ്ടെടുപ്പുകൂടിയാണ് ഈ നോവലുകളെല്ലാം.

▶ സമകാലിക ദലിത് നോവലുകൾ

# വിശദപഠനം

## 1. കുറത്തി

### കടമ്മനിട്ട രാമകൃഷ്ണൻ

ജനിച്ചനാടിന്റെ ചരിത്രവും, സംസ്കാരവും തന്റെ രചനകളുടെ ആത്മാവായി ആവിഷ്കരിച്ച കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. പടയണിക്കോലങ്ങളുടെ പുനരാവിഷ്കാരങ്ങളായിരുന്നു അദ്ദേഹത്തിന്റെ രചനകളെല്ലാം. എം. ഗോവിന്ദന്റെ നേതൃത്വത്തിലുള്ള 'സമീക്ഷ' എന്ന ആനുകാലികത്തിലൂടെ എഴുതി തുടങ്ങിയ അദ്ദേഹം അവസാന കവിതയായ 'ക്യാ'യിൽ വരെ തന്റെ സാംസ്കാരിക ഉത്തരവാദിത്തം നിറവേറ്റി. സ്വന്തം കവിതകൾ തന്റേതായ കാവ്യാലാപനശൈലിയിലൂടെ പകർന്നു തന്നപ്പോൾ മലയാളത്തിൽ പുതിയൊരു സാഹിത്യസംസ്കാരം രൂപപ്പെടുത്തുകയായിരുന്നു കടമ്മനിട്ട. കവിതയെ എഴുത്തിന്റെ നിർജീവത്വത്തിൽനിന്ന് ചൊൽക്കാഴ്ചയുടെ സജീവതയിലേക്ക് അദ്ദേഹം കൈപിടിച്ചുയർത്തി. മലയാള കവിതയിൽ വാമൊഴി പാരമ്പര്യത്തിന് കാലോചിതമായ പുതുജീവൻ നൽകാൻ ആ ശബ്ദത്തിന്റെ കരുത്തിനും ആഴത്തിനും സാധിച്ചു. കവി എന്നതിലുപരിയായി കേരളീയ രാഷ്ട്രീയ സാമൂഹ്യ മണ്ഡലത്തിലെ ശക്തമായ സാന്നിധ്യമായി മാറാനും കടമ്മനിട്ട രാമകൃഷ്ണന് സാധിച്ചു. ജനാധിപത്യപരമായി പുനഃസംഘടിപ്പിച്ച കേരള ഗ്രന്ഥശാല സംഘത്തിന്റെ ആദ്യ പ്രസിഡന്റ് എന്ന നിലയിലും, നിയമസഭാ സാമാജികൻ എന്ന നിലയിലും അദ്ദേഹം കേരളീയർക്ക് സുപരിചിതനാണ്.

- കീഴാളപ്രതിഷേധത്തിന്റെ പുനരാവിഷ്കാരങ്ങളായിരുന്നു പടയണിക്കോലങ്ങൾ

### കടമ്മനിട്ടയുടെ പ്രധാനകൃതികൾ

കടമ്മനിട്ട, കാട്ടാളൻ, കുറത്തി, ഒരുപാട്ട്, പുഴുങ്ങിയ മുട്ടകൾ, ആ പശുക്കുട്ടിയുടെ മരണം, ചാക്കാല, ഞാനിവിടെയാണ്, മത്തങ്ങ, ശാന്ത, കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, താറും കുറ്റിച്ചൂലും, കടിഞ്ഞൂൽപൊട്ടൻ, മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു. സാമുവൽ ബക്കറ്റിന്റെ Waiting for Godot (ഗോദോയെക്കാത്ത്), ഒക്റ്റോവിയാ പാസിന്റെ Sunstone (സൂര്യശില) എന്നീ കൃതികൾ കടമ്മനിട്ട മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

### 1. വരികൾ

നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ
ചുഴന്നെടുക്കുന്നോ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം
തോണ്ടുന്നോ?
നിങ്ങളോർക്കുക നിങ്ങളെങ്ങനെ
നിങ്ങളായെന്ന്!

നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്
കാട്ടുവള്ളിക്കിഴങ്ങുമാന്തി
ചുട്ടു തന്നില്ലേ ഞങ്ങൾ കാട്ടുചോലത്തെളിനീര്
പകർന്നു തന്നില്ലേ പിന്നെ
പൂത്തമാമരച്ചോട്ടിൽ നിങ്ങൾ
കാറ്റുകൊണ്ടു മയങ്ങിയപ്പോൾ
കണ്ണുചിമ്മാതവിടെ ഞങ്ങൾ
കാവൽ നിന്നില്ലേ?
കാട്ടുപോത്ത്,കരടി,കടുവ
നേർത്തുവന്നപ്പോൾ ഞങ്ങൾ
കൂർത്ത കല്ലുകളോങ്ങി നിങ്ങളെ
കാത്തുകൊണ്ടില്ലേ?
പുലിയുടെ കൂർത്തപല്ലിൽ
ഞങ്ങളന്ന് കോർത്തുപോയില്ലേ?
വീണ്ടും പല്ലടർത്തി
വില്ലുമായി കുതിച്ചുവന്നില്ലേ?
അതു നിങ്ങളോർക്കുന്നോ?
നദിയരിച്ച് കാടരിച്ച് കടലരിച്ച്
കനകമെന്നും കാഴ്ചവെച്ചില്ലേ?
ഞങ്ങൾ മരമരിച്ച് പൂവരിച്ച്
തേനരിച്ച് കാഴ്ചതന്നില്ലേ?
നിങ്ങൾ മധുകുടിച്ച്
മത്തരായി കൂത്തടിച്ചില്ലേ?
ഞങ്ങൾ മദിച്ച കൊമ്പനെ
മെരുക്കി നായ്ക്കളെ
മെരുക്കി പയ്ക്കളെ
കറന്ന് പാല് നിറച്ചു തന്നില്ലെ?
ഞങ്ങൾ മരം മുറിച്ച്
പുല്ലുമേഞ്ഞ് തട്ടൊരുക്കി
കളമൊരുക്കി കൂര തന്നില്ലേ?
ഞങ്ങൾ മലയൊരുക്കി
ചെളികലക്കി കുളവിതച്ച്
പതമൊരുക്കി കൂടനിറയെ
പൊലിച്ചു തന്നില്ലെ
കതിരിൽ ആളകറ്റി
കാട്ടു ദൈവം പൂത്തരങ്ങിൽ
തിറയെടുത്തില്ലേ

### അർഥവിശദീകരണം

മധു - മദ്യം
പൊലിക്കുക - നിറയ്ക്കുക, വർധിക്കുക.

### ആശയവിശദീകരണം

ഉറഞ്ഞുതുള്ളുന്ന കുറത്തി കരനാഥൻമ്മാരെ ചോദ്യം ചെയ്യുന്നു. മേലാളർ അവരായിത്തീരാൻ കാരണം അധ്വാനവർഗമായ കീഴാളരാണ്. എന്നാൽ ആ കറുത്ത മക്കളോട് നീതികേട് മാത്രമാണ് ഉപരിവർഗം ചെയ്തത്. സംസ്കാരത്തിന്റെ ആദിമകാലങ്ങളിൽ കീഴാളരുടെ അധ്വാനത്തിലാണ് മേലാളർ കരുത്താർജിച്ചത്. കാട്ടുകിഴങ്ങ് ചുട്ട് അവർക്ക് ഭക്ഷണം നൽകി. ചോലത്തെളിനീര് പകർന്ന് അവർക്ക് ദാഹം തീർത്തു. പൂമരച്ചോട്ടിൽ അവരുറങ്ങുന്നതിന് കാവൽനിന്നു. വന്യമൃഗങ്ങളോട് പൊരുതി മേലാളർക്ക് സംരക്ഷണം നൽകി. അതിനിടയിൽ അവയുടെ പല്ലിലമർന്ന് അവരിൽ പലരുടെയും ജീവൻ പൊലിഞ്ഞു. എന്നിട്ടും വിഭവങ്ങൾ സമാഹരിച്ച് മേലാളർക്ക് കാഴ്ചവച്ചു. മൃഗങ്ങളെ മെരുക്കി, മലയും ചെളിയുമിളക്കി മുളവിതച്ചു പൊലിച്ചു നൽകി. കാട്ടുദൈവങ്ങളത്തരത്തിൽ തിറയെടുത്തു. അപ്പോഴെല്ലാം മദ്യപിച്ചുന്മത്തരായി, ജീവിതത്തിന്റെ ആനന്ദങ്ങളനുഭവിക്കുകയായിരുന്നു മേലാളർ.

> ▶ മേലാളർ അവരായിത്തീരാൻ കാരണം അധ്വാനവർഗമായ കീഴാളരാണ്

### 2. വരികൾ

അന്നു നമ്മളടുത്തു നിന്നവരൊ-
ന്നു നമ്മളെ ഓർത്തു രാപ്പകൽ
ഉഴവു ചാലുകൾ കീറി ഞങ്ങൾ
കൊഴുമുനയ്ക്കുൽ ഉറങ്ങി ഞങ്ങൾ
തളർന്ന ഞങ്ങളെ വലയിലാക്കി
അടിമയാക്കി മുതുകു പൊള്ളിച്ചു
ഞങ്ങടെ ബുദ്ധി മങ്ങിച്ചു..
നിങ്ങൾ ഭരണമായ്..
നിങ്ങൾ ഭരണമായ്, പണ്ടാരമായ്
പല ജനപഥങ്ങൾ,
പുരി പുരങ്ങൾ, പുതിയ നീതികൾ,
നീതി പാലകർ,
കഴുമരങ്ങൾ, ചാട്ടവാറുകൾ,
കൽത്തുറങ്കുകൾ, കോട്ടകൊത്തളം,
ആന തേരുകൾ, ആലവട്ടം,
അശ്വമേധ ജയങ്ങളോരോ,
ദിഗ് വിജയങ്ങൾ,
മുടിഞ്ഞ ഞങ്ങൾ
അടിയിലെന്നും ഒന്നുമറിയാതുടമ
നിങ്ങൾക്കായി ജീവൻ

ബലികൊടുത്തില്ലേ?
പ്രാണൻ പതിരുപോലെ
പറന്നു പാറി ചിതറി വീണില്ലേ?
കല്ലുവെട്ടി പുതിയ പുരികൾ
കല്ലുടച്ച് പുതിയ വഴികൾ
മലതുരന്ന് പാഞ്ഞ് പോകും
പുതിയ തേരുകൾ
മല കടന്ന് പറന്നു പോകും
പുതിയ തേരുകൾ
കടൽ കടന്ന് പറന്നു പോകും
പുതിയ വാർത്തകൾ
പുതിയ പുതുമകൾ
പുതിയ പുകിലുകൾ
പുതിയ പുലരികൾ
പുതിയ വാനം
പുതിയ അമ്പിളി
അതിലഴഞ്ഞു കുനിഞ്ഞുനോക്കി
കുഴിയെടുത്തും കൊച്ചു മനുഷ്യന്മാർ
വഴിയൊരുക്കും ഞങ്ങൾ വേർപ്പിൽ
വയറുകാഞ്ഞു പതം പറയാനറിഞ്ഞുകൂടാ-
തന്തിചായാൻ കാത്തുകൊണ്ടു വരണ്ടു
വേലയിലാണ്ടു നീങ്ങുമ്പോൾ
വഴിയരികിൽ ആര്യവേപ്പിൻ
ചാഞ്ഞകൊമ്പിൽ ചാക്കുതുണിയിൽ
ചെളിപുരണ്ട വിരൽകുടിച്ചു വരണ്ടുറങ്ങുന്നു
ഞങ്ങടെ പുതിയ തലമുറ;
മുറയിതിങ്ങനെ തലയതെങ്ങനെ നേരെയാകുന്നു

## അർഥവിശദീകരണം

കൊഴു - കലപ്പയുടെ അകത്തുപിടിപ്പിക്കുന്ന ഇരുമ്പ്
പണ്ടാരം - കലവറ, ഖജനാവ്
പതം - കൊയ്ത്തുകാരുടെ ഓഹരി, കൂലി
ജനപദം - ഗ്രാമം
പുരി - നഗരം

## ആശയവിശദീകരണം

ഒരുമിച്ചുകഴിഞ്ഞ ആ നാളുകളിൽ മേലാള കീഴാള വ്യത്യാസം തോന്നിയിരുന്നില്ല. അവർക്കിടയിൽ സ്നേഹം നിലനിന്നിരുന്നു. അവരും തങ്ങളും ഒരുപോലെ എന്ന ചിന്തയിൽ കീഴാളർ അധ്വാനം തുടർന്നു. എന്നാൽ കാലക്രമേണ അവർക്കിടയിൽ അടിമ ഉടമ ബോധം രൂപംകൊണ്ടു. അടിമത്തത്തിന്റെ ഭാരത്താൽ അവരുടെ ബുദ്ധിമന്ദിച്ചു.

അവർക്കുമേൽ മേലാളന്മാരുടെ ഭരണമായി. പുതിയ നീതിയും നീതി പാലകരും ശിക്ഷാവിധികളും നിലവിൽ വന്നു. ദിഗ് വിജയങ്ങൾ നേടി യജമാനന്മാർ മുന്നേറി. കീഴാളർക്ക് അടിമകളായിത്തന്നെ തുടരേണ്ടി വന്നു. അടിമ ഉടമ വ്യവസ്ഥിതി, സമൂഹത്തിൽ ദൃഢമായി. സമൂഹ വ്യവസ്ഥ തന്നെ മാറി. വന്യഭംഗികൾ നഗരത്തിരക്കുകൾക്ക് വഴിമാറി. മലതുരന്നും കടൽ കടന്നും പോകുന്ന യാത്രാസൗകര്യങ്ങളും, വാർത്താവിതരണങ്ങളുമായി. ഇതെല്ലാം സാധ്യമാക്കാൻ തൊഴിലാളികൾ കിണഞ്ഞു പരിശ്രമിച്ചു. പരാതി പറയാനറിയാതെ വയറെരിഞ്ഞ് അവർ പണിയെടുത്തു. അവരുടെ പുതിയ തലമുറ വഴിയരികിലെ ആര്യവേപ്പിൻകൊമ്പിൽ ചാക്കുതൊട്ടിലിൽ ചെളിപിടിച്ചു വിരണ്ടുവരണ്ടു മയങ്ങുകയായിരുന്നു അപ്പോൾ. ഈ വ്യവസ്ഥിതിയിൽ കീഴാളന്റെ തലമുറ എങ്ങനെ നേരെയാവുമെന്ന് കുറത്തി ചോദിക്കുന്നു. സവർണ്ണ രാഷ്ട്രീയത്തിനെതിരെ കുറത്തി ശബ്ദമുയർത്തുന്നു.

- സവർണ്ണ രാഷ്ട്രീയത്തിനെതിരെ കുറത്തി ശബ്ദമുയർത്തുന്നു

### 3. വരികൾ

പണ്ടു ഞങ്ങൾ മരങ്ങളായി
വളർന്നു മാനം മുട്ടിനിന്നു,
തകർന്നു പിന്നെയടിഞ്ഞു മണ്ണിൽ
തരിശുഭൂമിയുടെല്ലുപോലെ
കല്ലുപോൽ കരിയായി കൽക്കരി-
ഖനികളായി വിളയുമെങ്ങളെ
പുതിയ ശക്തി ഭ്രമണശക്തി
പ്രണവമാക്കാൻ സ്വന്തമാക്കാൻ
നിങ്ങൾ മൊഴിയുന്നു..
"ഖനി തുരക്കൂ, തുരന്നുപോയി-
പ്പോയിയെല്ലാം വെളിയിലെത്തിക്കൂ
ഞങ്ങടെ വിളക്കു കത്തിക്കൂ
ഞങ്ങടെ വണ്ടിയോടിക്കൂ
ഞങ്ങൾ വേഗമെത്തട്ടെ
നിങ്ങൾ വേഗമാകട്ടെ
നിങ്ങൾ പണിയെടുക്കിൻ നാവടക്കിൻ,
ഞങ്ങളാകട്ടെ,യെല്ലാം ഞങ്ങൾക്കാകട്ടെ
കല്ലു വീണുമുറിഞ്ഞ മുറിവിൽ
മൂത്രമിറ്റിച്ചു,മുറിപ്പാടിന്നു-
മേതോ സ്വപ്നമായുണർന്നു നീറുന്നു.
കുഴിതുരന്നു തുരന്നു കുഴിയായ്
തീർന്ന ഞങ്ങൾ കുഴിയിൽനിന്നു
വിളിച്ചുചോദിച്ചു

## അർഥ വിശദീകരണം

പ്രണവം - ഓംകാരം

## ആശയവിശദീകരണം

സംസ്കാരത്തിന്റെ ആദിമദശകളിൽ മനുഷ്യർക്കു വിവേചനമില്ലായിരുന്നു. വർണവ്യവസ്ഥ നിലവിൽ വന്നതോടെയാണ് മനുഷ്യർക്കിടയിൽ വേർതിരിവുകളുണ്ടായത്. അതോടെ ദലിത് വിഭാഗങ്ങൾ വർണവ്യവസ്ഥയ്ക്ക് പുറത്തായി. അടിമകളും അസ്പൃശ്യരും ഉടമകളുടെ ആജ്ഞാനുവർത്തികളായി മാറി. പ്രകൃതിയുടെ ചൈതന്യത്തിനുടമകളായിരുന്ന അവർ പ്രകൃതിയോടിണങ്ങിയ ജീവിതത്തിലൂടെ നേടിയ വന്യചൈതന്യമായിരുന്നു അത്. ഊർജത്തിനുറവായ കൽക്കരി ഖനികളിൽ വളർന്നു വിളഞ്ഞവർ അതാണവരുടെ ശക്തി. എന്നാൽ ഈ ഊർജമെല്ലാം മേലാളർ കൈക്കലാക്കി, തങ്ങളുടെ വളർച്ചക്ക് ഉപയുക്തമാക്കി. അവർക്ക് വഴിതെളിക്കാനും വണ്ടിയോടിക്കാനും കീഴാളർ നാവടക്കി പണിയെടുത്തു. എല്ലാം ഞങ്ങൾക്കെന്ന മേലാളരുടെ ആസ്തിയുടെ കല്ലുവീണ് മുറിഞ്ഞുനീറുന്ന വ്രണപ്പാടുകളായി കീഴാളജീവിതം. കുഴിതുരന്നുതുരന്നു കുഴിയായിത്തീർന്ന ജനതയുടെ ദൈന്യത്തിലൂന്നി നിന്ന് കുറത്തി വീണ്ടും ശക്തമായ ചോദ്യങ്ങളുന്നയിക്കുന്നു.

> ▶ മേലാളരുടെ ആസ്തിയുടെ കല്ലുവീണ് മുറിഞ്ഞുനീറുന്ന വ്രണപ്പാടുകളായി കീഴാളജീവിതം

## 4. വരികൾ

ഞങ്ങൾക്കന്നമെവിടെ?
എവിടെ ഞങ്ങടെ കരിപുരണ്ടു
മെലിഞ്ഞ പൈതങ്ങൾ?
അവർക്കന്നമെവിടെ? നാണമെവിടെ?
അന്തികൂടാൻ ചേക്കയെവിടെ?
അന്തിവെട്ടത്തിരികൊളുത്താൻ
എണ്ണയെവിടെ?
അല്പമല്പമുറക്കെയായച്ചോദ്യമവിടെ
കുഴിയിലാകെ മുഴങ്ങിനിന്നപ്പോൾ
ഖനിയിടിഞ്ഞു മണ്ണിടിഞ്ഞു അടിയി-
ലായിയമർന്നു ചോദ്യം
കൽക്കരിക്കറയായി ചോദ്യം
അതിൽ മുടിഞ്ഞവരെത്രയാണെന്നോ?
ഇല്ലില്ലറിവുപാടില്ല!
വീണ്ടും ഖനിതുരന്നല്ലോ!
ആവിവണ്ടികൾ,ലോഹദണ്ഡുകൾ
ലോഹനീതികൾ, വാതകക്കുഴൽ
വാരിയെല്ലുകൾ, പഞ്ഞിനൂലുകൾ
എണ്ണയാറുകൾ, ആണികൾ
നിലമിളക്കും കാളകൾ,
കളയെടുക്കും കയ്യുകൾ

നിലവിളിക്കും വായകൾ,
നിലയുറയ്ക്കാ തൊടുവിലെച്ചിക്കുഴി
യിലൊന്നായ് ച്ചെള്ളരിക്കുമ്പോൾ–
നിങ്ങൾ വീണ്ടും ഭരണമായ്
നിങ്ങൾ ഭരണമായ് പണ്ടാരമായ്
പല പുതിയ രീതികൾ
പുതിയ ഭാഷകൾ,
പഴയ നീതികൾ, നീതിപാലകർ
കഴുമരങ്ങൾ ചാട്ടവാറുകൾ
കൽത്തുറുങ്കുകൾ കപടഭാഷണ
ഭക്ഷണം കനിഞ്ഞുതന്നൂ ബഹുമതി
“ഹരിജനങ്ങൾ''
ഞങ്ങളാഹാ: അവമതി–
യ്ക്കുപലബ്ധിപോലെ ദരിദ്രദൈവങ്ങൾ!
അടിമ ഞങ്ങൾ,
ഹരിയുമല്ല, ദൈവമല്ല,
മാടുമല്ല, ഇഴയുമെന്നാൽ പുഴുവുമല്ല,
കൊഴിയുമെന്നാൽ പൂവുമല്ല, അടിമ ഞങ്ങൾ.
നടുവു കൂനിക്കൂനിയെന്നാൽ നാലുകാലിൽ നടത്തമരുത്
രണ്ടു കാലിൽ നടന്നുപോയാൽ ചുട്ടുപൊള്ളിക്കും.
നടുവു നൂർക്കണമെന്നു ചൊന്നാൽ നാവു പൊള്ളിക്കും.
ഇടനെഞ്ചിലിവകൾ പേറാനിടംപോരാ
കുനിയാനുമിടം പോരാ
പിടയാനായ് തുടങ്ങുമ്പോൾ ചുട്ടുപൊള്ളിക്കും നടുവു കൂനിക്കൂ
നിയെന്നാൽ നാലുകാലിൽ നടത്തമരുത്
രണ്ടു കാലിൽ നടന്നുപോയാൽ ചുട്ടുപൊള്ളിക്കും.
നടുവു നൂർക്കണമെന്നു ചൊന്നാൽ നാവു പൊള്ളിക്കും.
ഇടനെഞ്ചിലിവകൾ പേറാനിടംപോരാ
കുനിയാനുമിടം പോരാ
പിടയാനായ് തുടങ്ങുമ്പോൾ ചുട്ടുപൊള്ളിക്കും
നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചുഴന്നെടുക്കുന്നോ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?
നിങ്ങളറിയണമിത്..
നിങ്ങളറിയണമിന്നു ഞങ്ങൾക്കില്ല വഴിയെന്ന്
വേറെയില്ല വഴിയെന്ന്..

### അർഥവിശദീകരണം

ചേക്ക - ഉറങ്ങുന്ന സ്ഥലം /വാസസ്ഥലം

## ആശയവിശദീകരണം

കീഴാളന്റെ ദുരന്തങ്ങളുടെ കുഴിയിൽ കുറത്തിയുടെ ചോദ്യം മുഴക്കമായി. ആ കുഴികളിൽ വീണു മുടിഞ്ഞവരെത്ര? ലോഹദണ്ഡുകൾക്കും ആവിവണ്ടികൾക്കും ആണികൾക്കൊപ്പം കളയെടുത്ത കൈകളും നിലവിളിച്ച വാകളും ആ കുഴിയിൽ വീണമർന്നിട്ടുണ്ട്. ആ എച്ചിൽ കുഴികളിൽ ചെള്ളരിക്കുന്നു. അധികാരത്തിന്റെ പുതിയ രീതികൾ അവർക്ക് ഹരിജനമെന്ന പുതിയ ബഹുമതി നൽകി. അധികാരവർഗത്തിന്റെ കാപട്യമൊളിപ്പിച്ച ഈ ബഹുമതികൊണ്ടൊന്നും അവരുടെ അവസ്ഥയ്ക്ക് മാറ്റം വന്നില്ല. ഞങ്ങൾ ഹരിയുമല്ല, ദൈവവുമല്ല മാടുമല്ല. യാതനകൾപേറി ഇഴഞ്ഞുപൊഴിയുന്ന അവർ പുഴയും പൂവുമല്ല വെറും അടിമകളാണ്. ഭയംകൊണ്ടും വിധേയത്വം കൊണ്ടും കൂനികൂനി നടുവളഞ്ഞുപോയ അടിമകൾ. നാലുകാലിലും രണ്ട് കാലിലും നടക്കാനാവില്ല. നടുനിവർക്കണമെന്ന് തോന്നിയാൽ നാവുപൊള്ളിക്കും. സംസാരസ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യവും നഷ്ടപ്പെട്ടവരാണവർ. ഒഴിയാത്ത ഭാരമായി ആ വേദനകൾ അവരുടെ നെഞ്ചുതകർക്കുകയാണ്. ഈ വേദനയിൽ ഉറഞ്ഞ് കുറത്തി തന്റെ ചോദ്യങ്ങൾ ആവർത്തിക്കുന്നു.

> ▶ അധികാരത്തിന്റെ പുതിയ രീതികൾ അവർക്ക് ഹരിജനമെന്ന പുതിയ ബഹുമതി നൽകി

## 5. വരികൾ

എല്ലുപൊക്കിയ ഗോപുരങ്ങൾകണക്കു ഞങ്ങളുയർന്നിടും
കല്ലു പാകിയ കോട്ടപോലെയുണർന്നു ഞങ്ങളു നേരിടും
കുപ്പമാടക്കുഴിയിൽ നിന്നും സർപ്പവ്യൂഹമൊരുക്കി
നിങ്ങടെ നേർക്കു പത്തിയെടുത്തിരച്ചുവരും അടിമ ഞങ്ങൾ
വെന്തമണ്ണിൻ വീറിൽനിന്നു-
മുറഞ്ഞെണീറ്റ കുറത്തി ഞാൻ
കാട്ടുകല്ലിൻ കണ്ണുരഞ്ഞു പൊരി-
ഞ്ഞുയർന്ന കുറത്തി ഞാൻ.
എൻറെ മുലയുണ്ടുള്ളുറച്ചു വരുന്ന മക്കൾ
എൻറെ മുലയുണ്ടുള്ളുറച്ചു വരുന്ന മക്കൾ
അവരെ നിങ്ങളൊടുക്കിയാൽ
അവരെ നിങ്ങളൊടുക്കിയാൽ
മുലപറിച്ചു വലിച്ചെറിഞ്ഞീ പുരമെരിക്കും ഞാൻ
മുടിപറിച്ചു നിലത്തടിച്ചീക്കുലമടക്കും ഞാൻ.
കരിനാഗക്കളമഴിച്ച്
കുറത്തി നിൽക്കുന്നു
കരിനാഗക്കളമഴിച്ച്
കുറത്തി നിൽക്കുന്നു
കാട്ടുപോത്തിൻ വെട്ടുപോലെ
കാട്ടുവെള്ള പ്രതിമ പോലെ
മുളങ്കരുത്തിൻ കൂമ്പുപോലെ
കുറത്തി നിൽക്കുന്നു

മുളങ്കരുത്തിൻ കൂമ്പുപോലെ
കുറത്തി നിൽക്കുന്നു

### അർഥവിശദീകരണം

കുപ്പമാടം - വീട്
സർപ്പവ്യൂഹം - സർപ്പക്കൂട്ടം

### ആശയ വിശദീകരണം

കുറത്തി സംഹാരരുദ്രയാകുന്നു. തങ്ങളെ മർദ്ദിച്ചൊതുക്കിയ അധീശവർഗത്തിനെതിരെ കീഴാളർ ഉയരും; കോട്ടപോലെ ഉയർന്നു നേരിടുമെന്ന് കുറത്തി വീറോടെ മുന്നറിയിപ്പ് നൽകുന്നു. കുപ്പമാടക്കുഴിയിൽ നിന്ന് എതിരാളികൾക്കെതിരെ സർപ്പവ്യൂഹമായി അവർ പത്തി ഉയർത്തും. അധഃസ്ഥിതർ മുഴുവൻ തന്റെ മക്കളാണെന്നും അവരെ ഇല്ലാതാക്കിയാൽ മുലപറിച്ചു വലിച്ചെറിഞ്ഞ് പുരമെരിക്കുമെന്നും കുറത്തി ക്രോധത്തോടെ വിളിച്ചുപറയുന്നു. ജീർണിച്ച സാമൂഹിക വ്യവസ്ഥയ്ക്ക് എതിരെയാണ് കുറത്തി കലാപകാരിയാകുന്നത്. മർദ്ദിത വിഭാഗത്തിന്റെ മുഴുവൻ മാതൃത്വമാണ് അവളിൽക്കാണുന്നത്. കീഴാളർക്ക് നേരിടേണ്ടി വന്ന, ഇപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്ന ദുരനുഭവങ്ങൾ അവളുടെ രോഷത്തിലുണ്ട്. ആ രോഷത്തിനു പ്രേരണയാകുന്നതാകട്ടെ സ്വവർഗത്തെക്കുറിച്ചുള്ള ആഴമേറിയ ചരിത്രബോധമാണ്.

> ▶ ജീർണിച്ച സാമൂഹിക വ്യവസ്ഥയ്ക്ക് എതിരെയാണ് കുറത്തി കലാപകാരിയാകുന്നത്

അധീശവർഗത്തിൽനിന്നു കീഴാളൻ അനുഭവിക്കുന്ന അനീതിക്കും അടിമത്തത്തിനും ചൂഷണത്തിനുമെതിരെ അമർഷം പൂണ്ടെത്തുന്ന, വന്യതയുടെ മൂർത്തീഭാവമായാണ് കുറത്തിയുടെ വരവ്. മലഞ്ചൂരൽ മടയിൽനിന്നും വിളഞ്ഞ ചൂരപ്പനമ്പുപോലെ കുറത്തിയെത്തുന്നു. ചേറ്റുപാടക്കരയിലെ ഈറപ്പൊളിയിൽനിന്നിറങ്ങി വരുന്ന അവൾക്ക് ഈറ ചീന്തിയെറിയുന്ന ആനയുടെ ഗാംഭീര്യമുണ്ട്. വേട്ടനായ്ക്കളുടെ പല്ലുകളമർന്ന് അവളുടെ നെഞ്ച് വിണ്ടുകീറിയിരിക്കുന്നു. മലയിൽനിന്നും കലങ്ങി മറിഞ്ഞൊഴുകി വരുന്ന നദിയുടെ രൗദ്രഭാവവും അവൾ ഉൾക്കൊള്ളുന്നു. മുറിവേറ്റ പാരമ്പര്യത്തിന്റെ മൺകുടമുടഞ്ഞു മുറിവേറ്റവളാണവൾ. തിക്താനുഭവങ്ങളുടെ ചുടുകണ്ണീർ വീണുപൊള്ളിയ മണ്ണിന്റെ വീറുപോലെയാണ് അവൾ വരുന്നത്. ഉളിയുളുക്കിയ കാട്ടുകല്ലിൽനിന്നും കാട്ടുതീയായ് പടർന്നു അവൾ. ചടുലഭാവത്തോടെ കുറത്തിയാട്ടത്തറയിലെത്തിയ കുറത്തി കരിനാഗക്കളമേറി തുള്ളുന്നു. കടചെമന്ന കണ്ണുകളോടെ, കറുത്തമുടിക്കെട്ടഴിഞ്ഞ്, കാരിരുമ്പിന്റെ കരുത്തുള്ള ഉടൽ വിറച്ച് കുറത്തി ഉറഞ്ഞുതുള്ളുന്നു. ആ അരങ്ങിന്റെ മുൻനിരയിൽ മുറുക്കിത്തുപ്പി ചുമ്മാ ചിരിച്ച് ഇടംകണ്ണാൽ തന്നെ നോക്കുന്ന കരനാഥന്മാരുടെ ആസക്തികൾക്കു നേരെ വിരൽചൂണ്ടി കുറത്തി പറഞ്ഞുതുടങ്ങുന്നു.

> ▶ വന്യതയുടെ മൂർത്തീഭാവമായാണ് കുറത്തിയുടെ വരവ്

കീഴാളവർഗത്തിന്റെ പ്രതിനിധിയാണ് കുറത്തി. കാലങ്ങളോളം മേലാളർ തങ്ങളുടെ മേൽ അടിച്ചേല്പിച്ച അധികാരവും ചൂഷണവും അടിമത്തവും അവളെ രൗദ്രയാക്കുന്നു. കാടിന്റെ കരുത്തും വന്യതയും കുറത്തിയുടെ വരവിലുണ്ട്. പാരമ്പര്യത്തിന്റെ കരുത്ത് നൽകുന്ന ഊർജമാണ് വ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ അവളെ പ്രാപ്തയാക്കുന്നത്. അധീശവർഗത്തോടുള്ള തീവ്രനിഷേധവും ക്രോധവും

കുറത്തിയുടെ വരവിലുണ്ട്. പ്രതാപങ്ങളുടെ അകമ്പടിയോടെയുള്ള അധീശവർഗത്തിന്റെ എഴുന്നള്ളത്തുകളുടെ മറുപുറമാണ് കുറത്തിയുടെ വരവ്. ചൂരപ്പനമ്പ്, കരീലാഞ്ചി വള്ളി, വെന്തമണ്ണിൻവീറ്, ഉളിയുളുക്കിയ കാട്ടുകല്ല് എന്നിവയിലെല്ലാം പ്രകൃതിയുടെ വന്യമായ കരുത്തുണ്ട്. ഈ കരുത്താകട്ടെ അധികാരി വർഗത്തിന്റെ കപടമായ ബാഹ്യമോടികൾക്ക് എതിരാണ്. 'കുറത്തിയെത്തുന്നു' എന്ന വരിയുടെ ആവർത്തനം കുറത്തിയുടെ വരവ് ശക്തിയും അമൂർത്തതയും വ്യഞ്ജിപ്പിക്കുന്നു. അടിച്ചമർത്തപ്പെട്ടവന്റെ ആന്തരികശക്തിയുടെ രൂപമാണ് കുറത്തി. അവൾ അധികാരത്തിനെതിരെ ആഞ്ഞടിക്കുന്നു. മർദ്ദിച്ചൊതുക്കപ്പെടുമ്പോഴും ഉയർത്തെഴുന്നേൽക്കാനും പ്രതികരിക്കാനുമുള്ള ഇച്ഛ കീഴാളവംശത്തിനുണ്ട്. അബോധതലത്തിലുറങ്ങുന്ന ഈ ഇച്ഛാശക്തിയുടെ ജൈവചൈതന്യത്തിന്റെ ബഹിർസ്ഫുരണമാണ് കുറത്തി. മർദ്ദിതവിഭാഗത്തിന്റെ ഉയിർത്തെഴുന്നേല്പും പ്രതിഷേധവുമാണ് കടമ്മനിട്ടയുടെ 'കുറത്തി'. അധീശവർഗത്തിൽനിന്ന് കീഴാളന് നേരിടേണ്ടി വരുന്ന അനീതിക്കും അടിമത്തത്തിനുമെതിരെ തീവ്രമായി പ്രതികരിക്കുന്ന, വന്യതയുടെ മൂർത്തരൂപമാണ് കുറത്തി. മേലാളന്മാർ തകർത്തെറിഞ്ഞ, ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന കീഴാള പാരമ്പര്യത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ അവളെ രൗദ്രയാക്കുന്നു. തങ്ങളുടെ അധ്വാനത്തെ, വിഭവങ്ങളെ ചൂഷണം ചെയ്ത്, പ്രകൃതിയെ മലിനമാക്കിയ കരനാഥൻമാർക്ക് മുന്നിൽ അവൾ ഉറഞ്ഞുതുള്ളുന്നു. അവരെ ചോദ്യം ചെയ്യുന്നു. അപ്രതിരോധ്യമായൊരു ശക്തിയായി അവർക്ക് എതിരെ തങ്ങൾ ഉയരുമെന്ന് ക്രോധത്തോടെ അവൾ വിളിച്ചുപറയുന്നു. മർദ്ദിത വർഗത്തിന്റെ മുഴുവൻ മാതാവായി, രക്ഷകയായി മാറുകയാണ് കുറത്തി.

> ▶ അടിച്ചമർത്തപ്പെട്ടവന്റെ ആന്തരികശക്തിയുടെ രൂപമാണ് കുറത്തി

## കാവ്യാവലോകനം

രചനാവൈഭവവും ചൊൽവടിവുംകൊണ്ട് മലയാളകവിതയെ ജനസംസ്കാരത്തോടു ചേർത്തുനിർത്തിയ കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. നവീനകവിതയുടെ ആരംഭകാലങ്ങളിൽ ചൊൽക്കാഴ്ചകളിലൂടെ അദ്ദേഹത്തിന്റെ കവിതകൾ വലിയ പ്രചാരം നേടി. നാടോടിത്തനിമയും ദ്രാവിഡതാളവും കടമ്മനിട്ടയുടെ കവിതകളെ അക്കാലത്തെ മറ്റ് കവികളുടെ കവിതകളിൽനിന്ന് വ്യതിരിക്തമാക്കി. നാടൻപാട്ടുകളുടെയും പടയണിയുടെയും സ്വാംശീകരണം അദ്ദേഹത്തിന്റെ കവിതകളിലുണ്ട്. വന്യഭാവങ്ങളോട് സഹജമായ ആഭിമുഖ്യം പുലർത്തുന്നുണ്ട് അദ്ദേഹത്തിന്റെ പ്രതിഭ. ദലിത് വിഭാഗത്തിന്റെ ദുഃഖങ്ങളും നിസഹായതയും വന്യമായ മുഴക്കത്തോടെ അദ്ദേഹം അവതരിപ്പിച്ചു. കുറത്തി, കാട്ടാളൻ, കിരാതവൃത്തം തുടങ്ങിയ കവിതകളിൽ വന്യതയുടെ സ്ഫുരണങ്ങളുണ്ട്. കടമ്മനിട്ട രചിച്ച കീഴാഴ പ്രാതിനിധ്യമുള്ള കവിതയാണ് 'കുറത്തി'. മലയാള കാവ്യഭാവുകത്വത്തിൽ നവചലനങ്ങൾ സൃഷ്ടിച്ച കവിതയാണിത്. നൂറ്റാണ്ടുകളായി അടിമത്തവും അടിച്ചമർത്തലും അനുഭവിക്കേണ്ടി വന്ന കീഴാള വിഭാഗങ്ങളുടെ സ്വാതന്ത്ര്യബോധത്തിന്റെയും പ്രതികരണശേഷിയുടെയും ഇച്ഛാശക്തിയുടെയും ഉടലാർന്ന രൂപമാണ് 'കുറത്തി'. കാടിന്റെ വന്യചൈതന്യവും ആദിമപാരമ്പര്യത്തിന്റെ ഊർജവും അവളിലു

ണ്ട്. തന്റെ വർഗത്തിനുനേരിടേണ്ടി വന്ന ദുരിതങ്ങളിൽ മനംനൊന്ത കുറത്തി രൗദ്രഭാവത്തിൽ കുറത്തിയാട്ടത്തറയിലെത്തി ഉറഞ്ഞുതുള്ളി മേലാളരെ ചോദ്യം ചെയ്യുന്നു. അടിമ-ഉടമ ബന്ധം, വിശപ്പ്, ദാരിദ്ര്യം, ചൂഷണം, അധികാരം എല്ലാം അവളുടെ ചോദ്യങ്ങളെ കരുത്തുറ്റതാക്കുന്നു. ചോദ്യങ്ങൾക്കൊടുവിൽ വ്യവസ്ഥിതികൾക്കെതിരെയും സംഹാരരുദ്രയായി, മർദ്ദിതവിഭാഗത്തിന്റെ മുഴുവൻ മാതാവായി കുറത്തി മാറുകയാണ്.

▶ അദ്ദേഹത്തിന്റെ പ്രതിഭ വന്യഭാവങ്ങളോട് സഹജമായ ആഭിമുഖ്യം പുലർത്തുന്നു

# വിശദപഠനം

## 2. പുലയപ്പാട്ട്

### സച്ചിദാനന്ദൻ

മലയാള കവിതയിൽ ആധുനികതയുടെ ആരംഭം കുറിച്ച കാലഘട്ടത്തിന്റെ വക്താക്കളിൽ ഒരാളായിരുന്നു സച്ചിദാനന്ദൻ. മലയാളഭാഷയ്ക്ക് ചിരപരിചിതമല്ലാത്ത ഭാഷാബിംബങ്ങളും പ്രയോഗങ്ങളും രചനാകൗശലവും കൊണ്ട് വേറിട്ടു നിൽക്കുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ. അഞ്ചുസൂര്യൻ, സത്യവാങ്മൂലം, ഇവനെക്കൂടി, വിക്ക്, നാവുമരം, സാക്ഷ്യങ്ങൾ തുടങ്ങിയ കവിതകളിലൂടെ വിവിധ കാലഘട്ടങ്ങളുടെ സ്പന്ദനങ്ങൾ അദ്ദേഹം മലയാള കവിതയിൽ അവതരിപ്പിച്ചു. പാശ്ചാത്യ കവിതാപാരമ്പര്യത്തെ വിവർത്തനങ്ങളിലൂടെയും പഠനങ്ങളിലൂടെയും മലയാളിക്ക് പരിചയപ്പെടുത്തിയ സച്ചിദാനന്ദനെ മലയാളത്തിന്റെ വിശ്വകവി എന്നും പറയാം. അസ്തിത്വവ്യഥയും വിപ്ലവാത്മകതയും കേരളീയ ജീവിതാവസ്ഥയിൽ ലയഭംഗിയിൽ സമന്വയിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കവിതയെ നിരന്തരം നവീകരിക്കുന്നതിൽ സദാ ശ്രദ്ധാലുവാണ് അദ്ദേഹം. സമകാലിക സംഭവങ്ങൾ കവിതയുടെ വിഷയമാക്കുമ്പോൾ സച്ചിദാനന്ദന്റെ വാക്കുകൾ തീക്ഷ്ണവും നിശിതവുമാകുന്നു. കവി എന്നതിലുപരി മലയാളത്തിലെ മികച്ചൊരു സർഗാത്മക നിരൂപകനും കൂടിയാണ് അദ്ദേഹം. ഉത്തരാധുനികതയുടെ ദലിത് പരിപ്രേക്ഷ്യം അദ്ദേഹത്തിന് അനായാസം വഴങ്ങിയിരുന്നു എന്നതിന് തെളിവാണ് 'പുലയപ്പാട്ട്' എന്ന കവിത. കടമ്മനിട്ടയുടെ 'കാട്ടാള'നിലും 'കുറത്തി'യിലും ജ്വലിക്കുന്ന ദലിതന്റെ പ്രതിഷേധാഗ്നി ഈ കവിതയിലും കാണാം.

▶ സച്ചിദാനന്ദന്റെ വാക്കുകൾ തീക്ഷ്ണവും നിശിതവുമാകുന്നു

### വരികൾ

#### ഒന്ന്: തലപ്പുലയൻ

എലയിന്റെ നേർത്ത ഞരമ്പിലും മഞ്ഞ്
മലയീന്റെ കൂർത്ത മൊനമ്പിലും മഞ്ഞ്
മേമല മുത്തന്മാരുരുകുന്ന മഞ്ഞ്
കീഴ്മലമുത്തികൾ പുകയുന്ന മഞ്ഞ്
പഗവാന്റെ പാമ്പിൻ തലയിലും മഞ്ഞ്

പഗവതി വാഴുന്ന മച്ചിലും മഞ്ഞ്
കുന്നിന്റെ കതിരിട്ട പച്ചച്ചകണ്ണിൽ
വെള്ളെഴ്ത്തായിപ്പരക്കുന്ന മഞ്ഞ്
ആദിത്യതേവന്റെ തീമുകംമൂടി-
ച്ചോരവലിച്ചുമദിക്കുന്ന മഞ്ഞ്
മാളോര് കൈകോർത്തുവീഴാതെപോവും
നൂലിന്റെ പാലം വലിക്കുന്ന മഞ്ഞ്
കുടിനീര് കല്ലാക്കി മാറ്റുന്ന മഞ്ഞ്
കുടിയാകെ മാന്തിപ്പൊളിക്ക്ന്ന മഞ്ഞ്
വെള്ളക്കരടിയായ് ചിറ്റുന്ന മഞ്ഞ്
വെള്ളിടിയൊക്കെ വിഴുങ്ങ്ന്ന മഞ്ഞ്
ചാവിന്റെ മണവുമായ് തെക്കുനിന്നെത്തി-
ക്കോലായിൽക്കോലമായ് തുള്ള്ന്ന മഞ്ഞ്
പൂവിന്റെ മണവുമായ്പ്പനയീന്നിറങ്ങി
കോർമ്പല്ലിൽ പൂമിയെക്കൊടയ്ക്ക്ന്ന മഞ്ഞ്
പൊഴയുടെ പാട്ട് കുടിക്കുന്ന മഞ്ഞ്
കഴുകന്റെ ചിറകീന്ന് പൊഴിയ്ന്ന മഞ്ഞ്
കൊഴയുന്ന നാവുമായ് മഞ്ഞത്തിരുന്ന്
പൊലയനിതാ പാട്ന്നേയ്-ഒരു
ചൊടലപ്പാട്ടു പാടുന്നേയ്.

### അർഥവിശദീകരണം

| | | |
|---|---|---|
| പഗവാൻ | = | ഭഗവാൻ |
| പഗവതി | = | ഭഗവതി |
| ആദിത്യതേവൻ | = | സൂര്യദേവൻ |
| തീമുകം | = | തീ മുഖം |
| മാളോര് | = | മനുഷ്യർ |
| മേമലമുത്തൻ | = | മലദൈവങ്ങൾ |
| മൊനമ്പ് | = | കൂർത്ത മുകൾഭാഗം |
| പൂമി | = | ഭൂമി |
| പൊഴ | = | പുഴ |
| ചൊടലപ്പാട്ട് | = | ചുടലപ്പാട്ട് |

### ആശയവിശദീകരണം

സൂര്യോദയത്തിനു മുമ്പുതന്നെ മലമുകളിൽ പടർന്നു തുടങ്ങുന്ന മഞ്ഞേറ്റുപാടുന്ന തലപ്പുലയനെയാണ് 'തലപ്പുലയൻ' എന്ന ഭാഗത്ത് അവതരിപ്പിക്കുന്നത്. ഇലയിലും മലയിലും വീണുകിടക്കുന്ന മഞ്ഞ്, മലദൈവങ്ങളുടെ അനുഗ്രഹം പോലെ മഞ്ഞ്, പച്ചനിറമാർന്ന കുന്നുകളുടെ കണ്ണിൽ അത് വെൺമഷി എഴുതുന്നു. പക്ഷെ ഈ ഭംഗിയെല്ലാം കാഴ്ചയ്ക്കു മാത്രമാണ്. മഞ്ഞിന്റെ തുളച്ചുകയറുന്ന തണുപ്പേറ്റ്, ക്ലേശിക്കുന്നവർക്ക് അനുഭവിക്കേണ്ടി വരുന്നത് കുളിർമ്മയും മനോ

ഹാരിതയുമല്ല. അവരുടെ കുടിനീരിനെ മഞ്ഞ്, കല്ലാക്കി മാറ്റുന്നു. കുടികളെയാകെ മാന്തിപ്പൊളിക്കുന്ന വെള്ളക്കരടിയായി മഞ്ഞ് മാറുന്നു. തണുപ്പിന്റെ ആധിക്യത്തിൽ മഞ്ഞ് രോഗവും മരണവുമാകുന്നു. പൂമണവുമായി പനയിൽ നിന്നിറങ്ങി വന്ന് മഞ്ഞ് ഭൂമിയെക്കുടയുന്നു. അതനുഭവിക്കുന്നവർക്ക് മഞ്ഞ് കാല്പനിക അനുഭവമല്ല. ആ മഞ്ഞിലിരുന്ന് കുളിർന്നു വിറച്ച് കുഴയുന്ന ശബ്ദത്തിൽ തലപ്പുലയൻ പാടുന്നു. തന്റെ വംശത്തിന്റെ, ജീവിതത്തിന്റെ ക്ലേശങ്ങളുടെ അന്ത്യഗാനം. മഞ്ഞും മഴയും വകവയ്ക്കാതെ അധ്വാനിക്കാൻ നിർബന്ധിതനാകുന്ന ദലിതന്റെ പ്രതിനിധിയാണ് ഇവിടെ തലപ്പുലയൻ. അവന്റെ പാട്ട് ആകട്ടെ പ്രത്യാശയുടെ പാട്ടും.

- അധ്വാനിക്കുന്ന ദലിതന്റെ പ്രതിനിധി തലപ്പുലയന്റെ ക്ലേശങ്ങളുടെ അന്ത്യഗാനം

## വരികൾ

### രണ്ട്: തലപ്പുലയി

കെഴക്കൻമല കിട്കിട്ത്ത്
കെഴക്കൻചേല വളച്ചുട്ത്ത്
കഴൽത്തള കിലുകില്ക്കി
കെഴക്കൻ മഴ വരവായേ
വടക്കൻ കാട് കിരുകിരുത്ത്
വടക്കൻ കച്ച് ഞൊറിഞ്ഞുടുത്ത്
അടവെടുത്ത് പരിച വീശി
വടക്കൻമഴ വരവായേ
തെക്കൻകടൽ വെറവെറച്ച്
തെക്കൻവെള്ളിവാളും ചൂണ്ടി
മക്കളൊത്തു തെയ്യം തുള്ളി
തെക്കൻമഴ വരവായേ.
കൊടവയർ വെയിൽ കൊള്ളാതെ
കൊടചൂടി നില്ക്കും തമ്പ്രാ,
പട്ടുകോണം നനകൊള്ളാതെ
ചുട്ടിക്കരവേട്ടി ചുറ്റി
ഒളിമായക്കണ്ണേറിഞ്ഞ്
പൊലയീനെ വീഴ്ത്തും തമ്പ്രാ
തെക്കൻമഴ വടക്കൻമഴ
കെഴക്കൻമഴ വരവതുണ്ടേ
വരമ്പത്ത് വെള്ളിവാളാൽ
തിരുവരുൾ കോറിയിട്ട്
തെളുതെളെ വെളിച്ചപ്പെട്ട്
നടുനെറ്റി പിണർന്നെകോണ്ടേ
പെരുവെള്ളക്കോളിൽപ്പെട്ട്
കൊടയിതാ ഒഴ്കിപ്പോണേ
കൊടവയറെളകിപ്പോണേ

പട്ടുകോണം നനഞ്ഞുപോണേ
പട്ടു വേട്ടി കിഴിഞ്ഞുപോണേ
ഇടിവെട്ട് തലയി വീണ്
ഒളിമായക്കണ്ണും പോണേ!
പൂവൊള്ള പൂമേടയി-
പൂത്തുനില്ക്കും തമ്പിരാട്ടീ,
കൊയ്ത്തുകണ്ടു കൂത്തും കണ്ട്
വെറ്റ തിന്ന് ശുത്തം നോക്കി
പൊന്നണിഞ്ഞ് പൊട്ടും കുത്തി
ക്കണ്ണെമയി വേല കാട്ടി
വെളുവെള്ത്ത പൂമേനിക്ക്
വെയില് തട്ടാതിരിക്കുമ്പം
പൊലയീന്റെ കൊടുങ്കണ്ണീരിൽ
പൂമേടയുമൊലിച്ച് പോയേ
പൂവൊടല് കറുത്തുപോയേ
പൊന്നെല്ലാം കല്ലായ് പോയേ
കണ്ണെമയും നരച്ച് പോയേ!
കൊതിപെയ്യും നെഞ്ഞുമായി മഴയത്തിരുന്ന്
പൊലയിയിതാ പാടുന്നേയ്-ഒരു
പൊലരിപ്പാട്ട് പാടുന്നേയ്.

## അർഥവിശദീകരണം

| | | |
|---|---|---|
| കഴൽത്തള | - | കാൽത്തള |
| ചുട്ടിക്കരവേട്ടി | - | ചുട്ടിക്കരയുള്ള വേഷ്ടി (വസ്ത്രം) |
| ഒളിമായക്കണ്ണെറിഞ്ഞ | - | ഒളിക്കണ്ണ് കൊണ്ടുള്ള നോട്ടം (കണ്ണിമകൊണ്ടുള്ള ശൃംഗാരം) |
| വെള്ളിവാളാൽ | - | ഇടിമിന്നലാൽ |
| തിരുവരുൾ | - | ദൈവാനുഗ്രഹം |
| പട്ടുവേട്ടി | - | പട്ടുവേഷ്ടി ( പട്ടുവസ്ത്രം) |
| ശുത്തം | - | ശുദ്ധം |
| വേല കാട്ടി | - | ശൃംഗാരചേഷ്ടകൾ |
| പൂവൊടല് | - | പൂ പോലെയുള്ള ശരീരം |
| കണ്ണെമയും | - | കണ്ണിന്റെ ഇമകൾ |
| മേമലമുത്തന്മാർ | - | മലമുകളിലെ ദൈവങ്ങൾ |

## ആശയവിശദീകരണം

മഞ്ഞുമാറി മഴക്കാലമാകുന്നു. കിഴക്കൻ മലയെ വിറപ്പിച്ചു തളകിലുക്കി വടക്കൻകാടു ലക്ഷ്യമാക്കി വെളിച്ചപ്പാടുപോലെ തുള്ളിയുറഞ്ഞു വരുന്ന മഴ. മഴയ്ക്ക് യോദ്ധാവിന്റെ ഭാവം. അനീതിക്കെതിരെയുള്ള പ്രകൃതിയുടെ പ്രതിഷേധമാണിവിടെ മഴ. ഇടിമിന്നലിന്റെ അരുളപ്പാടോടെ വരമ്പത്ത് മഴ വെളിപ്പെട്ടു. വരമ്പിൽ കുട ചൂടി പുലയിയെ

നോക്കി നിന്ന തമ്പ്രാനെ മഴ വീഴ്ത്തി. പെരുവെള്ളപ്പാച്ചിലിൽ ചൂഷ കന്റെ നില തെറ്റി. ഇടിവെട്ടേറ്റ് അയാളുടെ ഒളിമായക്കണ്ണുപോയി. തമ്പ്രാനെ മാത്രമല്ല തമ്പ്രാട്ടിയേയും പൂമേടയേയും പാടെ തകർത്തു കൊണ്ട് മർദ്ദിതന്റെ കണ്ണീരു രൂപംപൂണ്ട മഴ തിമിർത്താടി. പൂമേടയു ടെ സുഖഭോഗങ്ങളിൽ പൂത്തുനിന്നവളായിരുന്നു തമ്പുരാട്ടി. അവർ ക്ക് അധ്വാനം വശമില്ല. അധ്വാനിക്കേണ്ടതുമില്ല. കൊയ്ത്തും കൂത്തും കണ്ടുനിന്നാൽ മതിയായിരുന്നു അവർക്ക്. വെറ്റ തിന്ന്, ശുദ്ധം നോ ക്കി, പൊന്നണിഞ്ഞ്, പൊട്ടുകുത്തി, ശൃംഗാരചേഷ്ടകളാടിയുള്ള ജീവി തമായിരുന്നു അവരുടേത്. അവരുടെ പൂവുടൽ വെയിലേറ്റ് കറുത്തില്ല. വെളുപ്പ് അവർക്ക് അഴകിന്റെ, ആഭിജാത്യത്തിന്റെ ചിഹ്നമായിരുന്നു. എന്നാൽ പുലയിയുടെ നിലക്കാത്ത കണ്ണുനീരിന്റെ, ശാപത്തിന്റെ ചൂ ടിൽ ആ ഉടൽ കറുത്തുപോയി. അണിഞ്ഞിരുന്ന പൊന്ന് കല്ലായി. ഇമകൾ നരച്ചുപോയി. തമ്പുരാട്ടി അനുഭവിച്ചിരുന്ന സുഖങ്ങൾ പുല യിയുടെ അത്ഭുതം നിറഞ്ഞ പ്രതീക്ഷകളായിരുന്നു. കൊതിപൂണ്ട മനസുമായി മഴയിലിരുന്ന് അവൾ പാടുന്നു. പ്രതീക്ഷാഭരിതമായ ഒരു പുതിയ പുലരിക്കുവേണ്ടിയുള്ള പാട്ട്.

> ▶ പ്രതീക്ഷാഭരിത മായ ഒരു പുതിയ പുലരിക്കുവേണ്ടി യുള്ള പാട്ട്

## വരികൾ

### മൂന്ന്: ചെറു പുലയൻ

തോവൽ ചാർത്തിത്തോപ്പുരം കെട്ടി-
പ്പുരം കൊട്ടിപ്പുണി നെറച്ച്
നായാട്ടു വില്ലു കൊലച്ച്
മാരി പോയ മാനത്തുംന്ന്
സൂര്യപഗവാനും വന്നേ
അപ്പൂപ്പമ്പാറ മീതേ
അന്തിക്കൊരു തിരികൊളുത്തി
തിരിനോക്കി വണങ്ങിനില്ക്കെ-
ച്ചെറുനായിടി സൊപ്പനം കണ്ടേ-
ചാവേരിൻ നെടുവീർപ്പെല്ലാം
ചൊഴലിക്കാറ്റായ്പ്പരന്നേ
ചാവേരിൻ മനനോവെല്ലാം
തീവെയിലായ്ച്ചീറി നിന്നേ
തീവെയിലിൻ കൊടലിൽനിന്ന്
താരിതന്റെ തലയറുത്ത്
വൈരത്തിൻ വാളും വീശി-
ക്കാളിയിതാ പൊങ്ങിവന്നേ,
വണ്ണൻ വസൂരി തൂവി
മണ്ണൊണക്കി മനമൊണക്കി
പൈദാഹനാക്കും നീട്ടി
മാരിയമ്മൻ കൂടെ വന്നേ
പശിവെന്ത പൈതങ്ങളെ-

പ്പകപോക്കാൻ വിളിച്ചുരച്ചേ
എനിക്കെന്റെ കുരുന്ന്കളേ,
പൈക്കുന്നേ, ദാഹിക്കുന്നേ,
മേലാളൻ തലയറുത്ത്
കെടുതിനല്കി വേല വേണം
വലിയോന്റെ കരൾ തുരന്നോ-
രെളനീരും കുടിക്കവേണം
മാറ്റാന്റെ കൊരലെടുത്ത്
തെറ്റിമാല ചൂടവേണം.
എനിക്കെന്റെ കുരുന്ന്കളേ
പൈക്കുന്നേ, ദാഹിക്കുന്നേ,
(പായിൽനിന്നുമളിയൻ പോകെ-
കരയരുതെൻ കുഞ്ഞിപ്പെണ്ണുങ്ങൾ
കഞ്ഞി പാതി ബാക്കിയിട്ട്
വില്ലെടുത്ത് പൈതൽ പോകെ-
എരിമ്പിരാക്ക് പ്രാവരുതേ
വയർനൊന്ത് പെറ്റോരമ്മേ.
കുലത്തിന്റെ മാനം കാക്കാൻ
കുഞ്ഞാങ്ങള മഴുവെടുക്കെ
പിൻവിളി വിളിക്കരുതേ
അൻപിയന്ന നാത്തൂനാരേ
കാരണോമ്മാരെയോർത്തു
പൊന്നച്ചൻ പടയ്ക്കു പോകെ
പിണ്ണംവച്ച് പൊലകുളിക്കേ
വിങ്ങരുതേ പൊമ്മക്കൾക്ക്
ശുരികയിൽ നിണമണിഞ്ഞ്
മരുമകൻ മടങ്ങിവന്നാൽ
കുരവയിട്ട് പനിനീർ തൂവി
വരവേക്കണേ പൊന്നമ്മാമാ)
തമ്പിരാന്റെ മൈലകത്ത്
വാവരിശം കാറ്റടിച്ചേ
കാറ്റടിച്ചു തീയെരിഞ്ഞേ
തീയെരികെത്തമ്പിരാട്ടി
തറ്റുരിഞ്ഞു തീ തടുത്തേ
തമ്പിരാന്റെ ശേവകമ്മാർ
കാട്ടംകൊണ്ടു തീ തടഞ്ഞ
തമ്പിരാന്റെ വില്ലമ്മാരോ?
വില്ലുകൊണ്ട് തീ മുറിച്ചേ
തമ്പിരാന്റെ മല്ലമ്മാരോ?

മല്ലുകൊണ്ട് തീ പിളർന്നേ
നമ്പൂരാര് വേദം കൊണ്ടേ
പൊലയന്റെ തീ തട്ത്തേ
പട്ടമ്മാര് പൂണൂൽ കൊണ്ടേ
പറയന്റെ തീ തട്ത്തേ
നായമ്മാര് കോണം കൊണ്ടേ
പാണന്റെ തീ തടഞ്ഞേ.
കൊങ്ങിണികൾ കുടുമകൊണ്ടേ
കൊല്ലന്റെ തടഞ്ഞേ
എമ്പറാന്മാർ കുമ്പകൊണ്ടേ
അരയന്റെ തീ തടഞ്ഞേ
എന്നിട്ടും കാറ്റടിച്ചേ
അടിയോര്ടെ തീ വളർന്നേ
വൻവിനയും ചാമ്പലാക്കി-
ച്ചാവേരിൻ തീ പടർന്നേ
ഗീത കത്തി ജാതി കത്തി-
ക്കൊട്ടാരം കോട്ട കത്തി
കോട്ട കത്തി മാറ്റാരാകെ-
ച്ചത്തുവീഴും തീയെരിഞ്ഞേ.
ചുടുവേനൽ വെയിലിതിൽപ്പകയായിനിന്ന്
ചെറുപൊലയൻ പാട്ടുന്നേയ്-
ഒരു കളരിപ്പാട്ടു പാടുന്നേയ്.

## അർഥവിശദീകരണം

| | | |
|---|---|---|
| സൂര്യപഗവാൻ | - | സൂര്യദേവൻ |
| മാരി | - | മഴ |
| ചാവേരിൻ | - | ചാവേറിൻ |
| തോവൽ | - | തൊങ്ങൽ |
| തൊപ്പരം | - | തലയിൽക്കെട്ട് |
| പുണി | - | ആവനാഴി |
| പൈദാഹനാക്കും | - | വിശപ്പും ദാഹവുമുള്ള നാക്ക് |
| പശി | - | വിശപ്പ് |
| സൊപ്പനം | - | സ്വപ്നം |
| കൊരലെടുത്ത് | - | കൊടലെടുത്ത് |
| പൈതൽ | - | കുഞ്ഞ് |
| താരിതൻ | - | ദാരികൻ |
| ശുരിക | - | ചുരിക |
| നിണമണിഞ്ഞ് | - | രക്തമണിഞ്ഞ് |
| കുമ്പ | - | വയർ |

## ആശയവിശദീകരണം

മാരിപോയി വെയിൽ തെളിഞ്ഞു. കാലവും തലമുറയും മാറി വന്നു. അന്തിത്തിരി കൊളുത്തിത്തിരിഞ്ഞ ചെറുനായാടിയുടെ സ്വപ്നത്തിൽ ഹതാശരായ, മൺമറഞ്ഞ പൂർവികർ നിറഞ്ഞു. കാലാകാലങ്ങളായി അനുഭവിക്കുന്ന അടിച്ചമർത്തലുകൾ തിരിച്ചറിഞ്ഞ അവന്റെ ബോധത്തിൽ പോയതലമുറയുടെ നെടുവീർപ്പുകൾ ചുഴലിക്കാറ്റായി. അവരുടെ ഹൃദയവേദനകൾ തീവെയിലായി. ആ വെയിലിന്റെ കൊടലിൽനിന്ന് ദാരികനിഗ്രഹയായ കാളി ഉയർന്നുവന്നു. ദാരികന്റെ തല കൊയ്ത കാളിയുടെ കൈയിൽ വൈരാഗ്യത്തിന്റെ വാൾ വീശി. അവളുടെ കൂടെ വന്ന മാരിയമ്മ നാട്ടിലാകെ വസൂരി തൂകി. മാരി മണ്ണും മനസുമുണക്കി. അവളുടെ രോഷാഗ്നിയിൽ മനുഷ്യനും പ്രകൃതിയും വരണ്ടുപോയി. തീക്ഷ്ണദാഹത്തിൽ അവൾ നാവുനീട്ടി, തന്റെ വിശപ്പും ദാഹവും തീർക്കണമെന്ന് അവൾ വിളിച്ചുപറഞ്ഞു. അതിന് മേലാളന്റെ തലയറുത്ത കുരുതിയാണ് വേണ്ടത്. അവന്റെ കരൾ ഇളനീരുപോലെ തുരന്നുകുടിക്കണം. കൊരലെടുത്ത് തെച്ചിമാലയായി അണിയണം. മർദ്ദിതരെ പീഡിപ്പിക്കുന്നവർക്കെതിരെ പോരിനു തയ്യാറാകാൻ കാളി പുലയനോട് വിളിച്ചുപറഞ്ഞു. പോര് തുടങ്ങാൻ അമാന്തം പാടില്ല. ബന്ധങ്ങളുടെ ബന്ധനമോ ദൗർബല്യമോ അതിന് തടസമാകാൻ പാടില്ല. യുദ്ധത്തിനായി അളിയൻ പോകെ പെങ്ങൾ കരയരുത്. ആഹാരം പകുതി കഴിച്ച് മകൻ പോകെ പെറ്റമ്മയുടെ നോവരുത്. കുലത്തിന്റെ മാനം കാക്കാൻ പോകുന്ന സഹോദരനെ സഹോദരി പിൻവിളിക്കരുത്. അച്ഛൻ പടിയിറങ്ങുമ്പോൾ പൊൻമക്കൾക്ക് മനസ് വിങ്ങരുത്. ചുരികയുമായി വരുന്ന മരുമകനെ പനിനീരും കുരവയുമായി സ്വീകരിക്കണം. ദലിതന്റെ മനസിലുണർന്ന പുതുബോധമാണ്, തിരിച്ചറിവാണ് കാളിയുടെ ഈ വെളിപ്പെടുത്തൽ.

> ▶ കാളിയുടെ വെളിപ്പെടുത്തൽ ദലിതന്റെ മനസിലുണർന്ന പുതുബോധമാണ്

ദലിതന്റെ പ്രതിഷേധം തമ്പ്രാന്റെ മതിലകത്ത് നാശത്തിന്റെ കൊടുങ്കാറ്റായി ഉയർന്നു. പ്രതിഷേധാഗ്നി മതിലകമെരിച്ചു. തമ്പുരാട്ടിയുടെയും സേവകരുടെയും യത്നങ്ങൾ വിഫലമാക്കി, അവരുടെ തറവാടുകൾ എരിഞ്ഞമർന്നു. ആ പ്രതികാരാഗ്നി അണയ്ക്കാൻ തമ്പുരാന്റെ വില്ലൻമാർക്കും മല്ലൻമാർക്കുമായില്ല. ദലിതന്റെ പ്രതികാരാഗ്നി അണയ്ക്കാൻ തമ്പുരാന്റെ വേദമന്ത്രമോ പട്ടന്റെ പൂണൂലോ ശക്തമായില്ല. നായരുടെയും കൊങ്കിണിയുടെയും തടസങ്ങളും വിഫലമായി. കൊങ്കിണികൾ കുടുമകൊണ്ടും, എമ്പ്രാൻമാർ കുമ്പകൊണ്ടും ദലിതനെ എതിരിട്ടു. എന്നിട്ടും അവനെ തോല്പിക്കാനായില്ല. കാരണം അവന്റെ ഊർജം പ്രകൃതിദത്തമാണ്. പ്രകൃതിയോടു മല്ലിട്ടു നേടിയതാണ്. അധ്വാനത്തിൽനിന്നും അതിജീവനത്തിൽനിന്നും നേടിയ ഊർജമാണത്. അവന്റെ തനിമ അല്ലെങ്കിൽ സ്വത്വമാണ് ആ ഊർജം. അധ്വാനക്ലേശമറിയാതെ സുഖലോലുപതയിൽ, വിനോദങ്ങളിൽ അഭിരമിച്ചു ജീവിച്ചവന്റെ ദുർബലമായ ഈടുവയ്പ്പുകൾ ആ തനിമയുടെ ശക്തിക്കുമുന്നിൽ ഒന്നുമല്ല. കാലങ്ങളുടെ അടിമത്തം ചുമന്ന് സ്വാതന്ത്ര്യമറിയാതെ മൺമറഞ്ഞ ചാവേറുകളുടെ ഉയിർത്തെഴുന്നേല്പായിരുന്നു ആ പ്രതിഷേധം. അതിൽ ഗീതയും ജാതിയുടെ കോട്ടത്തളങ്ങളും കത്തിയമർന്നു. എതിരാളികളാകെ ആ അഗ്നിയിൽ വെന്തുചത്തു. എന്നിട്ടും അണയാതെ പ്രതിഷേധത്തീ ആളിനിന്നു. ആ ചൂടിൽ കൊ

> ▶ കൊടുംവെയിലിൽ പുതുതലമുറയിലെ ദലിതർ പടപ്പാട്ടുകൾ പാടാൻ തുടങ്ങി

ടുംവെയിലിൽനിന്ന് പുതുതലമുറയിലെ ദലിതർ അവന്റെ പടപ്പാട്ടുകൾ പാടാൻ തുടങ്ങി.

## പുലയപ്പാട്ട് - കാവ്യാവലോകനം

കവി, നാടകകൃത്ത്, വിവർത്തകൻ, നിരൂപകൻ എന്നീ നിലകളിൽ പ്രശസ്തനാണ് കെ. സച്ചിദാനന്ദൻ. 1946-ൽ കൊടുങ്ങല്ലൂരിൽ ജനനം. ഇരുപതിലേറെ കവിതാസമാഹാരങ്ങൾ, അത്രതന്നെ കവിതാവിവർത്തനസമാഹാരങ്ങളും ലേഖനസമാഹാരങ്ങളും. രണ്ട് നാടകകൃതികൾ, മൂന്നു യാത്രാവിവരണ ഗ്രന്ഥങ്ങൾ. സ്വന്തം കവിതകളുടെ വിവർത്തനസമാഹാരങ്ങൾ ചൈനീസ്, അറബിക്, ഫ്രഞ്ച്, ജർമൻ, ഇറ്റാലിയൻ, ഐറിഷ്, ഇംഗ്ലീഷ് , ഹിന്ദി, ബംഗാളി തുടങ്ങി പതിനെട്ട് ഭാഷകളിൽ നടത്തിയിട്ടുണ്ട്. ലോകമെമ്പാടും കവിതകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ നാല് താരതമ്യ സാഹിത്യപഠന സമാഹാരങ്ങൾ. ജ്വാല, ഉത്തരം, പച്ചക്കുതിര എന്നീ ലിറ്റിൽ മാഗസിനുകളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പതിനഞ്ചു പുസ്തകങ്ങളും എഡിറ്റ് ചെയ്തിട്ടുണ്ട്. കേരളത്തിൽ ഇംഗ്ലീഷ് പ്രൊഫസർ, ഡൽഹിയിൽ 'ഇന്ത്യൻ ലിറ്ററേച്ചർ' പത്രാധിപർ, സാഹിത്യ അക്കാദമി സെക്രട്ടറി, ഇഗ്നോ പരിഭാഷാവകുപ്പ് ഡയറക്ടർ, 'കഥ' എഡിറ്റർ, 'ബിയോണ്ട് ബോർഡേഴ്സ്' എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ ദലിത്പക്ഷകവിതയാണ് പുലയപ്പാട്ട്.

സംവിധായകൻ ടി വി ചന്ദ്രന്റെ ചലച്ചിത്രമായ പെങ്ങളിലയിൽ സച്ചിദാനന്ദന്റെ പുലയപ്പാട്ട് എന്ന കവിത അവതരിപ്പിച്ചിട്ടുണ്ട്. അന്തരിച്ച കവി എ അയ്യപ്പന്റെ കവിതയിലെ പ്രയോഗമാണ് പെങ്ങളില എന്ന ടൈറ്റിൽ. നാടൻ ശീലുകളുള്ള പുലയപ്പാട്ടിലെ വരികൾ നായകൻ ലാൽ നേരിട്ട് പാടുന്നത് മറ്റൊരു പുതുമയാണ്. സച്ചിദാനന്ദന്റെ കവിത ആദ്യമായാണ് ഒരു മലയാളസിനിമയിൽ അവതരിപ്പിക്കുന്നത്.

പ്രകൃതിയുടെയും മനുഷ്യന്റെയും പാരസ്പര്യവും പ്രകൃതിയ്ക്ക് ഏൽക്കുന്ന ആഘാതങ്ങളും പ്രത്യാഘാതങ്ങളും മനുഷ്യജീവിതത്തെ ബാധിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്ന കവിതയാണ് പുലയപ്പാട്ട്. അതോടൊപ്പം തന്നെ പ്രതികൂല കാലാവസ്ഥകളെ, അടിമത്തത്തിന്റെ സാഹചര്യങ്ങളെ നിർഭയം മറികടന്ന് പുതുയുഗ സൃഷ്ടിയിലേക്കുള്ള ദലിതന്റെ ഉയർത്തെഴുന്നേല്പു കൂടിയാണ് ഈ കവിത. തലപ്പുലയൻ, തലപ്പുലയി, ചെറുപുലയൻ എന്നീ മൂന്നു ഖണ്ഡങ്ങളിലൂടെയാണ് കവിത പൂർണമാകുന്നത്. വ്യത്യസ്തങ്ങളായ ദലിതവസ്ഥകളുടെ പ്രത്യക്ഷവല്കരണങ്ങളാണ് ഈ മൂന്നു ഖണ്ഡങ്ങളും. സാമൂഹികവും പാരിസ്ഥിതികവുമായ മാറ്റങ്ങളും അവയിൽ വെളിപ്പെടുന്നുണ്ട്.

- ദലിതവസ്ഥകളുടെ പ്രത്യക്ഷവല്കരണം

## Summarised Overview

ദലിത് ജീവിതത്തിന്റെ സാമൂഹ്യ സാംസ്കാരിക പരിഛേദം പൊതുസമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ലോകമെങ്ങും കറുത്തവന്റെയും അധഃസ്ഥിതന്റെയും രചനകൾ ഉണ്ടായത്. പാശ്ചാത്യ രാജ്യങ്ങളിൽ വംശീയതയ്ക്കെതിരെയുള്ള 'കറുത്ത രചന'കളായും ഭാരതത്തിൽ ജാതീയതയ്ക്കെതിരെയുള്ള 'ദലിത്' സാഹിത്യമായും അതു വളർന്നു വന്നു. ഫ്രാൻസിലുണ്ടായ ആഫ്രോ-അമേരിക്കൻ സാഹിത്യ സാംസ്കാരിക കൂട്ടായ്മയായ നെഗ്രിറ്റ്യൂയും അമേരിക്കയിലെ 'കറുത്തസാഹിത്യ' (Black Literature)വും ഇന്ത്യയിലെ മഹാരാഷ്ട്രയിൽ രൂപംകൊണ്ട ദലിതോദ്ധാർ പ്രസ്ഥാനങ്ങളുമെല്ലാം ഇത്തരം കൂട്ടായ്മയുടെ അനന്തരഫലമാണ്. ദലിതന് സ്വയം പ്രഖ്യാപനത്തിനും, പ്രതിഷേധത്തിനും, ഒത്തുചേരലിനും വഴിയൊരുക്കിയതാണ് ദലിത് സാഹിത്യത്തിന്റെ ഏറ്റവും വലിയ സംഭാവന. ദലിത് സാഹിത്യരചനകൾ ജാതീയമായ സ്വത്വത്തിലേക്കും, തിരിച്ചറിവുകളിലേക്കും, സാംസ്കാരികങ്ങളായ വീണ്ടെടുപ്പുകളിലേക്കുമുള്ള തിരിച്ചുപോക്കാണെന്ന് നാം മനസിലാക്കുന്നു. ദലിതന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രശ്നങ്ങളും സ്വത്വപ്രതിസന്ധികളും സാഹിത്യത്തിൽ ശക്തമായി അവതരിപ്പിക്കപ്പെട്ടു. തങ്ങൾ നേരിടുന്ന അധിനിവേശത്തിനും അവഗണനകൾക്കുമെതിരെയുള്ള പ്രതിരോധം സൃഷ്ടിക്കുകയായിരുന്നു ദലിത് രചനകളിലൂടെ എഴുത്തുകാർ ചെയ്തതെന്ന് മനസിലാക്കാൻ കഴിയും

മലയാളത്തിൽ നിലവിലുണ്ടായിരുന്ന എഴുത്തിൽനിന്നും ഭിന്നമായ രചനാസമ്പ്രദായമാണ് ദലിതെഴുത്തിൽ കണ്ടുവരുന്നത്. മലയാളസാഹിത്യചരിത്രം പരിശോധിക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കവിത, നോവൽ, ചെറുകഥ എന്നീ മേഖലകളിൽ ദലിത് എഴുത്തായും പുരോഗമന പ്രസ്ഥാനത്തിന്റെ സ്വഭാവം പുലർത്തുന്നവയായും ഇത്തരം രചനകൾ ഉണ്ടായതായി മനസിലാക്കാം. പൊയ്കയിൽ അപ്പച്ചൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ എന്നിവർ ദലിത് പക്ഷത്തുനിന്നുള്ള എഴുത്തിലൂടെ തങ്ങളുടെ പ്രതിഷേധം അറിയിച്ചവരാണ്. നോവലിൽ പാശ്ചാത്യ മിഷനറിമാരാണ് ദലിത് വിഷയം ആദ്യം അവതരിപ്പിച്ചതെങ്കിലും പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം തദ്ദേശീയമായ എഴുത്തിന്റെ ആദ്യസാന്നിധ്യമായി മാറുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ പുരോഗമന സാഹിത്യത്തിലെ പ്രധാന എഴുത്തുകാരിൽ പലരും (അവർ ദലിതരായിരുന്നില്ല) ദലിത് വിഷയം പ്രമേയമാക്കിയവരാണ്. തകഴിയുടെയും കേശവദേവിന്റെയും ബഷീറിന്റെയുമൊക്കെ പല രചനകളും ഇതിന് ഉദാഹരണമാണ്.

സമകാലിക മലയാള സാഹിത്യത്തിൽ ദലിത് രചനകൾ അതിശക്തമായ സാന്നിധ്യമാണ്. മുഖ്യധാര എഴുത്തിന് പ്രതിരോധമായി വളർന്നുവന്ന ദലിത് എഴുത്തുകാർ ഇന്ന് സാഹിത്യലോകത്തും, സാഹിത്യ ചരിത്രത്തിലും അവഗണിക്കാനാവാത്ത സാന്നിധ്യമുറപ്പിച്ചുകഴിഞ്ഞതായി നമുക്ക് മനസിലാക്കാം. ദലിതരെക്കുറിച്ച് ദലിതരല്ലാത്തവർ എഴുതുന്നതായാലും ദലിതർ തന്നെ ദലിത് ജീവിതാവബോധം ആവിഷ്കരിക്കുന്ന ഇടങ്ങളിലായാലും സമൃദ്ധമായ സൃഷ്ടികളാണ് മലയാളത്തിൽ ഇന്നുണ്ടാകുന്നത്. പൊതുസാഹിത്യത്തിന്റെ തന്നെ ഭാഗമായി കഴിഞ്ഞിരിക്കുന്നു ഇന്ന് ദലിതെഴുത്തുകൾ. കടമ്മനിട്ട രാമകൃഷ്ണന്റെ കുറത്തി എന്ന കവിതയും, സച്ചിദാനന്ദന്റെ പുലയപ്പാട്ട് എന്ന കവിതയും ദലിത് പ്രതിഷേധത്തിന്റെയും തിരിച്ചറിവിന്റെയും അടയാളങ്ങളാണ്.

# Assignments

1. ദലിത് സാഹിത്യത്തെക്കുറിച്ച് വിശദീകരിക്കുക
2. ദലിത് നോവലുകൾ, കവിതകൾ എന്നിവയ്ക്ക് മലയാള സാഹിത്യത്തിലുള്ള സ്ഥാനം വിലയിരുത്തുക
3. കടമ്മനിട്ടയുടെ 'കുറത്തി' എന്ന കവിത ദലിത്പക്ഷ രചനകളുടെ പ്രത്യേകതകൾ മുൻ നിർത്തി വിശകലനം ചെയ്യുക
4. ദലിത് പരിപ്രേഷ്യം അടയാളപ്പെടുത്തുന്ന സച്ചിദാനന്ദന്റെ 'പുലയപ്പാട്ട്' എന്ന കവിത - അപഗ്രഥിക്കുക
5. സമകാലിക മലയാള സാഹിത്യത്തിലെ ദലിത് ഇടപെടലുകളെ അടയാളപ്പെടുത്തുക

# Suggested Readings


1. എം.ബി.മനോജ്, കാണുന്നില്ലോരക്ഷരവും, ഡി.സി. ബുക്സ്, കോട്ടയം.
2. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യശാസ്ത്രം, ഡി.സി ബുക്സ്, കോട്ടയം.


# References


1. പ്രദീപൻ പാമ്പിരികുന്ന്, ദലിത് പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. കെ.സി. പുരുഷോത്തമൻ, ദലിത് സാഹിത്യ പ്രസ്ഥാനം കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. കവിയൂർ മുരളി, ദലിത് സാഹിത്യം, ഡി.സി. ബുക്സ്, കോട്ടയം
4. കടമ്മനിട്ട, കടമ്മനിട്ടയുടെ കവിതകൾ, ഡി.സി. ബുക്സ്, കോട്ടയം
5. കെ. സച്ചിദാനന്ദൻ, പുലയപ്പാട്ട്, സച്ചിദാനന്ദന്റെ കവിതകൾ (1962 മുതൽ 2015 വരെ), ഡി.സി. ബുക്സ്, കോട്ടയം.

# ആധുനികാനന്തര ദലിത് സ്വത്വാവിഷ്കാരം

## BLOCK-04

SGOU

Unit 1

# ദലിത് സൗന്ദര്യശാസ്ത്രം

## Learning Outcomes

- ദലിത് കീഴാള സംസ്കാരത്തെക്കുറിച്ച് മനസിലാക്കുന്നു.
- ദലിത് ഭാഷയെക്കുറിച്ച് അവബോധം നേടുന്നു
- ദലിത് സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് മനസിലാക്കുന്നു
- എരി എന്ന നോവലിൽ ആവിഷ്കരിച്ചിരിക്കുന്ന ദലിത് ജീവിതത്തെക്കുറിച്ച് അറിവ് നേടുന്നു
- ദലിത് കവിതകളെക്കുറിച്ച് അവബോധം നേടുന്നു

## Background

നൂറ്റാണ്ടുകളായി ജാതി അടിസ്ഥാനത്തിലുള്ള അടിച്ചമർത്തലും വിവേചനവും നേരിടുന്ന ദലിത് സമൂഹത്തിന്റെ ജീവിതത്തിലും അനുഭവങ്ങളിലും പോരാട്ടങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന രചനയുടെ ഒരു വിഭാഗമാണ് ദലിത് സാഹിത്യം. ജാതി അടിസ്ഥാനമാക്കിയുള്ള സാമൂഹിക അനീതികൾക്കെതിരെയുള്ള പ്രതികരണമായാണ് ഈ പ്രസ്ഥാനം ഉടലെടുത്തത്. അവർണനീയമായ അനുഭവങ്ങളുടെ തീരമാണ് ദലിത് സാഹിത്യത്തിലൂടെ കണ്ടെത്തുന്നത്. വർണവ്യവസ്ഥയുടെ അടിത്തട്ടിൽ നിലകൊള്ളുന്ന ഒരു വിഭാഗത്തിന്റെ ജീവിതവർണനകളും നിറമില്ലായ്മയും ഇതിൽ ഇട കലരുന്നു. വരേണ്യമൂല്യ സംഹിതകളെ അത് നിരന്തരം ചോദ്യം ചെയ്യുന്നു. നൂറ്റാണ്ടുകളായി ദലിതമായിരുന്ന ജീവിതത്തിന്റെ സൂക്ഷ്മസത്യങ്ങൾ ദലിത് സാഹിത്യത്തിന് കരുത്തുപകരുന്നു.

മണ്ണുമായും പ്രകൃതിയുമായും ഇണങ്ങി ജീവിക്കുന്ന ഒരു വിഭാഗം എങ്ങനെ നിരന്തരമായി ചൂഷണം ചെയ്യപ്പെടുന്നു, അതിരുകളിലേക്ക് മാറ്റിനിർത്തപ്പെടുന്നു എന്ന് തിരിച്ചറിയുകയാണിവിടെ. വിദ്യാഭ്യാസം, തൊഴിൽ, വീട്, ആഹാരം എന്നീ അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റാനാവാതെ ഇപ്പോഴും ഇടറി നീങ്ങുന്ന കാഴ്ചയാണിവിടെ നിലനില്ക്കുന്നത്. അടിസ്ഥാനവർഗത്തിന്റെ ജീവിതത്തെ സ്പർശിക്കാതിരുന്ന ഭാഷയെയും സാഹിത്യത്തെയും അപനിർമിച്ചുകൊണ്ടാണ് ദലിത് സാഹിത്യം രൂപം കൊള്ളുന്നത്. മനുഷ്യ ജീവിതവും മണ്ണും പെണ്ണുമെല്ലാം ഇവിടെ പുനർ നിർവചിക്കപ്പെടുകയാണ്. പ്രദീപൻ പാമ്പിരികുന്നിന്റെ 'എരി' എന്ന നോവലും ഓ.കെ. സന്തോഷിന്റെ 'കാതൽ' എന്ന ലേഖനവും ഇവിടെ പഠനവിഷയമാക്കുന്നു.

## Keywords

അരികുജീവിതം - കീഴാള പഠനങ്ങൾ - ദലിത് സൗന്ദര്യശാസ്ത്രം - ദലിത് സംസ്കാരം - ദലിത് സാഹിത്യം, ആദിവാസി സാഹിത്യം - ദലിത് ഭാഷ - എരി - ദലിത്കവിതയുടെ ചരിത്രവും വർത്തമാനവും

# Discussion

## അരികുജീവിതം

ദലിത് പഠനങ്ങളിലെ പ്രാധാന്യമർഹിക്കുന്ന സംജ്ഞയാണ് അരികുജീവിതം. സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെട്ടവരുടെ ജീവിതമാണിത്. ചരിത്രത്തിൽനിന്ന് പുറത്താക്കപ്പെട്ടവരാണ് ദലിതർ. സമൂഹം പിന്തുടരുന്ന വരേണ്യമായ പൊതുബോധം ദലിതരെ വ്യവസ്ഥാപിത ഇടങ്ങളിൽനിന്നു മാറ്റിനിർത്തുന്നുണ്ട്. മലയാളിയുടെ പൊതുസൗന്ദര്യബോധത്തിനു വെളിയിലാണ് ദലിത് കവികളും കലാകാരന്മാരും. അവരുടെ ജാതിയും നിറവുമെല്ലാം അവരെ പാർശ്വവൽകൃതരാക്കുന്നു. അധികാരത്തോടുചേർന്നുനിൽക്കുന്ന ചരിത്രം അതിന് അനുഗുണമായ സൗന്ദര്യനിയമങ്ങൾ സൃഷ്ടിക്കുമ്പോൾ ആ ചരിത്രത്തിൽ പുറത്താകുന്നു ദലിതന്റെ ജ്ഞാനരൂപങ്ങൾ. അവ എപ്പോഴും ജാതിയുടെ ലേബലോടുകൂടി വ്യവഹരിക്കപ്പെടുന്നു. പാണൻപാട്ട്, പറയർപാട്ട്, പുലയൻപാട്ട് തുടങ്ങിയ ജ്ഞാനരൂപങ്ങൾ ശ്രദ്ധിക്കുക. ഈ സാഹചര്യത്തിൽ മുഖ്യധാരയിൽ പരിഗണന നേടുന്നത് സവർണരുടെ കലാസാഹിത്യരൂപങ്ങളാണ്. ദലിതരുടെ ബൗദ്ധികവും സൗന്ദര്യാത്മകവുമായ പ്രവർത്തനങ്ങൾ അരികുവൽക്കരിക്കപ്പെടുകയാണ്. സ്വന്തവും സ്വതന്ത്രവുമായി വികസിക്കുന്നതിനോ ഇടകലരുന്നതിനോ സവർണാധിപത്യസമൂഹത്തിൽ ദലിതർക്ക് അവസരം ലഭിക്കുന്നില്ല. പുറത്തുപറഞ്ഞാലും ഇല്ലെങ്കിലും പരിഹാസ്യമാകുന്ന സ്വത്വമാണ് ദലിതർക്കുള്ളത്. ഒളിപ്പിച്ചുവയ്ക്കാനും പ്രകടിപ്പിക്കാനും കഴിയാത്ത ഒന്നായി ജാതിയും നിറവും അവരിൽ ഭാരമേല്പിക്കുന്നുണ്ട്. പ്രതിലോമകരമായ പ്രതികരണങ്ങൾ സൃഷ്ടിക്കുന്ന ഭയത്തിൽ, അപകർഷതയിൽ സ്വത്വം മറച്ചുവയ്ക്കപ്പെടാം. എന്നാൽ വെളിപ്പെടുത്തുമ്പോൾ അത് കുറ്റമാവുന്നു; പരിഹസിക്കപ്പെടുന്നു. അപകർഷങ്ങൾ മറികടന്ന്, മറ്റുള്ളവരുടെ അവകാശങ്ങൾ തങ്ങൾക്കുമുണ്ടെന്ന തിരിച്ചറിവിൽ മുന്നോട്ടുവന്നാലും ഇത് തന്നെയാണവസ്ഥ.

> ▶ ദലിതരുടെ ബൗദ്ധികവും സൗന്ദര്യാത്മകവുമായ പ്രവർത്തനങ്ങൾ അരികുവൽക്കരിക്കപ്പെടുന്നു

വരേണ്യതയ്ക്ക് തെളിച്ചം നൽകാൻ ശ്രമിക്കുന്ന ചരിത്രവും സാഹിത്യചരിത്രവും ദലിതരുടെ യത്നങ്ങളെ, നേട്ടങ്ങളെ തമസ്കരിക്കുകയാണ്. സാഹിത്യത്തിന്റെയും സാമൂഹ്യപരിഷ്കരണത്തിന്റെയും കലകളുടെയും രംഗങ്ങളിലെല്ലാം ഇത്തരം മാറ്റിനിർത്തലുകൾ ദലിതർ നേരിടുന്നു. ആദ്യകാല ദലിത് കവികളിൽ പ്രമുഖരാണ് പൊയ്കയിൽ അപ്പച്ചനും, പണ്ഡിറ്റ് കെ.പി. കറുപ്പനും. എന്നാൽ സാഹിത്യചരിത്രഗ്രന്ഥങ്ങൾ അവർക്കു പരിഗണന നൽകിയിട്ടില്ല. കവിയെന്ന നിലയ്ക്ക് കെ.പി. കറുപ്പന് മഹത്വമൊന്നും അവകാശപ്പെടാനില്ല എന്ന് ഡോ. എം. ലീലാവതിയും കറുപ്പന്റെ കവിതയ്ക്ക് മീനിന്റെ ഗന്ധമെന്ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ദലിതെഴുത്തിനെ മുഖ്യധാരയിലേക്ക് പരിഗണിക്കാനുള്ള വൈഷമ്യം ഈ രണ്ട് അഭിപ്രായങ്ങളിലും വ്യക്തമാവുന്നുണ്ട്.

'എന്റെ വംശത്തിൻ കഥ
എഴുതിവച്ചിടാൻ പണ്ടീ
ഉർവിയിലാരുമില്ലാതെ പോയല്ലോ'- എന്ന പൊയ്കയിൽ അപ്പച്ചന്റെ ചിന്ത ദലിതരെ സംബന്ധിച്ചിടത്തോളം ഇന്നും പ്രസക്തമാണ്. ഗോത്രസമുദായത്തിൽനിന്നുവന്ന നോവലിസ്റ്റ് നാരായന്റെ 'എന്റെ വംശം തന്നെയാണ് കാരണം' എന്ന അഭിപ്രായത്തിലും, 'ഓരോ നിമിഷവും ജാതി തന്നെ വേട്ടയാടുന്നു' എന്ന തിരുവനന്തപുരം ജില്ലാ കളക്ടറും ട്രൈബൽ ഡയറക്ടറുമായിരുന്ന ഇ. അയ്യപ്പന്റെ വാക്കുകളിലും ജാതീയമായ അരികുവൽക്കരണമാണ് വ്യക്തമാവുന്നത്. നർത്തകനും നൃത്താധ്യാപകനുമായ ഡോ. ആർ.എൽ.വി. രാമകൃഷ്ണന് നിറത്തിന്റെ പേരിൽ നേരിടേണ്ടി വന്ന അപമാനവും ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. ആഗോളവിപണിയിൽതന്നെ വെണ്മയോടുള്ള ഭ്രമം കാണാൻ കഴിയും. കറുപ്പ് നിറത്തെ നിരാകരിക്കുന്ന സവർണമാർക്കറ്റ് സൗന്ദര്യവർധക വസ്തുക്കളുടെ പരസ്യങ്ങളിലെല്ലാം ഒളിഞ്ഞിരിക്കുന്നു. ദലിത് അവസ്ഥകളോടുള്ള നിരാസവും പാർശ്വവൽക്കരണവുമാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

> ▶ ദലിത് അവസ്ഥകളോടുള്ള നിരാസവും പാർശ്വവൽക്കരണവും

ഈ മനോഭാവങ്ങൾക്കെതിരെ സംഘടിത ശക്തിയായി ബ്ലാക് ഫെമിനിസം രൂപം കൊണ്ടിട്ടുണ്ട്. 2024-ൽ അതിന്റെ നാല്പത്തിയൊമ്പതാം അന്തർദേശീയ സമ്മേളനം നടക്കുകയുണ്ടായി. ആഗോളതലത്തിൽ ശക്തവും ദൂരവ്യാപകവുമായ ഫലങ്ങൾ ഉളവാക്കാൻ ആ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതിന്റെ അനുരണനങ്ങൾ ഇനിയും എത്തിച്ചേർന്നിട്ടില്ലാത്ത ഇരുണ്ട മൂലകൾ കേരളീയ മനസുകളിൽ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവങ്ങൾ.

> ▶ ബ്ലാക് ഫെമിനിസം രൂപം കൊണ്ടു

ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും കീഴാളരെ അരികുവൽക്കരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. കീഴാളരുടെ കലകളെ, ഭാഷകളെ, സൗന്ദര്യസങ്കല്പങ്ങളെയെല്ലാം അതു പ്രതികൂലമായി ബാധിക്കുന്നു. കലകൾ ഫോക് വിഭാഗത്തിലേക്ക് മാറി. വാമൊഴിക്ക് മാനകഭാഷയുടെ സ്ഥാനം ലഭിക്കുന്നില്ല. പരമ്പരാഗത അറിവുകളുടെ ശാസ്ത്രീയത ചോദ്യം ചെയ്യപ്പെടുന്നു. സർക്കാർ സർവീസുകളിൽ സംവരണാനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും സ്വകാര്യ തൊഴിൽ മേഖലകളിൽ ഈ ആനുകൂല്യം ദലിതർക്ക് ലഭിക്കുന്നില്ല. ജാതിസെൻസസിൽനിന്നും അവരെ മാറ്റിനിർത്തുന്നു. ദലിതന്റെ സ്വീകാര്യത ഇന്നും വരേണ്യതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു. അവരുടെ അതിജീവനത്തിന്റെ ദുരിതസൗന്ദര്യങ്ങൾ എവിടെയും പരിഗണിക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം.

> ▶ ദലിതന്റെ സ്വീകാര്യത വരേണ്യതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു

## കീഴാളപഠനങ്ങൾ

സമൂഹത്തിലും എഴുത്തിലും ദലിത് അവബോധത്തിന്റെ ചിന്തകൾ സജീവമായതോടുകൂടി സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും ദലിത് രചനകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. സാഹിത്യത്തിന്റെയും കലയുടെയും പ്രാദേശിക പഠനം കർണാടകത്തിലെ ദേശി പ്രസ്ഥാനത്തിലൂടെയാണ് ശക്തമായത്. എങ്കിലും ദലിത് എന്ന സംജ്ഞയിലൂടെ അത് സാംസ്കാരികരംഗത്തും കലാരാഷ്ട്രീയരംഗത്തുമെല്ലാം പ്രബലമാ

കുന്നത് മഹാരാഷ്ട്രയിലാണ്. ജ്യോതിറാവു ഫൂലെ, ഡോ.ബി. ആർ. അംബേദ്കർ എന്നിവരുടെ രചനകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അത് ഇന്ത്യയിലുടനീളം വ്യാപിച്ചു. ആദിവാസികളെയും, കുറ്റവാളി ഗോത്രത്തെയും ഒഴികെയുള്ള സമൂഹത്തെയാണ് 'ദലിത്' ആയി അംബേദ്കർ വിവക്ഷിക്കുന്നത്. 'കീഴാളത' എന്ന സങ്കല്പനം ദക്ഷിണേന്ത്യൻ ചരിത്രപഠനത്തിന്റെ സങ്കല്പനത്തിലേക്ക് കൊണ്ടുവന്നത് ഇന്ത്യൻ ചരിത്രകാരനായ രണജിത് ഗുഹ ആണ്. ഈ പരികല്പന ഗ്രാംഷിയുടെ 'ജയിൽനോട്ടുപുസ്തക'ങ്ങളിലാണ് ആദ്യമായി പ്രയോഗിക്കപ്പെടുന്നത്. ഗ്രാംഷിയിൽ നിന്നാണ് താൻ ഈ പരികല്പന സ്വീകരിക്കുന്നതെന്ന് കീഴാള പഠനങ്ങളുടെ ആദ്യവാല്യത്തിൽ ഗുഹ വ്യക്തമാക്കുന്നുണ്ട്.

▶ സാഹിത്യത്തിൽ ദലിത് രചനകൾ പ്രത്യക്ഷപ്പെട്ടു

മലയാളത്തിൽ ദലിത് രചനകൾ എന്ന സംജ്ഞ താരതമ്യേന പുതിയകാലത്തിന്റെ സൃഷ്ടി ആണ്. എങ്കിലും ആധുനിക സാഹിത്യത്തിന്റെ തുടക്കം മുതൽതന്നെ ദലിത് സ്വഭാവമുള്ള രചനകൾ കണ്ടെത്താൻ കഴിയും. പക്ഷെ അതെല്ലാം കവിത, കഥ, നോവൽ വിഭാഗത്തിൽപ്പെട്ട രചനകളായിരുന്നു. ദലിത് പഠനമെന്ന നിലയിൽ അക്കാലത്തൊന്നും രചനകൾ വന്നിട്ടില്ല. ജീവചരിത്രം, ആത്മകഥ, സാംസ്കാരിക രചനകൾ, സാഹിത്യനിരൂപണങ്ങൾ എന്നിവയുൾപ്പെട്ട സാമാന്യം വിപുലമായ കീഴാള പഠനങ്ങൾ ഇന്നു മലയാളത്തിനുണ്ട്. കവിയൂർ മുരളി എഴുതിയ 'ദലിത് ഭാഷ', ഭാഷ നഷ്ടപ്പെട്ട ദലിത് ജനവിഭാഗത്തിന്റെ ഭാഷാചരിത്രം അന്വേഷിക്കുന്ന രചനയാണ്. സാഹിത്യത്തിലും ഇതര സംസ്കാരമേഖലകളിലും ദലിത് ഭാഷ തിരിച്ചുപിടിക്കേണ്ടതിന്റെ ആവശ്യകത ഈ കൃതിയിൽ അദ്ദേഹം ഉന്നയിക്കുന്നു.

▶ ഭാഷ നഷ്ടപ്പെട്ട ദലിത് ജനവിഭാഗത്തിന്റെ ഭാഷാചരിത്രം അന്വേഷിക്കുന്ന രചനയാണ് ദലിത് ഭാഷ

കെ.കെ.എസ്. ദാസിന്റെ 'ദലിത് പ്രത്യയശാസ്ത്രം ചരിത്രം, സാഹിത്യം, സൗന്ദര്യശാസ്ത്രം' എന്ന പുസ്തകം, ദലിത് ജനതയുടെ നിരന്തര സമരങ്ങളുടെ ഭാഗമായി വികസിച്ചുവന്ന ദലിത് സാഹിത്യത്തെ സംബന്ധിച്ചും സൗന്ദര്യശാസ്ത്രത്തെക്കുറിച്ചുമുള്ള രചനയാണ്. ദലിത് രാഷ്ട്രീയം, ചരിത്രം, പ്രത്യയശാസ്ത്രം, സാഹിത്യം, സൗന്ദര്യശാസ്ത്രം, മതം, പ്രസ്ഥാനങ്ങൾ തുടങ്ങിയ മേഖലകളെ ഈ കൃതി വിശദീകരിക്കുന്നു. പ്രദീപൻ പാമ്പിരികുന്നിന്റെ 'ദലിത് സൗന്ദര്യശാസ്ത്രം' എന്ന പുസ്തകവും ഭാരതീയ സൗന്ദര്യശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ദലിത് സാഹിത്യ അവബോധം പരിശോധിക്കുന്ന സവിശേഷ രചനയാണ്. ഭാഷയുടെ അധിനിവേശവും അധഃസ്ഥിതരുടെ നവോത്ഥാന പ്രവണതകളുമെല്ലാം ഈ കൃതി പഠനവിധേയമാക്കുന്നു. കെ.എം. സലിംകുമാർ എഴുതിയ 'നെഗ്രിറ്റ്യൂഡ്' കേരളത്തിലുടനീളം നടന്ന ദലിത് സമരങ്ങളുടെ ചരിത്രവും പശ്ചാത്തലവും പറയുന്നതിനോടൊപ്പം മലയാളത്തിലെ ദലിത് രചനകളുടെ സൂക്ഷ്മസ്വഭാവം കൂടി അവതരിപ്പിക്കുന്നു. ഡോ.എം.ബി. മനോജ് എഴുതി 'ദേശം ദേശിമാർഗ്ഗഃ'' എന്ന പുസ്തകം മണിപ്രവാള കവിതയുടെ ചരിത്രപശ്ചാത്തലത്തിൽ നിന്നാരംഭിച്ച് മലയാള സാഹിത്യത്തിലെ ദലിത് സ്വഭാവത്തിന്റെ ചരിത്രവഴികൾ അടയാളപ്പെടുത്തുകയും ദലിത് സംസ്കാരത്തെ കയ്യൊഴിയുന്ന എല്ലാത്തരം അദ്വൈതനിരീക്ഷണങ്ങളെ നിരാകരിക്കുകയും ചെയ്യുന്നു.

▶ ഭാഷയുടെ അധിനിവേശവും അധഃസ്ഥിതരുടെ നവോത്ഥാന പ്രവണതയും പരിഗണിക്കുന്നു

ഡോ.ഒ.കെ. സന്തോഷ് മലയാള ദലിത് കവിതകളെ സമാഹരിച്ച് തയ്യാറാക്കിയ പുസ്തകത്തിൽ ദലിത് കവിതയുടെ ചരിത്രവും വർത്തമാനവുമാണ് അന്വേഷിക്കുന്നത്. അതോടൊപ്പം മലയാളത്തിലെ ദലിത് എഴുത്തുകാരുടെ സംക്ഷിപ്ത വിവരസൂചികയും നൽകുന്നു. 'ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും' എന്ന പുസ്തകത്തിൽ ടി.കെ. അനിൽകുമാർ സമകാലിക ദലിത് സാഹിത്യത്തിന്റെ ചരിത്രമാണ് വിശദമാക്കുന്നത്. അതിനോടൊപ്പം നവമാധ്യമങ്ങളിലെ ദലിത് ഇടപെടലുകളെക്കുറിച്ചും അദ്ദേഹം അന്വേഷിക്കുന്നു. 'മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം' എന്ന ഒരു പുസ്തകവും ടി.കെ. അനിൽകുമാർ രചിച്ചിട്ടുണ്ട്. ഗോത്രകവിത എന്ന പേരിൽ സുകുമാരൻ ചാലിഗദ്ദയും, സുരേഷ് എം. മാവിലനും എഡിറ്റ് ചെയ്ത പുസ്തകത്തിന് അശോകൻ മറയൂർ എഴുതിയ ആമുഖവും ഡോ. നാരായണൻ എം.എസ്., ശിവലിംഗൻ. പി എന്നിവർ എഴുതിയ അനുബന്ധ ലേഖനങ്ങളും കീഴാളപഠനങ്ങളുടെ കൂട്ടത്തിൽ എടുത്തുപറയേണ്ടവയാണ്.

- ദലിത്കവിതയുടെ ചരിത്രവും വർത്തമാനവും അന്വേഷിക്കുന്നു

## ദലിത് സൗന്ദര്യശാസ്ത്രം

ദലിത് സാഹിത്യത്തിനും കലകൾക്കും തനതായ സൗന്ദര്യശാസ്ത്രമുണ്ട്. യഥാർഥ ജീവിതാനുഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള സൗന്ദര്യശാസ്ത്രമാണത്. സൗന്ദര്യബോധം വരേണ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന മുൻവിധി സമൂഹത്തിനുണ്ട്. ക്ലാസിക് കലാസാഹിത്യങ്ങളിലെല്ലാം ഈ വരേണ്യബോധം കാണാം. ജാതിയുമായി ബന്ധപ്പെട്ടിരിക്കുന്ന ഈ അവബോധം വിനോദവേളകളേറെയുള്ള, അധ്വാനമുക്തരായ ഉപഭോഗവിഭാഗത്തിന്റെ കാഴ്ചപ്പാടാണ്. ദലിത് സൗന്ദര്യശാസ്ത്രത്തിന്റെ വീക്ഷണങ്ങൾ ഇതിൽനിന്ന് ഭിന്നമാണ്. വരേണ്യസൗന്ദര്യബോധത്തെയാകെ പൊളിച്ചെഴുതുന്നതാണത്. അധ്വാനിക്കുന്ന സമൂഹവുമായി, ഉല്പാദകവിഭാഗവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഭൗതികവും പ്രായോഗികതലങ്ങളുമായി ചേർന്നുനിൽക്കുന്നതാണ് ആ സൗന്ദര്യാനുഭൂതി. സൗന്ദര്യം ഇവിടെ വ്യംഗ്യമോ നിഗൂഢമോ അല്ല, മറിച്ച് ജീവിതഗന്ധിയാണ്. വച്ചുകെട്ടിയ അലങ്കാരങ്ങളും ആഡംബരങ്ങളും പേറുന്ന വലിയ കഥാപാത്രങ്ങളല്ല ദലിത് സാഹിത്യത്തിലുള്ളത്. മിനുസപ്പെടുത്തിയ മാനകഭാഷയോ വരമൊഴിയോ അവർ സംസാരിക്കുന്നില്ല. പ്രാദേശികതയുടെ, പാരമ്പര്യത്തിന്റെ ഊർജമുൾക്കൊള്ളുന്നതാണ് ആ ഭാഷ. അത് കേവലം ശാരീരികതയിൽ അഭിരമിക്കുന്നില്ല. ഉദാഹരണത്തിന് ക്ലാസിക് ഭാവനയിലെ വെണ്ണതോല്ക്കുമുടലല്ല ദലിത് എഴുത്തിലെ കാരിരുമ്പിന്നുടലുള്ള സ്ത്രീക്കുള്ളത്. 'സ്ത്രീയുടെ, പ്രകൃതിയുടെ വന്യമായ സൗന്ദര്യമാണ് ഇവിടെ അനുഭവവേദ്യമാകുന്നത്. സൗന്ദര്യത്തിന്റെ, ആലോചിച്ച് വ്യാഖ്യാനിച്ച് ആനന്ദിക്കാവുന്ന ആന്തരികമൂല്യമല്ല യാഥാർത്ഥ്യത്തിന്റെ സൂക്ഷ്മതയാണ് ദലിത് സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷ്യം.

- പ്രാദേശികതയുടെ, പാരമ്പര്യത്തിന്റെ ഊർജം ഉൾക്കൊള്ളുന്ന ഭാഷ

## ദലിത് സംസ്കാരം

ദലിത് എന്ന് പദം ഇന്ന് ഏതെങ്കിലും താഴ്ന്ന ജാതിയെ കുറിക്കാനോ ഏതെങ്കിലും മതത്തെ കുറിക്കുവാനോ അല്ല ഉപയോഗിക്കുന്നത്, മറിച്ച് സ്വന്തമായ സംസ്കാരവും പാരമ്പര്യവും, പ്രത്യേകമായ ജീവിത

രീതി ഉള്ളതുമായ ഒരു സമൂഹത്തെ കുറിക്കാനാണ് ഉപയോഗിക്കുന്നത്. ദലിതർ പൊതുവായി ജാതിവ്യവസ്ഥയുടെ കാലത്ത് വിവിധ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. ചരിത്രപരമായ സാഹചര്യങ്ങളാൽ പാർശ്വവല്കൃതരായ ജനത സ്വയം അവരുടെ പാരമ്പര്യത്തിന്റെ കാവൽക്കാരാകേണ്ടതില്ല. ലോകം ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും മുതലാളിത്തത്തിലേക്കും അവിടെ നിന്ന് സാമ്രാജ്യത്വത്തിലേക്കും ആഗോളവൽക്കരണത്തിലേക്കും പരിണമിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദലിതർ മാത്രം എന്തിന് അവികസിതമായ കാലത്തിന്റെ മുദ്രകൾ നിലനിർത്തണം. ഒരു ഭൂപരിധിയിൽ നിയമവും നീതിയും മാറിയിട്ടും ഇവർ മാത്രം മാറാതെ സ്വന്തം നാട്ടിൽ അന്യരായി തീർന്നതെങ്ങനെ? വിപണിയുടെയോ മൂലധനത്തിന്റെയോ അല്ല സംസ്കാരത്തിന്റെ ആഗോളവൽകരണമാണ് കീഴാളർക്കു മേൽ ആദ്യം സംഭവിച്ചത്. സ്വന്തം ജീവിത സാഹചര്യങ്ങളെല്ലാം അപരിഷ്കൃതമായിത്തോന്നുന്ന സാംസ്കാരികാധിനിവേശമാണ് കീഴാളർക്കുമേൽ സംഭവിച്ചത്. പ്രകാശം വഴിക്കുവരാനാകാത്ത സ്വത്വബോധമായി അവ രൂപാന്തരപ്പെട്ടു. സംസ്കാരത്തിലെ അവരുടെ പ്രതിനിധാനങ്ങൾ പോലും സവർണാഖ്യാനങ്ങളാണ് രൂപപ്പെടുത്തിയത്. ഏതുജനതയുടെ ചരിത്രവും നിർണായകമാവുന്നത് അവ പുതിയ കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സജ്ജമാവുമ്പോഴാണ്. കാലം ഇന്നെത്തി നിൽക്കുന്ന ദശാസന്ധിയിൽ പഴയ ജാതി ഫ്യൂഡൽ മൂല്യങ്ങളിലോ സംസ്കാരത്തെക്കുറിച്ചുള്ള ഫോക്‌ലോറിസ്റ്റിക് മിഥ്യയിലോ രക്ഷാമാർഗങ്ങളില്ല. അതിജീവനത്തിന് ബദൽ വികസനത്തെപ്പറ്റിയുള്ള ദിശാബോധമാണാവശ്യം. അതാകട്ടെ ശാസ്ത്രം കൈവരിച്ചിട്ടുള്ള അത്ഭുതകരങ്ങളായ നേട്ടങ്ങളെ സാമൂഹ്യനീതിയുമായി ബന്ധിപ്പിക്കുന്നതാവണം; ദലിതന് സ്വന്തം ജീവിതത്തെയും സംസ്കാരത്തെയും ആഗോള സമൂഹത്തിനു മുന്നിൽ ഉയർത്തിപ്പിടിക്കാനാവശ്യമായ ആത്മാഭിമാനം നൽകുന്നതാവണം. അപ്പോഴാണ് ജനാധിപത്യത്തിലും സാമൂഹ്യനീതിയിലും ഊന്നുന്ന പുതിയ ലോകക്രമം സൃഷ്ടിക്കപ്പെടുക.

> ▶ അതിജീവനത്തിന് ബദൽ വികസനത്തെ പറ്റിയുള്ള ദിശാബോധമാണ് വേണ്ടത്

## ദലിത് സാഹിത്യവും ആദിവാസി സാഹിത്യവും

നൂറ്റാണ്ടുകളായി ജാതി അടിസ്ഥാനത്തിലുള്ള അടിച്ചമർത്തലും വിവേചനവും നേരിടുന്ന ദലിത് സമൂഹത്തിന്റെ ജീവിതത്തിലും അനുഭങ്ങളിലും പോരാട്ടങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ദലിത് സാഹിത്യം. ഒരു ദലിതൻ തന്റെ ജീവിതാവസ്ഥകളെ സാഹിത്യമായി ചിത്രീകരിക്കുമ്പോൾ മാത്രമേ അതിനെ ദലിത് സാഹിത്യം എന്ന് പറയാനാകൂ. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സ്വതന്ത്രഇന്ത്യയിലെ ജാതി അടിസ്ഥാനമാക്കിയുള്ള സാമൂഹിക അനീതികൾക്കെതിരായാണ് ഈ പ്രസ്ഥാനം ഉടലെടുത്തത്. കൊളോണിയൽ പോസ്റ്റ് കൊളോണിയൽ കാലഘട്ടത്തിൽ ദലിത് സാഹിത്യത്തിനുള്ളിൽ പ്രമുഖകൃതികൾ ഉയർന്നു വന്നു. 1873-ൽ പ്രസിദ്ധീകരിച്ച ജ്യോതിറാവു ഫൂലെയുടെ ഗുലാംഗിരി, ഇന്ത്യയിലെ തൊട്ടുകൂടാത്തവരുടെ ദുരവസ്ഥ ഉയർത്തിക്കാട്ടുന്ന കൃതിയാണ്. മഹാരാഷ്ട്രയിലെ ദലിത് പാന്തർ പ്രസ്ഥാനവും ദലിത് അവകാശങ്ങൾക്കു വേണ്ടി വാദിച്ച ഡോ.ബി.ആർ. അംബേദ്കറുടെ സ്വാധീനവും ഇന്ത്യയിലുടനീളമുള്ള

> ▶ ജാതി അടിസ്ഥാനമാക്കിയുള്ള സാമൂഹിക അനീതികൾക്കെതിരെ ഉടലെടുത്ത പ്രസ്ഥാനം

ദലിത് സാഹിത്യത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. കേരളത്തിലെ ദലിത് സാഹിത്യത്തിനെ നാല് പ്രധാനപ്പെട്ട വിഭാഗങ്ങളായി തിരിക്കാം. വീണ്ടെടുപ്പ് സാഹിത്യം, ആത്മകഥയും ജീവചരിത്രവും, സ്ഥാപനവൽക്കരിക്കപ്പെട്ട സാഹിത്യ ജനുസുകളിൽ നിന്നുകൊണ്ടുള്ള രചനകൾ, പഠനങ്ങൾ, ലേഖനങ്ങൾ, അക്കാദമികഗവേഷണങ്ങൾ എന്നിവയാണവ.

> ▶ ദലിത് പിന്നാക്ക സമുദായ നായകരുടെ ജീവിതവും സൃഷ്ടികളും കേരള സാഹിത്യ സാംസ്കാരിക ചരിത്രത്തെ മാറ്റിമറിച്ചു.

ചെങ്ങന്നൂരാതി മുതൽ കാവാരികുളം കണ്ടൻ കുമാരൻ വരെ നീളുന്ന വീണ്ടെടുപ്പ് ചരിത്രമാണ് ദലിത് സാഹിത്യ സംസ്കാരത്തെ സവിശേഷമായ രീതിയിൽ സജീവമാക്കി നിർത്തുന്നത്. തൈക്കാട്ട് അയ്യാവ്, വൈകുണ്ഠ സ്വാമികൾ, ആറാട്ടുപുഴ വേലായുധ പണിക്കർ തുടങ്ങിയ സമുദായങ്ങൾക്കുള്ളിലുള്ളവരുടെ ചരിത്രങ്ങൾ പ്രസിദ്ധീകരണ ശാലകളിലോ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലോ ഒക്കെ കുടുങ്ങി കിടന്നിരുന്നു. പല ദലിത് പിന്നാക്കസമുദായനായകരുടെ ജീവിതവും സൃഷ്ടികളും വലിയൊരളവിൽ കേരളത്തിലെ സാഹിത്യസാംസ്കാരിക പരിസരത്തെ മാറ്റി മറിച്ചു. പൊയ്കയിൽ അപ്പച്ചൻ, മഹാത്മാ അയ്യങ്കാളി, പണ്ഡിറ്റ് കെ.പി. കറുപ്പൻ, തുടങ്ങിയവരെ പുതിയ കാലത്തിനനുസരിച്ച് പഠനവിധേയമാക്കപ്പെട്ടു കൊണ്ടിരിക്കുന്നു.

ദലിത് സാഹിത്യത്തെ പിൻപറ്റി വളർന്നുവന്ന മറ്റൊരു രചനാസവിശേഷതയാണ് ആദിവാസി സാഹിത്യം. ചില ദലിത് സാഹിത്യ നിരീക്ഷകർ അതിനെ ഗോത്രസാഹിത്യമായും കണക്കാക്കുന്നുണ്ട്. 'ദലിത്' എന്ന വിഭാഗത്തിൽ ആദിവാസികളെയും ഗോത്രവിഭാഗത്തെയും അംബേദ്കർ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ആ വേർതിരിവ് പിൽക്കാലത്ത് ഇല്ലാതായിത്തീർന്നു. എങ്കിലും, മുഖ്യധാരയിൽനിന്ന് അകന്നുനിൽക്കുന്നു എന്നൊരു സവിശേഷത ആദിവാസി ഭാഷയ്ക്കുണ്ട്. അവരുടെ ഭാഷയും സാഹിത്യവുമെല്ലാം വാമൊഴിയായി തുടർന്നുവരികയായിരുന്നു. 1970 കൾക്കുശേഷമാണ് ആദിവാസി ഗോത്രസാഹിത്യം അച്ചടിച്ചുതുടങ്ങിയത്. നാട്ടറിവുകളും ഋതുഭേദങ്ങളുമായി ബന്ധപ്പെട്ട ഭാഷാപ്രയോഗങ്ങൾ സ്വന്തമായിത്തന്നെ അവരിലുണ്ട്. സ്വന്തമായി ഒരു സ്റ്റേറ്റ് എന്ന ആശയം നിലനിൽക്കുന്നതിനാൽ ഇവരുടെ ഭാഷാ പ്രയോഗങ്ങളിലും ഈ സ്വാതന്ത്ര്യം കാണാം. ഗോത്രജീവിതത്തിൽ പാരമ്പര്യമായി കൈമാറി വരുന്ന പല അറിവുകളെയും സമാഹരിച്ച് ഗ്രന്ഥമാക്കിയ ശ്രീനാഥന്റെ കേരള സർവകലാശാല പ്രസിദ്ധീകരിച്ച 'കേരളത്തിലെ ഭാഷകൾ' എന്ന ഗ്രന്ഥവും കെ. വേലപ്പൻ എഴുതി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ആദിവാസികളും ആദിവാസി ഭാഷകളും' എന്ന ഗ്രന്ഥവും ഈ വിഭാഗത്തിലെ പ്രാധാന്യമർഹിക്കുന്ന പഠനങ്ങളാണ്.

> ▶ നാട്ടറിവുകളും ഋതുഭേദങ്ങളുമായി ബന്ധപ്പെട്ട ഭാഷാ പ്രയോഗങ്ങൾ

## ദലിത് ഭാഷ

ദലിതർ നേരിടുന്ന മാറ്റിനിർത്തൽ ദലിത് ഭാഷയും നേരിടുന്നുണ്ട്. ദലിത് ഭാഷയെക്കുറിച്ചു വേണ്ടത്ര അന്വേഷണങ്ങൾ ഭാഷാഗവേഷണ മേഖലകളിൽ നടക്കുന്നില്ല. ഭാഷയുടെ ഉല്പത്തി ചർച്ചകളിലൊന്നും തന്നെ ദലിത്ഭാഷ പരാമർശിക്കപ്പെടുന്നില്ല. ദലിത് ഭാഷയെക്കുറിച്ച് സമഗ്രമായ അന്വേഷണങ്ങൾ നടത്തിയിട്ടുള്ള കവിയൂർ മുരളി, ഭാഷയുടെ ഉല്പത്തിയെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ ഇളംകുളം കുഞ്ഞൻ

പിള്ള പരാമർശിക്കുന്ന കരിനാട്ടുതമിഴും ഡോ.ഗോദവർമ്മ സൂചിപ്പിക്കുന്ന പൂർവ്വദശയും എ.ആർ. കണ്ടെത്തുന്ന എളിയോരുടെ ഭാഷയും ദലിത് ഭാഷയാകാനാണ് സാധ്യതയെന്ന് നിരീക്ഷിക്കുന്നുണ്ട്. ലീലാതിലകകാരൻ ദേശി എന്നു വിവക്ഷിക്കുന്നത് ദലിത് ഭാഷയെ ആണെന്നും അദ്ദേഹം തുടർന്ന് പറയുന്നു. മലയാളത്തിലോ തമിഴിലോ, സംസ്കൃതത്തിലോ ഉൾപ്പെടാത്ത അനേകം പദങ്ങളും പ്രയോഗങ്ങളും പ്രാചീന കൃതികളിൽ കാണുന്നുണ്ട്. ഈ പദങ്ങളും പ്രയോഗങ്ങളും 'മലനാട്ടുതമിഴ്' എന്ന വിഭാഗത്തിലാണ് ഭാഷാചരിത്രകാരന്മാർ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ന ഭാഷയെന്നു പറയാനാവാത്തതുകൊണ്ട് 'മലനാട്ടുതമിഴി'ൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നാണ് ഭാഷാഗവേഷകർ ഈ പദങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ഇവ ദലിത് പദങ്ങളാകാനാണ് സാധ്യത. 'അപകൃഷ്ട ഭാഷ', 'പ്രാകൃതഭാഷ' എന്നെല്ലാം വ്യവഹരിക്കപ്പെടുന്ന ഭാഷ തന്നെയാണിത്. ഭാഷാചരിത്രകാരന്മാരുടെ നിഗമനങ്ങളിൽനിന്നെല്ലാം വ്യക്തമാകുന്നത് തമിഴിനും പ്രാകൃതത്തിനുമിടയ്ക്ക് ഇവിടെയൊരു ഭാഷ നിലവിലുണ്ടായിരുന്നു എന്നതാണ്, ത്രിമിടപാഴയായി ചിത്രീകരിക്കപ്പെടുന്ന ദലിത് ഭാഷയാണത്. തമിഴിനും മലയാളത്തിനും മുമ്പുണ്ടായിരുന്ന ആ ഇടത്താവള ഭാഷ, പൂർവഭാഷ ആയിരുന്ന ദലിത് ഭാഷ തന്നെയെന്ന് കവിയൂർ മുരളി അഭ്യൂഹിക്കുന്നു. പ്രാകൃതഭാഷയെക്കുറിച്ചു വേണ്ടത്ര അന്വേഷണങ്ങൾ നടക്കാത്തതിനാലും സംസ്കൃതത്തിന് അമിത പ്രാധാന്യം ലഭിച്ചതിനാലും ദലിത് ഭാഷയെക്കുറിച്ച് അർഹിക്കും വിധമുള്ള ഗവേഷണങ്ങൾ ഭാഷാചരിത്രഗവേഷണരംഗത്ത് ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം.

> ▶ ദലിതർ നേരിടുന്ന മാറ്റി നിർത്തൽ ദലിത് ഭാഷയും നേരിടുന്നു

ദലിത് ഭാഷയ്ക്കു പ്രത്യേകം ലിപിയില്ല. തമിഴിന്റെ ആദിരൂപത്തോട് ദലിത് ഭാഷയ്ക്ക് ബന്ധമുണ്ട്. അതിന്റെ ഉച്ചാരണരീതിക്ക് തമിഴ് ഉച്ചാരണ രീതിയുമായി സാമ്യം കാണുന്നു. അതിഖര മൃദുഘോഷങ്ങൾ തമിഴിലും ദലിത് ഭാഷയിലും ഇല്ല. ദലിത് ഭാഷ ദ്രമിഡ സംഘാതപാഠത്തെയാണ് പിൻതുടരുന്നത്.

ഷ, ശ, സ, ഹ എന്നീ അക്ഷരങ്ങൾ ദലിത് ഭാഷയിൽ ഇല്ല. ഉദാഹരണമായി

| | | |
|---|---|---|
| ശേഷിക്കുക | - | ചേഴിക്കുക |
| കഷായം | - | കളായം |
| സൂര്യൻ | - | ചൂരിയൻ |
| സീത | - | ചീത |
| ശ്രീരാമൻ | - | ചീരാമൻ |

'ജ' തമിഴിൽ ഉണ്ടെങ്കിലും ദലിത് ഭാഷയിൽ ഇല്ല.

ദലിത് ജനതയ്ക്ക് അവരുടേതുമാത്രമായ പ്രയോഗങ്ങളുണ്ട്. ദലിത് ഭാഷകളേയും പ്രായമേറിയ ദലിതരുടെ വായ്മൊഴികളിലാണ് വന്നുകൂടുന്നത്. കവിതാമയമായ പ്രയോഗരീതിയാണ് ദലിത് ഭാഷയുടേത്. ദലിതർ പറയുമ്പോൾ മാത്രം വ്യക്തമാകുന്ന ഈണവും താളവും അതിനുണ്ട്. അർഥമുള്ളതാണെങ്കിലും അല്ലെങ്കിലും വാക്കുകൾ ഇരട്ടിയായി ഉപയോഗിക്കുന്ന രീതി ദലിത് ഭാഷയിൽക്കാണാം.

കാക്കോംപൂക്കോം - കാക്കിരിപൂക്കിരി

കൊത്തിംകെളച്ചും - കൊക്കീംവലിച്ചും

ദലിത് അനുഭവങ്ങളുടെ സ്പർശവും ഗന്ധവുമുള്ളവയാണ് ദലിത് ഭാഷയിലെ പഴഞ്ചൊല്ലുകൾ. അവരുടെ സാമൂഹിക പശ്ചാത്തലവും തൊഴിലും ഭാഷയും ജീവിതാവസ്ഥകളുമെല്ലാം വെളിപ്പെടുത്തുന്നവയാണ് ഈ ചൊല്ലുകൾ. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

ഉരിയകൊടുത്ത് ഊപ്പമേടിക്കുന്നതിലും നല്ലത് നാഴികൊടുത്ത് നല്ലതുമേടിക്കുന്നതാണ്.

എളിയ പൊറം നോക്കി വാതം കോച്ചും

അങ്ങനിങ്ങാറുമാതം ചക്കമാങ്ങാ ആറുമാതം

ഓണംവന്നാലുമുണ്ണിപിറന്നാലും കോരനുകുമ്പിളിൽക്കഞ്ഞി

കാക്ക കണ്ടറീം കൊക്കു കൊണ്ടറീം

ചരിത്രമോ സംസ്കാരമോ മറഞ്ഞിരിക്കുന്ന അസഭ്യവാക്കുകളും ദലിത് ഭാഷയിലുണ്ട്.

മുൻകാലങ്ങളിലെ ദലിതരുടെ സാമൂഹികാവസ്ഥയുടെ സാക്ഷ്യങ്ങളാണ് ഈ വാക്കുകൾ,

| | | |
|---|---|---|
| എച്ചെലനക്കി | - | എച്ചിലില നക്കുന്നവൻ |
| കാലാപെറുക്കി | - | വിളവെടുപ്പുകഴിഞ്ഞ കൃഷിസ്ഥലത്ത് മാന്തിയും പെറുക്കിയും നടക്കുന്നവൻ |
| മിഞ്ചംതീനി | - | ഉച്ഛിഷ്ടം ഭക്ഷിക്കുന്നവൻ |

ദലിതർക്കുമാത്രമായ പേരുകളും മുമ്പുനിലനിന്നിരുന്നു. പെനത, കാളി, തിരുമ, പഴുക്ക, നീല, കുളിരി - തുടങ്ങിയ പേരുകൾ സ്ത്രീകൾക്കും ഇട്യാതി, കുഞ്ഞൻ, കോരൻ, കുറുമ്പൻ, ചാത്തൻ, കോമൻ, മാക്കോ എന്നീ പേരുകൾ പുരുഷന്മാർക്കും നൽകിയിരുന്നു. ഈ പേരുകളൊന്നും ഇന്നു പ്രചാരത്തിലില്ല. സ, ഹ, ജ, ഷ, ക്ഷ, ശ്ര എന്നീ അക്ഷരങ്ങളൊന്നും ഈ പേരുകളിൽ ഇല്ല.

ദലിത് ഭാഷാ പ്രയോഗങ്ങൾ കൂടുതലായി കാണപ്പെടുന്നത് നാടൻ പാട്ടുകളിലാണ്. പക്ഷെ കാലക്രമത്തിൽ ഈ ഭാഷാപ്രയോഗങ്ങൾ പലതിന്റെയും തനിമ നഷ്ടപ്പെട്ടുപോകുന്നുണ്ട്. നാടൻപാട്ടുകളുടെ പരിഭാഷകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. പല പരിഭാഷകളിലും നാടൻ പ്രയോഗങ്ങളുടെ തനിമ മാത്രമല്ല അർഥവും മാറിപ്പോകുന്നതായി മനസിലാക്കാം. ഉദാഹരണമായി

നേരം പോയ് നേരം പോയ്
പൂക്കൈത മറ പറ്റി;
കുന്നംകോഴി കുളക്കോഴി
തത്തിതത്തിച്ചാടുന്നേ

ഈ നാലുവരികൾ ഒരുമിച്ച് ചേർത്തു തർജമ ചെയ്യുമ്പോൾ യഥാർഥ അർഥത്തിൽനിന്ന് തർജമ വളരെ മാറിപ്പോകുന്നതെങ്ങനെയെന്നത് ശ്രദ്ധിക്കുക.

The time is gone, the time is gone
The water fowl
is happy away
behind the screwpine

'നേരംപോയ്' എന്നതിനർഥം'It is high time' എന്നാണ്. (It is high time to stop work and go home)

▶ ദലിത് ഭാഷാ പ്രയോഗങ്ങൾ കൂടുതലും നാടൻപാട്ടുകളിലാണ് കാണപ്പെടുന്നത്

'പൂക്കൈത'യ്ക്ക് ദലിത് ഭാഷയിൽ 'സൂര്യൻ' എന്നാണർഥം. 'മറപറ്റി' എന്നതിന് 'മറഞ്ഞു' (സൂര്യൻ അസ്തമിച്ചു, കുളക്കോഴി ചേക്കേറുന്നു). എന്നാൽ മുകളിൽ കാണിച്ച തർജമ ഈ അർഥമില്ല നൽകുന്നത്. ഇങ്ങനെ ശരിയായ അർഥബോധമില്ലാത്ത തർജമയിലൂടെയും കാലക്രമേണ പ്രചാരലുപ്തമായും ദലിത് ഭാഷാപദങ്ങൾ പലതും ഭാഷയിൽനിന്ന് അപ്രത്യക്ഷമാവുകയാണ്. ഇങ്ങനെയുള്ള പദങ്ങൾ വീണ്ടെടുക്കേണ്ടതും ദലിത് ഭാഷയെക്കുറിച്ച് കൂടുതൽ പഠനങ്ങളുണ്ടാകേണ്ടതും അത്യാവശ്യം തന്നെയാണ്.

# വിശദപഠനം

## 1. എരി

### ഡോ. പ്രദീപൻ പാമ്പിരികുന്ന്

സാഹിത്യനിരൂപകൻ, പ്രഭാഷകൻ, നോവലിസ്റ്റ്, നാടകകൃത്ത്, സംഗീതനിരൂപകൻ, അധ്യാപകൻ എന്നിങ്ങനെ ബഹുമുഖപ്രതിഭയാണ് പ്രദീപൻ പാമ്പിരികുന്ന്. സംസ്കാരപഠനങ്ങളിലും ജനപ്രിയ സാഹിത്യപഠനങ്ങളിലും തല്പരനായിരുന്നു അദ്ദേഹം. സംസ്കാരപഠനങ്ങളിലെ കീഴാളപഠനങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളിലും അദ്ദേഹം ശ്രദ്ധ നൽകിയിരുന്നു. ദലിത് ഭാഷാസാഹിത്യങ്ങളെയും ആദിവാസി ഭാഷാസാഹിത്യങ്ങളെയും ജനകീയമാക്കാൻ അദ്ദേഹം ശ്രമിച്ചു. ദലിത് സാഹിത്യത്തിന് അക്കാദമിക് തലത്തിൽ സ്ഥാനം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം യത്നിച്ചു. ദലിത് സൗന്ദര്യശാസ്ത്രം, ദലിത് പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു. നാരായന്റെ 'കൊച്ചരേത്തി', പി.എ. ഉത്തമന്റെ 'ചാവൊലി' എന്നീ ദലിത് നോവലുകളെക്കുറിച്ച് അദ്ദഹം പഠനങ്ങൾ എഴുതിയിട്ടുണ്ട്. വയലും വീടും, പ്രവാസി, തുന്നൽക്കാരൻ എന്നിവ അദ്ദേഹം രചിച്ച നാടകങ്ങളാണ്. ഗാന്ധിജിയുടെയും മാർക്സിന്റെയും കാഴ്ചപ്പാടുകൾ സമന്വയിക്കുന്ന പുതിയ ഇന്ത്യയായിരുന്നു 'തുന്നൽക്കാരൻ' എന്ന നാടകത്തിന്റെ പ്രമേയം. ഇതിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള നിരീക്ഷണങ്ങൾ വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിലും പ്രസക്തങ്ങളാണ്. സംഗീതത്തിലും താളവാദ്യങ്ങളിലും അദ്ദേഹത്തിന് പ്രാവീണ്യമുണ്ടായിരുന്നു. ഈ സംഗീതജ്ഞാനത്തിന്റെ ഫലമാണ് 'ഏകജീവിതാനശ്വരഗാനം' എന്ന കൃതി. സിനിമാഗാനങ്ങളിൽ നിന്ന് സാധാരണ ഇടങ്ങൾ അപ്രത്യക്ഷമാവുകയാണെന്നും ആ സ്ഥാനത്ത് വരേണ്യത സ്ഥാനമുറപ്പിക്കുകയാണെന്നും ഈ പുസ്തകത്തിൽ അദ്ദേഹം നിരീക്ഷിക്കുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് സാങ്കല്പിക കഥാപാത്രമായ പറയൻ എരി നേടുന്ന ആത്മബോധത്തിലൂടെ ദലിത് സ്വത്വാന്വേഷണവും പ്രതിഷ്ഠാപനവുമാണ് പ്രദീപൻ പാമ്പിരികുന്ന് തന്റെ 'എരി' നോവലിൽ നിർവഹിക്കുന്നത്.

▶ ദലിത് ആദിവാസി ഭാഷാസാഹിത്യങ്ങളെ ജനകീയമാക്കാൻ ശ്രമിച്ചു

കീഴാളപ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും ഉല്പന്നമാ

ണ് കേരളനവോത്ഥാനം, എന്ന നവീനചിന്ത പങ്കുവയ്ക്കുന്ന നോവലാണ് 'എരി'. 'പറയനാർപുരം' എന്ന സാങ്കല്പിക ദേശത്തെ വാമൊഴികളിൽ അത്ഭുതമായി നിറയുന്ന പറയൻ എരിയുടെ ജീവിതമാണ് നോവലിന്റെ പ്രമേയം. കാലങ്ങളായി അടിച്ചമർത്തപ്പെട്ട് ജീവിക്കേണ്ടിവന്ന കീഴാള ജനതയുടെ ആത്മബോധത്തിന്റെ രൂപമായാണ് 'എരി'യെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. അയാൾ ശ്രീനാരായണഗുരുവിന് മുമ്പ് ജീവിച്ചിരുന്നു എന്ന് പറയുന്നതിലൂടെ സാമ്പ്രദായിക ചരിത്രത്തെ മാറ്റിയെഴുതുകയാണ് നോവലിസ്റ്റ്. കീഴാള ജനതയും ജീവിതവും ചരിത്രത്തിന്റെ ഭാഗമായിരുന്നു എന്ന തിരിച്ചറിവാണ് എരിയുടെ അത്ഭുത കഥകൾ മുന്നോട്ടുവയ്ക്കുന്നത്. കീഴാള വൈജ്ഞാനിക പാരമ്പര്യത്തിന്റെ അടയാളങ്ങൾ നോവലിലുണ്ട്. നാട്ടുവൈദ്യം, മന്ത്രവാദം, സംസ്കൃതവിദ്യാഭ്യാസം, പ്രസവചികിത്സ തുടങ്ങിയ മേഖലകളിൽ കീഴാള ജനത ആർജിച്ചെടുത്ത ജ്ഞാനബോധത്തിന്റെ ചരിത്രം നോവലിൽ വ്യക്തമാകുന്നു. ജനപക്ഷചരിത്രനിർമിതിയും സമാന്തരജ്ഞാനരൂപനിർമിതിയും 'എരി' എന്ന നോവലിൽ സാധ്യമാകുന്നുണ്ട്.

## എരി-നോവൽ സംഗ്രഹം

വടക്കേമലബാറിലെ ദലിത് ജനവിഭാഗങ്ങൾ നൂറ്റാണ്ടുകളായി നേരിട്ടിരുന്ന അസമത്വങ്ങളും അനീതികളും അവരുടെ ചെറുത്തുനില്പുമാണ് 'എരി' എന്ന നോവലിന്റെ പ്രമേയം. വടക്കേമലബാറിലെ കുറുമ്പ്രനാട്ടു താലൂക്കിൽ ഉൾപ്പെടുന്ന പറയനാർപുരമാണ് നോവലിന്റെ പ്രധാന പശ്ചാത്തലം. പറയനാർപുരത്തിനു പുറമേ പന്നിയൂർ, പയ്യോളി, അഞ്ചാംപീടിക, പാമ്പിരികുന്ന്, കല്പത്തിയൂർ, പൈങ്കുളം എന്നീ ഭൂപ്രദേശങ്ങളും നോവലിന്റെ പശ്ചാത്തലമാകുന്നു. നാട്ടുകാരുടെ വായ്മൊഴികളിൽ, സ്മരണകളിൽ ഐതിഹ്യമായി നിറഞ്ഞ പറയൻ എരിയാണ് നോവലിലെ മുഖ്യകഥാപാത്രം. എരിയുടെ ഐതിഹ്യം ഒരു ഭാഷാഗവേഷകനിൽ ഉളവാക്കിയ പ്രതികരണങ്ങളും എരിയെക്കുറിച്ച് അയാൾ നടത്തുന്ന അന്വേഷണവുമായാണ് നോവൽ വികസിക്കുന്നത്. കണ്ണൂരിലെ മില്ലിൽ തുണികൊടുത്ത് മടങ്ങിയ ചാലിയൻ രാമന്റെ അനുഭവവിവരണങ്ങളിൽനിന്നാണ് ഗവേഷകൻ എരിയെക്കുറിച്ച് അറിയുന്നത്. എരിയെക്കുറിച്ച് അയാൾ കേൾക്കുന്ന ആദ്യ ഐതിഹ്യമായിരുന്നു അത്. ഇരുട്ടിൽ വഴികാണാതെ അലഞ്ഞ രാമന്റെ കണ്ണിൽ എരി വെളിച്ചത്തിന്റെ മരുന്നു പുരട്ടി. അതോടെ അയാളുടെ മുന്നിൽ ഇരുട്ട് വഴിമാറി. തിരിഞ്ഞുനോക്കിയ രാമന് എരിയെ കാണാൻ കഴിഞ്ഞതുമില്ല. തുടർന്നും എരിയെക്കുറിച്ചുള്ള പല കഥകളും ഐതിഹ്യങ്ങളും ഗവഷകൻ അറിയുന്നു. എരിയെക്കുറിച്ച് ഗവേഷണം നടത്താൻ ഈ കഥകളും ഐതിഹ്യങ്ങളും ഗവേഷകന് പ്രേരണയാകുന്നു.

> ▶ അസമത്വങ്ങളും അനീതികളും ചെറുത്തുനില്പുമാണ് എരി

പറയൻ എരിയെക്കുറിച്ചുള്ള ഗവേഷണത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ അലഭ്യമായിരുന്നു. ഗവേഷകന്റെ അച്ഛന്റെ അച്ഛന്റെ സമകാലികനായിരുന്നു എരി. അതിനാൽ അച്ഛൻ എരിയെ കണ്ടിട്ടുണ്ട്. അന്നത്തെ ദലിതരിൽനിന്നും വ്യത്യസ്തനായിരുന്നു എരി. കുന്നിൻ ചെരുവിലെ വൃത്തിയുള്ള വീട്ടിൽ താമസിക്കുന്ന ശുഭ്രവസ്ത്രധാരിയായ എരിയെ ആണ് അച്ഛനിൽനിന്ന് ഗവേഷകൻ അറിയുന്നത്.

സംസ്കൃതവും മന്ത്രവാദവുമറിയുന്ന ജ്ഞാനിയായിരുന്നു അയാൾ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ശതകങ്ങളിലെ പ്രാദേശിക ചരിത്രത്തിന്റെ ഇരുട്ടിൽനിന്ന് എരിയുടെ ജീവിതം വീണ്ടെടുക്കാൻ ഗവേഷക ൻ ശ്രമിക്കുന്നു. ജാതിശ്രേണിയിൽ താണ എരി എങ്ങനെ സംസ്കൃതം പഠിച്ചു? പച്ചമരുന്നുവിദ്യകൾ എങ്ങനെ അയാൾക്ക് സ്വായത്തമായി? അയാൾ എങ്ങനെ എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന വ്യക്തിയായി മാറി? ഇതെല്ലാം ഗവേഷകന്റെ അന്വേഷണത്തിൽ ഉൾപ്പെട്ടിരുന്നു.

▶ സംസ്കൃതവും മന്ത്രവാദവുമറിയുന്ന ജ്ഞാനിയാണ് എരി

### കാമ്പ്രം ഇല്ലത്തിലെ അന്തർജനവും എരിയും തമ്മിലുള്ള കൂടിക്കാഴ്ച.

അന്തർജനം എരിയോട് സഹായം ചോദിക്കുന്നു. ഇരുപതാം വയസിൽ അവർക്ക് അറുപതുകാരനെ വിവാഹം കഴിക്കേണ്ടി വന്നു. അയാളുടെ മരണത്തിന്റെ അടുത്ത ദിവസം അവർ എരിയെ വിളിച്ചു തന്നെ വശീകരിച്ച് ചരൽക്കല്ലെറിഞ്ഞ് ഭ്രഷ്ടയാക്കണമെന്നാവശ്യപ്പെട്ടു (പുലപ്പേടി എന്ന ആചാരമായിരുന്നു അത്). ഭ്രഷ്ടയായിട്ടാണെങ്കിലും ദുരിതജീവിതത്തിൽനിന്ന് രക്ഷിക്കണമെന്നാഗ്രഹിക്കുന്ന ബ്രാഹ്മണ സ്ത്രീയുടെ നിസ്സഹായത; എന്നാൽ എരി അവളെ ഭ്രഷ്ടയാക്കിയില്ല. അയാളുടെ നീതിബോധം അതിനയാളെ അനുവദിച്ചില്ല. അവളുടെ ദയനീയതയോ സൗന്ദര്യമോ അയാളുടെ മനസിളക്കിയില്ല. "എന്റെ കുടിലിൽ എന്റെ പരമ്പരയുടെ ദുരിതമുണ്ട്. അവരുടെ നിലവിളിയുണ്ട്. അവയ്ക്ക് മുകളിൽ ഞാൻ മറ്റൊരു പാരമ്പര്യത്തെ സ്ഥാപിക്കില്ല" എന്നായിരുന്നു എരിയുടെ മറുപടി.

▶ ബ്രാഹ്മണ സ്ത്രീയുടെ നിസഹായവസ്ഥ

### പെരുവനം പാപ്പറും പാണ്ടിക്കോട്ടെ അഭ്യാസികളും തമ്മിലുള്ള സംഘട്ടനം

പറയനാർപുരത്തെ പ്രസിദ്ധനായിരുന്ന പോക്കിരിയായിരുന്നു പെരുവനം പാപ്പർ. അയാൾ ആരുടെയും മുന്നിൽ തലകുനിക്കാറില്ല. തീയ്യനായ അയാൾക്ക് ജാതി പരിഗണനകളില്ലായിരുന്നു. എരഞ്ഞിപൊയിൽ തിറപ്പറമ്പിൽവച്ച് പാപ്പറും നായരുമായി സംഘട്ടനമുണ്ടായി. സംഘട്ടനത്തിനൊടുവിൽ പാണ്ടിമേളത്തിനു പ്രമാണം പിടിച്ചു നിന്ന രാമൻ, പാപ്പറുമായി സൗഹൃദത്തിലായി. ആ സൗഹൃദം പിന്നീട് അഗാധമായ ഹൃദയബന്ധമായി മാറി. പാപ്പർക്ക് എരിയോട് സൗഹൃദവും ബഹുമാനവുമായിരുന്നു. തനിക്ക് താൻ പോന്നവരോടൊപ്പം മാത്രമേ പാപ്പർ മദ്യപിച്ചിരുന്നുള്ളൂ. അതിൽ മതമോ ജാതിയോ അയാൾ കാര്യമാക്കിയിരുന്നില്ല. പാപ്പർ കള്ളുവാങ്ങികൊടുക്കുന്ന ഒരേഒരു പറയൻ എരിയായിരുന്നു. എന്നാൽ ജാതിയുടേതായ അകലം പാലിച്ചേ പാപ്പറോടൊപ്പം എരി ഇരിക്കാറുള്ളു. മഹാമാന്ത്രികനായ കണാരപ്പണിക്കർ കല്ലൂരിൽ നിന്നും എരിയെ കാണാൻ വരുമെന്ന് പാപ്പർ എരിയോട് പറഞ്ഞു. എരിയുടെ മന്ത്രവിദ്യകളോടു കണാരപ്പണിക്കർക്ക് വലിയ മതിപ്പാണത്രേ. കണാരപ്പണിക്കർ മലയസമുദായത്തിൽപ്പെട്ട മന്ത്രവാദിയായിരുന്നു. അദ്ദേഹത്തിന് തന്റെ മന്ത്രവിദ്യകളോട് മതിപ്പുണ്ടെന്ന അറിവ് എരിയെ സന്തുഷ്ടനാക്കി. തന്റെ വംശത്തിലും ചില ജ്ഞാനരൂപങ്ങളുണ്ടെന്ന ചിന്തയിൽ അയാൾ അഭിമാനം കൊണ്ടു.

## എരിയും കണാരപ്പണിക്കരും കണ്ടുമുട്ടുന്നു

ഗവേഷകന്റെ അച്ഛനും കണാരപ്പണിക്കരും എരിയുടെ വീട്ടിലെത്തി. കണാരപ്പണിക്കർ കൊണ്ടുവന്ന മദ്യം ചിരട്ടയിൽ പകർന്ന് എരി കുടിച്ചു. അതേ ചിരട്ടയിൽതന്നെ അയാൾ കണാരപ്പണിക്കർക്ക് മദ്യം നൽകി. കണാരപപ്പണിക്കർ ആ മദ്യം കുടിക്കാൻ മടിച്ചു. അയാളുടെ ഉള്ളിൽ അയിത്തത്തിന്റെ ഇരുട്ടുണ്ടെന്ന് എരി മനസിലാക്കി. പണിക്കരുടെ മനസിൽ അജ്ഞാനത്തിന്റെ അന്ധകാരമാണെന്ന് സംസ്കൃതശ്ലോകം ചൊല്ലി എരി വ്യക്തമാക്കി. മന്ത്രവാദം ജ്ഞാനമാണ്. ജ്ഞാനം കീഴാളനെ കർമത്തിനുമേൽ അധികാരിയാക്കുന്നു എന്ന് എരി വെളിപ്പെടുത്തി. അത് മനസിലാക്കിയ പണിക്കർ എരി കുടിച്ച ചിരട്ടയിലെ മദ്യം കുടിച്ചു. പണിക്കർ പറഞ്ഞ പ്രശ്നത്തിന് എരി പരിഹാരം നൽകി. എന്നാൽ പണിക്കർ നൽകിയ ദക്ഷിണ എരി വിനയപൂർവം നിരസിച്ചു. അവിടത്തെപ്പോലെ ഒരു മഹാമന്ത്രവാദിയുടെ കയ്യിൽ നിന്ന് ഞാൻ ദക്ഷിണ വാങ്ങില്ല. ഇതെന്റെ ഗുരുദക്ഷിണയായെടുക്കുക. അറിയാത്തത് ഏത് പറയനിൽനിന്നും പഠിക്കാം എന്ന് അങ്ങ് കാണിച്ച വിനയമുണ്ടല്ലോ, ആ പാഠം എന്നെ പഠിപ്പിച്ചതിന് എന്നുപറഞ്ഞ് പണിക്കർ നൽകിയ ദക്ഷിണ എരി തിരിച്ചുകൊടുത്തു. എരിയുടെ സംഭാഷണത്തിൽ പ്രാചീനമായ ഒരു വിശുദ്ധിയുണ്ട് എന്ന് തനിക്ക് തോന്നി എന്നാണ് അച്ഛൻ ഗവേഷകനോട് പറഞ്ഞത്.

- ജ്ഞാനം കീഴാളനെ കർമത്തിനുമേൽ അധികാരിയാക്കുന്നു

## ചാപ്പൻ കോമരത്തിന്റെയും ജാനുവിന്റെയും കഥ

പറയാനാർപുരത്തെ തീയ്യകുടുംബത്തിൽനിന്ന് ചേർമലയിലക്ക് കുടിയേറിയവളാണ് ജാനു. ചാപ്പൻ കോമരം ഭഗവതിയുടെ വെളിച്ചപ്പാടും. ജാനു അറിയാതെ അവളെ സ്നേഹിക്കുന്ന കോമരം. കതിനവെടികളുടെ ശബ്ദത്തിൽ, ചെണ്ടമേളത്തിൽ, വാൾത്തലപ്പിൽ പ്രതിഫലിച്ച ജാനുവിന്റെ മുഖം ദേവിയായാണ് ചാപ്പൻ കോമരത്തിന് തോന്നിയത്. എന്നാൽ ജാതി അയാളുടെ പ്രണയസാഫല്യത്തിന് തടസ്സമായി. ജാനുവിന്റെ ആദിമൂലമായ പറയനാർപുരത്തെ പൊട്ടൻ തെയ്യത്തിനു മുന്നിൽ സാഷ്ടാംഗം നമസ്കരിച്ച് തന്റെ ജാതിയെക്കുറിച്ച് വിലപിച്ച് തന്നെ ജാതിയില്ലാത്ത ദേഹിയാക്കണമെന്ന് ദേവിയോടപേക്ഷിച്ച് അയാൾ ചേർമലയിൽനിന്ന് യാത്രയായി.

- ജാതി പ്രണയ സാഫല്യത്തിന് തടസ്സമായി നിൽക്കുന്നു

## പ്രാന്തത്തി കുട്ടൂലിയുടെ തിരോധാനം

കാച്ചുകാരൻ കേളന്റെയും സുന്ദരിയായ മാതയുടെയും മകളായിരുന്നു കുട്ടൂലി. അമ്മമ്മ മരിച്ച് അഞ്ചാം ദിവസം മുറ്റം തളിക്കാൻ ചാണകം വാരാൻപോയ കുട്ടൂലി പിന്നെ തിരിച്ചുവന്നില്ല. അവളുടെ തിരോധാനത്തിന് നാട്ടുകാർ പല വ്യാഖ്യാനങ്ങൾ നൽകി. ആളുകളുടെ ഭാവനാലോകങ്ങളിലൂടെ സഞ്ചരിച്ച് സഞ്ചരിച്ച് കുട്ടൂലി ഒരു സഞ്ചാരിയായി മാറി. മാതയുടെ അവിഹിതബന്ധങ്ങളും കേളപ്പന്റെ നിസ്സഹായതയുമായിരുന്നു കുട്ടൂലിയുടെ മാനസികനില തെറ്റാൻ കാരണമായതെന്നായിരുന്നു വ്യാഖ്യാനങ്ങളുടെയെല്ലാം ചുരുക്കം. ആറുമാസം കഴിഞ്ഞ് അവൾ തിരിച്ചുവന്നു. സിദ്ധനായ ഒരു വൈദ്യൻ തന്നെ രക്ഷിച്ചു എന്നുമാത്രമേ അവൾ പറഞ്ഞുള്ളൂ. കുട്ടൂലിയെ അവളുടെ ദുരവസ്ഥകളിൽനിന്ന് രക്ഷിച്ച് തിരിച്ചു നാട്ടിലെത്തിച്ചത് എരി ആയിരുന്നു.

- കുട്ടൂലിയെ ദുരവസ്ഥകളിൽ നിന്ന് രക്ഷിച്ചു

എന്നാൽ അവൾക്കു ദോഷം വരുമെന്നതിനാൽ ആ വിവരം ആരോടും പറയരുതെന്ന് എരി അവളെ ബോധ്യപ്പെടുത്തി.

### എരിയുടെ ചരിത്രം തിരയുന്ന ഗവേഷകൻ

എരിയെക്കുറിച്ച് തെയ്യോൻ പറയൻ പാടിയതും പണ്ഡിറ്റ് രാമപ്പണിക്കർ സൂക്ഷിച്ചിരുന്നതുമായ എഴുത്തോലയിൽനിന്ന് തെയ്യോന്റെ ജീവിതം ഗവേഷകൻ മനസിലാക്കുന്നു. ഗ്രന്ഥപ്പുരയിൽനിന്ന് ഗവേഷകനു ലഭിച്ച ഓലയിൽ 'തെയ്യോൻ പാടിയ എരിയോല' എന്ന് രേഖപ്പെടുത്തിയിരുന്നു. അരീക്കുളങ്ങര അമ്പലത്തിൽ പണ്ട് ആരോ സമർപ്പിച്ചിരുന്നതായിരുന്നു ആ ഓല എന്ന് രാമപ്പണിക്കർ ഗവേഷകനോട് പറഞ്ഞു. എരിയുടെ ജീവിതവുമായി തെയ്യോൻ പറയന് ഉണ്ടായിരുന്ന ബന്ധം ആ ഓലയിൽനിന്ന് ഗവേഷകൻ മനസിലാക്കി. പറയർക്കിടയിൽ എരി ഒരു ദൈവമായി മാറുകയായിരുന്നു എന്നും വ്യക്തമായി. ഓലയിലെ പാട്ടിലെ ഭാഷയെക്കുറിച്ചും എരിയുടെ ജീവിതത്തെക്കുറിച്ചും ആ ഓലയിൽനിന്ന് ഗവേഷകൻ കൂടുതൽ മനസിലാക്കാൻ ശ്രമിച്ചു. ഗവേഷകന് കിട്ടിയ എരിയോലയിൽ തെയ്യോൻ പറയന്റെയും പഞ്ചമിയുടെയും ദാമ്പത്യജീവിതത്തിന്റെ കഥയാണുണ്ടായിരുന്നത്.

### തെയ്യോൻ പാടിയ എരിയോല

വെളുത്ത നിറവും ഗോരോചനത്തിന്റെ മണവുമുണ്ടായിരുന്നു പഞ്ചമിക്ക്. പന്തലായനി ചന്തയിലും കൊല്ലം ചന്തയിലും കുട്ടയും മുറവും വിൽക്കാനെത്തിയ പഞ്ചമിയിൽ തെയ്യോൻ ആകൃഷ്ടനായി. എന്നാൽ അവളുടെ സൗന്ദര്യത്തെ പിന്തുടരാൻ മറ്റനേകം പേർ നാട്ടിലുണ്ടായിരുന്നു. പഞ്ചമിക്കു ചുറ്റും പടരുന്ന പുരുഷാസക്തികൾ തെയ്യോനെ ദുഃഖിതനാക്കി. അയാൾ എരിയെ കണ്ട് സങ്കടം പറഞ്ഞു. എരിയും തെയ്യോനും തമ്മിലുള്ള സംഭാഷണങ്ങളടങ്ങിയ ഓല ഗവേഷകന് ലഭിച്ചു. എരിയെക്കണ്ട് സന്തോഷത്തോടെ മടങ്ങുന്ന തെയ്യോനെയാണ് തുടർന്ന് ഓലയിൽ ഗവേഷകൻ കാണുന്നത്. തെയ്യോൻ വീട്ടിലെത്തിയപ്പോഴേക്കും മറ്റ് പുരുഷന്മാരുടെ ആക്രമണത്തിൽ പഞ്ചമി കൊല്ലപ്പെട്ടിരുന്നു. ആ എരിയോല തെയ്യോൻ പറയന്റെ ആദ്യവിലാപകാവ്യമായി മാറി.

> ▶ പഞ്ചമിയിൽ ആകൃഷ്ടനായ തെയ്യോൻ

### അമ്പട്ടൻ രാമോട്ടിയും ഒസാൻ അന്ത്രുവും

രാമോട്ടിയും അന്ത്രുവും ക്ഷുരകന്മാരായിരുന്നു. സ്വന്തം വംശത്തിന്റെയും അതിനു വന്നുചേർന്ന പാതിത്യത്തിന്റെയും പേരിൽ ദുഃഖിക്കുന്നവരാണ് അവർ. അവരുടെ സംഭാഷണങ്ങളിലൂടെ പഞ്ചമിയുടെയും തെയ്യോന്റെയും കഥ തുടരുന്നു. പഞ്ചമിയെക്കൊന്ന നമ്പ്യാർ ചെക്കന്മാർ അധികാരത്തിന്റെയും സ്വാധീനത്തിന്റെയും ശക്തിയാൽ രക്ഷപ്പെട്ടു. ഒരു തെറ്റും ചെയ്യാത്ത പഞ്ചമിക്ക് വന്നുചേർന്ന ദുരന്തം അവരെ അസ്വസ്ഥരാക്കി. ഈ ദുഃസ്ഥിതിയിൽനിന്ന് തങ്ങളെ രക്ഷിക്കാൻ എരി മാത്രമേയുള്ളൂ എന്നുപറഞ്ഞുകൊണ്ട് രാമോട്ടി തെയ്യോന്റെയും എരിയുടെയും കഥ തുടർന്നു. അത് ഗവേഷകന് ലഭിക്കാതെ പോയ ഓലയിലെ കഥയായിരുന്നു. തെയ്യോനും എരിയും തമ്മിലുള്ള സംഭാഷണമായിരുന്നു അതിലുണ്ടായിരുന്നത്. അതിൽ, എരി തെയ്യോന്

പറയവംശത്തിന്റെ മാഹാത്മ്യങ്ങൾ പറഞ്ഞുകൊടുക്കുന്നു. കാലങ്ങൾക്ക് മുൻപ് രാജവിളംബരങ്ങൾ പറകൊട്ടി രാജ്യമൊട്ടുക്കും അറിയിക്കുന്നവരായിരുന്നു പറയർ. പാക്കനാരുടെ വംശത്തിൽപ്പെട്ടവരാണവർ. പറയർ ദൈവപുത്രരാണ് അതിനാൽ തന്നെ ശക്തരും. "കുനിഞ്ഞു നിൽക്കുന്നേടം വരെ നമ്മെ ചവിട്ടാനാളുണ്ടാകും. എന്നാൽ നിവർന്നു നിൽക്കുക, നിന്റെ ശക്തി ശരീരത്തിലല്ല ആത്മവീര്യത്തിലാണ്" എന്ന് എരി തെയ്യോന് ആത്മവിശ്വാസം നൽകി. ഈ രാവുകാത്താൽ പിന്നെ തോൽക്കില്ല എന്നുപറഞ്ഞാണ് എരി തെയ്യോനെ യാത്രയാക്കിയത്. പക്ഷെ രാവുകാക്കാൻ തെയ്യോന് കഴിഞ്ഞില്ല. അയാൾ എത്തുമ്പോഴേക്കും പഞ്ചമി കൊല്ലപ്പെട്ടിരുന്നു. സ്വയം അവസാനിപ്പിക്കാനായി അയാൾ ഗുളികൻതറയിലേക്ക് പാഞ്ഞു. എങ്ങുനിന്ന്, എങ്ങനെ എന്നറിയാതെ അവിടെ എത്തിയ എരി അയാളിൽനിന്ന് കത്തി പിടിച്ചു വാങ്ങി. മരിക്കുകയല്ല ജീവിക്കുകയാണ് പറയർ ചെയ്യേണ്ടതെന്ന് അവിടെ വച്ച് എരി പ്രതിജ്ഞ എടുത്തു. എരിയും തെയ്യോനും പാടിക്കരഞ്ഞ പാട്ടുകളാണ് 'എരിയോല'. എരിയോല അരീക്കുളങ്ങര ക്ഷേത്രനടയിൽ സമർപ്പിച്ച് എരി സൂര്യനെ നോക്കി നടന്നു. എരിയുടെ ആദ്യശിഷ്യൻ തെയ്യോൻ പറയനാർപുരത്തേക്ക് ഗുരുസേവയ്ക്കായി പോയി. എരിയെക്കുറിച്ച് ഗവേഷകൻ കൂടുതൽ അന്വേഷിക്കുന്നു. അതിനുവേണ്ടി, കൂളികെട്ടുനടത്തുന്ന ഒരു സ്ഥലത്തുവച്ച് അവിടെ കർമങ്ങൾ നടത്തുന്ന കാളിപ്പറയനെ അയാൾ കണ്ടു. എരിയെ നേരിൽ ക്കണ്ടിട്ടുള്ള ആളായിരുന്നു കാളിപ്പറയൻ. അയാൾ ഗവേഷകനോട് എരിയുടെ കഥ പറഞ്ഞു.

> ▶ എരിയും തെയ്യോനും പാടിക്കരഞ്ഞ പാട്ടുകളാണ് എരിയോല

കാമ്പുറത്തെ അടിയോടിയുടെ വീട്ടിലെ പുടമുറി കല്യാണത്തിന്റെ സദ്യയുടെ ഉച്ഛിഷ്ടങ്ങൾക്കിടയിലാണ് കാളിപ്പറയൻ ആദ്യമായി എരിയെ കാണുന്നത്. അതിഥികൾ കഴിച്ച് ബാക്കിയായ ആഹാരം അക്കാലത്ത് പറയർക്കുള്ളതായിരുന്നു. മീൻപിടിച്ചും കൊട്ട മെടഞ്ഞും ഇളനീർ കുടിച്ചും നടന്നിരുന്ന എരിയെ ആയിരുന്നു അയാൾക്ക് പരിചയം. ഓടുന്ന എന്തിനെയും കല്ലുമന്ത്രിച്ചെറിഞ്ഞ് വീഴ്ത്താൻ അയാൾക്ക് കഴിവുണ്ടായിരുന്നു. സസ്യങ്ങളുടെ ഗുണഗണങ്ങൾ അയാൾക്ക് നന്നായി അറിയാം. തോട്ടിലെ മീനിനെ ധ്യാനിച്ചു വരുത്തുന്ന വിദ്യയും അയാൾക്കു വശമായിരുന്നു. ഗവേഷകന്റെ അച്ഛന്റെ എളേപ്പനുമായി എരിക്ക് സൗഹൃദമുണ്ടായിരുന്നു. തന്നോടൊപ്പം മദ്യപിക്കാൻ അയാൾ എരിയെ അനുവദിച്ചിരുന്നു. വിദ്യ അറിയാം എന്നുള്ളതിനാലാണ് അയാൾ തന്നെ മാറ്റിനിർത്താത്തതെന്ന് എരി മനസിലാക്കിയിരുന്നു. അയാൾ അത് പറയുകയും ചെയ്യുന്നു. അറിവാണ് പ്രധാനം. അറിവുള്ളതുകൊണ്ട് അയാളുടെ വർഗക്കാരും എരിയെ ബഹുമാനിച്ചു. തന്നെ, തന്റെ അറിവിനെ ബഹുമാനിക്കുന്നുവെങ്കിലും സ്വയം ബഹുമാനിക്കാൻ അവർക്കറിയില്ല എന്നതോർത്ത് എരി ഖേദിക്കുന്നു.

> ▶ കാളിപ്പറയൻ ആദ്യമായി എരിയെ കാണുന്നു

## എരിയെക്കുറിച്ചുള്ള സൂചനകളടങ്ങിയ കത്ത്

ലണ്ടനിലുണ്ടായിരുന്ന സുഹൃത്ത് ഹൈദ്രാബാദിലുള്ള സുഹൃത്ത് വശം ഗവേഷകന് ഒരു കത്ത് കൊടുത്തുവിട്ടു. ബ്രിട്ടീഷ് സർക്കാർ പ്രസിഡൻസി രേഖകളായിരുന്നു അത്. അവയിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ കമ്പനി രേഖകളുടെ ചില പകർപ്പുകളും അതിനോടൊപ്പം ഓലയിലെഴുതിയ ഒരു കത്തിന്റെ പകർപ്പും ഉണ്ടായിരുന്നു.

കൊല്ലം 1025 ധനുവിൽ എരി പൗലോസ് പുലയന് എഴുതിയ കത്തായിരുന്നു അത്. മതപരിവർത്തനത്തിനായി തെയ്യോൻ പറയനെ പൗലോസിനടുത്തേക്ക് അയയ്ക്കുന്നു എന്നതായിരുന്നു കത്തിലെ ഉള്ളടക്കം. 1859-ൽ 'ഘാതകവധം' എന്ന നോവൽ എഴുതാനായി മിസിസ് കോളിൻസ് ശേഖരിച്ചവയായിരുന്നു ആ രേഖകൾ. പൗലോസ് പുലയൻ യഥാർത്ഥത്തിൽ ജീവിച്ചിരുന്ന വ്യക്തിയായിരുന്നു. സമരത്തിൽ ഒരു കുട്ടി മരിക്കുകയുണ്ടായി. സമരത്തിന്റെ വിവരങ്ങളറിയാനാണ് എരി തെയ്യോൻ പറയനെ അയച്ചത്. ഈ വിവരങ്ങൾ അടിസ്ഥാനമാക്കി ഗവേഷകൻ എരിയുടെ പ്രായം ചിന്തിക്കുന്നു. എരി ജനിച്ചത് 1820-ൽ ആയിരിക്കണം. ശ്രീനാരായണഗുരു ജനിക്കുന്നത് 1856-ൽ ആണ്. ഗുരുവിന് മുൻപ് ആത്മബോധം നേടിയ എരി പറയനാർപുരത്തു ജീവിച്ചിരുന്നു. എന്നാൽ ആ അറിവ് ഓർമകളിലൂടെയും വായ്മൊഴികളിലൂടെയും മാത്രമാണ് നിലനിൽക്കുന്നത്. അത്തരം അറിവുകളെക്കുറിച്ച് ചരിത്രം മിക്കപ്പോഴും മൗനം പാലിക്കുന്നു. പരാജയപ്പെട്ട മനുഷ്യരുടെ എണ്ണമറ്റ കണ്ണീർത്തുള്ളികളിൽ നിന്നാണ് യഥാർത്ഥ ചരിത്രം തുടങ്ങുന്നതെന്ന യാഥാർത്ഥ്യം ഗവേഷകൻ തിരിച്ചറിയുകയായിരുന്നു. എരിയുടെ ആത്മാവ് ഒരു കണ്ണുനീർത്തുള്ളിയായി തന്റെ നെറുകയിൽ ഇറ്റുവീഴുന്നതായി അയാൾക്ക് തോന്നി.

- എരിയുടെ പ്രായം കണക്കാക്കുന്നു

ഭ്രാന്തൻ രാമന്റെയും ഭ്രാന്തൻ ഗംഗാധരന്റെയും കഥയിലൂടെ എരിയുടെ അറിവും ദിവ്യത്വവും കൂടുതൽ വെളിപ്പെടുന്നു. രാമനും ഗംഗാധരനും പറയനാർപുരത്തെ രണ്ട് സാധാരണ മനുഷ്യരായിരുന്നു. രാമൻ ഒരു സ്വപ്നാടകനായിരുന്നു. അയാൾ പാട്ടുപാടി നടന്നു. പിന്നീട് പാട്ടും സ്വപ്നവും തമ്മിൽ വേർതിരിവില്ലാതായി. സ്വപ്നങ്ങളുടെ ഭാഷയിൽ അയാൾ പാടിയതൊന്നും നാട്ടുകാർക്ക് മനസിലായില്ല. നിരന്തരമായ ഓർമയായിരുന്നു ഗംഗാധരന്റെ പ്രത്യേകത. ദിവസങ്ങളും തീയതികളും അയാളുടെ ഓർമയിൽ മായാതെ നിന്നു. ഫലിതവും വക്രോക്തിയും കലർന്നതായിരുന്നു ഗംഗാധരന്റെ സംസാരം. രണ്ടുപേരുടെയും ഭ്രാന്തിനെക്കുറിച്ച് പല പ്രകാരത്തിലുള്ള കഥകൾ വായ്മൊഴികളായി നാട്ടിൽ പ്രചരിച്ചു. അവരുടെ ഭ്രാന്ത് മാറ്റാനായി നാട്ടുകാർ അവരെ എരിയുടെ അടുത്തുകൊണ്ടുവന്നു. എന്നാൽ എരി അവരുടെ ഭ്രാന്ത് മാറ്റിയില്ല. മാന്ത്രികനായ അച്ഛൻ വേലൻകുഞ്ഞന്റെ പരീക്ഷണങ്ങളുടെ ഫലമായിട്ടാണ് രാമന് ഭ്രാന്ത് വന്നത്. അത് മാറ്റാൻ തനിക്കാവില്ല എന്ന് എരി തുറന്നു പറഞ്ഞു. ഗംഗാധരന്റെ ഭ്രാന്താകട്ടെ ജന്മശാപമോ സുകൃതമോ ആണ്. അതും മാറ്റേണ്ടതില്ല. "പടച്ചോൻ ഓരോന്ന് വച്ചിട്ടുണ്ട്. പറയനും പുലയനും പാണനും. അത് നാം കൂട്യാൽ കൂടില്ല" എന്നുമാത്രമാണ് എരി പറഞ്ഞത്. എരിയിൽ ദിവ്യത്വവും ജ്ഞാനവും വെളിപ്പെടുത്തുന്നതായിരുന്നു ഈ സംഭവം.

- എരിയുടെ ദിവ്യത്വവും ജ്ഞാനവും വെളിപ്പെടുത്തുന്ന സന്ദർഭം

കുറുമ്പ്രനാട്ടിലെ ആധാരമെഴുത്തുകാരിൽ പ്രധാനിയായിരുന്നു രാമുണ്ണി മേനോൻ. അയാളുടെ തറവാട്ടിൽ നിരവധി ആധാരങ്ങളുടെ പകർപ്പ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുത്തച്ഛൻ കുണ്ടുണ്ണിമേനോൻ കുറുമ്പ്രനാട്ടു കച്ചേരിയിലെ സർക്കാർ രേഖകളുടെ സൂക്ഷിപ്പുകാരനായിരുന്നു. കുറുമ്പ്രനാട്ടുരേഖകൾ എന്ന പേരിൽ 1700 മുതലുള്ള കുറെ പ്രാചീനരേഖകൾ അദ്ദേഹം സൂക്ഷിച്ചിരുന്നു. ഈ രേഖകളിൽ എരിയുടെ ജീവിതത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങളുണ്ടാകുമെന്ന് ഗവേ

ഷകൻ ചിന്തിച്ചു. അതിനായി കച്ചേരിയിലെ ഡോക്യുമെന്റ് റൈറ്റിംഗ് സെക്ഷനിൽനിന്ന് റിട്ടയർ ചെയ്ത ശങ്കുണ്ണിമേനോനെ ഗവേഷകൻ സമീപിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ആ രേഖകൾ തേടി കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പോകാനും അയാൾ തീരുമാനിച്ചു. അന്നുരാത്രി സ്വപ്നത്തിൽ കുണ്ടുണ്ണിമേനോൻ ആ രേഖകളെക്കുറിച്ച് ഗവേഷകനോട് സംസാരിച്ചു. ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യ സ്വതന്ത്ര യാകുന്നതിന് മുമ്പേയുള്ള രേഖകൾ അയാൾ ഫയൽ ചെയ്തുവച്ച താണ്. അത് കിറുക്കാണെന്നും കൗതുകമാണെന്നും മറ്റുള്ളവർ വില യിരുത്തിയിരുന്നു. എങ്കിലും ഭാവിയിൽ ആ രേഖകൾ കണ്ടെടുക്കാൻ ആരെങ്കിലും വരും എന്ന പ്രതീക്ഷയിലാണ് ആ രേഖകൾ അദ്ദേഹം ഫയൽ ചെയ്തത്. 'എന്റെ റാന്തൽവിളക്കിന്റെ ചുവട്ടിലെ കിറുക്ക് നിന ക്കുപകരിക്കുമെങ്കിൽ എന്റെ ജന്മം സുകൃതം ചെയ്തതായി. ആരെങ്കി ലും ആ രേഖകൾ കണ്ടെടുക്കാൻ വരും എന്ന എന്റെ പ്രതീക്ഷയുടെ ഫലമാണ് കുട്ടി നിന്റെ അന്വേഷണം'' എന്ന് പറഞ്ഞ് കുണ്ടുണ്ണി മേ നോൻ മറഞ്ഞു.

> ▶ കുണ്ടുണ്ണി മേനോൻ സ്വപ്നത്തിൽ വന്ന് രേഖകളെക്കുറിച്ച് ഗവേഷകനോട് സംസാരിക്കുന്നു

ഗവേഷകൻ അന്വേഷണം തുടർന്നു. കുന്നുകൂടി കിടക്കുന്ന ഫയലു കൾക്കിടയിൽ സെക്ഷൻ ക്ലാർക്ക് ജീവനോടൊപ്പം അയാൾ പരതാൻ തുടങ്ങി. "അജ്ഞാതനായ ഒരു പറയന്റെ ചരിത്രം പുനരാവിഷ്കരിച്ച തുകൊണ്ട് എന്താണ് കാര്യം? ആർക്കാണതിൽ താല്പര്യമുണ്ടാവുക'' എന്ന് ജീവൻ ചോദിക്കുന്നുണ്ട്. "ശരിയാണ്, പക്ഷെ എനിക്കതിൽ താല്പര്യമുണ്ട്. ഓരോ മനുഷ്യനും അവരവരുടേതായ പങ്ക് ഓരോ ചരിത്രപ്രക്രിയയിലും അനുഷ്ഠിക്കുന്നുണ്ട് എന്നാണെന്റെ വിശ്വാസം. എന്നാൽ നമ്മുടെ ചരിത്രങ്ങളിൽ അവയില്ല. അങ്ങനെയുള്ള ഒരു മനു ഷ്യനാണ് എരി. അയാൾക്ക് ഒരു ചരിത്രമുണ്ടെന്ന് സ്ഥാപിക്കുകയാ ണ് എന്റെ ലക്ഷ്യം'' എന്നായിരുന്നു ഗവേഷകന്റെ മറുപടി. ഒടുവിൽ കുണ്ടുണ്ണിമേനോൻ സൂക്ഷിച്ചിരുന്ന ഒരു സ്വകാര്യ ഫയലിൽനിന്നും പുലപ്പേടി, മണ്ണാപ്പേടി എന്നീ ആചാരങ്ങളെ സൂചിപ്പിക്കുന്ന ചില കത്തുകൾ ഗവേഷകന് കിട്ടി. മലബാർ കളക്ടർ ഈസ്റ്റിന്ത്യാകമ്പനി ക്കയച്ച കത്തുകളായിരുന്നു അവ. കുറുമ്പ്രനാട്ടു താലൂക്കിലെ സുന്ദ രിയായ മലയസ്ത്രീയെ പഴുക്കയെറിഞ്ഞ് പറയർ തട്ടിക്കൊണ്ടുപോ യതിനെക്കുറിച്ചും, അന്നു മലബാറിൽ നിലനിന്നിരുന്ന പുലപ്പേടി, മണ്ണാപ്പേടി എന്നിവയ്ക്കെതിരെ നടപടിയെടുക്കണമെന്നുമായിരുന്നു ആ കത്തിന്റെ ഉള്ളടക്കം. എരിയുടെ അമ്മയെക്കുറിച്ചും എരിയെക്കുറി ച്ചുമുള്ള കേട്ടുകേൾവികൾ ശരിവയ്ക്കുന്നതായിരുന്നു ആ കത്ത്.

> ▶ പുലപ്പേടി, മണ്ണാപ്പേടി എന്നീ ആചാരങ്ങളുടെ സൂചന ലഭിച്ചു

എരിയുടെ അമ്മ മാതു മലയസമുദായത്തിൽപ്പെട്ടവളായിരുന്നു. മാതുവിനെ ഒരു പറയയുവാവ് പഴുക്കയെറിഞ്ഞ് (ഭ്രഷ്ടയാക്കി) സ്വ ന്തമാക്കുകയായിരുന്നു. ഉയർന്ന ജാതിക്കാർ പറയരെ ഭയക്കാൻ ഈ സംഭവം കാരണമായി. എന്നാൽ ഓടി മറയാൻ അറിയാവുന്ന പറയ രോട് ഏറ്റുമുട്ടാൻ അവർക്ക് ധൈര്യമില്ലായിരുന്നു. മാത്രമല്ല, പറയരെ തൊട്ടാൽ അശുദ്ധമാവുകയും ചെയ്യും. അതിനാൽ അവർ സർക്കാരി ലേക്ക് പരാതി നൽകി. കുറുമ്പ്രനാട്ടിലെ ആദ്യ പറപ്പേടിപ്പരാതി ആയി രുന്നു അത്. മാതുവിന്റെയും പറയ യുവാവിന്റെയും മകനായിരുന്നു എരി. പരിവർത്തനോന്മുഖതയുടെ ബീജം അയാളിൽ ജനനത്തിനു മുമ്പേ പ്രവർത്തിക്കുന്നുണ്ടായിരുന്നു എന്ന് ഗവേഷകന് തോന്നി.

> ▶ മാതുവിന്റെയും പറയ യുവാവിന്റെയും മകനായിരുന്നു എരി

മലയികളിൽത്തന്നെ അതിസുന്ദരിയായിരുന്നു എരിയുടെ അമ്മ. വെലിക്കള എന്ന ചടങ്ങിൽ ശ്രുതിസുന്ദരമായി തോറ്റം ചൊല്ലിയിരുന്ന മാതുവിനെ ആ നാട്ടിലെ എല്ലാവർക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെ അവളെ പറയൻ തീണ്ടിയത് എല്ലാവരെയും അസ്വസ്ഥരാക്കി. എന്നാൽ ആ പറയന്റെ പേര് അവിടെ ആർക്കും അറിയില്ലായിരുന്നു. പറയന്റെ പേരിന് അക്കാലത്ത് യാതൊരു പ്രസക്തിയുമില്ലായിരുന്നു. പറയർക്ക് മറ്റുള്ളവരുടെ മുന്നിൽ വരാൻ അനുവാദമില്ലായിരുന്നു. ദൂരെനിന്നുവേണം അവർ മറ്റു ജാതിക്കാരെ കാണാൻ. ഭക്ഷണം ദൂരെവച്ചു കൊടുക്കും. വച്ചുകൊടുത്ത ആൾ മാറിയാൽ മാത്രമേ പറയർക്ക് അതെടുത്ത് കഴിക്കാൻ പറ്റിയിരുന്നുള്ളൂ. പകൽ വെളിച്ചത്തിൽ പറയർ നടക്കാറില്ല. ഉയർന്ന വീട്ടിലെ കുട്ടികൾ പറയരെ ദൂരെ നിന്ന് കൗതുകത്തോടെ നോക്കിയിരുന്നു. സാഹചര്യങ്ങൾ ഇങ്ങനെ ആയതിനാൽ അച്ഛന്റെ പേര് എരിയെക്കുറിച്ചുള്ള ആഖ്യാനത്തിൽ ഒരിടത്തും ഇടം നേടിയില്ല. ഗവേഷകന്റെ അഭിപ്രായത്തിൽ പറയനാർപുരത്തെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായിരുന്നു എരിയുടെ അച്ഛൻ.

> ▶ പറയനാർപുരത്തെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായിരുന്നു എരിയുടെ അച്ഛൻ

നായന്മാരുടെയും തീയ്യരുടെയും വീട്ടിലെ ചത്തപശുക്കളെ പറയർ വലിച്ചുകൊണ്ടുവന്ന് ഭക്ഷിച്ചിരുന്നു. എരി അത് വിലക്കി. ജോലി ചെയ്ത് ആഹാരത്തിന് വഴി കണ്ടെത്തണമെന്ന് അയാൾ തന്റെ കൂട്ടരോട് പറഞ്ഞു. കൃഷിഭൂമി ഇല്ലാത്തതിനാൽ കൃഷി ചെയ്യാനാവില്ല. എന്നാൽ കുട്ടയും പായും ഉണ്ടാക്കാം. എന്നാൽ അത് മറ്റുള്ളവരുടെ വീട്ടിൽ കൊണ്ടുപോയി കൊടുക്കരുത്. ചന്തയിൽ വിൽക്കണം. അതിന് പണം വാങ്ങുകയും വേണം. വെള്ളരിയും തേങ്ങയുമല്ല പണം തന്നെ വാങ്ങണമെന്നായിരുന്നു എരിയുടെ നിർദ്ദേശം. പറയക്കൂട്ടത്തിന് പുതിയ തീരുമാനങ്ങളെടുക്കാൻ പ്രേരണ എരിയാണെന്നറിഞ്ഞ നമ്പ്യാന്മാരും നായന്മാരും എരിയെ അടിക്കാൻ തീരുമാനിച്ചു. ഈ വിവരം മനസിലാക്കിയ പെരുവനം പാപ്പർ എരിയെ രക്ഷിക്കണമെന്ന് തീരുമാനിച്ചു. എടത്തിലെ തിറയ്ക്ക് എരിയെ ആക്രമിക്കണമെന്ന് കല്പത്തൂർ തീയ്യന്മാരുടെ തീരുമാനം കണാരപ്പണിക്കർ കേൾക്കാനിടയായി. അയാൾ ആ വിവരം പെരുവനം പാപ്പറെ അറിയിച്ചു. എരിയെ രക്ഷിക്കണമെന്നും പറഞ്ഞു. എരിയെ ഇക്കാര്യം അറിയിക്കേണ്ടെന്നായിരുന്നു പാപ്പർ പറഞ്ഞത്. എരിയുടെ കഴിവിൽ അയാൾക്ക് അത്രയും വിശ്വാസമായിരുന്നു. അയാൾ വിചാരിച്ചതുപോലെ എരി തന്റെ അഭ്യാസബലം കൊണ്ട് തീയ്യന്മാരെ പരാജയപ്പെടുത്തി.

> ▶ പറയരെ സ്വന്തം കാലിൽ നിൽക്കാൻ പ്രേരിപ്പിക്കുന്നു

പുലയർക്കിടയിൽ സാമൂഹികമാറ്റത്തിന് ചിന്തകളുണർത്തിയ അഭ്യാസിയായിരുന്നു തേവർ വെള്ളോൻ. തേവർമഠം കോയയെയും ഒതേനനെയും പരാജയപ്പെടുത്തിയ പോരാളി. തേവർ വെള്ളോനെക്കാണാൻ ഗുളികപ്പുഴ നീന്തി എരി എത്തുന്നു. എരി അപായം നിറഞ്ഞ പുഴ നീന്തിക്കയറിയ വിവരം പറയനാർപുരത്ത് തലമുറകളായി പറഞ്ഞു പ്രചരിപ്പിച്ചതാണ്. തേവർ വെള്ളോനും എരിയും സംസാരിച്ചതെന്തായിരുന്നു എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ ഗവേഷകന് ലഭ്യമായില്ല. എന്നാൽ കർക്കടക മഴയിൽ കവിഞ്ഞൊഴുകുന്ന പുഴ നീന്തിക്കടക്കാൻ മാത്രം ആത്മബോധത്തിന്റെ തീ എരിയിൽ എരിഞ്ഞുകൊണ്ടിരുന്നു എന്ന് അയാൾക്ക് മനസിലായി. അവർ തേ

വർ വെള്ളന്റെ ചരിത്രമന്വേഷിക്കാൻ ശ്രമിച്ചു. എന്നാൽ പറയർക്കും പുലയർക്കും എഴുതപ്പെട്ട ചരിത്രമില്ല. അവർക്ക് ആശ്രിത ചരിത്രം മാത്രമേയുള്ളൂ എന്ന അറിവിലാണ് അയാൾ എത്തുന്നത്. മന്ത്രവാദിയായ രാമപ്പനമ്പ്യാരും എരിയും തമ്മിൽ കാണുന്നു. രാമപ്പനമ്പ്യാർ മഹാമന്ത്രവാദിയെന്നാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്. സന്താന ലബ്ധി പൂജയിൽ സമർത്ഥനെന്നും. പക്ഷെ അയാളുടെ മന്ത്രവാദത്തിൽ കാപട്യമുണ്ടായിരുന്നു. രാമപ്പനമ്പ്യാരുടെ മരണശേഷമാണ് അക്കാര്യം പുറത്തറിയുന്നത്. ആ കഥയെത്തുടർന്ന് രാമപ്പനമ്പ്യാരെക്കുറിച്ച് ഗവേഷകൻ അന്വേഷിക്കുന്നു. രാമപ്പനമ്പ്യാർ എരിയെ കണ്ടിട്ടുണ്ടായിരുന്നു. അക്കാലമായപ്പോഴേക്കും എരിയുടെ നേതൃത്വത്തിൽ പറയ സമുദായക്കൂട്ടങ്ങൾ കൂടാൻ തുടങ്ങിയിരുന്നു. തേവർ വെള്ളോന്റെ ഊരിൽ സമുദായക്കൂട്ടം കഴിഞ്ഞുവരുന്ന എരിയേയും സംഘത്തെയും രാമപ്പനമ്പ്യാർ കണ്ടു. തന്റെ സമുദായത്തെ രക്ഷിക്കാൻ രാമപ്പനമ്പ്യാരെപ്പോലുള്ളവരുടെ സഹായം വേണമെന്ന് പറഞ്ഞ് എരിയും സംഘവും പോയി. എരിയിൽ ഒരു ജ്ഞാനപ്രകാശം കാണുന്നതായി രാമപ്പനമ്പ്യാർക്ക് തോന്നി. കൂളികെട്ട് കലാകാരൻ കുപ്പയുടെ അരുളപ്പാടിൽ ഗവേഷകൻ കൂളിയുടെ ചരിത്രം തിരയുന്നു. ഉള്ളിലെരിയുന്ന രക്ഷക സങ്കല്പമായി അവയിൽ എരി നിറഞ്ഞുനിന്നു. ബോധാബോധങ്ങൾക്കിടയിലൂടെ അയാൾ നടത്തിയ വെളിപാടുകളെ തന്റെ അന്വേഷണത്തിന് പ്രമാണമാക്കുന്നതെങ്ങനെയെന്ന് ഗവേഷകൻ ആശങ്കപ്പെട്ടു.

- പറയർക്കും പുലയർക്കും എഴുതപ്പെട്ട ചരിത്രമില്ല

### എരിയുടെ വിവാഹം

എരിയുടെ വിവാഹത്തെക്കുറിച്ചും വാമൊഴിക്കഥകൾ പ്രചരിച്ചിരുന്നു. വിവാഹം കഴിച്ചിരുന്നുവെങ്കിലും ഭാര്യ എവിടുത്തുകാരിയാണെന്നോ, ഏത് ജാതിക്കാരി ആണെന്നോ ആർക്കും അറിയില്ലായിരുന്നു. അവളുടെ ജാതിയെക്കുറിച്ച് ചോദിച്ച തമ്പ്രാനോട് മൃഗജാതിയല്ല എന്നുമാത്രമാണ് എരി പറഞ്ഞത്. പറയരെയും പുലയരെയും വിളിച്ചുകൂട്ടി അവർക്ക് എരി സദ്യ നൽകി. ആ അവസരത്തിൽ വിവാഹത്തെക്കുറിച്ച് അയാളവരോട് പറഞ്ഞു. ആരെയും ജീവിതപങ്കാളിയാക്കാനുള്ള കഴിവ് മനുഷ്യർക്കുണ്ട്. ഭാര്യ പറയസമുദായക്കാരിയല്ല. തീയസമുദായത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവളാണെന്ന് എരി പറഞ്ഞു. അവൾക്ക് ജാതിയില്ല. ജാതി ശാശ്വതവുമല്ല. മതവും ജാതിയും മാറിയാലും മാറാത്തതാണ് മനുഷ്യത്വം എന്ന് പറഞ്ഞ് പറയർക്കും പുലയർക്കും അയാൾ പുതുലോക അവബോധം നൽകി.

- മതവും ജാതിയും മാറിയാലും മാറാത്തതാണ് മനുഷ്യത്വം

### ചാലിയാൻ രാമന്റെ കഥ

എരി കണ്ണിൽ എഴുതിയതോടെ ചാലിയൻ രാമനിൽ ജ്ഞാനോദയം ഉണ്ടായി. ഭജനയും കുളിയുമായി അയാൾ സദാ അമ്പലനടയിലായി. നാല്പത്തിരണ്ടാം ദിവസം അയാൾ എങ്ങോട്ടോ പോയി. അയാളെക്കുറിച്ച് അന്വേഷിച്ചവരോട് രാമന്റെ മനസ് അസ്വസ്ഥമായിരുന്നു. അയാൾ താൻ തൊട്ട വെളിച്ചം ജ്ഞാനത്തിന്റെ വെളിച്ചമായിരുന്നു എന്ന് എരി പറഞ്ഞു. അയാൾ നാരായണ ഗുരുവിന്റെ അടുത്തേക്കാണ് പോയിരിക്കുന്നതെന്നും എരി അറിയിച്ചു. ഇനി അദ്ദേഹമാണ് രാമന്റെ ഗുരു.

> ▶ പറയർക്ക് ആരാധനാകേന്ദ്രം വേണമെന്ന് എരി ചിന്തിക്കുന്നു

പറയർക്ക് ഒരു ആരാധനാകേന്ദ്രം വേണമെന്ന് എരി ചിന്തിക്കുന്നു. കുട്ടിച്ചാത്തൻ, പറമൂർത്തി, പറകാളി, ഭഗവതി, കാലൻ തുടങ്ങി അനേകം ദേവതകൾ പറയർക്കുണ്ട്. എന്നാൽ മേൽജാതിക്കാർക്ക് ആ ദേവതകളോട് അവഗണനയാണ്. മേൽജാതിക്കാരുടെ കാവുകളിൽ പറയരെ കയറ്റാറുമില്ല. ജനങ്ങളെ ഒന്നിപ്പിക്കാൻ പരദൈവത്തോളം വലിയ ശക്തിയില്ല എന്ന തിരിച്ചറിവാണ് പറയർക്ക് കാവുവേണമെന്ന ചിന്തയിലേക്ക് എരിയെ നയിച്ചത്. ആലോചനകൾക്കൊടുവിൽ അജ്ഞാതമായ ഒരു പ്രേരണയാൽ അയാൾ മുന്നോട്ടോടി. ഇരുട്ടും മഴയും അയാൾ വകവച്ചില്ല. പുഴ നീന്തിക്കയറി തീരത്തുനിന്നും ഒരു വൃക്ഷത്തൈ പറിച്ച് കുന്നിൻമുകളിൽ നട്ടു. അതിന്റെ മുന്നിലയാൾ സാഷ്ടാംഗം വീണു. എരിയുടെ നിർദ്ദേശമനുസരിച്ച് പറയർ കൂട്ടമായി തുടികൊട്ടിപ്പാടി. അവർ കൂട്ടമായി മലയിറങ്ങി. അവരുടെ സംഘംചേരൽ നിയന്ത്രിക്കാൻ മേൽജാതിക്കാർക്ക് കഴിഞ്ഞില്ല. എരി അവരോട് സംസാരിച്ചു. താൻ നട്ടത് ജ്ഞാനവൃക്ഷമാണ്. പരമ്പരയുടെ ആദിമരമാണത്. ജ്ഞാനമില്ലായ്മയാണ് തങ്ങളുടെ പ്രശ്നമെന്നും അറിവ് നേടേണ്ടത് അത്യാവശ്യമാണെന്നും അയാൾ അവരെ ഉദ്ബോധിപ്പിച്ചു.

> ▶ ജാതിയെ വകവയ്ക്കാത്ത ആളുകളും ഉണ്ടായിരുന്നു

ബാസൽമിഷൻ മിഷനറിമാർ നടത്തിയിരുന്ന ഡിസ്പെൻസറിയിലെ ഡോക്ടർ ആയിരുന്ന ഡോ. ആൽഫ്രെഡിന്റെ My Life in Malabar എന്ന പുസ്തകത്തിൽ പറയനാർപുരത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഗവേഷകൻ കണ്ടെത്തുന്നു. അതിൽ പരവ സമുദായത്തിൽപ്പെട്ട നാണി, മലയസമുദായക്കാരിയായ പെണ്ണൂട്ടി എന്ന സ്ത്രീകളെക്കുറിച്ചു പറഞ്ഞിട്ടുണ്ടായിരുന്നു. പ്രസവപരിചരണമായിരുന്നു അവരുടെ തൊഴിൽ. ഭ്രഷ്ടയാക്കപ്പെട്ടിരുന്ന മാതുവിന് പ്രസവപരിചരണം നൽകാൻ അവർ തയ്യാറായി. ഭ്രഷ്ടരാകുമെന്ന ഭയമുണ്ടായിരുന്നു എങ്കിലും മാതുവനോടുള്ള സ്നേഹവും തൊഴിലിനോടുള്ള അർപ്പണമനോഭാവവുമാണ് അവരെ അതിന് പ്രേരിപ്പിച്ചത്. എരിയുടെ ജനനത്തിനുശേഷം മറ്റുള്ളവർ കാണാതെ അവർ അവിടെനിന്നും തിരിച്ചുപോന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജാതിയെ വകവയ്ക്കാത്ത ആളുകൾ ഉണ്ടായിരുന്നുവെന്നതും അവർക്ക് അവരുടേതായ ജ്ഞാനരൂപങ്ങളുണ്ടായിരുന്നു എന്നതും ഗവേഷകനെ അത്ഭുതപ്പെടുത്തി.

എരിയും കൂട്ടരും ചേർമലയിൽ കൃഷി ചെയ്യാൻ തുടങ്ങി. മഴക്കാലത്ത് പട്ടിണിയിലായ പറയർക്ക് എരി ഭക്ഷ്യസാധനങ്ങൾ നൽകി. അധ്വാനത്തിന്റെ മഹത്വവും ആവശ്യവും അവരെ ബോധ്യപ്പെടുത്തി. ആരെയും ആശ്രയിക്കാതെ കഴിയാനുള്ള കഴിവ് അവർക്കുണ്ട്. പ്രകൃതിയെയും ജീവജാലങ്ങളെയും കുറിച്ചുള്ള അറിവുകൾ. എന്നാൽ ഈ അറിവുകൾ ഉണ്ടെന്ന അറിവും അത് പ്രയോജനപ്പെടുത്താനുള്ള അറിവുമാണ് പറയർക്ക് ഇല്ലാതെ പോയത്. എരിയുടെ ഉപദേശമനുസരിച്ച് പറയർ മലയിൽ കൃഷി തുടങ്ങി. എരിയെപ്പോലെ ഒരു മനുഷ്യന്റെ ജീവിതചരിത്രമന്വേഷിക്കുന്നതുകൊണ്ട് എന്തു ഗുണമാണുള്ളതെന്ന് ഗവേഷകനോട് വിഷയവിദഗ്ധൻ ചോദിക്കുന്നു. അപകർഷതയുടെ ഇരുട്ടിൽ മൂടിപ്പോയ സമൂഹത്തിൽനിന്ന് അങ്ങനെയല്ലാത്ത മനുഷ്യരെ വീണ്ടെടുക്കാനാണ് തന്റെ ശ്രമമെന്നായിരുന്നു ഗവേഷകന്റെ മറുപടി. തന്റെ ആഗ്രഹങ്ങൾ കൂട്ടിച്ചേർത്ത ആത്മനിഷ്ഠാഖ്യാനമാണ് ആ ഗവേഷണമെന്നും അയാൾ പറഞ്ഞു. ഗവേഷണം തുടരാൻ

അയാൾക്ക് അനുമതി ലഭിച്ചു. അന്ന് രാത്രി ഗുളികൻദൈവം ഗവേഷകന് മുന്നിൽ പ്രത്യക്ഷപ്പെട്ടു. അനന്തമായ കാലത്തിലൂടെ പുറകോട്ടുപോയി ഭൂതകാലത്തെ ആവിഷ്കരിക്കാൻ കഴിയുമെന്ന് ദൈവം അയാളെ അനുഗ്രഹിച്ചു. തുടർന്ന് അയാൾ എരിയുടെ തുടർജീവിതമറിയുന്ന പറയരുടെ പാട്ടുകേൾക്കുകയും എരിയെക്കാണുകയും ചെയ്യുന്നു. എല്ലാ പറയക്കുന്നുകളിലും പാട്ടുസംഘമുണ്ടാക്കണമെന്നും തങ്ങളുടെ പാട്ടുകൾ എല്ലാവരും കേൾക്കണമെന്നും എരി തന്റെ കൂട്ടരോട് പറഞ്ഞു. ആ സമയം സമീപമുള്ള കുന്നിലെ പറയക്കുടിലുകൾക്ക് തീ പിടിച്ചു. പുലയർക്കിടയിൽനിന്ന് ഒരു കുട്ടി മിഷനറി സ്കൂളിൽ പഠിക്കാൻ പോയതിൽ പ്രതിഷേധിച്ച് നായർ പ്രമാണിമാർ കുടിലുകൾക്കു തീവച്ചതായിരുന്നു. ഒടി വിദ്യകൊണ്ട് എരി അവരെ അടിച്ചിട്ടു.

▶ അധ്വാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നു

നാഗർകോവിലിൽനിന്നും പറയനാർപുരത്തെത്തിയ അയ്യൻസ്വാമിയെ ഗവേഷകൻ പരിചയപ്പെടുന്നു. വൈകുണ്ഠസ്വാമിയുടെ ശിഷ്യനായ അയ്യാവുസ്വാമികളുടെ ശിഷ്യനായിരുന്നു അയ്യൻസ്വാമി. അയ്യാവുസ്വാമിയോടൊപ്പമുണ്ടായിരുന്ന മലബാറുകാരനെ അന്വേഷിച്ചാണ് അയ്യൻസ്വാമി അവിടെ വന്നിരിക്കുന്നത്. സ്വാമിയുടെ സംഭാഷണത്തിൽനിന്നും ആ മലബാറുകാരൻ എരി ആയിരുന്നു എന്ന് ഗവേഷകന് മനസിലായി. എരിയുടെ ഛായാചിത്രം അയ്യൻസ്വാമി ഗവേഷകന് നൽകി. നാഗർകോവിലിൽനിന്ന് എരി എവിടേക്കുപോയി എന്ന് ഗവേഷകനു മനസിലായില്ല. എന്നാൽ പറയനാർപുരത്തുനിന്നു പോയി ആറുവർഷങ്ങൾക്കുശേഷം മടങ്ങിവന്നിരുന്നു എന്ന് കാളിമുത്തശിയിൽനിന്ന് ഗവേഷകൻ മനസിലാക്കി.

▶ അയ്യൻസ്വാമിയെ പരിചയപ്പെടുന്നു

പറയനാർപുരത്തേക്ക് തിരിച്ചുവന്നതിനുശേഷമുള്ള എരിയുടെ ജീവിതത്തെക്കുറിച്ച് ഗവേഷന് സ്വപ്നദർശനം ലഭിച്ചു. പല വിദ്യകളും അഭ്യസിക്കുന്ന, ഒടി വിദ്യകൊണ്ട് കല്പനകോയ്മകളെ പരാജയപ്പെടുത്തിയ എരിയെ അയാൾ കണ്ടു. പിന്നീട് ഒളിവിലിരുന്ന എരി അമ്മയുടെ അടുത്തെത്തി. അവിടെ മരണാസന്നയായ അമ്മയെ ആണ് അയാൾ കണ്ടത്. തനിക്ക് തന്റെ അച്ഛനെ കാണണമെന്ന് മാതാവ് മകനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് എരി രാമർപണിക്കരെ കാണാൻപോയി. മകളോടും എരിയോടും രാമപണിക്കർക്ക് വാത്സ്യമുണ്ടെങ്കിലും ഭ്രഷ്ടയായ മകളെയും പറയനായ എരിയെയും കാണാൻ വ്യവസ്ഥിതി അയാളെ അനുവദിച്ചില്ല. എങ്കിലും തന്നെയും അമ്മയെയും അദ്ദേഹം അനുഗ്രഹിച്ചതിൽ എരി സന്തുഷ്ഠനായി. അയാൾ വീട്ടിലെത്തിയപ്പോഴേക്കും അമ്മ മരിച്ചിരുന്നു. അതിന്റെ ഏഴാംനാൾ രാമപ്പണിക്കരും മരിച്ചു. ആ സ്വപ്നം യാഥാർത്ഥ്യമായിരുന്നു എന്ന് വിശ്വസിക്കാനായിരുന്നു ലേഖകന് താല്പര്യം. മനുഷ്യന്റെ വികാരങ്ങൾ ഓർമയുടെ ഭാഗമാണെന്നും ഓർമകൾ സാമൂഹികമാണെന്നും ചിന്തിച്ച് ഗവേഷകൻ എഴുതാൻ തുടങ്ങി.

▶ ഒടി വിദ്യകൊണ്ട് കല്പനകോയ്മകളെ പരാജയപ്പെടുത്തുന്നു

### ചരിത്രമില്ലാത്ത ദലിതരുടെ ചരിത്രമാണ് 'എരി'

കേരള നവോത്ഥാന ചരിത്രത്തെക്കുറിച്ചുള്ള പുനർവായനയാണ് എരി എന്ന നോവൽ. വടക്കേ മലബാറിലെ കുറുമ്പ്രനാട്ടുതാലൂക്കി

ലെ പറയനാർപുരമെന്ന സാങ്കല്പിക ദേശത്തിലൂടെ, എരി എന്ന സാങ്കല്പിക നായകനിലൂടെ ദലിത് ജീവിതവും നവോത്ഥാനവുമാണ് നോവലിസ്റ്റ് വിഭാവനം ചെയ്യുന്നത്. ജാതീയമായ അടിമത്തങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വന്നിരുന്ന പറയസമുദായത്തിൽ ജനിച്ച്, ആ അടിമത്തത്തിനെതിരെ അഭിമാനപൂർവം എരി പൊരുതുന്നു. ഓർമകളിലൂടെ, ഐതിഹ്യങ്ങളിലൂടെ, വാമൊഴിക്കഥകളിലൂടെ എരിയുടെ ഐതിഹാസിക ജീവിതം പൂർണതയിലെത്തിക്കാനുള്ള ശ്രമമാണ് ഈ നോവൽ. അതോടൊപ്പം ദലിത് സമൂഹത്തിന്റെ നവോത്ഥാന ചരിത്രവുമാണത്. കീഴാളർ അനുഭവിച്ചിരുന്ന അസ്പൃശ്യതയും അവഗണനയും നോവലിൽ ആദ്യന്തം പ്രകടമാണ്. അയിത്തം മൂലം സവർണരിൽനിന്ന് അവർക്ക് അകലം പാലിക്കേണ്ടി വന്നു. സ്വന്തം താല്പര്യങ്ങളും സ്വപ്നങ്ങളുമൊന്നും സഫലമാക്കാൻ അവർക്കാവുന്നില്ല. താണജാതിക്കാരനായതിനാൽ ജാനുവിനെ വിവാഹം കഴിക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ചാപ്പൻകോമരത്തിന് കഴിയുന്നില്ല. എരിയുടെ അച്ഛനെ വിവാഹം കഴിച്ചതിനാൽ മാതുവിന് ഭ്രഷ്ടയാകേണ്ടിവരുന്നു. മാതുവിനെ ഭ്രഷ്ടയാക്കുകയും അവളെക്കുറിച്ച് ആകുലപ്പെടുകയും ചെയ്യുമ്പോഴും ആ പറയ യുവാവിനെക്കുറിച്ച് ആരും ചിന്തിക്കുന്നതുപോലുമില്ല. അയാളുടെ പേരിനുപോലും പ്രസക്തിയില്ല. പറയരെ ആരും പേരുവിളിച്ചിരുന്നില്ല. അവർക്ക് ഭക്ഷണം നൽകുമ്പോൾ പോലും അവരിൽനിന്ന് മറ്റുള്ളവർ അകലം പാലിച്ചിരുന്നു. കീഴാളർക്ക് സ്വന്തമായ ജ്ഞാനരൂപങ്ങളുണ്ടായിരുന്നു. ആ അവർണ വിദ്യാപാരമ്പര്യം പിൽക്കാലത്ത് സവർണർ കൈയടക്കുകയാണുണ്ടായത്.

> ▶ കീഴാളർക്ക് സ്വന്തമായ ജ്ഞാനരൂപങ്ങളുണ്ടായിരുന്നു

നവോത്ഥാന സമരങ്ങൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ അസമത്വത്തോടും പാർശ്വവൽക്കരണത്തോടുമുള്ള എതിർപ്പുകൾ അവർണരുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കാം. അടിച്ചമർത്തപ്പെട്ട, അസ്വതന്ത്രരായിരിക്കേണ്ടിവരുന്ന ഏതു ജീവിക്കും സ്വതന്ത്രനാകാനും പ്രതികരിക്കാനുമുള്ള അഭിലാഷം സഹജമാണ്. എന്നാൽ ആ പ്രതികരണങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്താതെ പോവുകയായിരുന്നു. ചരിത്ര രചയിതാക്കൾ അത്തരം പ്രതിഷേധങ്ങളെ അവഗണിക്കുകയോ അവയെക്കുറിച്ച് മൗനം പാലിക്കുകയോ ആണ് പതിവ്. സവർണരുടെ വീട്ടിലെ ചത്തപശുവിനെ തിന്നരുതെന്ന്, നോവലിൽ, എരി പറയരെ വിലക്കുന്നുണ്ട്. ആചാരം മുടക്കി എന്ന് ആരോപിച്ച് കല്പത്തൂർ തീയ്യൻമാർ എരിയെ മർദ്ദിച്ചൊതുക്കാൻ ശ്രമിക്കുന്നു. എന്നാൽ അഭ്യാസ ബലംകൊണ്ട് എരി അവരെ പരാജയപ്പെടുത്തുകയാണ്. പറയുന്നവരും ചെയ്യുന്നവരും പറയരിലും ഉണ്ടായിരുന്നു; ചരിത്രത്തിൽ ഇടംനേടാൻ അവർക്കായില്ല എന്നുമാത്രം. പഴുക്കയേറ്, പുലപ്പേടി തുടങ്ങിയ ആചാരങ്ങൾ വാസ്തവത്തിൽ കീഴാളജനതയെ അകറ്റിനിർത്താനുള്ള ഉപാധികൾ മാത്രമായിരുന്നു. ഇതിലൂടെ പറയർക്കുമേൽ പേടിക്കഥകൾ കെട്ടിയേല്പിക്കുകയായിരുന്നു സവർണർ ചെയ്തിരുന്നത്. പക്ഷെ, അത് അവരുടെ സ്വാതന്ത്ര്യസന്ദർഭമായാണ് ചരിത്രം രേഖപ്പെടുത്തുന്നത്. എരിയുടെ ജനനം പോലും ഈ സ്വാതന്ത്ര്യത്തിന്റെ ഫലമായിരുന്നു. യാഥാർത്ഥ്യത്തിന്റെ തമസ്കരണം മാത്രമാണിത്.

> ▶ ചരിത്രത്തിൽ രേഖപ്പെടുത്താത്ത പ്രതികരണങ്ങൾ

സ്വയം ബഹുമാനവും സ്വയം തിരിച്ചറിവുമില്ലാത്തതായിരുന്നു അവർണരുടെ പ്രശ്നം. വിദ്യാഭ്യാസം നേടാൻ അവർക്ക് അവസരം ലഭിച്ചില്ല. പറയനാർപുരത്തെ പുലയർക്കിടയിൽ നിന്ന് ഒരു കുട്ടി സ്കൂളിൽ ചേരാൻ പോയതിന് പുലയക്കുടിലുകൾ സവർണർ തീയിടുന്നുണ്ട്. വിദ്യാഭ്യാസത്തിലൂടെയാണ് അല്പമെങ്കിലും മാറ്റം അവരുടെ സാമൂഹിക ജീവിതത്തിലുണ്ടാകുന്നത്. മന്ത്രവിദ്യകളറിയാവുന്ന എരിയെ മറ്റുള്ളവർ ബഹുമാനിക്കുന്നുണ്ട്. അത് എരി മനസിലാക്കുന്നുമുണ്ട്. അമ്പൂട്ടിപ്പണിക്കരുടെ മുന്നിലിരുന്ന് എരി പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക "ഞാൻ ഇങ്ങനെ നിങ്ങൾക്ക് മുന്നിലിരിക്കാൻ ഒരുപാട് സഹിച്ചിട്ടുണ്ട്. ഞങ്ങളുടെ കൂട്ടുകാർക്ക് എന്നോട് ബഹുമാനമുണ്ട്. എന്നാലവർക്ക് സ്വയം ബഹുമാനിക്കാൻ കഴിയുന്നില്ല''. പറയർക്കും പുലയർക്കും അവരുടേതായ ജ്ഞാനരൂപങ്ങളുണ്ട്, അവർക്കറിയാവുന്ന തൊഴിലുണ്ട്. പ്രകൃതിയെക്കുറിച്ച് ശരിയായ അറിവുണ്ട്. എന്നാൽ ഈ അറിവുകൾ തങ്ങൾക്കുണ്ടെന്ന അറിവാണ് കീഴാളർക്ക് ഇല്ലാത്തതെന്നും എരി തന്റെ കൂട്ടരെ ഓർമിപ്പിക്കുന്നുമുണ്ട്.

- ജ്ഞാനരൂപങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ

ശ്രീനാരായണഗുരുവിന് മുമ്പായിരുന്നു എരി ജീവിച്ചിരുന്നതെന്നു ഗവേഷകൻ കണ്ടെത്തുന്നു. അതുപോലെ അയ്യാ വൈകുണ്ഠസ്വാമികളുടെ ശിഷ്യനായിരുന്നു എരിയെന്നും ഗവേഷകൻ സൂചിപ്പിക്കുന്നുണ്ട്. എന്നിട്ടും എരിയുടെ സമരങ്ങളൊന്നും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലല്ലോ എന്ന് അയാൾ അത്ഭുതപ്പെടുന്നു. ആ സമരങ്ങളെ ചരിത്രപുസ്തകങ്ങൾ അവഗണിക്കുകയായിരുന്നു. കാരണം ചരിത്രരചനയ്ക്ക് അതിന്റേതായ രീതിശാസ്ത്രങ്ങളുണ്ട്. അവയ്ക്ക് പുറത്താണ് അവർണന്റെ ജീവിതം. തേവർ വെള്ളോൻ എന്ന പുലയപ്പോരാളിയുടെ ചരിത്രമന്വേഷിക്കുമ്പോഴും ചരിത്രരചനയുടെ പരിമിതി ഗവേഷകൻ അഭിമുഖീകരിക്കുന്നു. ഐതിഹ്യമാലയിലോ, ഫോക്‌ലോർ നിഘണ്ടുവിലോ മറ്റ് ചരിത്രഗ്രന്ഥങ്ങളിലോ അയാളെക്കുറിച്ച് പരാമർശങ്ങളില്ല. പുലയർക്കും പറയർക്കും എഴുതപ്പെട്ട ചരിത്രമില്ല. ആശ്രിതചരിത്രം മാത്രമുള്ളവരായിരുന്നു അവർ. നാട്ടുരാജാക്കന്മാരുടെയും ജന്മിമാരുടെയും അടിമകളും വേലക്കാരും മാത്രം. അവർ വയലിറമ്പുകളിൽ ജീവിച്ചു മരിച്ചു.

- ചരിത്രരചനയ്ക്ക് പുറത്താണ് അവർണന്റെ ജീവിതം

"അജ്ഞാതനായ ഒരു പറയന്റെ ചരിത്രം പുനരാവിഷ്കരിച്ചതുകൊണ്ട് എന്തുകാര്യം? ആർക്കാണതിൽ താല്പര്യം?'' എരിയെക്കുറിച്ചുള്ള രേഖകൾ അന്വേഷിക്കുന്ന ഗവേഷകനോട് ക്ലാർക്ക് ജീവൻ ചോദിക്കുന്നതാണ് ഈ ചോദ്യം. അതിന് ഗവേഷകൻ നൽകുന്ന മറുപടി ശ്രദ്ധേയമാണ്. "ശരിയാണ്, പക്ഷെ എനിക്കതിൽ താല്പര്യമുണ്ട്. ഓരോ മനുഷ്യനും അവരവരുടേതായ പങ്ക് ഓരോ ചരിത്രപ്രക്രിയയിലും അനുഷ്ഠിക്കുന്നുണ്ട് എന്നാണെന്റെ വിശ്വാസം. എന്നാൽ നമ്മുടെ ചരിത്രങ്ങളിൽ അവയില്ല. അങ്ങനെയുള്ള ഒരു മനുഷ്യനാണ് എരി. അയാൾക്ക് ഒരു ചരിത്രമുണ്ടെന്ന് സ്ഥാപിക്കുകയാണ് എന്റെ ലക്ഷ്യം''. 'എരി' എന്ന നോവലിന്റെ രചനാലക്ഷ്യത്തിലേക്കും വിരൽചൂണ്ടുന്നതാണ് ഈ മറുപടി. അപകർഷതകളുടെ ഇരുട്ടിൽ മൂടിപ്പോയ സമുദായത്തിൽനിന്ന് അങ്ങനെയല്ലാത്ത മനുഷ്യരെ വീണ്ടെടുക്കാനുള്ള ശ്രമമാണ് താൻ നടത്തുന്നതെന്നും, അവരുടെ സമരം കൂടിയാണ് നാടിന്റെ ചരിത്രമെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുക

കൂടിയാണ് തന്റെ ലക്ഷ്യമെന്നുമുള്ള ഗവേഷകന്റെ വാക്കുകളും പ്രധാനമാണ്. ചരിത്രത്തെ, സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കുണ്ട്. സാമൂഹിക പുരോഗതിയിൽ ഗണ്യമായ പങ്കുവഹിക്കുന്നത് മിക്കപ്പോഴും തൊഴിലാളി വർഗത്തിന്റെ അധ്വാനമാണ്. എന്നാൽ അതൊരിക്കലും ഗണിക്കപ്പെടുന്നില്ല. അവരുടെ കഴിവുകൾ, ജ്ഞാനരൂപങ്ങൾ ഒന്നും വെളിപ്പെടുന്നില്ല. 'ഉർവിയിലാരും എന്റെ ചരിത്രമെഴുതാൻ ഇല്ല' എന്ന പൊയ്കയിൽ അപ്പച്ചന്റെ വാക്കുകൾ ദലിതനെ സംബന്ധിച്ചിടത്തോളം ഇന്നും പ്രസക്തമാണ്. ദൃശ്യതയില്ലാത്ത ഒരു വ്യക്തിയുടെ ചരിത്രം സമുദായത്തിന്റെ ചരിത്രം തന്നെയായിരിക്കും. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ അടയാളപ്പെടുത്താതെപോയ കീഴാള മുന്നേറ്റങ്ങളുടെ ചരിത്രത്തെ, അതിന്റെ അദൃശ്യതയെ ദൃശ്യപ്പെടുത്താനുള്ള ഉദ്യമമാണ് എരി. ചരിത്രം നീതിയോടല്ല, അധികാരത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന തിരിച്ചറിവും ഈ നോവൽ ഉന്നയിക്കുന്നുണ്ട്.

> ▶ കീഴാളമുന്നേറ്റ ചരിത്രത്തെ ദൃശ്യപ്പെടുത്താനുള്ള ഉദ്യമം

## എരി എന്ന നായകൻ

ഏതുസമൂഹവും പുരോഗമിക്കുന്നതും ചരിത്രത്തിൽ ഇടം നേടുന്നതും നായകന്മാരുടെ സാന്നിധ്യത്തിലാണ്. ചരിത്രമില്ലാത്ത സമൂഹത്തിന്റെ ചരിത്രം സൃഷ്ടിക്കുമ്പോൾ അതിൽ ചില നായകരെ കണ്ടെത്തി ഉയർത്തിക്കാട്ടേണ്ടതുണ്ട്. പറയ, പുലയ സമുദായങ്ങളിൽനിന്ന് നോവലിസ്റ്റ് കണ്ടെത്തുന്ന നായകനാണ് എരി. പറയനാർപുരമെന്ന സാങ്കല്പിക ദേശത്തു പ്രചരിച്ചിരുന്ന ഐതിഹ്യങ്ങളിൽനിന്നും വാമൊഴിവഴക്കങ്ങളിൽനിന്നുമാണ് എരി എന്ന സാങ്കല്പിക കഥാപാത്രത്തെ നോവലിസ്റ്റ് കണ്ടെത്തുന്നത്. ഇരുട്ടിൽ വഴി കാണാതെ വലഞ്ഞ രാമന്റെ കണ്ണിൽ വെളിച്ചത്തിന്റെ മരുന്നുപുരട്ടുന്ന എരിയെ ആണ് ആദ്യം നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. തുടർന്ന്, പ്രതിസന്ധികളിൽ തളരുന്ന പല മനുഷ്യരുടെയും ജീവിതത്തിലെ ഇരുട്ടുമാറ്റുന്ന ചൈതന്യമായി നോവലിൽ അയാൾ വളരുന്നു. ആ കാലഘട്ടത്തിലെ പറയരിൽനിന്നു വ്യത്യസ്തനായിരുന്നു അയാൾ. സംസ്കൃതവും മന്ത്രവാദവും ഔഷധവിദ്യയുമറിയുന്ന ജ്ഞാനി. അഭ്യാസമുറകളും ഒടിവിദ്യയും അയാൾക്ക് വശമായിരുന്നു. അയാൾ ആർജിച്ചിരുന്ന വിദ്യയും വെടിപ്പും വൃത്തിയും മൂലം സവർണർ ഉൾപ്പെടെയുള്ള നാട്ടുകാർ അയാളെ പരിഗണിച്ചിരുന്നു.

> ▶ പറയ, പുലയ സമുദായങ്ങളിൽ നിന്ന് നോവലിസ്റ്റ് കണ്ടെത്തുന്ന നായകനാണ് എരി

തന്റെ വംശത്തിനു സ്വന്തമായിരുന്ന ജ്ഞാനരൂപങ്ങളെക്കുറിച്ചും താൻ നേടിയ അറിവിനെക്കുറിച്ചും എരിക്ക് അഭിമാനമുണ്ട്. തന്നേക്കാൾ ഉയർന്ന ജാതിയിലുള്ളവരുടെ മുന്നിലിരിക്കാൻ തനിക്കുകഴിയുന്നതും ആ അറിവുകൊണ്ടാണെന്ന് അയാൾക്കറിയാം. അങ്ങനെ ഇരിക്കുന്നതിന് താൻ നേരിട്ട സഹനങ്ങളെക്കുറിച്ചും ബോധവാനാണയാൾ. തന്റെ വംശം നേരിടുന്ന ദുഃസ്ഥിതിക്ക് പ്രധാനകാരണം അറിവില്ലായ്മയാണെന്നതും അയാൾ തിരിച്ചറിയുന്നു. സ്വയം ബഹുമാനവും അറിവുമില്ലാത്തതാണ് പറയരുടെ പ്രശ്നമെന്ന് പല സന്ദർഭങ്ങളിലും എരി പറയുന്നുണ്ട്. മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാനുള്ള അറിവുകൾ പലതും പറയർക്കും പുലയർക്കുമുണ്ട്. എന്നാൽ അതെല്ലാം അറിയാമെന്ന അറിവാണ് തന്റെ കൂട്ടർക്ക് ഇല്ലാത്തതെന്ന് എരി അവരെ ഓർമിപ്പിക്കുന്നു. കുന്നിൻമുകളിൽ കൃഷി ചെയ്ത്, വെ

ള്ളപ്പൊക്കത്തിന്റെ സമയത്ത് പറയർക്ക് ഭക്ഷണം നൽകി എരി ഇക്കാര്യം അവർക്ക് മനസിലാക്കിക്കൊടുക്കുന്നു. പറയർക്ക് അനുഭവിക്കേണ്ടി വന്ന പല ദുസ്ഥിതികൾക്കുമെതിരെ അയാൾ ശബ്ദമുയർത്തുന്നു. പുതിയ തീരുമാനങ്ങളെടുക്കാൻ അവരെ പ്രേരിപ്പിക്കുന്നു. സവർണരുടെ വീട്ടിലെ ചത്തപശുക്കളെ പറയർ ഭക്ഷിക്കുന്ന പതിവുണ്ടായിരുന്നു. എരി അതിൽനിന്ന് അവരെ വിലക്കി. അധ്വാനിച്ച് ആഹാരത്തിനുവഴി കണ്ടെത്തണം എന്നായിരുന്നു അയാളുടെ നിലപാട്. തങ്ങളുടെ പരിമിതികൾക്കുള്ളിൽനിന്ന് കഴിവുകളെ പരമാവധി ഉപയോഗപ്പെടുത്തി ജീവിക്കണം. കൃഷിഭൂമി ഇല്ലാത്തതിനാൽ കൃഷി ചെയ്യേണ്ട. പക്ഷെ കുട്ടയും പായും നെയ്ത് വിൽക്കണം. അതിന് പണം വാങ്ങുകയും വേണം എന്ന് അയാൾ തന്റെ കൂട്ടുകാരെ ഉപദേശിച്ചു. പറയക്കൂട്ടങ്ങളുണ്ടാക്കി സമുദായത്തിൽ സംഘടനാബോധം സൃഷ്ടിക്കാനും അയാൾക്കു കഴിഞ്ഞു. പറയർക്കു തനതായ ആരാധനാസ്ഥലം വേണമന്ന് അയാൾ ചിന്തിക്കുന്നു. ജനങ്ങളെ ഒന്നിച്ചുനിർത്താൻ അതാവശ്യമാണെന്ന് അയാൾ മനസിലാക്കിയിരുന്നു. കുന്നിൻമുകളിൽ ജ്ഞാനവൃക്ഷം നട്ട്, അറിവുനേടേണ്ടതിന്റെ ആവശ്യകത അയാൾ വ്യക്തമാക്കി.

> ▶ പറയർക്ക് അനുഭവിക്കേണ്ടി വന്ന പല ദുസ്ഥിതികൾക്കുമെതിരെയുള്ള ശബ്ദം

പുലപ്പേടി, മണ്ണാപ്പേടി തുടങ്ങിയ ആചാരങ്ങൾ സവർണർ തങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ച അസ്വാതന്ത്ര്യങ്ങളാണെന്ന തിരിച്ചറിവ് അയാൾക്കുണ്ട്. അതിനാൽ അതിനെത്തുടർന്നുള്ള ഭ്രഷ്ടും അയിത്തവുമൊന്നും അയാൾ വകവയ്ക്കുന്നില്ല. കാമ്പ്രത്തെ അന്തർജനം, പ്രാന്തത്തി കുട്ടാലി, വെള്ളത്തിൽ നിന്ന് എരി രക്ഷിക്കുന്ന ദേവകിയമ്മ തുടങ്ങിയവരുമായി കണ്ടുമുട്ടുന്ന സന്ദർഭങ്ങളിലെല്ലാം എരിയുടെ ഈ മനോഭാവം വ്യക്തമാണ്. അവരെ കണ്ടു എന്ന വിവരം അയാൾ വെളിപ്പെടുത്തുന്നില്ല. എരിയുടെ സ്ഥൈര്യവും നീതിബോധവുമാണ് ഇവിടെ പ്രകടമാകുന്നത്. നിർഭയത്വം എരിയുടെ സ്വഭാവത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. തന്നെ എതിർക്കുന്നവരോടെല്ലാം പോരാടി അയാൾ ജയിക്കുന്നു. ആത്മബോധത്തിന്റെ കനൽ എപ്പോഴും അയാളുടെ ഉള്ളിൽ എരിഞ്ഞുനിന്നു.

> ▶ ഭ്രഷ്ടും അയിത്തവുമൊന്നും അയാൾ വകവയ്ക്കുന്നില്ല

സ്വന്തം ജനതയുടെ മോചനത്തിന് ഉതകുന്ന ആശയങ്ങൾ കണ്ടെത്തുകയും അതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും തദനുസരണമായി ജീവിക്കാൻ അവരെ പ്രേരിപ്പിക്കുകയുമാണ് എരി ചെയ്യുന്നത്. ഇത്തരം ആദർശങ്ങളിലൂടെയും കർമപരിപാടികളിലൂടെയുമാണ് എരി ഒരു നായകനായി മാറുന്നത്. ചരിത്രം രേഖപ്പെടുത്തുന്ന സാമൂഹികപരിഷ്കർത്താക്കൾക്കും പരിഷ്കരണങ്ങൾക്കും മുമ്പേ പരിവർത്തനോന്മുഖത ദലിതരിൽ നിലനിന്നിരുന്നു. അടിച്ചമർത്തപ്പെട്ട ജനതയ്ക്ക് സ്വാതന്ത്ര്യത്തിനുള്ള തീവ്രമായ അഭിലാഷമുണ്ടാകും. പ്രതിരോധത്തിനും അതിജീവനത്തിനുമുള്ള ഇച്ഛാശക്തിയുണ്ടാകും. ഈ അഭിലാഷത്തിന്റെയും ഇച്ഛാശക്തിയുടെയും മൂർത്തരൂപമായാണ് എരി എന്ന നായകനെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

> ▶ അഭിലാഷത്തിന്റെയും ഇച്ഛാശക്തിയുടെയും മൂർത്തരൂപമായാണ് എരി

# വിശദപഠനം

## 2. ദലിത് കവിതയുടെ ചരിത്രവും വർത്തമാനവും – കാതൽ: മലയാളത്തിലെ ദലിത് കവിതകൾ (ആമുഖപഠനം)

ഡോ. ഒ.കെ. സന്തോഷ്

ദലിത് ജീവിതസന്ദർഭങ്ങൾ ആവിഷ്കരിക്കുകയും ദലിത് പരിതോവസ്ഥകൾ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന സാഹിത്യമാണ് ദലിത് സാഹിത്യം. ഇന്ത്യയിലെമ്പാടും ദലിത് സാഹിത്യം വികാസം നേടിയിട്ടുണ്ട്. ദലിത് സാഹിത്യത്തെക്കുറിച്ചുള്ള സജീവ ചർച്ചകൾ മലയാളത്തിലും ഉണ്ടാവാറുണ്ട്. മലയാളത്തിലെ മറ്റ് സാഹിത്യരൂപങ്ങളേക്കാൾ കവിതാരംഗത്താണ് ദലിത്പക്ഷ രചനകൾ കൂടുതൽ ഉണ്ടായിട്ടുള്ളത്. ധാരാളം ദലിത് കവിതകൾ മലയാളത്തിൽ രചിക്കപ്പെടുന്നു. എന്നാൽ അവയൊന്നും യഥായോഗ്യം ജനങ്ങളിലെത്തില്ല, വായിക്കപ്പെടുന്നതിന് സാഹചര്യമുണ്ടാകുന്നില്ല. മുഖ്യധാരാ സാഹിത്യരചനകളായി അവയ്ക്ക് അംഗീകാരം ലഭിക്കുന്നില്ല എന്നതാണ് ഇതിന് കാരണം. ഗൗരവപൂർണമായ പരിഗണന ലഭിക്കാത്തതിനാൽ ജനകീയസാഹിത്യം എന്ന നിലയ്ക്ക് ഈ കവിതകൾ ഉയരുന്നില്ല. സാമൂഹികമായും ജാത്യധിഷ്ഠിതമായും മാറ്റിനിർത്തപ്പെടുകയും അടിച്ചമർത്തപ്പെടേണ്ടി വരികയും ചെയ്യുന്ന ജീവിതസാഹചര്യങ്ങളാണ് ദലിതരുടേത്. നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഈ അടിച്ചമർത്തൽ ആധുനിക കാലത്തും പരോക്ഷമായി തുടരുകയാണ്. ഇപ്രകാരം അരികുവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തെ മനുഷ്യത്വത്തിന്റെ വിശാലലോകത്തേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം ആദ്യകാല ദലിത് കവിതാരചനയ്ക്ക് ഉണ്ടായിരുന്നു.

> ▶ കവിതാരംഗത്താണ് ദലിത്പക്ഷ രചനകൾ കൂടുതൽ ഉണ്ടായിട്ടുള്ളത്

നാടൻപാട്ടുകളുടെ ചരിത്രത്തോളം പ്രാചീനത ദലിത് കവിതകൾക്കുമുണ്ട്. എന്നാൽ പൊയ്കയിൽ അപ്പച്ചന്റെ രചനകൾ മുതലാണ് ദലിത് സാഹിത്യം മലയാള സാഹിത്യചരിത്രത്തിൽ അടയാളപ്പെടുന്നത്.

"കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ''

എന്നുള്ള പൊയ്കയിൽ അപ്പച്ചന്റെ വരികൾ ചരിത്രത്തിൽ ദലിതരുടെ അഭാവത്തെയും തിരസ്കരണത്തെയും കുറിച്ചുള്ള കാവ്യാത്മക അവബോധമായിരുന്നു. അദ്ദേഹം കണ്ടെത്തിയ ചരിത്രത്തിലെ അഭാവങ്ങൾ ചരിത്രത്തിൽ സംഭവിച്ച തമസ്കരണങ്ങൾ തന്നെയായിരുന്നു.

> ▶ നാടൻപാട്ടുകളുടെ ചരിത്രത്തോളം പ്രാചീനത ദലിത് കവിതകൾക്കുണ്ട്

ദലിത് അനുഭവങ്ങളുടെ പലവിധമുള്ള പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ അതതുകാലങ്ങളിലുണ്ടായിട്ടുണ്ട്. ജീവിതസന്ദർഭങ്ങളോടും വ്യവസ്ഥിതികളോടുമുള്ള പ്രതികരണങ്ങളാണവ. ആ കവിതകളിൽ പലതും വെളിച്ചം കാണാതെ പോയിരിക്കാം. അതതു കാലത്തെ മലയാള കവിതാപാരമ്പര്യത്തിന് സമാന്തരമായി ഈ കവി

> ▶ ജീവിതസന്ദർഭങ്ങളോടും വ്യവസ്ഥിതികളോടുമുള്ള പ്രതികരണങ്ങളാണവ

തകളും നിലനിന്നിരുന്നു. എന്നാൽ ഈ കവിതകൾ ഒന്നും വേണ്ട രീതിയിൽ സമാഹരിക്കപ്പെട്ടിട്ടില്ല. മലയാളത്തിലെ ദലിത് കവിതകളെ സമാഹരിക്കാനുള്ള ശ്രമമാണ് 'കാതൽ'. ഈ പുസ്തകത്തിന്റെ ആമുഖലേഖനമാണ് പഠനവിഷയം.

കലാസൃഷ്ടിക്ക് ഉപയുക്തമാകുന്ന പ്രധാനസ്രോതസുകളാണ് അനുഭവങ്ങൾ. അധ്വാനമില്ലാതെ സുഖലോലുപരായിക്കഴിഞ്ഞ വിഭാഗങ്ങളേക്കാൾ തീക്ഷ്ണമായ ജീവിതസന്ദർഭങ്ങളിലൂടെ കടന്നുവന്നിട്ടുള്ളവരാണ് ദലിതർ. അതുകൊണ്ടുതന്നെ അനുഭവങ്ങളുടെ ധാരാളിത്തം അവർക്കുണ്ട്. എന്നാൽ കവിതാചരിത്രത്തിന്റെ ആദ്യകാലങ്ങളിൽ അവരെ കവികളായി പരിഗണിച്ചിരുന്നില്ല. അനുഭവങ്ങൾക്ക് അക്ഷരരൂപം നൽകാനുള്ള സാഹചര്യം അവർക്കില്ലായിരുന്നു. അതിനാൽ സാഹിത്യത്തിന്റെ മുഖ്യധാരയിലേക്ക് ഒരിക്കലും അവരുടെ സൃഷ്ടികൾ കടന്നുവന്നില്ല.

> ▶ അനുഭവങ്ങളുടെ ധാരാളിത്തം

ശിക്ഷണവും പ്രതിഭയും കുത്തകയായിരുന്ന സവർണമുന്നാക്ക സമുദായങ്ങളുടെ സാഹിത്യത്തിൽനിന്ന് ഭിന്നമായിരുന്നു ദലിത് സാഹിത്യം. സുശിക്ഷിതമായ ശ്രമങ്ങളിൽനിന്ന് ഉളവാകുന്നതല്ല അത്. ജീവിതത്തിലെ സുഖദുഃഖങ്ങളുടെ, ചുറ്റുപാടുകളുടെ സൗന്ദര്യനിറവിന്റെ സർഗാത്മകമായ കവിഞ്ഞൊഴുകലാണ് ആ കവിതകളിലുള്ളത്. മധ്യകേരളത്തിലെ പറയരുടെ ജീവിതാവസ്ഥകളുടെ ആവിഷ്കാരമായ 'ചെങ്ങന്നൂരാതി' എന്ന ദലിത് കാവ്യം ഉദാഹരണമാക്കി ഡോ. ഒ.കെ. സന്തോഷ് ഈ വസ്തുത വ്യക്തമാക്കുന്നു. ജീവിതാവസ്ഥകളുടെ ഏറ്റവും ലളിതവും സത്യസന്ധവുമായ ആവിഷ്കാരങ്ങളാണ് ദലിത് കവിതകൾ. ക്ലാസിസത്തിന്റെ നിരർത്ഥകതയും ധൂർത്തുകളും ഭോഗാസക്തിയും ദലിത് കവിതകൾ നിരസിക്കുന്നു. കാരണം ക്ലാസിക് കവികൾക്ക് അക്കാലത്ത് ലഭ്യമായിരുന്ന കാവ്യശിക്ഷണം ദലിതർക്ക് ലഭ്യമായിരുന്നില്ല. അതിനുള്ള സാഹചര്യം ദലിതർക്കില്ലായിരുന്നു. ഇത് പരിഗണിക്കാതെ വ്യവസ്ഥാവിരുദ്ധങ്ങൾ എന്ന് മുദ്രകുത്തി സാഹിത്യചരിത്രങ്ങൾ അവയെ പരിമിതപ്പെടുത്തുകയാണുണ്ടായത്. വാസ്തവത്തിൽ സംഘർഷം മാത്രമായിരുന്നില്ല അവയുടെ പ്രമേയം. വാക്കുകൾ ഔചിത്യത്തോടെ അടുക്കിവച്ച് കവിത മെനയാൻ അക്കാലത്ത് ദലിത് കവികൾക്ക് കഴിഞ്ഞിരുന്നു. നവോത്ഥാന പൂർവഘട്ടങ്ങളിൽത്തന്നെ സമുദായവൽകരണത്തിന്റെ ആന്തരിക വിനിമയങ്ങൾ– ആത്മബോധം, ആത്മിയോന്നതി, കഴിവുകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള ബോധം ഇവയെല്ലാം ദലിത് കവികൾ ഉൾക്കൊണ്ടിരുന്നു. ഭൗതികപ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനൊപ്പം ആത്മിയധാരണകളെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകളും കൂടിയായിരുന്നു അക്കാലത്തെ ദലിത് കവിതകൾ. പൊയ്കയിൽ അപ്പച്ചന്റെ കവിതകളിൽ ഇത്തരം സൂചനകളുണ്ട്.

> ▶ ജീവിതാവസ്ഥകളുടെ ഏറ്റവും ലളിതവും സത്യസന്ധവുമായ ആവിഷ്കാരങ്ങളാണ് ദലിത് കവിതകൾ

കവിതയുടെ, അധികാരത്തിന്റെ, വ്യവസ്ഥാപിതമായ വിശാലലോകമാണ് രേഖപ്പെടുത്തപ്പെട്ട കാവ്യചരിത്രങ്ങൾ. അതിലെ ഉണ്മയും സൗന്ദര്യാത്മകതയും കണ്ട് ഭ്രമിക്കുകയും ഭയക്കുകയും ചെയ്തിട്ടില്ല പൊയ്കയിൽ അപ്പച്ചൻ. പകരം ആ കാവ്യചരിത്രങ്ങളിലെ അനുഭവങ്ങളിലാണ് അദ്ദേഹത്തിന്റെ നോട്ടമെത്തിയത്. അതിൽ ഉൾപ്പെടാത്ത

> ▶ പൊയ്കയിൽ അപ്പച്ചന്റെ കാവ്യലോകം

തന്റെ വർഗത്തെക്കുറിച്ച് ഓർത്താണ് അദ്ദേഹം ചോദിച്ചത്. ഈ അഭാവം കണ്ടെത്തുന്നതിലും ആവിഷ്കരിക്കുന്നതിലും സവിശേഷമായ അവബോധം അദ്ദേഹത്തിനുണ്ടായിരുന്നു. പിൽക്കാല ദലിത് കവികൾക്ക്, ദലിത് ആവിഷ്കാരങ്ങൾക്ക് ദിശാബോധം നൽകാൻ അദ്ദേഹത്തിന്റെ അവബോധത്തിന് കഴിഞ്ഞു.

മലയാളകവിതയിൽ കാല്പനികത ഒരു പുതിയ പ്രസ്ഥാനമായി ശ്രദ്ധ നേടി നിൽക്കുന്ന കാലത്തുതന്നെയാണ് പൊയ്കയിൽ അപ്പച്ചൻ കവിതകളെഴുതുന്നത്. കാല്പനികകവിതകൾക്ക് സമാന്തരങ്ങളായി അദ്ദേഹത്തിന്റെ ദലിത് കാവ്യങ്ങളും നിലനിന്നിരുന്നു. വ്യക്തിനിഷ്ഠ അനുഭൂതികളുടെ ആന്തരലോകങ്ങളിലേക്ക് കാല്പനികത അനുവാചകരെ കൂട്ടിക്കൊണ്ടുപോയി. കുമാരനാശന്റെ വീണപൂവ് ഈ കാലത്തിന്റെ സൃഷ്ടിയായിരുന്നു. ജീവിതത്തിന്റെ നശ്വരതയെ ദാർശനികമായി സമീപിക്കുകയായിരുന്നു കുമാരനാശാൻ. മലയാള കാവ്യലോകത്ത് പുതിയ ഉണർവും ഭാവുകത്വപരിണാമവും സൃഷ്ടിക്കാൻ വീണപൂവിന് കഴിഞ്ഞു. പക്ഷെ ആധ്യാത്മികമായ ഒരു ഭാവപരിസരമായിരുന്നു ആ കാവ്യത്തിന്റേത്. ഇതിന് സമാന്തരമായി സാമൂഹ്യപരിവർത്തന ഉപാധിയായി കവിതയെ ഉപയോഗപ്പെടുത്തുന്ന ഒരു കാവ്യധാരയും നിലവിലുണ്ടായിരുന്നു. പണ്ഡിറ്റ് കെ.പി. കറുപ്പന്റെ 'ജാതിക്കുമ്മി', മൂലൂർ പദ്മനാഭപണിക്കരുടെ 'കവിരാമായണം' എന്നിവ ഈ കാവ്യധാരയിലെ ശ്രദ്ധേയങ്ങളായ കവിതകളായിരുന്നു. ഈ രചനകൾക്ക് പിന്നിൽ പ്രേരണയായി വ്യക്തിപരമായ കാര്യങ്ങളുണ്ടായിരുന്നു. എങ്കിലും നിലവിലുണ്ടായിരുന്ന വ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്നവയും ആ വ്യവസ്ഥിതിയോടുള്ള അസംതൃപ്തി വ്യക്തമാക്കുന്നവയുമായിരുന്നു ആ കവിതകൾ. ബ്രാഹ്മണ്യം, സമൂഹത്തിനുമേൽ അടിച്ചേല്പിച്ച അസ്വാതന്ത്ര്യങ്ങളോടുള്ള നിഷേധാത്മകസമീപനവും അവയിൽ ഉണ്ടായിരുന്നു. ഇങ്ങനെ, വ്യവസ്ഥിതിയോടുള്ള ശക്തമായ വിമർശനങ്ങൾ ഉൾക്കൊള്ളുന്ന ആ കാവ്യരൂപങ്ങൾ അധീശസംസ്കാരത്തെ ഉലച്ചിരുന്നു. ഇപ്രകാരം, അധികാരവിമർശനങ്ങളുന്നയിച്ചിരുന്ന കവികളിൽ പ്രഥമഗണനീയനായിരുന്നു പൊയ്കയിൽ അപ്പച്ചൻ.

> ▶ പണ്ഡിറ്റ് കെ. പി. കറുപ്പന്റെ 'ജാതിക്കുമ്മി', മൂലൂർ പദ്മനാഭപണിക്കരുടെ 'കവിരാമായണം'

കാവ്യശിക്ഷണങ്ങളെല്ലാം ലഭിച്ചിരുന്ന, അക്കാലത്തെ മറ്റ് കവികളുമായോ, ഉപരിവിഭാഗവുമായിത്തന്നെയോ പൊയ്കയിൽ അപ്പച്ചന് ബന്ധമില്ലായിരുന്നു. അതേ അവസ്ഥയിൽതന്നെയുള്ളവരായിരുന്നു അദ്ദേഹത്തിന്റെ വായനക്കാരും. എങ്കിലും തന്റെ കവിതകളിലൂടെ അദ്ദേഹം സൃഷ്ടിച്ച ഭാവുകത്വം വളരെയേറെ സ്വീകരിക്കപ്പെട്ടു. വിശ്വാസ സമൂഹത്തെ മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളെയും അത് സ്വാധീനിച്ചു. സമകാലിക ഭാവുകത്വത്തെപ്പോലും വെല്ലുവിളിക്കാൻ പര്യാപ്തമായിരുന്നു അദ്ദേഹത്തിന്റെ കാവ്യശൈലി എന്ന് പിൽക്കാലത്തു തെളിഞ്ഞിട്ടുണ്ട്.

> ▶ എല്ലാ വിഭാഗം ജനങ്ങളെയും സ്വാധീനിച്ചു

ആധുനിക കവിതയുടെ കാലഘട്ടത്തിൽ ദലിത് കവിതകൾക്ക് വലിയ സാധ്യതയൊന്നും ലഭിച്ചിരുന്നില്ല. ആധുനികതാവാദവും സാഹിത്യവും ദലിത് അനുഭവം പോലുള്ള വ്യത്യസ്തതകളുടെ സാധ്യതകളെ മിക്കവാറും ഇല്ലാതാക്കുകയായിരുന്നു. ആധുനിക കവിതകളിൽ ദലിത് കവിതകൾ കുറവായിരുന്നു. ദലിത് പ്രമേയങ്ങൾ മാറ്റി

> ▶ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും, കടമ്മനിട്ടയുടെയും, ഡി. വിനയചന്ദ്രന്റെയും കവിതകൾ വേറിട്ടു നിന്നു

നിർത്തപ്പെട്ടിരുന്നു. രചനാശൈലിയിൽ ആധുനികപൂർവകാലത്തെ കവിതകളെ പിന്തുടരുന്നവയായിരുന്നു ആ കാലഘട്ടത്തിലെ കവിതകളേറെയും. ക്ലാസിക് കവിതകളുടെ ശേഷിപ്പുകൾ ആ കവിതകളിലും മായാതെ നിന്നു. ജനകീയകവിതകളെന്ന നിലയിൽ ദലിത് സ്വഭാവം പുലർത്തുന്ന കവിതകളൊന്നും ആധുനികകവിതയിൽ ഇല്ലായിരുന്നു. ഇക്കാര്യത്തിൽ കുറച്ചെങ്കിലും വേറിട്ടുനിന്നത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും, കടമ്മനിട്ടയുടെയും, ഡി. വിനയചന്ദ്രന്റെയും കവിതകളായിരുന്നു.

ആധുനികതാവാദകാലത്ത് കവിത നിർമിക്കുന്ന സൂക്ഷ്മലോകങ്ങൾ ദലിത് അനുഭവങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നില്ല എന്നല്ല മുകളിൽ പറഞ്ഞതിനർഥം. വരേണ്യമായ കാഴ്ചപ്പാടിലൂടെയാണ് ദലിത് അനുഭവങ്ങൾ അവതരിപ്പിച്ചിരുന്നത്. ദലിതനുഭവങ്ങളല്ല അവയിൽ മുഖ്യസ്ഥാനത്തേക്ക് വരുന്നത്. വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ, ഇടശ്ശേരിയുടെ പൂതപ്പാട്ട് തുടങ്ങിയ കവിതകളിലെ ദലിത് ജീവിതചിത്രങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ദലിത് ജീവിതങ്ങളുടെ ആന്തരിക പരിവർത്തനം, ആധുനിക അവബോധം തുടങ്ങിയ ഒന്നും ഈ കാവ്യങ്ങൾ കൈകാര്യം ചെയ്യുന്നില്ല. ദലിത് പരിതോവസ്ഥ ഒരു വിഷയമായി വരുന്നതല്ലാതെ ദലിതർ വിഷയ സ്ഥാനത്ത് വരുന്ന കാവ്യങ്ങളായിരുന്നില്ല അവ.

> ▶ വരേണ്യമായ കാഴ്ചപ്പാടിലൂടെയാണ് ദലിത് അനുഭവങ്ങൾ അവതരിപ്പിച്ചിരുന്നത്

ആധുനികതയുടെ ഘട്ടത്തിൽ ദലിത് രചനകൾക്ക് വേണ്ടത്ര പ്രകാശന സാധ്യത ലഭിച്ചിരുന്നില്ല. എന്നാൽ കേരളീയ ആധുനികതയുടെ ഉച്ചഘട്ടത്തിൽ നോവൽ, ചെറുകഥ എന്നീ സാഹിത്യരൂപങ്ങളിൾ ദലിത് ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ടി.കെ.സി. വടുതല, പോൾ ചിറക്കരോട്, സി. അയ്യപ്പൻ എന്നിവരുടെ കഥകൾ ഇതിനുദാഹരണങ്ങളാണ്. ഡി. രാജന്റെ 'മുക്കണി', എസ്.ഇ. ജയിംസിന്റെ 'സംവത്സരങ്ങൾ' എന്നിവ ഇക്കാലത്ത് രചിക്കപ്പെട്ട നോവലുകളാണ്. ഈ എഴുത്തുകാരെല്ലാം ഉയർന്ന അക്കാദമിക വിദ്യാഭ്യാസം നേടിയവരായിരുന്നു. പ്രമേയപരമായും ആവിഷ്കരണത്തിലും അവരുടെ രചനകൾ വേറിട്ടുനിൽക്കുന്നുമുണ്ട്. പക്ഷെ അവരുടെ രചനകൾക്കൊന്നും മുഖ്യധാരാസാഹിത്യത്തിൽ ഇടം ലഭിച്ചില്ല. അതേ സമയം തന്നെ സാഹിത്യത്തിലും സാംസ്കാരിക ഇടപെടലിലും സാന്നിധ്യമുറപ്പിക്കാൻ കഴിഞ്ഞ മറ്റ് എഴുത്തുകാർ പിൽക്കാല മലയാള ഭാവുകത്വത്തിനുപോലും അടിത്തറയിട്ടു. എന്നാൽ അക്കാലത്തെ ദലിത് കഥാകാരൻമാർക്ക് ഇത് സാധ്യമായില്ല. ഇതിന് അല്പമെങ്കിലും അപവാദമായിട്ടുള്ളത് സി. അയ്യപ്പന്റെ കഥകളാണ്.

> ▶ ടി.കെ.സി. വടുതല, പോൾ ചിറക്കരോട്, സി. അയ്യപ്പൻ

> ▶ സാഹിത്യം സൗന്ദര്യാനുഭൂതികളുടെ മാത്രം ആവിഷ്കാരമല്ല എന്ന വീക്ഷണം പ്രബലമായിരുന്നു

അതതുകാലത്തെ സാമൂഹിക രാഷ്ട്രീയസ്ഥിതികളുടെ പ്രതിഫലനങ്ങൾ സാഹിത്യത്തിലും പ്രകടമാകും. ആധുനികതയുടെ കാലമെത്തിയപ്പോഴേക്കും സാഹിത്യം സൗന്ദര്യാനുഭൂതികളുടെ മാത്രം ആവിഷ്കാരമല്ല എന്ന വീക്ഷണം പ്രബലമായിരുന്നു. പ്രത്യയശാസ്ത്രപരമായി ആധുനികതാവാദത്തെ പിന്തുടരാൻ അക്കാലത്തെ കവിതകൾ ശ്രമിച്ചു. അതോടെ ദാരിദ്ര്യം, ചൂഷണം തുടങ്ങിയ വർഗപരികല്പനകളിലേക്ക് കവികളുടെ ശ്രദ്ധ തിരിഞ്ഞു.

എന്നാൽ കവിതയുടെ പ്രത്യയശാസ്ത്രപരതയിലോ സൗന്ദര്യാത്മ

കതയിലോ ഉറച്ചുനിൽക്കാൻ ദലിതർക്ക് കഴിഞ്ഞില്ല. അവരുടെ സാമൂഹിക സാഹചര്യം അതിന് അനുവദിക്കുന്നതായിരുന്നില്ല. ഭാവുകത്വപരമായി അവർ വിപ്ലവപക്ഷമായ ഇടതുപക്ഷത്തായിരുന്നു. എന്നാൽ സാമൂഹികമായ നിലനില്പിന് ജാതിക്കൂട്ടായ്മകളും അവർക്ക് ആവശ്യമായിരുന്നു. വർഗരഹിതമായ പ്രത്യയശാസ്ത്രത്തോട് ആഭിമുഖ്യം പുലർത്തുക, അതേസമയം വർഗക്കൂട്ടായ്മയിൽ ആയിരിക്കുക എന്ന ദയനീയ അവസ്ഥയാണ് ദലിതർ അഭിമുഖീകരിച്ചത്. ഈ സാഹചര്യത്തിൽ കവിതയെ ആത്മാനുഭവങ്ങളാക്കുന്നതിനുപകരം സൈദ്ധാന്തികതയുടെ ചട്ടക്കൂടിൽ ഒതുങ്ങിനിന്ന് എഴുതേണ്ടിവന്നു അവർക്ക്. അങ്ങനെ ആത്മബോധം പണയപ്പെടുത്തി കേവലം അഭിനേതാക്കളായി ദലിതർ മാറിപ്പോയി എന്ന് ഒ.കെ. സന്തോഷ് നിരീക്ഷിക്കുന്നു.

- വർഗരഹിതമായ പ്രത്യയശാസ്ത്രത്തോട് ആഭിമുഖ്യവും വർഗക്കൂട്ടായ്മയിൽ ആയിരിക്കുകയും ചെയ്യുക

മലയാള കവിതാചരിത്രത്തിൽ ദലിത് ആവിഷ്കാരങ്ങൾ പ്രത്യാശാഭരിതമായ അവസ്ഥയിലേക്ക് പ്രവേശിക്കുന്ന നവീനകാലഘട്ടമാണ് അടുത്തത്. കെ.കെ.എസ്. ദാസിന്റെ 'കരുമാടിനൃത്തം', രാഘവൻ അത്തോളിയുടെ 'വാല്മീകി പർവം', വി.കെ. നാരായണന്റെ 'ഏകലവ്യൻ ഞാൻ', ജി. ശശി മധുരവേലിയുടെ 'അംബവാസേളി' തുടങ്ങിയ കവിതകൾ ദലിത് കാവ്യചരിത്രത്തിലെ ഈ നവീനതഘട്ടത്തെക്കുറിക്കുന്നു. തങ്ങളുടെ സമ്പന്നമായ ഭൂതകാലത്തെ തകർക്കുകയും കവർന്നെടുക്കുകയും ചെയ്ത ആധിപത്യശക്തികൾക്കെതിരെ പൊരുതുന്നവയായിരുന്നു ഈ കവിതകൾ.

- ആധിപത്യശക്തികൾക്കെതിരെയുള്ള ശബ്ദം

ദ്രാവിഡബോധത്തിന്റെ കരുത്തുതിരിച്ചറിയുന്നു എങ്കിലും പല ദലിത്കവികളും അബോധപരമായി ആര്യാധിനിവേശത്തിന്റെ ചരിത്രബോധം പിന്തുടരുന്നവരായിരുന്നു. അടിയാളന് കാർഷിക സംസ്കാരവുമായും മണ്ണുമായും ഉള്ള ബന്ധവും ആ ബന്ധം നഷ്ടപ്പെടുമ്പോഴുള്ള വേദനയും ഈ കവിതകളിൽ ആവർത്തിക്കുന്ന പ്രമേയങ്ങളായിരുന്നു. വിവേചനത്തേക്കാൾ തങ്ങളുടെ അടിയാളബോധത്തെ ഉറപ്പിക്കുന്നവയായിരുന്നു ഈ കവിതകൾ. ആ ബോധം പ്രകടമായിരുന്നില്ല എന്നു മാത്രം.

- വിവേചനത്തേക്കാൾ തങ്ങളുടെ അടിയാളബോധത്തെ ഉറപ്പിക്കുന്നവയായിരുന്നു

ഉത്തരാധുനിക കവിതകളിലെ ദലിത് പ്രാതിനിധ്യം തുടങ്ങുന്നത് തൊണ്ണൂറുകളോടെയാണ്. അക്കാലമായപ്പോഴേക്കും മാർക്സിയൻ കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ച വർഗവീക്ഷണങ്ങൾ കവിതയിൽ കുറഞ്ഞുവന്നു. സൈദ്ധാന്തികതയുടെ ചട്ടക്കൂടിൽനിന്ന് ദലിത് എഴുത്തുകൾ മുക്തമാകാൻ തുടങ്ങി. ദലിത് സാമൂഹിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാൻ ആധുനികതാവാദം പര്യാപ്തമല്ല എന്ന തിരിച്ചറിവാണ് ഈ മാറ്റത്തിന് കാരണം. ആധുനികതയുടെ ദാർശനികമായ ഭാവനയ്ക്കും ഭാഷയ്ക്കും തങ്ങളുടെ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനാവില്ലെന്നതായിരുന്നു ഈ തിരിച്ചറിവ്. ആ സവർണ കാല്പനികതയിൽനിന്നു മോചനം നേടാനാണ് ദലിതർ ആഗ്രഹിച്ചത്. ഇടതുപക്ഷപ്രസ്ഥാനങ്ങൾ ശിഥിലമായതോടെ അതിന്റെ സ്വാധീനമുള്ള ഭാവുകത്വപരിസരങ്ങൾക്കും മാറ്റം വന്നു. ഈ സാഹചര്യത്തിലാണ് ദലിത് രാഷ്ട്രീയവും ദലിത് ഭാവുകത്വവും സ്ഥാനം നേടുന്നത്. തനതുജ്ഞാനരൂപങ്ങളെക്കുറിച്ചുള്ള അന്വേഷണം, ദലിതർക്കു സംവരണം നൽകുന്ന മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട്, ബ്രാഹ്മണ രാഷ്ട്രീയ

ത്തിന് സംഭവിച്ച അപചയം ഇവയെല്ലാം ദലിതർക്ക് ശക്തിപകർന്ന ഘടകങ്ങളായിരുന്നു. ഹിന്ദുത്വവാദത്തിന്റെ ഹിംസാത്മകമായ ഉയിർത്തെഴുന്നേല്പ് സമുദായബോധത്തിന് ആക്കം കൂട്ടി. ഈ സാമൂഹിക പ്രക്രിയകളെല്ലാം ദലിത് എഴുത്തിനെ സ്വാധീനിച്ചു. ഇതുവഴി മലയാള കവിതയുടേതായ ഒരു വ്യത്യസ്തമണ്ഡലം സൃഷ്ടിക്കപ്പെട്ടു. ഇതോടുകൂടി ദലിത് സാഹിത്യവും കവിതകളും ദലിത് സാഹിത്യസംവാദങ്ങളും പൊതുധാരയിൽ സ്ഥാനം നേടി.

▶ ഉത്തരാധുനിക കവിതകളിലെ ദലിത് പ്രാതിനിധ്യം

വരേണ്യസങ്കല്പങ്ങളുടെ പൊളിച്ചെഴുത്ത് ദലിത് കവിതകളിലുണ്ട്. വ്യവസ്ഥാപിത സമൂഹത്തിന് അപരിചിതമായ ജൈവികസാന്നിധ്യങ്ങളും ഇടങ്ങളും ദലിത് കവിതയിലുണ്ട്. പുതുകവിതകൾക്ക് ദാർശനികഭാവമില്ല. ദാർശനികഭാവനയോടല്ല യാഥാർത്ഥ്യവുമായാണ് ബന്ധം. സ്ത്രീ അനുഭവങ്ങളുടെ സവിശേഷമായ ആവിഷ്കരണങ്ങൾ എന്ന നിലയിലും ദലിത് കവിതകൾ ശ്രദ്ധേയങ്ങളാണ്. പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ദലിതരും ആദിവാസികളും അനുഭവിക്കുന്ന വിവേചനങ്ങളിലേക്കും ദലിത് കവിതയുടെ വ്യവഹാര മണ്ഡലങ്ങൾ കടന്നുചെല്ലുന്നുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിലെ വിഭിന്ന ഭാവുകത്വമുൾക്കൊള്ളുന്ന ആന്തരദാർഢ്യമുൾക്കൊള്ളുന്ന കവിതകളാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവയുടെ അകൃത്രിമത്വവും ദാർഢ്യവും പരിശോധിക്കുമ്പോൾ കാതൽ എന്ന ശീർഷകം ഈ കവിതാസമാഹാരത്തിന് അന്വർത്ഥമാണെന്ന് മനസിലാക്കാം.

▶ സ്ത്രീഅനുഭവങ്ങളുടെ സവിശേഷമായ ആവിഷ്കരണങ്ങൾ

## ഉത്തരാധുനികതയും ദലിത് കവിതകളും

ദലിത് ജീവിതത്തെക്കുറിച്ചുള്ള ഗൗരവമായ സമീപനങ്ങൾ ഉത്തരാധുനിക കവിതകളിലുണ്ട്. പ്രകൃതിയോടിണങ്ങി നിന്നവർ ചൂഷണം ചെയ്യപ്പെടുന്നതെങ്ങനെയെന്നതിന്റെ തുറന്നെഴുത്ത് ഉത്തരാധുനിക കവികൾ നടത്തുന്നു. വരേണ്യരായ കവികൾ ദലിത് അനുഭവങ്ങൾക്ക് പുറത്തുനിന്ന് ദലിത് അനുഭവം എഴുതും പോലെയല്ല ഉത്തരാധുനികർ ദലിത് കവിതകൾ എഴുതുന്നത്. ജാതിയുടെ പേരിലുള്ള അപകർഷം അവർ കാര്യമാക്കുന്നില്ല. മറിച്ച് ധൈര്യപൂർവം വെളിപ്പെടുത്തേണ്ട ഒന്നായി ജാതിയെ കാണുന്നു. മുഖ്യധാരാചരിത്രത്തെയും വരേണ്യവ്യവസ്ഥിതിയെയും വിമർശനാത്മകമായി അവതരിപ്പിക്കാൻ കവിതയെ ഉപകരണമാക്കാൻ ദലിത് കവികൾക്ക് കഴിയുന്നുണ്ട്. ആദ്യകാലങ്ങളിലെ പോലെ പാർശ്വവൽകൃതമായല്ല, മുഖ്യധാരാരചനകളായിത്തന്നെയാണ് ദലിത് കവിതകൾ ഉത്തരാധുനിക ഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്നത്. 'കാണുന്നില്ലോരക്ഷരവും' (പൊയ്കയിൽ അപ്പച്ചൻ) എന്ന അവസ്ഥയിൽനിന്നും 'കാണുന്നുണ്ടനേകമക്ഷരങ്ങൾ' (എം. ആർ. രേണുകുമാർ) എന്ന അവസ്ഥയിലേക്കുള്ള കവിതയുടെ മാറ്റമാണിത്.

▶ 'കാണുന്നില്ലോരക്ഷരവും' (പൊയ്കയിൽ അപ്പച്ചൻ) എന്ന അവസ്ഥയിൽനിന്നും 'കാണുന്നുണ്ടനേകമക്ഷരങ്ങൾ' എന്ന നിലയിൽ

എസ്. ജോസഫിന്റെ 'മീൻകാരൻ', 'ഐഡന്റിറ്റി കാർഡ്', 'ഉപ്പന്റെ കൂവൽ' വരയ്ക്കുന്നു, 'ഗ്രൂപ്പ് ഫോട്ടോ' എന്നീ കവിതകളിൽ ദലിത് അനുഭവങ്ങളുടെ മൂകനൊമ്പരങ്ങൾ കാണാം. അഭൂതപൂർവമായ ആഖ്യാനരീതിയിലൂടെ ദലിത് ആവാസവ്യവസ്ഥയെത്തന്നെ തന്റെ കവിതകളിലേക്ക് ആവാഹിക്കാൻ എം.ആർ. രേണുകുമാറിന് കഴി

ഞ്ഞിട്ടുണ്ട്. 'കളങ്കങ്ങൾ', 'വേദപൂർവം മരങ്ങൾ' തുടങ്ങിയ കവിതകളിൽ ഈ ആഖ്യാനരീതി കാണാം. എന്നാൽ കാലഘട്ടത്തിനനുസരിച്ച് വ്യത്യസ്തമായ ആഖ്യാനരീതിയും വീക്ഷണങ്ങളും അദ്ദേഹം സ്വീകരിക്കുന്നുണ്ട്. 'കെണി നിലങ്ങൾ', 'വെഷക്കായ', 'പച്ചക്കുപ്പി', 'മനക്കോട്ട' തുടങ്ങിയ കവിതകളിൽ ആഖ്യാനത്തിന്റെ വിഭിന്നമാതൃകകൾ കാണാം. വംശചരിത്രത്തെയോർത്ത് സഹതപിക്കുകയോ വിലപിക്കുകയോ അല്ല, തങ്ങൾ ചരിത്രം തിരുത്തി എഴുതിയതിന്റെ ചരിത്രത്തെ ആവിഷ്കരിക്കുന്നവയാണ് രേണുകുമാറിന്റെ കവിതകൾ. സണ്ണി കപിക്കാട്, കെ.കെ.എസ്. ദാസ്, ബി. ശശി, രാഘവൻ അത്തോളി എന്നീ കവികളും കീഴാളരുടെ ശബ്ദം കവിതയിൽ അവതരിപ്പിച്ചിട്ടുണ്ട്. വിജില ചിറപ്പാട്, കെ.ആർ. സജിത, സുമിത്ര ജയപ്രകാശ്, യമുന ദൈവത്താൽ, എം.ആർ. രാധാമണി, അജിത പി., ധന്യ വേങ്ങച്ചേരി എന്നീ എഴുത്തുകാരികളുടെ കവിതകളും ഉത്തരാധുനിക ദലിത് കവിതകളിൽ ഉൾപ്പെടുന്നു.

▶ ഉത്തരാധുനിക ദലിത് കവിതകൾ

## Summarised Overview

ചരിത്രത്തിൽ നിന്നും പുറത്താക്കപ്പെട്ടവരാണ് ദലിതർ. എന്നാൽ സമൂഹം വ്യവസ്ഥാപിതമായ ഇടങ്ങളിൽ നിന്നും അവരെ മാറ്റിനിർത്തുന്ന കാഴ്ച ഇന്നും കാണാൻ സാധിക്കുന്നുണ്ട്. സ്വന്തവും സ്വതന്ത്രവുമായി വസിക്കുന്നതിനോ ഇടകലരുന്നതിനോ സവർണാധിപത്യ സമൂഹത്തിൽ അവർക്ക് അവസരം ലഭിക്കുന്നില്ല. പുറത്തു പറഞ്ഞാലും ഇല്ലെങ്കിലും പരിഹാസ്യമായ സ്വത്വമാണ് അവർക്കുള്ളത്. വരേണ്യതയ്ക്ക് തെളിച്ചം നൽകാൻ ശ്രമിക്കുന്ന ചരിത്രവും സാഹിത്യചരിത്രവും ദലിതരുടെ യത്നങ്ങളെയും നേട്ടങ്ങളെയും തമസ്കരിക്കുന്നതായി കാണാൻ കഴിയും. എന്നാൽ സമൂഹത്തിലും എഴുത്തിലും ദലിത് അവബോധത്തിന്റെ ചിന്തകൾ സജീവമായതോടു കൂടി സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും ദലിത് രചനകളും പ്രത്യക്ഷമാവാൻ തുടങ്ങി. ഇത് പുതുകാലത്തിന്റെ സൃഷ്ടികളായിട്ടാണ് അറിയപ്പെടുന്നത്. ദലിത് സാഹിത്യത്തിനും കലകൾക്കും തനതായ സൗന്ദര്യശാസ്ത്രം ഉണ്ട്. യഥാർത്ഥജീവിതാനുഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള സൗന്ദര്യശാസ്ത്രമാണത്.

ദലിതർ പൊതുവായി ജാതിവ്യവസ്ഥയുടെ കാലത്ത് ദലിതരെ വിവിധ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. ചരിത്രപരമായ സാഹചര്യങ്ങളാൽ പാർശ്വവത്കൃതരായ ജനത സ്വയം അവരുടെ പാരമ്പര്യത്തിന്റെ കാവൽക്കാരാകേണ്ടതില്ല. ലോകം ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും മുതലാളിത്തത്തിലേക്കും അവിടെ നിന്ന് സാമ്രാജ്യത്വത്തിലേക്കും ആഗോളവൽക്കരണത്തിലേക്കും പരിണമിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദലിതർ മാത്രം എന്തിന് അവികസിതമായ കാലത്തിന്റെ മുദ്രകൾ നിലനിർത്തണം? ഏതു ജനതയുടെയും ചരിത്രം നിർണായകമാവുന്നത് അവ പുതിയ കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സജ്ജമാവുമ്പോഴാണ് എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല.

സ്വന്തം ജനതയുടെ മോചനത്തിന് ഉതകുന്ന ആശയങ്ങൾ കണ്ടെത്തുകയും അതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും തദനുസരണമായി ജീവിക്കാൻ അവരെ പ്രേരിപ്പിക്കുകയുമാണ് എരി എന്ന നോവലിൽ മുഖ്യ കഥാപാത്രമായ എരി ചെയ്യുന്നത്. ഇത്തരം

ആദർശങ്ങളിലൂടെയും കർമപരിപാടികളിലൂടെയുമാണ് എരി ഒരു നായകനായി മാറുന്നത്.

നാടൻപാട്ടുകളുടെ ചരിത്രത്തോളം പഴക്കം പ്രാചീനത ദലിത് കവിതകൾക്കുണ്ട്. എന്നാൽ പൊയ്കയിൽ അപ്പച്ചന്റെ രചനകൾ മുതലാണ് ദലിത് സാഹിത്യം മലയാള സാഹിത്യചരിത്രത്തിൽ അടയാളപ്പെടുന്നത്. ദലിത് അനുഭവങ്ങളുടെ പലവിധമുള്ള പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ അതതുകാലങ്ങളിലുണ്ടായിട്ടുണ്ട്. ജീവിതസന്ദർഭങ്ങളോടും വ്യവസ്ഥിതികളോടുമുള്ള പ്രതികരണങ്ങളാണവ. ആ കവിതകളിൽപ്പലതും വെളിച്ചം കാണാതെ പോയിരിക്കാം. അതതുകാലത്തെ മലയാള കവിതാപാരമ്പര്യത്തിന് സമാന്തരമായി ഈ കവിതകളും നിലനിന്നിരുന്നു. ശിക്ഷണവും പ്രതിഭയും കുത്തകയായിരുന്ന സവർണമുന്നാക്ക സമുദായങ്ങളുടെ സാഹിത്യത്തിൽനിന്ന് ഭിന്നമായിരുന്നു ദലിത് സാഹിത്യം. സുശിക്ഷിതമായ ശ്രമങ്ങളിൽനിന്ന് ഉളവാകുന്നതല്ല അത്. ജീവിതത്തിലെ സുഖദുഃഖങ്ങളുടെ, ചുറ്റുപാടുകളുടെ സൗന്ദര്യനിറവിന്റെ സർഗാത്മകമായ കവിഞ്ഞൊഴുകലാണ് ആ കവിതകളിലുള്ളത്. വരേണ്യസങ്കല്പങ്ങളുടെ പൊളിച്ചെഴുത്ത് ദലിത് കവിതകളിലുണ്ട്. വ്യവസ്ഥാപിത സമൂഹത്തിന് അപരിചിതമായ ജൈവികസാന്നിധ്യങ്ങളും ഇടങ്ങളും ദലിത് കവിതയിലുണ്ട്. ദലിത് പുതുകവിതകൾക്ക് ദാർശനികഭാവമില്ല. ദാർശനികഭാവനയോടല്ല യാഥാർത്ഥ്യവുമായാണ് അവയ്ക്കുബന്ധം. സ്ത്രീ അനുഭവങ്ങളുടെ സവിശേഷമായ ആവിഷ്കരണങ്ങൾ എന്ന നിലയിലും ദലിത് കവിതകൾ ശ്രദ്ധേയങ്ങളാണ്. പ്രദീപൻ പാമ്പിരികുന്നിന്റെ 'എരി' എന്ന നോവൽ ചരിത്രത്തിൽ രേഖപ്പെടുത്താൻ സൗകര്യപൂർവം മറന്നുപോയ ഒരു സാമൂഹ്യനവോത്ഥാന നായകന്റെ സമരചരിത്രം വരച്ചു കാണിക്കുന്നുണ്ട്. ഓ.കെ. സന്തോഷിന്റെ 'കാതൽ' എന്ന ഗ്രന്ഥത്തിന്റെ ആമുഖ പഠനം മലയാളത്തിലെ ദലിത് കവിത സാഹിത്യത്തിന്റെ ഒരു സാഹിത്യചരിത്രത്തെ തന്നെ നമുക്ക് പറഞ്ഞുതരുന്നുണ്ട്.

## Assignments

1. മലയാളത്തിലെ ദലിത് കവിതകളുടെ ചരിത്രം വിവരിക്കുക.
2. അരികുജീവിതത്തെക്കുറിച്ച് അപഗ്രഥനാത്മകമായി വിലയിരുത്തുക.
3. എന്താണ് ദലിത് സൗന്ദര്യശാസ്ത്രം - വിമർശനാത്മകമായി വിലയിരുത്തുക.
4. ദലിത് സാഹിത്യവും ആദിവാസി സാഹിത്യവും - ഉപന്യാസം തയ്യാറാക്കുക.
5. ദലിത് ഭാഷയെയും സംസ്കാരത്തെയും കുറിച്ച് വിവരിക്കുക.
6. ദലിത് വൈജ്ഞാനികതയും എരി എന്ന നോവലും - ഉപന്യാസം തയ്യാറാക്കുക.
7. എരി - കഥാപാത്ര നിരൂപണം തയ്യാറാക്കുക.
8. ഉത്തരാധുനികതയും ദലിത് കവിതകളും - ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. എം.ബി. മനോജ്, ദേശം ദേശി മാർഗം, സാഹിത്യമെന്ന ഉപാദാനസാമഗ്രി, പാപ്പിറസ് ബുക്സ്, കോട്ടയം.
2. കെ.കെ.എസ്. ദാസ്, ദലിത് പ്രത്യയശാസ്ത്രം, ചരിത്രം സാഹിത്യം സൗന്ദര്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ടി.കെ. അനിൽകുമാർ, ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. കെ.കെ. ബാബുരാജ്, ഇരുട്ടിലെ കണ്ണാടി, ദലിതം, ഡി.സി. ബുക്സ്, കോട്ടയം.
5. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യശാസ്ത്രം, ദലിതം, ഡി.സി. ബുക്സ്, കോട്ടയം.


## References


1. ഒ.കെ. സന്തോഷ്, കാതൽ മലയാളത്തിലെ ദലിത് കവിതകൾ (സമാഹരണം), ഡി.സി. ബുക്സ്, കോട്ടയം.
2. കെ.എം. സലിംകുമാർ, നെഗ്രിറ്റ്യൂഡ്, ഡി.സി. ബുക്സ്, കോട്ടയം.
3. കെ.എസ്. രവികുമാർ, കടമ്മനിട്ടക്കവിത (പഠന സമാഹരണം), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എം.എസ്. പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
5. സുരേഷ് എം. മാവിലൻ (എഡി), സുകുമാരൻ ചാലിഗദ്ദ (എഡി), ഗോത്ര കവിത, ഡി.സി. ബുക്സ്, കോട്ടയം.
6. മനോജ് മാതിരപ്പള്ളി, കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും, ഡി.സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

ഭക്തി സാഹിത്യം

COURSE CODE: M21ML05DE

ISBN 978-81-973709-9-1

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841